ജി. ചേടിയത്ത്

# മാർ അപ്രേം രക്തസാക്ഷികൾ

കോട്ടയം
2012

www.malankaralibrary.com

ജി. ചേടിയത്ത്

# മാർ അപ്രേം
# രക്തസാക്ഷികൾ

OIRSI No. 357

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2012

www.malankaralibrary.com

**G.Chediath, Mar Aprem-Rekthasakshikal**

A Publication of the Oriental Institute of Religious Studies, India
Paurastya Vidyāpiṭham, Vadavathoor, Kottayam-686010
Kerala, India.

© G.Chediath, 2012

ISBN : 978-81-88456-82-6

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@ gmail.com

Price : 50/-

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 4 |
| | മാർ അപ്രേം | 5 |
| | മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ | 6 |
| **1.** | **രക്തസാക്ഷികൾ** | 7 |
| 1. | ഗീതം–8 | 7 |
| 2. | ഗീതം–9 | 11 |
| 3. | ഗീതം–10 | 14 |
| 4. | ഗീതം–11 | 16 |
| 5. | ഗീതം–12 | 20 |
| 6. | ഗീതം–13 (ശ്മൂനിയുടെ ഏഴുമക്കൾ) | 24 |
| **2.** | **മാർ അപ്രേമിന്റെ പ്രഭാഷണം** (സീനായ് കോഡക്സ് 67–ൽനിന്ന്) | 29 |
| 1. | സീനായ് കോഡക്സ്–1 | 29 |
| 2. | സീനായ് കോഡക്സ്–2 | 31 |
| 3. | സീനായ് കോഡക്സ്–3 | 36 |
| 4. | സീനായ് കോഡക്സ്–4 | 42 |
| 5. | സീനായ് കോഡക്സ്–5 | 50 |
| 6. | സീനായ് കോഡക്സ്–6 | 57 |
| 7. | സീനായ് കോഡക്സ്–7 | 59 |
| **3.** | **മാർ ആബായുടെ കൃതി** | 65 |
| **4.** | **പുറപ്പാട് ഗ്രന്ഥത്തിനുള്ള കുറിപ്പ്** | 71 |
| | **ഗ്രന്ഥസൂചിക** | 110 |
| | **മലയാളത്തിലുള്ള പട്രിസ്റ്റിക് ടെക്സ്റ്റുകൾ** | 111 |


www.malankaralibrary.com

# ആമുഖം

മാർ അപ്രേമിന്റെ പേരിൽ അറിയപ്പെടുന്ന ചില ഗീതങ്ങളുടെ വിവർത്തനമാണ് ഈ ഗ്രന്ഥത്തിലുള്ളത്. ഒരു വിഭാഗം ഗീതങ്ങൾ (5) വിശ്വാസ സാക്ഷികളെപ്പറ്റി (രക്തസാക്ഷികളെപ്പറ്റി) ആണ്. 12 ഗീതങ്ങളുടെ സമാഹാരത്തിലെ ആദ്യത്തെ ഏഴെണ്ണം നഷ്ടപ്പെട്ടു. 8 മുതൽ 12 വരെയുള്ള ഗീതങ്ങളുടെ വിവർത്തനമാണിവിടെ. തുടർന്ന്, ശ്മൂനിയുടെ ഏഴു മക്കളെപ്പറ്റി ഒരു ഗീതമുണ്ട്.(ഗീതം 13). രണ്ടാമത്തെ വിഭാഗം ഗീതങ്ങൾ, സീനായ് കോഡക്സ് 67-ൽ നിന്ന് ലഭിച്ചിട്ടുള്ളവയാണ്. വിവിധ വിഷയങ്ങളെക്കുറിച്ച് നടത്തിയ ഏഴ് പ്രഭാഷണങ്ങളുടെ ചുരുക്കം. മൂന്നാമത്തെ വിഭാഗത്തിൽ, മാർ അപ്രേമിന്റെ ശിഷ്യനായ മാർ ആബായുടെ ഒരു കൃതിയുണ്ട്. നാലാമത്തെ വിഭാഗത്തിൽ മാർ അപ്രേം പുറപ്പാടു പുസ്തകത്തിന് തയാറാക്കിയ കുറിപ്പാണ്. പുറപ്പാടു പുസ്കത്തിലെ വിവരണം മാർ അപ്രേം തന്റെ സ്വന്ത ശൈലിയിൽ ചുരുക്കി അവതരിപ്പിച്ചിരിക്കുന്നു. ഭാഷ്യമെന്നതിനേക്കാൾ യൂദരുടെ തുർഗാമാ ഗണത്തിൽ ഇതിനെ ഉൾപ്പെടുത്താം.

ദൈവകൃപയാൽ ഇതിനോടകം മാർ അപ്രേമിന്റെ 30 കൃതികൾ 12 വാല്യങ്ങളിലായി ഞാൻ പ്രസിദ്ധീകരിച്ചു. ഇത് 13-ാം വാല്യമാണ്. ഈ വാല്യത്തിൽ മാർ അപ്രേമിന്റേതായി 14 രേഖകളുണ്ട്. "ഉറവിടങ്ങളിലേക്ക് മടങ്ങുക" എന്ന ആഹ്വാനമാണല്ലോ രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയിരിക്കുന്നത്. സുറിയാനി സഭകളെ സംബന്ധിച്ച് മാർ അപ്രേമിന്റെ കൃതികൾ ദൈവശാസ്ത്രത്തിന്റെ നല്ലൊരുറവിടമാണ്.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച എല്ലാവരെയും നന്ദിപൂർവം ഓർക്കുന്നു. ഇത് പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണം ഡയറക്ടർ ബഹു. മേക്കാട്ടുകുന്നേൽ അച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ബഥനിപ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷസമേതം ഇത് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ജി.ചേടിയത്ത്

കാതലിക് ബിഷപ്സ് ഹൗസ്,
സെന്റ് പീറ്റേഴ്സ് ജംഗ്ഷൻ,
പത്തനംതിട്ട. 689645.
ജനുവരി 20, 2012.

www.malankaralibrary.com

# മാർ അപ്രേം (306-373)

മാർ അപ്രേം മെസൊപ്പൊട്ടേമിയായിലെ നിസിബിസ് പട്ടണത്തിലോ, അതിനടുത്തോ ആണ് ജനിച്ചത്. ബാല്യം മുതൽ അദ്ദേഹത്തിന്റെ വിശ്വാസ പരിശീലനം നിസിബിസിലെ മാർ യാക്കോബിന്റെ (303-338) കീഴിലായിരുന്നു. അദ്ദേഹം അപ്രേമിനെ ഡീക്കനാക്കി, നിസിബിസിലെ മതപഠനശാലയിൽ 326-നോടടുത്ത് പ്രധാനാധ്യാപകനായി നിയമിച്ചു. ബൈബിൾ വ്യാഖ്യാന മായിരുന്നു മുഖ്യജോലി. മാർ യാക്കോബിന്റെ പിൻഗാമികളായ മാർ ബാബോ വായ് (338-350), മാർ വൊളൊഗേസ് (350-361), മാർ അബ്രഹാം (361-?) എന്നീ മെത്രാന്മാരുടെ കീഴിലാണ് മാർ അപ്രേം പ്രവർത്തിച്ചത്. പേർഷ്യൻ രാജാവായ ഷപ്പൂർ രണ്ടാമൻ (309-379) 338,346,350 എന്നീ വർഷങ്ങളിൽ നിസിബിസ് ആക്രമിച്ചു. പേർഷ്യൻ സൈന്യം മൂന്നു തവണയും പരാജയ പ്പെട്ട് പിന്മാറി. എന്നാൽ 363-ലെ റോമൻ പരാജയത്തിനുശേഷം റോമാ ക്കാർ പേർഷ്യാക്കാർക്ക് നിസിബിസ് വിട്ടുകൊടുത്തു. മാർ അപ്രേം ഉൾപ്പെ ടെയുള്ള ക്രിസ്ത്യാനികളെല്ലാം തദവസരം എഡേസ്സായിലേക്ക് കുടിയേറി. ക്രി.വ. 371/2-ൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് എഡേസ്സയിൽ അനേകർ മരിച്ചു. അപ്പോൾ സേവനസന്നദ്ധനായി മാർ അപ്രേം മുന്നോട്ടിറങ്ങി. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമൂഹ്യസേവനം അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തു. 373 ജൂൺ 9-ന് അദ്ദേഹം മരിച്ചു.

സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാപിതാവ്, സുപ്രസിദ്ധ പട്രിസ്റ്റിക് കവി, ആരാധനക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, എല്ലാ വർക്കും കാരുണ്യം വർഷിച്ച ഡീക്കൻ എന്നീ നിലകളിൽ മാർ അപ്രേം പ്രശസ്തനാണ്. കത്തോലിക്കാസഭ 1920-ൽ അദ്ദേഹത്തെ സാർവത്രിക സഭാ മൽപ്പാൻ എന്നു വിളിച്ചു. 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന മാർ അപ്രേം നിരവധി വിഷയങ്ങളെപ്പറ്റി വളരെയധികം എഴുതി. തനിഗദ്യം (തുർഗാമാ), ഗദ്യപദ്യമിശ്രിതം (മെമ്രാ), പദ്യം (മദ്റാശാ) എന്നീ ഭാഷാരൂപങ്ങൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ മിക്ക കൃതികളും പദ്യരൂപത്തി ലാണ്. മാർ അപ്രേമിനെപ്പറ്റി കുടുതലറിയാൻ: ജി. ചേടിയത്ത്, *സുറിയാനി സഭാസാഹിത്യം*, തിരുവനന്തപുരം, 2008, പേജ്, 8-32 കാണുക.

www.malankaralibrary.com

# മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ

1. ജി. ചേടിയത്ത്, *പറുദീസാഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 118. (OIRSI-249).
2. ......., *കന്യാത്വഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 220. (OIRSI -250).
3. ........, *മനുഷ്യാവതാരഗീതങ്ങൾ*, കോട്ടയം, 2001, പേജ്,168. (OIRSI -251).
4. ......., *ഉൽപ്പത്തിഭാഷ്യം*, കോട്ടയം, 2001, പേജ്, 278. (*ഉൽപ്പത്തിഭാഷ്യം*, പേജ് 11–161; *പുബ്ലിയൂസിനുള്ള കത്ത്*, പേജ്, 162–177; *നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം*, പേജ്, 178–241; *ജൂലിയനെതിരെയുള്ള ഗീതങ്ങൾ*, പേജ്, 242–278.) (OIRSI-257).
5. ........, സുവിശേഷഭാഷ്യം (ദിയാതെസ്സറോൺ ഭാഷ്യം), കോട്ടയം, 2002, പേജ്, 358 (OIRSI-263).
6. ........, *വിശ്വാസഗീതങ്ങൾ*, കോട്ടയം, 2008, പേജ്,264 (*വിശ്വാസഗീതങ്ങൾ*, പേജ്, 1–205; *വിശ്വാസത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ അഥവാ മെമ്രാകൾ*, പേജ് 206–255) (OIRSI-301).
7. ........., *നിസിബിയൻ ഗീതങ്ങൾ*, കോട്ടയം, 2009, പേജ് 232, (OIRSI-309).
8. ........, *സഭാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 124, (OIRSI-310).
9. ........, *പെസഹാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 96 (OIRSI-312).
10. ........, *ഉപവാസഗീതങ്ങൾ*, കോട്ടയം, 2009, പേജ് 160 (OIRSI-318).
11. ........., *പ്രസംഗങ്ങൾ, –വാല്യം 1*, കോട്ടയം, 2010, പേജ് 124 (OIRSI-326).
12. ........, *പ്രസംഗങ്ങൾ, വാല്യം 2.*, കോട്ടയം, 2011, പേജ് 256, (OIRSI-336).
13. ........, *രക്തസാക്ഷികൾ, കോട്ടയം, 2012, പേജ്.* (OIRSI-357).

---

Manager, OIRSI Publication, P. B. No. 10
Vadavathoor, Kottayam - 686 010

www.malankaralibrary.com

# രക്തസാക്ഷികൾ

## 1. രക്തസാക്ഷികളെപ്പറ്റിയുള്ള ഗീതങ്ങൾ (8–12)

## 1

### ഗീതം-8

1. അലസർ ലജ്ജിച്ച അവസരം, സത്യത്തിനു സാക്ഷികളാകാൻ കടന്നുവന്ന് രക്തം ചിന്തിയവരുടെ പക്കലേക്ക് നാം വരുന്നതിന്... അവരുടെ രക്തം വഴി സത്യം വിശ്വാസം കണ്ടെത്തി.

2. അവരുടെ പക്കലേക്ക് വരാൻ ആഗ്രഹിക്കാത്തവർ ആരാണ്! കാരണം, ഉറക്കം തൂങ്ങികളെ അവർ ഉണർത്തുന്നു. ഉണർന്നിരിക്കുന്നവരിൽ അവർ സന്തോഷിക്കുന്നു. ഭയമുള്ളവരെ അവർ ബലപ്പെടുത്തുന്നു. ഉത്സാഹികളെ അവർ കിരീടം ധരിപ്പിക്കുന്നു.

3. എങ്കിലും അവിടെ കടന്നുവരാത്തവരുമുണ്ട്. അവർ അകന്നു നിൽക്കുന്നത് ഉൾക്കാഴ്ചയോടു കൂടെയല്ല. പിന്നെയോ, സത്യത്തിന് സാക്ഷ്യം നൽകിയതിനാൽ, ഈറയരുടെ ദൃഷ്ടിയിൽ വളരെ ബഹുമാനിക്കപ്പെടുന്ന അവരുടെ അസ്ഥികളുടെ നിക്ഷേപം അവർ വിലമതിക്കാത്തതിനാലാണ്.

4. നേരായ പാതയിലൂടെ വിവേകത്തിൽ എത്താത്തവർക്ക് വളഞ്ഞ വഴിയിലൂടെ അതിലെത്താം. വളഞ്ഞവഴിലൂടെ ഋജുവായത് അവർ ഗ്രഹി

www.malankaralibrary.com

ക്കട്ടെ. കാരണം, നുണ പറയുക ഗർഹണീയമായതുപോലെ, മാനസ്സാന്തരപ്പെടുക സ്വാഗതാർഹമാണ്.

5. ഞെരുക്കപ്പെടുന്നവർ എത്രമാത്രം ക്ലേശങ്ങൾ സഹിക്കുന്നെന്ന് ഞെരുക്കുന്നവർ തന്നെ അത്ഭുതപ്പെടുകയും ആശ്ചര്യപ്പെടുകയും ചെയ്തു. നുണയർ പ്രകീർത്തിച്ചവ, ആരാധകർ എങ്ങനെ നിന്ദിക്കണം!

6. അവരുടെ പക്കലേക്ക് വരാൻ ആരാണ് മുതിരേണ്ടത്? അവരുടെ ഔന്നത്യത്തിന്റെ തരവും വലിപ്പവും അറിയാത്തവർ മാത്രം! അവരുടെ ഭാരം വഹിക്കുന്നവർ അവരുടെ അസ്ഥികളിലേക്കു വരണം.

7. പാപികൾക്കായി കവാടം തുറന്നുകിടക്കുന്നു. അവർ ധീരമായി സഹായം സ്വീകരിക്കട്ടെ. തന്റെ നഷ്ടത്തിനായി തന്റെ സ്വന്തം ഇച്ഛയാൽ നീതിമാന് കവാടം അടയ്ക്കപ്പെട്ടിരിക്കുന്നു. വിവേകപൂർണമായ വിവേചനത്തിലാണ് കവാടം തുറന്നു കിടക്കുന്നതും അടയ്ക്കപ്പെടുന്നതും.

8. തന്റെമേൽ മറിയം തൈലം പൂശുന്നത് ആവശ്യമായിരുന്നതിനാൽ, മിശിഹാ അനുവദിച്ചു. ഉചിതമല്ലാത്ത കല്ലറയിൽ അവനെ പൂശാതിരിക്കാൻ, അപ്പോൾ അവൻ അവളെ അനുവദിച്ചു.

9. മനുഷ്യരായ നാം നമ്മുടെ ഭോഷത്തം നിമിത്തം ഉചിതമായത് മറക്കുന്നതിനാൽ, മിശിഹായുടെ മഹനീയത നമ്മുടെ ബലഹീനതയിൽ ബുദ്ധിപൂർവകമായ വിവേചനത്തിൽ നിന്ന് നമ്മിൽ എന്തോ വിതച്ചിരിക്കുന്നു. അങ്ങനെ അവയുടെ സഹായം ഗ്രഹിച്ച് അവയെപ്പറ്റി ചിന്തിക്കുന്നതിനാണത്.

10. ദൈവനീതി പാപികൾക്കു മുമ്പിൽ കവാടം അടച്ചിരിക്കുമ്പോൾ, വാതിലിനു മുമ്പിൽ ആ പാപത്തിന്റെ സ്ഥാനത്ത് പാപികൾക്കു താക്കോലായി കാരുണ്യം കിടക്കുന്നു.

11. നല്ലവരെന്നോ ദുഷ്ടരെന്നോ വ്യത്യാസം കൂടാതെ കൃപയുടെ ഉറവ എല്ലാവരെയും കുടിപ്പിക്കുന്നു. അതിനു വേർതിരിക്കാൻ കഴിയാത്തതിനാലല്ല; അത് വേർതിരിക്കുന്ന ഉറവ കൂടിയാണ്. കാരുണ്യം അവയുടെ വേർതിരിവ് മറച്ചു വയ്ക്കുന്നു.

12. ഈ സഹായവ്യവസ്ഥയിന്മേൽ, നിങ്ങളുടെ കല്ലറകളിൽ നിന്ന് സഹായം ലഭിക്കാനും നിങ്ങളുടെ പ്രവൃത്തികളിൽ നിന്ന് വിവേകം

www.malankaralibrary.com

സമ്പാദിക്കാനും നിങ്ങളുടെ കല്ലറകളിലേക്കും നിങ്ങളുടെ കർമങ്ങളിലേക്കും കടന്നുവരാൻ ഞാൻ മുതിരുന്നു.

13. നിങ്ങളുടെ കല്ലറകൾ അലങ്കരിക്കുന്നവൻ അവയിലൂടെത്തന്നെ അലങ്കരിക്കപ്പെടുന്നു. നിങ്ങളുടെ കർമങ്ങൾ ഉയർത്തിക്കാട്ടുന്നവൻ അവയിലൂടെത്തന്നെ ഉയർത്തപ്പെടുന്നു. ഉയർത്തപ്പെടുമെന്ന് അവൻ വിശ്വസിക്കുകയും ഉയർത്തപ്പെടാനായി അത് അവനെ അഭിമുഖീകരിക്കുകയും ചെയ്യുന്നു.

14. ഉറവയിലേക്കു പോകുന്ന ദാഹാർത്തൻ ലഭ്യമായ കൃപയെ നിന്ദിക്കുന്നില്ല. അവൻ നന്ദി പ്രദർശിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. ഉറവയ്ക്ക് ദാഹിക്കുന്നില്ല; അവന്റെ നന്ദിക്കുവേണ്ടിയും ദാഹിക്കുന്നില്ല.

15. ദൃശ്യമായവകൊണ്ട് അദൃശ്യമായവയുടെ ഇടപാടു നടത്തുന്നവന് രക്തസാക്ഷികളായ നിങ്ങൾ ഒരു സമ്പത്താണ്. നിങ്ങൾക്ക് തൈലം വായ്പ നൽകുന്നവന് നമ്മുടെ കർത്താവിന്റെ മുമ്പിൽ മറിയം എന്നപോലെ, തന്റെ തൈലത്തിന് പലിശ ലഭിക്കുന്നു.

16. കടലിന്മീതെയുള്ള കപ്പലിനേക്കാൾ ശുഷ്ക്കാന്തിയുള്ളതാണ് വിശ്വാസം. കപ്പലിന് നേട്ടം സുനിശ്ചിതമല്ല. വിശ്വാസത്തെയാകട്ടെ എല്ലാ വശത്തുനിന്നും നേട്ടം കാട്ടുന്നു.

17. നിങ്ങൾക്ക് പീഡകരിൽ നിന്നും പ്രവാചകന്മാർക്ക് നുണയരിൽ നിന്നും ശ്ലീഹന്മാർക്ക് ക്രൂശാരോഹിതരിൽ നിന്നും എന്നപോലെ, ദോഷത്തിൽ നിന്നും നഷ്ടത്തിൽ നിന്നും അതിന് നേട്ടം കൈവരാനാകും.

18. അദൃശ്യമാംവിധം എന്നെ സഹായിക്കുക, ദൃശ്യമാംവിധം ഞാൻ നിങ്ങളെ അലങ്കരിക്കാം. നമ്മുടെ ഉള്ളിലെ അറിവ്, അതിൽ നിന്ന് ദൃശ്യവും ശ്രാവ്യവുമായി സംസാരിക്കാൻ, നാവിനെ അദൃശ്യമാംവിധം പഠിപ്പിക്കുന്നു.

19. കാരണം, അറിവു കൂടാതെ നാവിന് അതിനെ സേവിക്കാനാവില്ല. അറിവിന് ചേരുന്നതിലേക്ക് അത് അറിവിനെ ക്ഷണിക്കുന്നു. തന്റെ സ്വന്തം ഭക്ഷണത്തിൽ നിന്ന് അത് അതിനു മുമ്പിൽ വയ്ക്കുന്നു. തന്റെ സ്വന്തം വീഞ്ഞിൽ നിന്ന് അത് അതിന് കുടിക്കാൻ കൊടുക്കുന്നു.

www.malankaralibrary.com

20. എനിക്കും, നിങ്ങളെ കൂടാതെ നിങ്ങളെപ്പറ്റി പറയാനാവില്ല. നിങ്ങളുടെ പെരുന്നാളിന് നിങ്ങളുടെ സഹോദരരെ ഞാൻ ക്ഷണിച്ചു. നിങ്ങളുടെ വത്സലർക്ക് നവോന്മേഷം പകരാൻ നിങ്ങളുടെ വീഞ്ഞ് എനിക്കു തരിക.

21. എനിക്കു ലഭിച്ച ശക്തികൊണ്ട്, നിങ്ങളുടെ പെരുന്നാളിൽ ഞാൻ നിങ്ങളുടെ അനുസ്മരണ കൊണ്ടാടും. നിങ്ങൾ എന്തായിരിക്കുന്നുവോ, അതിൽ ഞാൻ നിങ്ങളെ ഇഷ്ടപ്പെടുന്നു. നിങ്ങളുടെ സത്കർമങ്ങൾ പ്രകീർത്തിക്കാൻ നിങ്ങളുടെ അസ്ഥികളിൽ നിന്ന് എനിക്ക് ശക്തി കിട്ടി.

22. പ്രതിഫലിപ്പിക്കാനുള്ള മുഖം കൂടാതെ കണ്ണാടിക്കു സമ്പന്നനാകാനാകില്ല. സ്വീകരിച്ചാൽ, അതിനു പ്രതിഫലിപ്പിക്കാനാകും. മുഖം തന്റെ സ്വന്തമായ അലങ്കാരം അതിനു കൊടുക്കുമ്പോൾ, അതിന്റേതിൽ നിന്ന് കണ്ണാടി അതിനു തിരികെ നൽകുന്നു.

23. നിങ്ങൾ എന്നിൽ രണ്ടുമായിത്തീർന്നു: സ്തുതിക്കുന്നവരും സ്തുത്യർഹരും! കണ്ണാടിയിലെ മുഖവും അതുപോലെയാണ്: കാട്ടുന്നതും കാട്ടപ്പെടുന്നതും.

24. വചനം കണ്ണാടി പോലെയും നിങ്ങളുടെ കർമങ്ങൾ മുഖം പോലെയും ആയിരിക്കട്ടെ. നിങ്ങളുടെ വിജയങ്ങൾ ഉള്ളിലേക്ക് നോക്കട്ടെ. നിങ്ങളുടെ സൗന്ദര്യം അതിൽ പതിയട്ടെ. അത് നിങ്ങളുടെ പ്രതിരൂപം തിരികെ തരട്ടെ.

25. നിങ്ങളുടെ സമ്പൂർണസൗന്ദര്യം സ്വീകരിക്കുന്ന കണ്ണാടി തീരെ നിസ്സാരമാണ്. അത് വിവർണമാകുന്നു. അതുപോലെ എന്റെ വിവരണം നിങ്ങളുടെ വിജയമാഹാത്മ്യം ചെറുതാക്കുന്നു.

26. നീണ്ട രോഗത്തിനുശേഷം ഞാൻ നിങ്ങളിലൂടെ ആരോഗ്യം വീണ്ടെടുത്തു. എന്റെ പാദങ്ങളുടെ അധ്വാനത്തിനുള്ള പ്രതിഫലം നിങ്ങൾ പിടിച്ചുവച്ചില്ല. അതുപോലെ എന്റെ വായ് എനിക്ക് കിന്നരമായിരിക്കട്ടെ. അങ്ങനെ എന്റെ അധരങ്ങളുടെ അധ്വാനത്തിനുള്ള പ്രതിഫലം കൂടി സമ്പാദിക്കട്ടെ.

27. നിങ്ങളുടെ കർമങ്ങൾ പ്രകീർത്തിക്കുന്നതിന് യോഗ്യത ലഭിക്കുക എന്നതിനേക്കാൾ കൂടിയ പ്രതിഫലം ഞാൻ പ്രതീക്ഷിക്കുന്നില്ല. അങ്ങനെ നിങ്ങൾക്കുവേണ്ടി എന്റെ വായ് കിന്നരമായി നിങ്ങളുടെ വിജയം പ്രകീർത്തിക്കട്ടെ.

www.malankaralibrary.com

# 2

## ഗീതം-9

1. എന്റെ സഹോദരരേ, നിങ്ങളുടെ വായ് നിങ്ങളുടെ കിന്നരത്തോടും നിങ്ങളുടെ സ്വരം നിങ്ങളുടെ ഓശാനസ്തുതിയോടും ചേർന്നിരിക്കുന്നത് തികഞ്ഞ ബോധ്യത്തോടെ ആയിരിക്കട്ടെ. അങ്ങനെ നിങ്ങളുടെ ആത്മാവ് പിതാവിനെയും പുത്രനെയും പ്രകീർത്തിക്കട്ടെ.

2. വായ് കിന്നരം പോലെ ഗ്രഹണം കൂടാതെയല്ല, മാനുഷിക സ്വാതന്ത്ര്യത്തിന്റെ സജീവഗ്രഹണം കൂടാതെയല്ല വർത്തിക്കുന്നത്. കിന്നരം പ്രകൃത്യാ ബന്ധിതമാണ്; എന്നാൽ നാവ് പ്രകൃത്യാ സ്വതന്ത്രമാണ്.

3. നാവിന് സ്വാതന്ത്ര്യം ഇല്ലെങ്കിൽ, പീഡിപ്പിക്കുന്നവർ എന്തിനാണ് അത് ച്ഛേദിക്കുന്നത്? അവർ അത് ച്ഛേദിക്കുന്നു; അത് നിഷേധിച്ചില്ല; അതിന്റെ ഇച്ഛ അതിന്റെ പ്രകൃതിയെ കീഴടക്കി.

4. അതിന്റെ പണി പ്രകൃതിയിൽ നിന്നാണ്; അതിന്റെ നിന്ദനം അതിന്റെ ഇച്ഛയിൽ നിന്നുണ്ടാകുന്നു. മനുഷ്യർ അത് വിച്ഛേദിക്കുന്നു; എന്നാൽ അത് ദൈവത്തെ നിന്ദിച്ചില്ല. അതിന്റെ പ്രകൃതിയുടെ തകർച്ചയിൽ, അത് അതിന്റെ സ്വാതന്ത്ര്യത്തിന്റെ ശക്തി തെളിയിച്ചു.

5. രക്തസാക്ഷിയുടെ നാവ് അവർ ച്ഛേദിച്ചു; എന്നാൽ അത് അതിന്റെ സത്യം നിഷേധിക്കാൻ ആഗ്രഹിച്ചില്ല. എന്നാൽ നമ്മുടെ നാവിന് ഹാ, കഷ്ടം! അത് അതിന്റെ ശപഥം ലംഘിച്ചു; നിർബന്ധം ഒന്നും കൂടാതെ തന്നെ അത് അതിന്റെ സത്യം നിഷേധിച്ചു.

6. ആരെങ്കിലും നീതിപൂർവം ആണയിടാൻ ഉദ്യമിച്ചാൽ, "ആണയിടരുത്" എന്ന കൽപ്പന വഴിയിൽ തടസ്സമായി നിൽക്കുന്നു (മത്താ.5,34). അവൻ ആണയിട്ടാൽ, കൽപ്പന ലംഘിച്ചു. നീതിമാൻ ആണയിടീലിലൂടെ പാപം ചെയ്യുന്നെങ്കിൽ, പാപി എത്രയധികമായിരിക്കും പാപം ചെയ്യുക?

7. കള്ളനും ക്രൂരനുമായ രാജാവ് സത്യസന്ധനായ രക്തസാക്ഷിയുടെ നാവ് അറത്തുമാറ്റി (2 മക്ക.7,4.10). അവൻ സത്യത്തിൽ നിന്ന് അകന്നുമാറിയില്ല. എന്നാൽ നമ്മുടെ നാവു തന്നെ നമ്മിൽനിന്ന് സത്യം അകറ്റിക്കളയുന്നു.

www.malankaralibrary.com

8. നുണയ്ക്കു മുമ്പിൽ ശിക്ഷാഭീഷണിയെ പറ്റിയുള്ള ഭയം നിലനിർത്താനായി, ആണയിലൂടെ സത്യം ഗ്രഹിച്ച് പരിശീലിക്കുന്നതിന് ശപഥം ചെയ്യുന്നതിനും സത്യം പറയുന്നതിനും അപകടരും നുണയരുമായ ജനത്തെ ദൈവം പഠിപ്പിച്ചു.

9. നീ ആണയിടുകയും അതിലൂടെ നുണ പറയുകയുമരുത്. കാരണം, തെറ്റായി ശപഥം ചെയ്യുന്നവനെ ദൈവം നീതീകരിക്കുന്നില്ല. ദൈവം ശപഥം വച്ചിട്ട് ശിക്ഷാഭീഷണിയുടെ ഭയം കാവൽക്കാരനായി നൽകി.

10. പിന്നെപ്പിന്നെ വന്നവർ സത്യസന്ധർ എന്ന നിലയിൽ ആണയിടീൽ അഭ്യസിക്കരുതെന്ന് അവൻ ആഗ്രഹിച്ചു. അങ്ങനെ അവർ സത്യവാനായ ദൈവത്തെപ്പോലെ ആയിത്തീരുകയും സ്വാതന്ത്ര്യത്തെ നിർബന്ധിക്കാത്ത അവരുടെ പ്രകൃതി അവരുടെ സത്യത്തിന് അനുരൂപമാകുകയും ചെയ്യുന്നതിനാണിത്.

11. ഉറപ്പു കൊടുക്കാൻ ദൈവം ആഗ്രഹിക്കുന്നതിനാൽ, അവിടുന്ന് ശപഥം ചെയ്യുമ്പോൾ ഇതു സംഭവിക്കുന്നില്ല. ശിശുക്കൾ തന്റെ വാക്ക് വിശ്വസിക്കാനായി അവിടുന്ന് ശപഥത്തിന് തന്നെത്തന്നെ കീഴ്പ്പെടുത്തുകയും തന്റെ വാക്കുകൾ ഉറപ്പിക്കുകയും ചെയ്യുന്നു. തന്റെ ശപഥത്തിലൂടെ അവിടുത്തെ വാഗ്ദാനങ്ങൾ സ്ഥിരീകരിക്കപ്പെടുന്നു.

12. അപക്വശിശുവിനോട് എന്നപോലെയാണ് ആ ജനത്തെ ആണയിടാൻ അനുവദിച്ചതും ആണയിലേക്ക് ആനയിച്ചതും. ആണയിടുമ്പോൾ സ്ഥിരീകരിക്കാൻ മാത്രം കഴിവുള്ളവനും ആണയോടു കൂടിയുള്ളതു മാത്രം വിശ്വസിക്കുന്നവനുമായ അപക്വശിശു ആണയിടുകയും ആണയിടാൻ അനുവദിക്കപ്പെടുകയും ചെയ്യുന്നു.

13. അപക്വമതികളായ യൂദർ വ്യാജമായി ആണയിടുന്നു. സത്യസന്ധമായവയ്ക്ക് ആണയിടുന്നതിൽ നമ്മുടെ പാപം അടങ്ങിയിരിക്കുന്നു. അവർക്ക് പാൽ മാത്രമേയുള്ളു; നമുക്ക് ഖരാഹാരവും.

14. അസത്യമായവ ആണയിടാൻ മുതിരുന്നു എന്നതിൽ നുണയരായ യൂദരുടെ പാപം അടങ്ങിയിരിക്കുന്നു. സത്യമായവ ആണയിടാൻ മുതിരുന്നു എന്നതിൽ സത്യക്രിസ്ത്യാനികളുടെ പാപം അടങ്ങിയിരിക്കുന്നു. വിശ്വസിക്കാൻ അവനെ അവന്റെ ആണ നിർബന്ധിക്കുന്നു.

15. നുണയനായ യൂദൻ അസത്യമായി തന്റെ ശപഥവാക്ക് ഉച്ചരിക്കുമ്പോഴും സത്യക്രിസ്ത്യാനി ശപഥം കൂടാതെ അസത്യമായി തന്റെ വാക്ക് ഉച്ചരിക്കുമ്പോഴും ഇരുവരിലും നുണ നിലനിൽക്കുന്നു.

www.malankaralibrary.com

16. തന്റെ ആണ ഒരിക്കലും സത്യസന്ധമല്ലാത്തതിനാൽ, നുണയനായ യൂദൻ നുണയനാണ്. മറുവശത്ത്, തന്റെ വായിലെ വാക്ക് കപടമായതിനാൽ, സത്യക്രിസ്ത്യാനിയും നുണയനാണ്. നിർബന്ധം മാത്രമേ സത്യം പറയാൻ അവനെ പ്രേരിപ്പിക്കുന്നുള്ളു.

17. സ്വാതന്ത്ര്യം നിർബന്ധം കൂടാതിരിക്കാനും, സത്യത്തിന്റെ ഉറവയായിരിക്കാനും ക്രിസ്തുവിന്റെ കൽപ്പന ആണയിടീൽ നിരോധിച്ചിരിക്കുന്നു. സ്വാതന്ത്ര്യത്തിൽ നിന്നാണ് സത്യം ഒഴുകേണ്ടത്...

18. സത്യമല്ല, ആണയിടീലാണ് മിശിഹാ നമ്മിൽ നിന്ന് അകറ്റിയത്. അതിലൂടെ അവിടുന്ന് നമുക്കായി സത്യം സ്ഥിരീകരിച്ചിരിക്കുന്നു.

19. നമ്മുടെ സാധാരണ സംസാരം സത്യസന്ധമായിരിക്കാൻ മാത്രം അവിടുന്ന് ആണയിടീൽ നിരോധിച്ചു. എന്നാൽ നമ്മുടെ സംസാരം അസത്യവും നമ്മുടെ ശപഥം കള്ളവുമാണെങ്കിൽ, നാം സാത്താന്റെ ഭാഗമാണ്.

20. അപ്പോൾ, ശരിയായി വച്ചിരിക്കുന്ന ലക്ഷ്യത്തിലേക്ക് നാം തെറ്റായി അമ്പെയ്യുന്നു. നമ്മോടു കൽപ്പിക്കപ്പെട്ടതുപോലെ, നമ്മുടെ ഇച്ഛ ആണ കൂടാതെ *അതേ* എന്നും *അല്ല* എന്നും ആയിരിക്കട്ടെ.

21. നമുക്ക് നൽകപ്പെട്ട സ്വാതന്ത്ര്യത്തിനനുസൃതം നാം വാക്കുകളിൽ സത്യസന്ധരായിരിക്കാൻ, നല്ലവൻ ആണയിടീൽ നമ്മിൽ നിന്ന് ദൂരെയകറ്റി. നമ്മുടെ സംസാരം സത്യസന്ധമായിരിക്കുന്നതിനുപകരം നാം അതും നമ്മുടെ ശപഥവും കളവാക്കിയിരിക്കുന്നു.

22. അവൻ നുണയനാകയാൽ, അവൻ നുണ പറയുന്നു എന്ന് സത്യവാൻ നുണയനെപ്പറ്റി പറയുന്നു. നാം സത്യത്തിന്റെ ഭാഗമല്ല, എന്നാൽ നുണയരുടെ ഭാഗവുമല്ല.

23. അതുകൊണ്ട്, നമുക്ക് നമ്മുടെ വേര് അവനിൽ നിന്നകറ്റാം. കാരണം, അവനുമായി ബന്ധിതമായിരിക്കുന്ന ഭാഗം അവനോടൊപ്പം അഗ്നിയിൽ വെന്തെരിയും. നമ്മെ മണവറയിലേക്ക് ആനയിക്കാൻ മണവാളന്റെ വേരുമായി നമുക്ക് ഒട്ടിപ്പിടിപ്പിക്കാം.

24. നാം സത്യത്തിന്റെ ഭാഗമല്ല, അതിന്റെ പ്രകൃതിയിൽ നിന്നോ, അതിൽ നിന്ന് പൊട്ടിമാറിയതോ അല്ല. നാം ഇച്ഛയാലും സ്വാതന്ത്ര്യത്താലുമാണ് അങ്ങനെ ആയിരിക്കുന്നത്. അവിടുന്ന് കാരുണ്യത്താൽ നമ്മെ തന്റെ അവയവങ്ങൾ ആക്കിയിരിക്കുന്നു.

www.malankaralibrary.com

25. ഉറപ്പ് വിജയിച്ച സമയത്ത് ദൗർബല്യം ഓടിയൊളിച്ചു. ഭീരുത്വത്തിന് അതിന്റെ വിജയം നഷ്ടമായി. ധൈര്യശാലി പോരാട്ടം ദർശിച്ചു. അവൻ അവിടേക്ക് ഓടിയടുത്ത് കിരീടധാരിയായി.

26. അവരുടെ കരങ്ങൾ പീഡനത്തിനും അവരുടെ കാൽവിരലുകൾ കുരുക്കിനും അവരുടെ ശരീരം പീഡനയന്ത്രത്തിനും അവരുടെ കവിൾത്തടം അടികൾക്കും സമർപ്പിക്കപ്പെട്ടു.

27. കൽപ്പന അനുശാസിക്കുന്ന പീഡനത്തിൽ നിങ്ങൾ കൽപ്പന കാത്തു. സമാധാനകാലത്ത് കൽപ്പനയുടെ പാലനം ഞങ്ങൾ ലംഘിച്ചു. ഞങ്ങൾക്ക് ഹാ,കഷ്ടം! നിങ്ങൾക്ക് ഭാഗ്യം!

28. ഇപ്രകാരം നിങ്ങൾ അവിടുത്തെ ഹിതം നിറവേറ്റിയതിനാൽ, അവിടുന്ന് നിങ്ങളുടെ ഹിതം നിറവേറ്റും. അവിടുന്ന് നിങ്ങളെ വിളിക്കുകയും നിങ്ങൾ പ്രത്യുത്തരിക്കുകയും ചെയ്തതിനാൽ, അവിടുത്തെ വിളിക്കുന്നവരെ നിങ്ങളെപ്രതി അവിടുന്ന് ശ്രവിക്കും. അവിടുത്തെ വിളിച്ചപേക്ഷിക്കുന്ന എന്നെ നിങ്ങളെപ്രതി അവിടുന്ന് ശ്രവിക്കാൻ ഇടയാകട്ടെ.

# 3

## ഗീതം-10

1. ഉറവയുടെ സമ്പത്ത് അളക്കാൻ വേണ്ടി ഉള്ളിൽ കടക്കാൻ ആരാണ് മുതിരുക! ഉറവകളേക്കാൾ സമ്പന്നമായ ജേതാവിന്റെ കർമങ്ങൾ അളക്കാൻ വേണ്ടി അകത്തുകടക്കാൻ ആരാണ് മുതിരുക!

പ്രതിസ്തോത്രം: നിങ്ങളുടെ വിജയം മഹത്വപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകട്ടെ.

2. ഉറവജലത്തിന്റെ രുചി എപ്പോഴും ഒരുപോലെയാണ്. അത് സ്വതന്ത്രമല്ലാത്തതിനാൽ, അതിനു മാറ്റം വരുന്നില്ല. അതിന്റെ ഉറവകൾ പ്രകൃതിബന്ധിതമാണ്.

3. രക്തസാക്ഷിക്ക് ഊരിയ വാൾ രക്തത്തിന്റെ ഉറവയാണ്. അവന്റെ രക്തത്തിന്റെ നിറം സ്വാഭാവികമാണ്. എന്നാൽ അവന്റെ രക്തത്തിന്റെ വേദന സ്വാതന്ത്ര്യത്തിന്റെ സംഗതിയാണ്. അതിന്റെ ഉറവയ്ക്ക് തികച്ചും വ്യത്യസ്ത രുചികളാണ്.

www.malankaralibrary.com

4. അവന് അടിയേറ്റു; കാരണം, അവന്റെ പ്രകൃതി വേദനിക്കുന്നതാണ്. അവൻ സംസാരിച്ചു; കാരണം അവന്റെ ഇച്ഛ സ്വതന്ത്രമാണ്. അവൻ മരിച്ചു; കാരണം അവന്റെ പ്രകൃതി മർത്യമാണ്. അവൻ ജീവിക്കുന്നു; കാരണം അവന്റെ സ്നേഹം വിജയശോഭയാൽ പ്രശോഭിക്കുന്നു. അവൻ തന്റെ പ്രകൃതിയിലും തന്റെ ഇച്ഛയിലും വിജയിച്ചു.

5. സ്വാഭാവികമായി മനുഷ്യനു വിശക്കുന്നു; എന്നാൽ തന്റെ ഇച്ഛയാൽ അവൻ ഉപവസിക്കുന്നു. സ്വാഭാവികമായി അവൻ ഇച്ഛിക്കുന്നു; തന്റെ ഇച്ഛയാൽ അവൻ പരിത്യജിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യത്തിന്റെ അലങ്കാരമാണ് പ്രകൃതി.

6. ശാരീരികനിന്ദ്യതയിലൂടെ സ്വാതന്ത്ര്യത്തിന്റെ മനോഹാരിത വളരുന്നു; കാരണം, ശരീരം അതിന്റെ വശീകരണങ്ങൾ മതിയാക്കുമ്പോൾ, സ്വാതന്ത്ര്യം അതിനെ വിജയത്തിൽ എത്തിക്കുന്നു. അത് അതിന് തന്റെ തിന്മ നൽകുമ്പോൾ, സ്വാതന്ത്ര്യം അതിനെ നന്മയാക്കുന്നു.

7. ശരീരം അടിമയെപ്പോലെയാണ്; സ്വാതന്ത്ര്യം അതിന്റെ രാജ്ഞിയാണ്. ശരീരം അടിമയെപ്പോലെ എതിർക്കാൻ മുതിരുമ്പോൾ, സ്വാതന്ത്ര്യം സ്വതന്ത്രയായി ശരീരത്തെ വിധേയമാക്കുന്നു. അത് ശരീരത്തെ തികച്ചും പൂർണമായി കീഴ്പ്പെടുത്തുന്നു.

8. ശരീരം അതിന് അശുദ്ധി നൽകുമ്പോൾ, സ്വാതന്ത്ര്യം അതിനെ വീണ്ടും വെടിപ്പാക്കുന്നു. ശരീരം അതിന് ഭോഗാസക്തി നൽകുമ്പോൾ, സ്വാതന്ത്ര്യം അതിനെ ശിക്ഷണവിധേയമാക്കുന്നു. തന്റെ നിറത്തിൽ അത് അതിന്റെ നിറങ്ങൾ മുക്കുന്നു.

9. ദൈവം മാത്രമേ സൃഷ്ടിയുടെ ബന്ധിതപ്രകൃതി മാറ്റുന്നുള്ളു. ദൈവത്തെപ്പോലെ അത്യാർത്തിയുടെ പ്രകൃതി സ്വതന്ത്രേച്ഛയും മാറ്റുന്നു.

10. പ്രകൃതിയിൽ നിന്ദ്യമായത് സ്വാതന്ത്ര്യത്തിന് നല്ലതാണ്. അതിന്റെ വിരൂപമാക്കൽ അതിന് അലങ്കാരമാകും; അതിന്റെ പരീക്ഷണങ്ങൾ അതിന്റെ സന്തുഷ്ടിയും. അതിന്റെ അമ്പരപ്പുകൾ അതിന്റെ സമാധാനം വർധിപ്പിക്കുന്നു.

www.malankaralibrary.com

11. അതിന്റെ പോരാട്ടം കൊണ്ട് അതിന്റെ വിജയം വളരുന്നു; അതിന്റെ യുദ്ധംകൊണ്ട് അതിന്റെ സ്തുതിയും അതിന്റെ മല്ലയുദ്ധത്താൽ അതിന്റെ കിരീടവും വളരുന്നു. എതിരാളി അതിനെ കടലിലേക്ക് എറിയുമ്പോൾ, അത് ആഴത്തിൽ മുങ്ങി അവിടെനിന്ന് മുത്തുകൾ പുറത്തേക്ക് എടുക്കുന്നു.

12. ജേതാക്കളായ ആ രക്തസാക്ഷികളുടെ സ്വാതന്ത്ര്യവും അതുപോലെയാണ്. അവരുടെമേൽ നിപതിക്കുന്ന ദുരിതങ്ങളെല്ലാം അത് അവരുടെ നിക്ഷേപത്തിലാക്കുകയും അതിനെ വിജയം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു.

13. അത് വേദനകളിൽ അവരുടെ ഭൂഷണവും പീഡനത്തിൽ അലങ്കാരവും വാളിൽ വിജയകിരീടവും കൊലയിൽ വാഗ്ദാനങ്ങളും മരണത്തിൽ ജീവനും വച്ചിരിക്കുന്നു.

14. അവർക്ക് തിന്മ വരുത്തിവച്ചെന്ന് പീഡകർ കരുതി. അവർക്ക് നന്മയാണ് തങ്ങൾ ചെയ്തതെന്ന് അവർ തിരിച്ചറിഞ്ഞില്ല. അവരുടെ അവയവങ്ങൾ അവർ പീഡനയന്ത്രത്തിൽ നീട്ടിവച്ചു. ബാഹ്യമായി അവർ നഷ്ടം സഹിച്ചു. എന്നാൽ നിഗൂഢമായി നേട്ടം കൈവരിച്ചു.

15. ജേതാക്കൾ ആഗ്രഹിച്ചതിനാലാണ് വിജയിച്ചതെന്ന്, സ്വേച്ഛയാൽ സംഭവിക്കുന്ന നിദ്രയിലൂടെ കരുതപ്പെടാം. പീഡനത്തിലൂടെ സംഭവിക്കുന്ന നിന്ദനം ജേതാവിന്റെ സ്തുതിയാണ്.

16. ഗ്രൂപ്പുകൾ പരസ്പരം ഇത് സ്ഥിരീകരിക്കുന്നു: മർദിതന്റെ പരാജയം ജേതാവിന് ഒരടയാളമാണ്. ജേതാവിന്റെ സ്ഥിരോത്സാഹം ഉറങ്ങുന്നവന് നേർവഴികാട്ടലാണ്.

# 4

### ഗീതം-11

1. മധ്യത്തിൽ നിൽക്കുന്ന സ്വാതന്ത്ര്യം പോരാട്ടത്തിന് വിളിക്കുന്നു; പോരാട്ടം എതിരാളിയെ അവിടേക്കു വിളിക്കുന്നു; എതിരാളി വിജയത്തെയും. എല്ലാവരും ഒന്നിച്ച് വിജയകിരീടത്തെയും വിളിക്കുന്നു.

www.malankaralibrary.com

പ്രതിസ്തോത്രം: തന്റെ പോരാളികളെ വിജയത്തിൽ എത്തിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകട്ടെ.

2. നമ്മുടെ ഇച്ഛ സ്വതന്ത്രവും സ്വാഭിഷ്ടപരവും ആകയാൽ, അത് നിശ്ചലനക്ഷത്രങ്ങളെ പോലെയല്ല. നിറം മങ്ങിയ നക്ഷത്രം കുറ്റവിധേയമല്ല; ശോഭയുള്ളത് സ്തുത്യർഹവുമല്ല. കാരണം, രണ്ടും പ്രകൃത്യായാണ്.

3. ആഹാരത്തോടുള്ള താൽപ്പര്യം പ്രകൃതിയുടെ സംഗതി ആയിരിക്കുമ്പോൾ, കുറ്റവിധേയമല്ല. അത് ഇച്ഛയുടെ സംഗതി ആകുമ്പോൾ, പ്രകൃതിയെ നിയന്ത്രിക്കാൻ കഴിയുന്നതിനാൽ, അതിന് കടിഞ്ഞാണിടാനാകും. ആഹാരത്തോടുള്ള അത്യാർത്തി ഇച്ഛാശക്തിയാൽ തടയാനാകും.

4. പോരാട്ടത്തിൽ എന്നപോലെ, പ്രകൃതിയും ഇച്ഛയും ഒരേ ശരീരത്തിൽ സ്ഥിതിചെയ്യുന്നു. ഒന്ന് കുറ്റപ്പെടുത്തലിന് അതീതവും മറ്റത് വിധേയവുമാണ്.

5. ഭക്ഷിക്കുന്നതുകൊണ്ട് ആരും കുറ്റവിധേയരല്ല. കാരണം, ഭക്ഷിക്കുന്നത് പ്രകൃതിയുടെ സംഗതിയാണ്. എന്നാൽ ഭോജനപ്രിയൻ കുറ്റവിധേയനാണ്. കാരണം, അത്യാർത്തി ഇച്ഛയുടെ സംഗതിയാണ്. ഒന്ന് ശിക്ഷാരഹിതമായി രക്ഷപെടും, മറ്റത് തനിക്കായി അപമാനം വരുത്തിവയ്ക്കും.

6. പാനം ചെയ്യുന്നതുകൊണ്ട് ആരും കുറ്റവിധേയരല്ല. കാരണം, ദാഹിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ മദ്യപാനാസക്തി കുറ്റകരമാണ്. അത് ഇച്ഛയുടെ പ്രവൃത്തിയാണ്. ഒന്ന് നിന്ദ്യവും മറ്റത് കാമ്യവുമാണ്.

7. അന്വേഷകൻ കുറ്റവിധേയനല്ല; കാരണം, അന്വേഷിക്കുക പ്രകൃത്യനുസൃതമാണ്. എന്നാൽ കലഹപ്രിയൻ കുറ്റവിധേയനാണ്. കാരണം, എതിർക്കാനുള്ള മനോഭാവം ഇച്ഛയുടെ പ്രവൃത്തിയാണ്. ഒന്ന് സത്യത്തിന്റേതും മറ്റത് നുണയുടേതുമാണ്.

8. കാഴ്ചക്കാരൻ കുറ്റവിധേയനല്ല; കാരണം കാണുക എന്നത് പ്രകൃത്യാനുസൃതമാണ്. എന്നാൽ നോക്കരുതാത്തിടത്ത് തുറിച്ചു നോക്കുന്നവൻ കുറ്റവിധേയനാണ്. ഒന്ന് സ്വതന്ത്രമായും മറ്റത് സ്വാഭാവികമായും സംഭവിക്കുന്നു.

www.malankaralibrary.com

9. വിവാഹം കഴിക്കുന്നവൻ അതിനാൽ കുറ്റവിധേയനല്ല. കാരണം, അത് സ്വാഭാവികമാണ്. വിവാഹബന്ധം വേർപെടുത്തുന്നവൻ പ്രശംസാർഹനല്ല. കാരണം, അത് ഇച്ഛയുടെ പ്രവൃത്തിയാണ്. ഒന്ന് പ്രശംസാർഹവും മറ്റത് നിന്ദ്യവുമാണ്.

10. ഈ തെളിവുകൾകൊണ്ട് മറ്റനേകം കാര്യങ്ങളും തെളിവാകുന്നു. സ്വാഭാവികമായവ അസ്വതന്ത്രമാണ്; ഇച്ഛയുടേത് സ്വതന്ത്രവും. ഒന്ന് തെരഞ്ഞെടുക്കുന്നതും മറ്റത് അനുവദിക്കുന്നതും.

11. സ്വാഭാവിക കാര്യങ്ങളിൽ മനുഷ്യർ കുറ്റവിധേയരല്ല. എന്നാൽ സ്വാഭാവിക കാര്യങ്ങളാണെങ്കിലും, സ്വാതന്ത്ര്യത്തിന്റെ വശത്താകുമ്പോൾ കുറ്റവിധേയമാണ്.

12. പ്രകൃത്യായുള്ള ഉറക്കത്തിന്റെ അളവനുസരിച്ച് ഉറങ്ങുന്നവനെ കുറ്റപ്പെടുത്താനാവില്ല. എന്നാൽ കൂടുതൽ ഉറങ്ങുന്നവൻ കുറ്റവിധേയനാണ്. കാരണം, അവന്റെ നിദ്ര ഇച്ഛയുടെ പ്രവൃത്തിയാണ്. ഉണർന്നവൻ പ്രകൃതിയെ ജയിച്ചിരിക്കുന്നു.

13. പ്രകൃതിയും സന്മാർഗവും ഒരേസമയം രണ്ടു വശങ്ങളുടെ അറിയിപ്പുകാരാണ്: പ്രകൃതി ദാസ്യത്വവും സന്മാർഗം സ്വാതന്ത്ര്യവും പ്രഘോഷിക്കുന്നു. ഇവയ്ക്കിടയിൽ മനുഷ്യൻ നിൽക്കുന്നു.

14. യുവാക്കളിൽ ശീലങ്ങൾ നട്ടുപിടിപ്പിക്കണം. എന്നാൽ ഇച്ഛ, കൃഷിക്കാരനെപ്പോലെ ശീലങ്ങൾ, അങ്കുരസമാനം കയ്പുള്ളതും മധുരമുള്ളതും, പ്രകൃതിയിൽ നടുന്നു.

15. ഇച്ഛ സാധാരണ പാനീയത്തിൽ മദ്യലഹരിയും ആഹാരത്തിൽ അതിഭക്ഷണവും കാഴ്ചയിൽ അസൂയയും സംസാരത്തിൽ നുണയും വയ്ക്കുന്നു. അങ്ങനെ എല്ലാറ്റിലും എല്ലാത്തരം ദുശ്ശീലങ്ങളും വയ്ക്കുന്നു.

16. എന്നാൽ ഇച്ഛ മറ്റ് ശീലങ്ങളും വയ്ക്കുന്നു. പ്രകൃത്യാനുസൃത ഭക്ഷണത്തിൽ ഉപവാസവും വൈവാഹികബന്ധത്തിൽ സംയമനവും അതിഭോഗാസക്തിയിൽ ശിക്ഷണവും വയ്ക്കുന്നു. അങ്ങനെ എല്ലാറ്റിലും സദാചാരം നിലനിൽക്കുന്നു.

17. ഇച്ഛ തീയതിനു പകരം നല്ലതും നല്ലതിനു പകരം തീയതും പിഴുതുനടുന്നു. അതിന് ഞൊടിയിടയിൽ ശീലങ്ങൾ പിഴുതുകളയാനും നടാനും കഴിയും.

www.malankaralibrary.com

18. നമ്മുടെ ഇച്ഛ കൃഷിക്കാരനു തുല്യവും തിരുലിഖിതം ഉപദേഷ്ടാവിനു തുല്യവുമാണ്. നാം ഏതെല്ലാം ദുശ്ശീലങ്ങൾ മുറിച്ചുമാറ്റി ദൂരെ എറിയണമെന്നും ഏതെല്ലാം നട്ടുവളർത്തണമെന്നും തിരുലിഖിതം ഇച്ഛയ്ക്ക് കാട്ടിക്കൊടുക്കുന്നു.

19. ഇച്ഛ ശുഷ്ക്കാന്തി ഉള്ളതായിരിക്കുമ്പോഴും അതിന് ഉൾക്കാഴ്ച ഇല്ലാതിരിക്കാം. ഇച്ഛയ്ക്ക് തന്റെ വൃക്ഷത്തിൽ വച്ചുപിടിപ്പിക്കാൻ തന്റെ ശിഖരങ്ങളിൽ നിന്ന് നല്ല ശീലങ്ങൾ നൽകാൻ നിയമത്തിന് കഴിയും.

20. നിയമം അനീതിയിൽ നീതിയും കൗശലത്തിൽ ഹൃദയൈക്യവും സംസാരത്തിൽ കൃതജ്ഞതയും ദൂഷണത്തിൽ സ്തുതിപ്പും ഇച്ഛയിൽ വയ്ക്കുന്നു.

21. നിയമം അതിന്റെ പ്രബോധനത്തിൽ സത്യവും വിശകലനത്തിൽ വിശ്വാസവും വഴിതെറ്റിൽ വിജ്ഞാനവും മർത്ത്യതയിൽ ജീവനും മനുഷ്യത്വത്തിൽ ദൈവത്വവും വയ്ക്കുന്നു.

22. ഇന്ദ്രിയങ്ങളുടെ മേൽ മേൽക്കോയ്മയുള്ള സ്വാതന്ത്ര്യം രാജ്ഞിയെപ്പോലെ ഹൃദയത്തിൽ വസിക്കുന്നു. അതിന്റെ പരമാധിപത്യത്തിൻ മുമ്പിൽ ദുരാശകൾ ദാസികളെപ്പോലെ സേവചെയ്യുന്നു. ഒരു കൺകടാക്ഷം അവയ്ക്കുള്ള കൽപ്പനയാണ്.

23. നമ്മുടെ ഇച്ഛ സ്വതന്ത്രമാണ്. പീഡനത്തിന്റെ മുമ്പിൽ അതൊരു സ്തംഭം കൂടിയാണ്. രക്തസാക്ഷികൾ സ്തംഭങ്ങളായിരുന്നു, വേദനകളോടും ദുരിതങ്ങളോടും പീഡനങ്ങളോടും കൂടെ അവർ നിന്ദനവും നിന്ദ്യവചനങ്ങളും സഹിച്ചു.

24. കൊല്ലപ്പെട്ട രക്തസാക്ഷികൾ വേദന അനുഭവിച്ചു എന്നതിൽ കുറ്റവിധേയരല്ല. കാരണം, വേദനാനുഭവം സ്വാഭാവികമാണ്. അവർ തള്ളിപ്പറഞ്ഞിരുന്നെങ്കിൽ, കുറ്റവിധേയരാകുമായിരുന്നു. കാരണം, തള്ളിപ്പറയൽ ഇച്ഛാകർമമാണ്.

25. മൂന്നു ജീവിതരീതികളുണ്ട്: ഒന്ന് കൽപ്പനാനുസൃതം, മറ്റത് കൽപ്പനവിരുദ്ധം: വിവാഹം കൽപ്പനാനുസൃതം, വ്യഭിചാരം കൽപ്പനവിരുദ്ധം, അവയോടൊപ്പം പ്രകൃതിയിൽ കാണാത്ത കന്യാത്വം.

26. വിവാഹം കിരീടം ധരിപ്പിക്കപ്പെടുന്നു; വിവാഹം വേർപെടുത്തൽ അതിന്റെ പാദത്തിൽ കിടക്കുന്നു. വിവാഹരാഹിത്യം അതിന്റെ മാറിൽ ചാരിക്കിടക്കുന്നു. വിവാഹം വേർപെടുത്തലിനെ അത് അതിന്റെ പാദപീഠമാക്കിയിരിക്കുന്നു. വിവാഹരാഹിത്യം അതിന്റെ ശിരസ്സിലെ കിരീടമാണ്.

www.malankaralibrary.com

# 5

## ഗീതം-12

1. ഓ, മകനേ, പ്രകൃത്യാ പുറത്തുനിന്ന് അടഞ്ഞിരിക്കുന്ന ദൃശ്യ കാതിന് നിന്റെ സ്വരത്തിന് താക്കോലാകാൻ കഴിഞ്ഞു. അങ്ങനെ, ഞങ്ങളുടെ സ്വാതന്ത്ര്യം അടച്ചുകളഞ്ഞ കാതുകളെ നിന്റെ കൃപ തുറന്നാലും!

പ്രതിസ്തോത്രം: നിന്റെ വിജയിയായ വീര്യം സ്തുതിക്കപ്പെടട്ടെ.

2. കാതുള്ളവൻ കേൾക്കട്ടെ. അതുള്ളവൻ കേട്ടു. ബധിരന് കേൾവി കൊടുത്തവൻ, കാതുണ്ടായിട്ടും അടച്ചുകളഞ്ഞ ബധിരശ്രോതാവിന് കേൾവി കൊടുത്തില്ല.

3. ബധിരന്റെ ബലഹീനത അവന്റെ കാതു തുറക്കാൻ കഴിവില്ലാത്തതായിരുന്നു. നിന്റെ ശക്തി അതു തുറന്നു. നിന്റെ ഇച്ഛയുടെ സ്വാതന്ത്ര്യം തന്നെയാണ് അവന്റെ കേൾവിയുടെ താക്കോൽ.

4. നമ്മുടെ ശാരീരികവൈകല്യം നമുക്കു സുഖപ്പെടുത്താനാവില്ല. നാം എത്ര ബലഹീനരാണെന്ന് അതിലൂടെ നമുക്ക് ഗ്രഹിക്കാനാകും. നമ്മുടെ ആത്മീയവൈകല്യം നമുക്ക് സുഖപ്പെടുത്താനാകും. നാം എത്ര ശക്തരാണെന്ന് അതിലൂടെ നമുക്ക് ഗ്രഹിക്കാനാകും.

5. ഞങ്ങൾക്ക് അതീതമായ വൈകല്യങ്ങളൊക്കെ നീ നിന്റെ കൃപയാൽ ഭേദമാക്കി. ഞങ്ങളുടെ പിടിയിലൊതുങ്ങുന്നവയൊന്നും ഭേദമാക്കാൻ നിന്റെ ശക്തി ആഗ്രഹിച്ചില്ല. കാരണം, ഞങ്ങളുടെ സ്വാതന്ത്ര്യമാണ് അവയുടെ വൈദ്യൻ.

6. ദൈവകൃപ എല്ലാറ്റിനേക്കാളും വലുതാണ്. അതുകൊണ്ടാണ് അത് രണ്ട് വൈകല്യങ്ങൾക്കും ഉപരിയായി നിൽക്കുന്നത്. ആ തളർവാതരോഗിക്ക് മിശിഹാ രണ്ടും നൽകി: കാരുണ്യവാന്റെ വചനം വേദനയുടെയും പാപത്തിന്റെയും ആഴത്തിൽ നിന്ന് അവനെ വലിച്ചെടുത്തു (മത്താ.9,1-8).

7. തിന്നുകുടിച്ചു വീർത്തവൻ ഉച്ചത്തിൽ വിളിച്ചുപറയാൻ വേണ്ട ധൈര്യം പകരാൻ അവിടുന്ന് അവന്റെ കടം ഇളച്ചു. വായടഞ്ഞു പോയവന്

www.malankaralibrary.com

അവിടുന്ന് രണ്ട് സൗഖ്യങ്ങൾ പ്രദാനം ചെയ്തെങ്കിൽ, നിരന്തരം അതിനായി അപേക്ഷിക്കുന്നവന് എത്രയധികം ചെയ്യുകയില്ല!

8. നമ്മുടെ സ്വന്തം ആർജനത്തിന്, നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ഭണ്ഡാരം ദരിദ്രമാകാതിരിക്കാൻ, അവിടുന്ന് പ്രതിഫലം കൂടാതെ കടങ്ങൾ ഇളച്ചു. അത് ആദായകരമായവ സ്വന്തമാക്കുന്നതിന് അതിന് കൽപ്പന ഒരു മൂലധനമാണ്.

9. കാരണം, കൽപ്പനകൊണ്ട് ജേതാക്കൾ അവരുടെ കിരീടം അവകാശമാക്കുന്നു. നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുക (മത്താ. 22,37). അവനോടൊപ്പം അവർ മറ്റൊന്നിനെയും സ്നേഹിച്ചില്ല. അവർ അവനെയും മറ്റുള്ളവയെയും ത്രാസിന്റെ തട്ടുകളിൽ വച്ചു; അവൻ അവയേക്കാൾ ഭാരമുള്ളവനായിരുന്നു.

10. എന്നാൽ നാം ദൈവത്തെ സ്നേഹിക്കാത്തതിനാൽ, സാധ്യമായവയെല്ലാം അവനുപകരം വച്ചുമാറി. എങ്കിലും അവന്റെ സ്നേഹത്താൽ നിറഞ്ഞവന്, മറ്റൊരു സ്നേഹം സ്വീകരിക്കാൻ, അവന്റെ നിറഞ്ഞ സ്നേഹത്തിൽ ഇടമില്ല.

11. സ്വേച്ഛാധിപതി കൽപ്പന നൽകി; സ്വാതന്ത്ര്യം ദർശിച്ച് വിറയ്ക്കാനായി പീഡനചീപ്പും വാളും വരുത്തി. അത് വിശ്വാസം ദർശിക്കുകയും പോരാട്ടത്തിൽ വീഴുകയും ചെയ്തു.

12–13. നൃത്തത്തിന് അതീവതാൽപ്പര്യവും കളികൾക്ക് ഉത്സാഹവുമുള്ള ലോകം, ആനന്ദലഹരിയിൽ മുഴുകുകയും ഗിതാർസ്വരം ഉച്ചത്തിൽ കേൾക്കുകയും സംശുദ്ധത വിസ്മരിച്ച് വിഷയാസക്തമാകുകയും ചെയ്യുന്നതുപോലെ, രക്തസാക്ഷികൾ പീഡനങ്ങൾ കാണുമ്പോഴും, അതിലുപരി, വാഗ്ദാനങ്ങൾ അനുസ്മരിക്കുമ്പോഴും, അവയിൽ നിന്ന് ശക്തി സംഭരിച്ചു തങ്ങളെത്തന്നെ ഉദ്ബോധിപ്പിക്കുകയും പീഡനോപകരണങ്ങൾക്ക് വിധേയരാകുകയും ചെയ്തു.

14. കുഴൽനാദം കേൾക്കുമ്പോൾ പടക്കുതിര വലിയ ഉത്തേജനത്താൽ കുതിച്ചുചാടുന്നു. ജേതാക്കൾ അരിഷ്ടത അനുഭവിച്ചു; എന്നാൽ നേട്ടം അവരെ സന്തുഷ്ടരാക്കി.

15. സ്വേച്ഛാധിപതി അവരുടെ മുമ്പിൽ നിരത്തിയ ദുഷ്ടസംഗതികൾ അവരെ നല്ല കാര്യങ്ങൾ ഓർമിപ്പിച്ചു: വാളിൽ അവർ കിരീടം ദർശിച്ചു; അഗ്നി കണ്ണാടിയായി. അവർ അതിൽ സ്വർഗരാജ്യം ദർശിച്ചു.

www.malankaralibrary.com

16. ജേതാവായ പോരാളി പോരാട്ടം കാണുമ്പോൾ, ആനന്ദതുന്ദിലനാകുന്നു. കാരണം, അവന്റെ ദൃഷ്ടി വിജയകിരീടത്തിൽ ഉറപ്പിച്ചിരിക്കുന്നതിനാൽ, അതു കാണുമ്പോൾ അവൻ വേദന പാടേ വിസ്മരിക്കുന്നു.

17. അവർ പോരാട്ടത്തിൽ അപ്രകാരം ആയിരുന്നു. ധൈര്യശാലി ഭയചകിതനെ സഹായിച്ചു. ധൈര്യശാലി ചഞ്ചലചിത്തനെ താങ്ങി. വേഗതയുള്ളവൻ പമ്മി നടക്കുന്നവനെ വേഗത്തിൽ നടക്കാനും വിജയകിരീടം കരസ്ഥമാക്കാനും പ്രേരിപ്പിച്ചു.

18. നാമാകട്ടെ, പോരാട്ടത്തിൽ മറിച്ചാണ് വർത്തിക്കുക: ഉറക്കംതൂങ്ങി, ധൈര്യശാലിയെ ഉറക്കുന്നു; വഴിതെറ്റിയവൻ, ശാന്തശീലനെ കലക്കുന്നു. അൽപ്പം ധനം സമ്പാദിച്ചവൻ മറ്റുള്ളവരെ ആകർഷിക്കുന്നു...

19. അവരുടെ ഇടയിലെ ഉറക്കംതൂങ്ങികളെ ബലമുള്ളവർ കുലുക്കി നേരേ നിർത്തുന്നു. നാമാകട്ടെ, മറിച്ച് പ്രവർത്തിക്കുന്നു. ബഹുമാന്യനിലയിൽ കയറിയ ഉന്നതർ താണവരെ ഞെരുക്കുന്നു.

20. ബാഹ്യമായി നോക്കിയാൽ, നമുക്ക് വിശ്വാസത്തിന്റെ ഉപ്പുണ്ട്. ചൂഴ്ന്നിറങ്ങിനോക്കിയാൽ, നാം വെറും പൊള്ളയാണ്. അക്കാരണത്താൽ, ബാഹ്യമായി കാണപ്പെടുന്ന ഉപ്പും നഷ്ടപ്പെട്ടുപോകുന്നു. അകത്തും പുറത്തും, ഒന്ന് മറ്റൊന്നിനാൽ, രുചികെട്ടതാക്കുന്നു.

21. രുചിയില്ലാത്തതിന് രുചി വരുത്തുന്ന, ജീവന്റെ ഉപ്പായ ദൈവികകൃപ നമുക്ക് പുതിയ ഉപ്പായിരിക്കട്ടെ. അതു നമ്മെ ശുദ്ധീകരിച്ച് നമ്മുടെ ദുർഗന്ധം നീക്കട്ടെ. അത് നമ്മുടെ മന്ദത നീക്കി നമ്മെ ബലപ്പെടുത്തട്ടെ.

22. വന്ന് മല്ലന്മാരുടെ എണ്ണ തേക്കുക. രക്തസാക്ഷികൾ അത് തുറന്നുവച്ചിരിക്കുന്നു. നീ നിഗൂഢമായി രക്തസാക്ഷിയാകുക. ജേതാക്കളുടെ ശിഷ്യനാകുക. നീ എങ്ങനെ വിജയിക്കണമെന്ന് അവർ നിന്നെ പഠിപ്പിക്കും.

23. നീ അവരുടെ ശിഷ്യനായാൽ, അവർ നിന്റെ ഗുരുക്കളായിരിക്കും. പോരാട്ടത്തിൽ അവർ നിന്നെ പൂശും. നീ കിരീടധാരിയായി കയറി നിൽക്കാൻ അവർ നിന്നെ സ്റ്റേഡിയത്തിൽ അലങ്കരിക്കും.

24. അവരുടെ അസ്ഥികളിലേക്കു വന്ന് അവരുടെ കല്ലറകളിൽ നിന്ന് എണ്ണയെടുക്കുവിൻ. നീ എടുക്കുന്ന ഈ ദൃശ്യഎണ്ണയിൽ ഒരദൃശ്യശക്തി വസിക്കുന്നു. ഈ എണ്ണ പൂശി ശക്തി സംഭരിക്കുക.

www.malankaralibrary.com

25. അഗ്നിക്കെതിരെ ദുരാശവച്ച് ഏതാണ് ശക്തികൂടിയതെന്ന് പരിശോധിക്കുക. അഗ്നി ശകാരിക്കുന്നില്ല, എന്നാൽ ദുരാശ തടസ്സപ്പെടുത്തുന്നു.

26. അതുകൊണ്ട്, ഏതാണ് നിന്നേക്കാൾ ബലമുള്ളത്? നീ ഭീഷണിപ്പെടുത്തിയാൽ, നിന്റെ തൊലി പൊള്ളിക്കാത്ത അഗ്നിയോ, നീ ശകാരിക്കുമ്പോൾ, നിന്റെ അവയങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ആസക്തിയോ?

27. പീഡനയന്ത്രത്തെ അസൂയയുമായി താരതമ്യപ്പെടുത്തുക. ആദ്യത്തേതാണ് മറ്റതിനേക്കാൾ ശക്തിയേറിയതെന്ന് അങ്ങനെ നിനക്ക് തിരിച്ചറിയാം. പീഡിപ്പിക്കപ്പെടുന്നവനെ കാണുക. ഒരൊറ്റ ചാട്ടവാറടിയുടെ വേദന ആസക്തനെ എപ്രകാരം കീഴടക്കുന്നെന്നു കാണുക.

28. പീഡിതൻ ആ നിമിഷം വടിക്ക് വിധേയനാകുന്നു. അവനെ കീഴടക്കിയെന്ന് ദുഷ്ടൻ കരുതുന്നു. എന്നാൽ ബുദ്ധി വടിക്കു കീഴിലും വിജയമാലയിലേക്ക് റോസപ്പുഷ്പത്തെപ്പോലെ ധൃതിപ്പെട്ടുയരുന്നു.

29. യഥാർഥത്തിൽ രക്തസാക്ഷികൾ വളരെ പീഡ സഹിച്ചു. അതിന്റെ വിവരണം നമ്മുടെ കാതുകൾക്ക് ദുസ്സഹമാണ്. ഭീകരമായവയുടെ മേലുള്ള വിജയത്തെപ്പറ്റി കേട്ടശേഷം നിസ്സാരമായവയെ നമുക്ക് ഭയപ്പെടാതിരിക്കാം.

30. എന്ത് ഒഴികഴിവിലാണ് നാം അഭയം തേടുക? മന്ദത ഒളിഞ്ഞിരിക്കുന്ന മറ രക്തസാക്ഷികൾ ദൂരെ എറിഞ്ഞെങ്കിൽ, ഏതു മറയ്ക്കു പിന്നിലാണ് നാം ഒളിച്ചിരിക്കുക?

31. പരാജയപ്പെടുമ്പോൾ നമ്മുടെ സ്വാതന്ത്ര്യം എന്തടിസ്ഥാനത്തിൽ നാം ന്യായീകരിക്കും? വിജയിക്കാൻ അതിന് കഴിവില്ലാത്തതിനാലാണോ, കഴിയുമെങ്കിലും അതിന് താൽപ്പര്യമില്ലാത്തതിനാലാണോ? രണ്ടിലും മ്ലാനത!

32. ആദം സ്വയം ന്യായീകരണം നടത്തി: "സ്ത്രീ എനിക്കു തന്നു, ഞാൻ തിന്നു" (ഉൽപ.3,12). ഹവ്വാ പാമ്പിനെ കുറ്റപ്പെടുത്തി. നീതി വെളിപ്പെട്ടപ്പോൾ, നിദ്രിതരുടെ അടിത്തറ ഇളകി.

33. അവരുടെ വിശദീകരണം കുറ്റപ്പെടുത്തലായിരുന്നു. കാരണം, ഉറങ്ങിയ വാരിയെല്ല് അവനെ കീഴ്പ്പെടുത്തി. തരംതാഴ്ന്ന പാമ്പ് അവളെ കീഴടക്കി. ഇരുവരും തങ്ങളേക്കാൾ ബലഹീനമായവയാൽ വീഴ്ത്തപ്പെട്ടു.

www.malankaralibrary.com

34. നിങ്ങൾ എനിക്ക് മധ്യസ്ഥരായിരിക്കട്ടെ. കാരണം, ന്യായാധിപന്റെ മുമ്പിൽ പാപിയുടെ ഒഴിഞ്ഞുമാറൽ, വാദത്തെ തകർക്കും. വെറുതെ വിടാനുള്ള ന്യായീകരണം കാരുണ്യം മാത്രം. ന്യായീകരണം ഇല്ലാത്തിടത്ത് കാരുണ്യം സംരക്ഷിച്ച് കടന്നുവരട്ടെ.

35. കാരുണ്യം തന്നെ കാരണം കണ്ടുപിടിച്ചു. അത് സമാധാനിച്ച് പ്രളയം തടഞ്ഞു. മനുഷ്യന്റെ പ്രവണത തിന്മയാണ് (ഉൽപ.8,21). മനുഷ്യന്റെ പാപങ്ങളുടെ കണക്ക് ആവശ്യപ്പെട്ടാൽ, അവന്റെ പാപ പ്രളയം സദാ എണ്ണമറ്റതാണ്.

36. കാരുണ്യം തന്റെ കാരണത്താൽ നീതിയെ സാന്ത്വനപ്പെടുത്തുകയും തടയുകയും ചെയ്തു. വീണ്ടും വീണ്ടും അത് കൃപയെ അടുത്തു വിളിച്ചു. അങ്ങനെ അതിന് അവിടെ കയറാൻ അറിയാവുന്നതു പോലെ, എനിക്കും കടക്കാൻ ഇടയാകണം.

# 6

## ഗീതം-13

## ശ്മൂനിയുടെ മക്കളെപ്പറ്റിയുള്ള ഗീതം

1. ഏഴ് ജേതാക്കളുടെ മാതാവ് ഏഴ് ദിനങ്ങളുള്ള ആഴ്ചയ്ക്കും ഏഴു കവരങ്ങളുള്ള വിളക്കുതണ്ടിനും ഏഴ് തൂണുകളുള്ള ജ്ഞാനത്തിനും (സുഭാ.9,1) ഏഴ് ദാനങ്ങളുള്ള ആത്മാവിനും തുല്യയാണ്.

പ്രതിസ്തോത്രം: തന്റെ ആരാധകരെ കിരീടം ധരിപ്പിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകട്ടെ.

2. തൂവലിലൂടെ പക്ഷിയെന്നപോലെ തന്റെ വത്സലരിലൂടെ അവൾ പ്രൗഢിയുള്ളവളായിരുന്നു. വീണ്ടും അലങ്കരിക്കുക അവൾക്ക് നിന്ദ്യമായിരുന്നു. കാരണം, ഉത്ഥാനത്തിൽ വീണ്ടും ചിറകുകൾ വളരാൻ അവൾ തന്റെ തൂവലുകൾ പറിച്ച് ദൂരെയെറിഞ്ഞു.

3. ഉത്ഥാനത്തിൽ അവൾ പറന്നുയരും; അവളുടെ പിന്നാലെ അവളുടെ വത്സലരും പറക്കും. അവൾ തന്റെ ഉദരത്തിൽ അവരെ ഉൽപ്പാദിപ്പിച്ചു, അഗ്നിയിൽ അവരെ സംസ്ക്കരിച്ചു. അവൾ അവരെ തന്നോടൊപ്പം സ്വർഗത്തിലേക്ക് ആനയിച്ചു.

www.malankaralibrary.com

4. അവരുടെ ജനനത്തേക്കാൾ കഠിനതരമായിരുന്നു അവരുടെ മരണ വേദന. അവൾ അവയ്ക്കിടയിൽ നിന്നു. ജനനമരണങ്ങളുടെ വേദന കൾക്ക് ഉപരിസ്ഥമായി കർത്താവിനോടുള്ള സ്നേഹത്തിന്റെ കണ്ണി വിജയിച്ചു.

5. അവളുടെ വാർധക്യത്തിൽ തുണയായിരിക്കേണ്ട അവസാനത്തെ പുത്രനെപ്പോലും അവൾ പിൻതിരിപ്പിച്ചില്ല. തന്റെ വാർധക്യത്തിലെ വടി അവൾ ഒടിച്ചുകളഞ്ഞു. ആറിൽ അവൾ വിജയിച്ചു. ഏഴാമത്തേ തിലും അവൾ പരാജയപ്പെട്ടില്ല.

6. ഈ ശാരീരികർ അഗ്നിമയരും ആത്മീയരുമായ ഈറയരെപ്പോലെ ആയിത്തീരാൻ, അവൾ അവരെ തന്റെ ഉദരത്തിൽ നിന്ന് എടുക്കു കയും ആളിക്കത്തിച്ച അഗ്നിയിലും കാറ്റിലും അഗ്നിയുടെ മധ്യത്തി ലേക്ക് എറിയുകയും ചെയ്തു.

7. ഏഴു മക്കളുടെ അമ്മ, നമ്മുടെ വിഡ്ഢികളായ കന്യകകളെ വിധിക്കും. അവൾ തന്നെ തന്റെ മക്കളെ കവർന്നു. നമ്മുടെ വിഡ്ഢികളായ കന്യകകൾ വിളക്കുകൾക്കുപകരം അന്യരുടെ പെൺമക്കളെ അലങ്ക രിക്കുന്നു.

8. മറ്റുള്ളവർക്കുവേണ്ടി തുന്നുകയും നെയ്യുകയും ചെയ്യുന്ന ഈ വഴി പിഴയ്ക്കലാൽ അവർ നഗ്നരായി അവിടെ നിൽക്കുന്നു. അവരുടെ പാത്ര ങ്ങളിലെ എണ്ണ തീർന്നുപോയി. അവരുടെ വിളക്കുകളിൽ ഇരുട്ട് പരന്നിരിക്കുന്നു.

9. കത്തി ഇഷ്ടപ്പെട്ട പശുക്കുട്ടിയായ ജെഫ്താസുത തന്നെത്തന്നെ കൊല ചെയ്തു. അവളുടെ പിതാവ് അവളുടെ രക്തം കൊണ്ട് പൗരോ ഹിത്യശുശ്രൂഷ നടത്തി. തന്റെ സ്വന്തം രക്തംകൊണ്ട് പൗരോഹിത്യ ശുശ്രൂഷ ചെയ്യാൻ അൽമായനും അനുവാദമുണ്ട്.

10. ബാലിക കുളിയെ നിന്ദിച്ചു. അവൾ തന്റെ രക്തംകൊണ്ട് കഴുകിയ തിനാൽ, അവളുടെ ശരീരം സുന്ദരമായിരുന്നു. രക്തത്തിലൂടെ ശരീരം വെണ്മയുള്ളതായി. ജലംകൊണ്ടുള്ള ബാഹ്യമായ ശുദ്ധീകരണം കൊണ്ട് ആന്തരികമാലിന്യം വർധിക്കുന്നു.

11. പ്രവാചകിയായ ഹന്നാ ദൈവാലയത്തിൽ അൻപതു വർഷത്തോളം അക്ഷീണമായി ജീവിച്ചു. അവളുടെ ഭർത്താവ് മരിച്ചുപോയി. അവൾ തന്റെ കർത്താവിനെ സ്വന്തമാക്കി. കടന്നുപോകാത്ത വരനുമായി വിധവ വിവാഹഉടമ്പടി ചെയ്തു.

www.malankaralibrary.com

12. തന്റെ ഭർത്താവിനു പകരം അവൾ തന്റെ കർത്താവിനെ സ്നേഹിച്ചു. അവന്റെ ഭവനത്തിനുപകരം കർതൃഭവനം കാംക്ഷിച്ചു. തന്റെ കർത്താവിന്റെ ഭവനത്തിൽ അവൾ തന്റെ കർത്താവിനെ ശുശ്രൂഷിച്ചു. അവളെ സ്വതന്ത്രയാക്കിയ കർത്താവിന് സ്വാതന്ത്ര്യം തന്നെത്തന്നെ വിറ്റു.

13. നിർബന്ധത്താലല്ല അവൻ അവളുടെ കർത്താവായിരുന്നത്. സ്വേച്ഛയാ അവൾ അവനെ തന്റെ കർത്താവാക്കി. നാം നമ്മുടെ സ്വാതന്ത്ര്യം അവനു വിൽക്കുന്നതിനും തന്റെ രാജ്യത്തിൽ അവകാശികളാകുന്നതിനും അവൻ നമുക്ക് സ്വാതന്ത്ര്യം നൽകി.

14. നമ്മുടെ സ്വാതന്ത്ര്യം സ്വതന്ത്രമായിരിക്കുന്നിടത്തോളം അത് അടിമത്തത്തിലാണ്. എന്നാൽ അത് ദൈവത്തിനു വിറ്റ അടിമയാകുമ്പോൾ, സത്യമായും സ്വതന്ത്രയാകും. കാരണം, അതിന്റെ കർത്താവിന്റെ കർതൃത്വം നല്ലതാണ്.

15. ഹന്നാ ദൈവത്തെ സ്നേഹിച്ചു. അവൾ അവന്റെ ഭവനത്തിൽ അവനുമായി ബന്ധിതയായി. അവൾ അവന്റെ സൗന്ദര്യം എപ്പോഴും ദർശിച്ചു. അവളുടെ നയനം വഴിവിട്ടുപോയില്ല. എൺപതു വർഷം കണ്ടിട്ടും അവൾക്ക് മതിവന്നില്ല.

16. എന്നാൽ മിശിഹായുടെ കന്യകകൾ അവന്റെ ഭവനത്തിനു ചുറ്റും കറങ്ങിനടക്കുന്നു; അകത്ത് അലസമായിരിക്കുന്നു. അവൾ അവിടെയുണ്ട്, അവിടെയില്ല...

17. ഓ, ശ്രേഷ്ഠയായ ശ്മൂനിയുടെ ഇളയ കുട്ടിയായ അവസാനത്തെ യോദ്ധാവ്! സ്വേച്ഛാധിപതി അവനെ പീഡനത്തിന്റെയും സൗഭാഗ്യത്തിന്റെയും മധ്യത്തിൽ നിർത്തി; ചീത്ത കാര്യങ്ങളുടെയും നല്ല വസ്തുക്കളുടെയും ഇടയിൽ നിർത്തി.

18. സ്വേച്ഛാധിപതി അനേകം നല്ല കാര്യങ്ങൾ അവനു വാഗ്ദാനം ചെയ്തു. എന്നാൽ അവന് എങ്ങനെ നല്ലവ നൽകാനാകും? നന്മ കവർന്നവനാണവൻ. അവന്റെ നല്ല കാര്യങ്ങളിലും അവൻ ദുഷ്ടനായി നിലനിന്നു. കാരണം, അവന്റെ നല്ലവ ദുഷിച്ചവയുണ്ടാക്കി.

19. ജേതാവ് തന്റെ ദുഷിച്ച സംഗതികളിൽ നിന്ന് എപ്രകാരം പ്രയോജനം കോരിയെടുത്തെന്ന് ദുഷ്ടൻ കണ്ടു. പ്രയോജനമുള്ളവ നഷ്ടപ്പെടുത്താൻ അപ്പോൾ അവൻ ആഗ്രഹിച്ചു. തന്റെ നല്ല കാര്യങ്ങളിലൂടെ നഷ്ടം വരുത്തിവയ്ക്കാനായി, അവൻ നല്ലവ വാഗ്ദാനം ചെയ്യാൻ തുടങ്ങി.

www.malankaralibrary.com

20. അതുകൊണ്ട്, ദുഷ്ടൻ നല്ലവ ചെയ്യുമ്പോഴും കൊലപാതകിയായി നിലനിൽക്കുന്നതുപോലെ, ദൈവം വേദനാജനകമായവ ഏൽപ്പിക്കുമ്പോഴും നല്ലവനായി നിലകൊള്ളുന്നു. കാരണം, വേദനയിലൂടെ നല്ലവ നേടാൻ അവിടുന്ന് നമ്മെ അനുവദിക്കുന്നു.

21. നല്ലവ അപഹരിക്കാൻ ദുഷ്ടൻ ഒരു മുഖാവരണം കടമെടുത്ത് നല്ലവനായി കാണപ്പെടുന്നു. എന്നാൽ അവരാക്കട്ടെ, നല്ലതിൽ നിന്ന് വേർപെടാതിരിക്കാനായി അവന്റെ തിന്മ തെരഞ്ഞെടുത്തു.

22. ഇളയവൻ നന്മയും തിന്മയും കണ്ട് തിരിച്ചറിഞ്ഞു. അവന്റെ നല്ലവ തിന്മയായും അവന്റെ തിന്മകൾ നന്മയായും അവൻ കരുതി.

23. അവൻ ബുദ്ധിമാനായിരുന്നു; അനുഗ്രഹം നിറഞ്ഞ തെരഞ്ഞെടുപ്പ് ഭാഗ്യമായിത്തീർന്നു. അവന്റെ ശരീരം ശിശുക്കളുടേതുപോലെ ചെറുപ്പമായിരുന്നു, എന്നാൽ അവന്റെ വിവേചനാശക്തി പ്രായം ചെന്നതും പഴക്കമേറിയതുമായിരുന്നു. അവന്റെ ബുദ്ധി അവന് തീച്ചൂളയായിരുന്നു.

24. ഒരു തീച്ചൂളയിലെന്നപോലെ അവൻ തെരഞ്ഞെടുപ്പുസാധ്യതകൾ തന്റെ മനസ്സിൽ കൊണ്ടുവന്നു. സ്വേച്ഛാധിപതി വാഗ്ദാനം ചെയ്ത നല്ല കാര്യങ്ങൾ അവൻ പരിശോധനാവിധേയമാക്കി. അവൻ അതിൽ തിന്മ കണ്ടെത്തി. വേദനയിൽ അവൻ വിജയം കണ്ടെത്തി.

25. അവനോട് വാഗ്ദാനം ചെയ്ത നല്ല കാര്യം അവന് മോശമായവ അവകാശമാക്കുമെന്ന് കരുതിയതിനാലാണ് അവൻ നിരസിച്ചത്. ദുഷ്ടൻ തന്റെ പീഡിപ്പിക്കൽ കഠിനതരമാക്കാനും തന്റെ കിരീടധാരണത്തിന്റെ മേന്മ വർധിക്കാനുമായി അവൻ സ്വേച്ഛാധിപതിയെ കൂടുതലായി നിന്ദിച്ചു.

26. അവനു ബഹുമാനം വാഗ്ദാനം ചെയ്തവനെ നിന്ദിക്കുന്നതിൽ നിന്ന് അവൻ ഒട്ടും പിന്തിരിഞ്ഞില്ല. കൂടാതെ, ഭീഷണിയാൽ ഒരാൾ പിന്തിരിയുകയും ഭീഷണിക്കു മുമ്പിൽ വിറയ്ക്കുകയും ചെയ്തപ്പോൾ, അവൻ ബഹുമാനത്തേയും ഭീഷണിയേയും നിന്ദിച്ചു.

27. സുഖകരമായതിലേക്ക് കടന്നുവരാൻ സ്വേച്ഛാധിപതി ഭീഷണിയാൽ ബാലനെ നിർബന്ധിച്ചു. സുഖസന്തോഷങ്ങളിൽ നിന്ന് പിന്തിരിയാത്ത നിയന്ത്രണരഹിതമായ യുവത്വമാകട്ടെ, നിർബന്ധിച്ചെങ്കിലും, അത് സ്വീകരിച്ചില്ല.

www.malankaralibrary.com

28. നാം എത്രയോ, വിഡ്ഢികൾ! ഒരു സംഗതി സ്വന്തമാക്കാൻ നമ്മുടെ കർത്താവ് ക്ഷണിക്കുമ്പോൾ, നാം അവന്റെ പ്രേരണയെ ചെറുത്തു തോൽപ്പിക്കുന്നു. പ്രേരണ ഉണ്ടായിട്ടും അവൻ സ്വീകരിച്ചില്ല. നാമാകട്ടെ, നിർബന്ധം കൂടാതെ തന്നെ തള്ളിക്കയറുന്നു.

29. യുവാവായ യൗസേപ്പ് നാശം നിറഞ്ഞ ഒന്നു കണ്ടു. യുവാക്കളെ വീശിപ്പിടിക്കുന്ന വല അവന്റെ മേൽ നിപതിച്ചു. സൂത്രത്തിൽ അത് അവനായി പതിയിരുന്നു. കൗശലത്തിൽ അവൻ അതിൽ നിന്ന് രക്ഷപെട്ടോടി.

30. രണ്ട് വൃദ്ധ ചെന്നായ്ക്കൾ തോട്ടത്തിൽവച്ച് പെണ്ണാടിനെ ബലാൽക്കാരം ചെയ്യാൻ ആഗ്രഹിച്ചു (ദാനി.13,1 ff. ). യുവസിംഹം മണവറയിൽ പശുക്കുട്ടിയെ കാണുകയും അതിൽ നിന്ന് ഓടി അകലുകയും ചെയ്തു. അവൻ തന്റെ പ്രകൃതിയെ നിർബന്ധിക്കുകയും തന്റെ വിശപ്പിനെ കീഴമർത്തുകയും ചെയ്തു.

31. യൗസേപ്പ് നിഗൂഢരീതിയിൽ രക്തസാക്ഷിയും മണവറയിൽ വിശ്വാസസാക്ഷിയുമായിരുന്നു. അഗ്നിക്കിരയായതിനാൽ രക്തസാക്ഷി പ്രശസ്തനായി. എന്നാൽ യൗസേപ്പ് അനുരക്തനാകാഞ്ഞതിനാൽ, പ്രശസ്തനായി. അതിനാൽ അവൻ വിശ്വാസസാക്ഷിയായി.

32. മതപീഡനത്തിൽ സ്ത്രീകളും പോരാടി മരിക്കുകയും കിരീടധാരിണികളാകുകയും ചെയ്തു. അത് ധീരതയുടെ കാലമായിരുന്നു. അവരിൽ സത്യം വിജയിച്ചു. എന്നാൽ നമ്മിൽ അസത്യം വിജയിക്കുന്നു.

33. കന്യാത്വത്തിന്റെ വിരൂപതയിൽ അവർ കന്യാത്വം കാത്തുസൂക്ഷിച്ചു. അവർ രണ്ട് വിജയമാലകൾ അണിയുന്നു: ഒന്ന് പീഡനത്തിന്റെയും മറ്റത് കന്യാത്വത്തിന്റെയും. മറിച്ച് ഇപ്പോഴത്തെ സ്ത്രീകൾക്ക് ആയാസത്തോടുകൂടെ ഒന്നുമാത്രം.



www.malankaralibrary.com

# 2. മാർ അപ്രേമിന്റെ പ്രഭാഷണം
## (സീനായ് കോഡക്സ് 67-ൽ നിന്ന്)

# 1

## സീനായ് കോഡക്സ്-1

### സാത്താൻ, നുണ, അപവാദം

1. ഒരു വഞ്ചന ഒരുക്കിക്കൊടുത്തതാണ് ആദ്യമനുഷ്യന്റെ ആ വേദന. പരിചയസമ്പത്തില്ലാത്ത കാതുകളുടെ ദിശയിലേക്ക് പാമ്പ് തന്റെ സഞ്ചാരപാത തിരിച്ചുവിട്ടു.

5. പൂഴിയിൽ നിന്ന് ഉടലെടുത്ത പാമ്പിന്റെ ഉപദേശം ആദത്തിന്റെ കാതുകൾക്ക് ഇമ്പം പകർന്നു. നമ്മുടെ കാലത്തെ ആദാമ്യസുതർ ആ ആദത്തിന് തുല്യരാണ്. 9. കാരണം, വ്യർഥമായവയെ സേവിക്കാതിരിക്കാൻ, ആരും തങ്ങളുടെ കാതുകളെ മാറ്റിക്കളയുന്നില്ല. നാം നമ്മുടെ കാതുകളെ പെരുവഴിയാക്കിത്തീർത്തു, നിന്ദ്യമായവയെല്ലാം അതിനുള്ളിൽ കടന്നു. 13. മരണം അതിന്റെ രീതി അനുസരിച്ച് അകത്തുകടക്കാൻ, അതിന്റെ കവാടം എല്ലാ സ്വരങ്ങൾക്കുമായി നാം തുറന്നിരിക്കുന്നു. അപവാദത്തിന്റെ ആ മുറിവ് സുഖപ്പെടുത്താൻ ദൈവത്തിനു മാത്രമേ കഴിയൂ. 17. ആദത്തിന്റെ ബലഹീന മകനേ, കൊലപാതകിയായ നാവിന്റെ മുമ്പിൽ വിറയ്ക്കുക. അപവാദം പറഞ്ഞുനടന്ന്, ആത്മാവിന്റെ സ്നേഹം കീറിമുറിക്കുന്നവന്റെ മുമ്പിൽ ഭയപ്പെടുക. 21. കാരണം, തന്റെ മാലിന്യം എല്ലാവരുടെയും മേൽ തെറിപ്പിക്കുകയാണ് അവന്റെ തൊഴിൽ. നുണയൻ സദാസമയവും തന്റെ നുണ എല്ലാവരുടെയും മേൽ പകരുന്നു. 25. നാം ഒരു നല്ല കാര്യമാണ് പ്രകീർത്തിക്കു

www.malankaralibrary.com

ന്നതെങ്കിലും, അവന്റെ നിന്ദ്യത അത് അനുവദിക്കുന്നില്ല. അവൻ അന്ധനാണ്, സൂര്യനുമായി അവൻ യുദ്ധത്തിന് ഇറങ്ങുന്നു. അവൻ മനസ്സിലാക്കാതെ, അവന്റെ അന്ധത ഇരട്ടിയാകുന്നു. 29. അവൻ തന്നെ നിന്ദ്യതയെ കുറ്റപ്പെടുത്തുന്നു എന്നതിനാൽ, അവന്റെ വായിലെ വാക്കിൽ അവനെ കുറ്റപ്പെടുത്തുന്നത് കിടക്കുന്നു. രോഗിയെ കാണുന്ന വൈദ്യൻ ധൃതിപ്പെട്ടുചെന്ന് വച്ചുകെട്ടി സുഖപ്പെടുത്തുന്നു. 33. മറിച്ച്, നാമാകട്ടെ, രോഗികൾക്കും ആരോഗ്യമുള്ളവർക്കും നമ്മുടെ സ്വന്തം രോഗം പകർന്നുകൊടുക്കുന്നു. നമ്മുടെ അപവാദത്തിലൂടെ നമ്മുടെ അധഃപതനവും, നിൽക്കുന്നവനിലൂടെ നമ്മുടെ വീഴ്ചയും സംഭവിക്കുവാൻ, നമ്മുടെ നാവ് സദാസമയവും അടുത്തും അകലെയുമുള്ളവർക്ക് ചെവി കൊടുക്കുന്നു. 41. നാം വെടിവച്ച് നമ്മുടെ മരണത്തെ അഭിമുഖീകരിക്കാതിരിക്കാൻ, നാം പരസ്പരം വെടിക്കുറിപ്പലക ആകാതിരിക്കട്ടെ.

## സാത്താൻ, ശരീരം, പ്രാർഥന

47. നാം വസ്ത്രമായി ധരിക്കുന്ന ശരീരം നമ്മോടൊപ്പം ദുഷ്ടനെയും വഹിക്കുന്നു. 49. ദുഷ്ടൻ തന്റെ ശരീരത്തിൽ പാർക്കുന്നു എന്നതിൽ ആരാണ് തന്റെ ഹൃദയം കീറിമുറിക്കാത്തത്? ദൃശ്യവും അദൃശ്യവുമായ കാര്യങ്ങളിലൂടെ എല്ലാ നാഴികയും അവൻ നിരന്തരം വഞ്ചിക്കുന്നു. 53. സാത്താൻ ശരീരത്തിൽ, ആത്മാവിന്റെ ഒരനുബന്ധമായി തീർന്നിരിക്കുന്നു. എന്റെ സഹോദരരേ, ഉണരുവിൻ. നമ്മുടെ ശരീരം മുഴുവൻ നിരീക്ഷിച്ച് സൂക്ഷ്മപരിശോധന നടത്താം. ജീവവചന ദീപത്താൽ ഒന്നിച്ചുകൂടി നമ്മേത്തന്നെ ശുദ്ധീകരിക്കാം. പ്രലോഭിപ്പിക്കുകയും വഴിപിഴപ്പിക്കുകയും ചെയ്യുന്ന ദുഷ്ടൻ നമ്മിൽ എവിടെ ഒളിഞ്ഞിരിക്കുന്നെന്ന് നമുക്കു നോക്കാം. 61. സാത്താൻ നമ്മിൽ വസിക്കാതിരിക്കാൻ നാം ശ്രദ്ധാപൂർവം പരിശ്രമിക്കണം. നമ്മുടെ ആത്മാവിന്റെ ആയാസത്താൽ നമ്മുടെ അവയവങ്ങൾ സൂക്ഷ്മമായി പരിശോധിക്കാൻ നാം ശ്രദ്ധാലുക്കളാകണം. 65. നമ്മുടെ ആത്മാവിന്റെ സൂക്ഷ്മഭാവം നമുക്ക് പരിശോധിക്കാം. സൂക്ഷ്മഭാവമുള്ള ദുഷ്ടൻ അതിനോട് ചേർന്നിരിക്കുന്നു. അനുതാപപ്രാർഥന എന്ന ഒരു സഹായകനെ നാം സ്വീകരിക്കുന്നു. 69. ഇതാ, അത് അകത്തുകടന്ന് ദുഷ്ടന്റെ ഒളിസ്ഥലം നമുക്ക് കാട്ടിത്തരുന്നു. പ്രാർഥന പ്രവേശിക്കുമ്പോൾ തന്നെ സാത്താൻ കീഴമർത്തപ്പെടുന്നു. അതിനെ നേരിടാൻ അവനു കഴിവില്ല. കാരണം, അവനെ നശിപ്പിക്കുന്ന അഗ്നിയാണ് പ്രാർഥന. 75. എന്റെ സഹോദരരേ, കാഴ്ച, കേൾവി, നാവ്, ചുണ്ടുകൾ എന്നിവയിലൂടെ ചതിയൻ

www.malankaralibrary.com

നമ്മോടു നടത്തുന്ന സൂക്ഷ്മമമായ ആത്മീയപോരാട്ടം നാം തിരിച്ചറിയണം. ദുഷ്ടൻ തന്റെ പോരാട്ടം നമ്മെ പഠിപ്പിക്കുന്നു. 81. നമ്മുടെ നാവ് വാളായിരിക്കണം. നമ്മുടെ ചുണ്ടുകൾ അമ്പിനു തുല്യമായിരിക്കണം. നമ്മുടെ സൗമ്യവാക്കുകൾ അവൻ കൂരമ്പുകളാക്കുന്നു. 85. നമ്മുടെ മന്ത്രിക്കൽ എങ്ങനെ മാരകവിഷമാക്കാമെന്ന് അവനറിയാം. ഞങ്ങളുടെ കർത്താവേ, ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങളെ തെറ്റിൽ എത്തിക്കരുതേ. 89. ഞങ്ങളുടെ രക്ഷകാ, നിന്റെ ശക്തിയാൽ പാപത്തിന്റെ കെണികളെയും ഉപായങ്ങളെയും ജയിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ.

# 2

## സീനായ് കോഡക്സ്-2

### മനുഷ്യരുടെ ദുഷ്ടത

1. നമുക്ക് സ്വസ്തത ഇഷ്ടമില്ലാത്തതിനാൽ, നാം കടൽപോലെ ക്ഷോഭിക്കുന്നു. ഭക്ഷിക്കുന്നവർക്ക് തന്റെ രുചി പഴത്തിൽ കലർത്താൻ സൂര്യനറിയാം. നമ്മുടെ വസ്ത്രത്തോടൊപ്പം നമ്മുടെ ബാഹ്യവശത്തിന് നാം നിറംകൊടുക്കുന്നു. അങ്ങനെ നമ്മുടെ രാജാവിന് നമ്മിൽ സന്തുഷ്ടി ഉണ്ടാകുന്നതിനുപകരം ദുഷ്ടൻ നമ്മെ നിന്ദിക്കുന്നതിന് നാം ബാഹ്യമായി അലംകൃതരാകുന്നു.

പ്രതിസ്തോത്രം: എന്റെ കർത്താവേ, നിന്നെ അറിഞ്ഞവരെല്ലാം നിന്റെ പ്രബോധനത്തിലൂടെ വിവേകവതികളാകട്ടെ.

11. തന്നെ പഠിപ്പിക്കുന്ന പ്രബോധനം കേൾക്കുന്നതിന് ആരുടെയും കാത് ശ്രദ്ധ ചെലുത്തുന്നില്ല. തന്റെ നിന്ദ്യകർമങ്ങളെപ്രതി ആരും ലജ്ജിക്കുന്നുമില്ല. കാരണം, അവർ തങ്ങളുടെ ഹൃദയത്തിൽ നിന്ന് ന്യായവിധി കുടഞ്ഞുകളഞ്ഞു. ദുഷിച്ച സംസാരമാണ് നമ്മുടെ സന്തോഷവും നമ്മുടെ ആത്മാവിന് തൃപ്തി വരുത്തുന്ന മേശയും. 17. തേൻകട്ടയേക്കാൾ പരദൂഷണം നമ്മുടെ ഇഷ്ടഭോജ്യമായിത്തീർന്നു. കൂടുതൽ അപവാദം പറയുന്നവൻ നമ്മുടെ ഇടയിൽ കൂടുതൽ ബഹുമാനിതനാണ്. കയ്പിന് ദാഹിക്കുന്നവരുടെ കാതുകളിലേക്ക് അവൻ വന്ന് എല്ലാ നിമിഷവും അത് ഒഴുക്കുന്നു. 23. നാം കുത്തുന്നതിനെയെല്ലാം

www.malankaralibrary.com

നാം ചിന്തിക്കുന്നതിനാൽ, നാം വന്യമൃഗസദൃശ്യരാണ്. 25. നാം നമ്മുടെ അസൂയയ്ക്ക് പല്ലുകളാണ്. നമ്മുടെ നാവ് വാളുമാണ്. സ്നേഹിക്കുന്നവന്റെ സ്നേഹം പൊള്ളയാണ്. കാരണം, അവൻ ആയിരം പ്രാവശ്യം മാറുന്നു. 29. നമ്മുടെ സ്നേഹം നിഴൽസമാനമാണ്. കാരണം, അത് വേഗത്തിൽ താണ് നമ്മിൽനിന്ന് അകലുന്നു. മൃഗങ്ങൾക്ക് വിശക്കുമ്പോൾ അവയ്ക്ക് പ്രയോജനകരങ്ങളായ കിഴങ്ങുകൾ കണ്ടെത്തുന്നു. 33. അവയ്ക്ക് ബുദ്ധി ഇല്ലെങ്കിലും, മണത്തിൽ നിന്ന് അവ തിരിച്ചറിയുന്നു. നാമാകട്ടെ, പാതാളത്തിന്റെ വയറായ അസൂയക്ക് ആഹാരവും, കായേന് തുല്യരുമായി തീർന്നിരിക്കുന്നു. നാം മാരകവിദ്വേഷത്താൽ പൊതിയപ്പെട്ടിരിക്കുന്നു. നമ്മുടെ വിദ്വേഷശക്തി ഭയങ്കരവും നമ്മുടെ നന്മയേക്കാൾ ശക്തവുമാണ്. 41. ഒറ്റയൊരു പ്രകാശകിരണം ഒരു ഭവനം മുഴുവനിൽ നിന്നും അന്ധകാരത്തെ നിഷ്കാസനം ചെയ്യുന്നു. തന്റെ സംസാരത്തിൽ വിദ്വേഷം വർധിപ്പിക്കുകയും തന്റെ മാരകവാക്കുകൾ നിന്റെ കാതിനുള്ളിൽ പതിപ്പിക്കുകയും ചെയ്യുന്നവന്റെ മുമ്പിൽ ഭയപ്പെടുക! ആദിയിൽ സംഭവിച്ച ആ ഭീകരത...

## ശരീരത്തെപ്പറ്റിയുള്ള ചർച്ച

49. ഓ, ശരീരമേ, തിന്നുകുടിച്ചു കഴിയുമ്പോൾ, നീ ദുരാശകൾ ഇളക്കുന്നു. അധികഭക്ഷണം കഴിഞ്ഞാൽ നീ വന്യമൃഗമാകുന്നു. 53. നിനക്കു രോഗം പിടിപെട്ടാൽ, നീ വലിയ ഭാരമായിത്തീരും. രോഗം നീണ്ടുപോയാൽ, ജീവനുള്ള ശരീരത്തിൽ ദുർഗന്ധമായിരിക്കും. 57. സൗഖ്യമായിക്കഴിഞ്ഞാൽ, നിന്റെ നീണ്ട കഷ്ടപ്പാട് നീ വിസ്മരിക്കുന്നു. നീ ശക്തി പ്രാപിച്ചുകഴിയുമ്പോൾ, നിന്റെ ബോധവും അതിലൂടെ ശക്തി പ്രാപിക്കും. 61. പെട്ടെന്ന് പീഡിപ്പിക്കപ്പെട്ടാൽ, നീ പുഷ്പംപോലെ വാടിപ്പോകുന്നു. പെട്ടെന്ന് ധനവാനായാൽ, ധനം നിമിത്തം നിന്റെ ഗർവ്വും വളരുന്നു. 65. നിനക്ക് പെട്ടെന്ന് ദരിദ്രവസ്ത്രം ധരിക്കേണ്ടിവന്നാൽ, നിന്റെ വസ്ത്രം നിനക്ക് വേദനാജനകമാകും. നീ സുഖസന്തോഷങ്ങളിൽ മുഴുകുമ്പോൾ, നിന്റെ പാപങ്ങൾ കത്തിജ്ജ്വലിക്കും. 69. ഓ, ശരീരമേ, നിന്നെക്കൊണ്ട് ഞങ്ങൾ എന്താണ് ചെയ്യുക! നീ പൂഴിയേക്കാൾ ഭാരമേറിയതും ഈയത്തേക്കാൾ കട്ടിയുള്ളതുമാണ്. നിന്റെ ഭാരം വഹിക്കാൻ ആർക്കു കഴിയും? 73. ഒരുവന് ചിറകു കിളിർക്കുകയും സ്വർഗത്തിലേക്കുയർന്നു പറക്കാൻ അവൻ മേൽപ്പോട്ട് നോക്കുകയും ചെയ്യുമ്പോൾ, ഓ, ശരീരമേ, മേലോട്ട് കയറാൻ ആഗ്രഹിക്കുന്നവനിൽ നീ തൂങ്ങിക്കിടന്ന് അവനെ താഴെ നിന്നിലേക്ക് വലിക്കുന്നു. 77. ഉറക്കം

www.malankaralibrary.com

അതിന്റെ സ്നേഹിതനെ എന്നപോലെ, ദുഷ്ടൻ എല്ലാ നാഴികയും നിന്നെ അനുഗമിക്കുന്നു. അവൻ ഒരാംഗ്യം കാട്ടുന്ന മാത്രയിൽ നീ പെട്ടെന്ന് അവനോട് ചേരുന്നു. 81. നിനക്ക് വിശദീകരിച്ചു തരാതെ അവൻ തന്റെ ഒരു നിഗൂഢത നിനക്ക് വെളിപ്പെടുത്തുന്നു. എന്നാൽ ഓ, ശരീരമേ, അവന്റെ ശിഷ്യനാകാൻ നീ സന്തോഷപൂർവം ചാടി പ്പുറപ്പെടുന്നു. 85. അവൻ ഗുരുവായി ആരംഭിക്കുന്നു. നീ അവന്റെ പ്രബോധനം പരത്തുന്നു. ഹാ, കഷ്ടം! എത്ര കഠിനമാണ് നമ്മുടെ നിന്ദനം! അനുതാപരഹിതമെങ്കിൽ...

## അപവാദത്തിനെതിരെ; യൗസേപ്പിന്റെ ദൃഷ്ടാന്തം

89. ശപിക്കപ്പെട്ട സർപ്പത്തിന് സമനാകാതിരിക്കാൻ, അതിന്റെ ജീവിത ത്തിന്റെ ദുഷ്ടത നിനക്ക് ഉണ്ടാകാതിരിക്കട്ടെ. അതിന്റെ സമ്പാദ്യം ഉള്ളിൽ വിഷവും അതിന്റെ നാവ് പുറത്ത് മാരകവുമാണ്. 93. അപവാദ കനായ നിന്നോട് പോരാടുന്നത് തിരുലിഖിതത്തിലെ ഒരു ശക്തിയാണ്. കാരണം, മുഖത്തിന്റെ മാലിന്യം കണ്ണാടി ബോധ്യപ്പെടുത്തും. 97. അപ വാദകനെ കൊല്ലുന്ന പരദൂഷണത്തിന്റെ ധിക്കാരം നിരീക്ഷിക്കുക. അതിന്റെ അഗ്നിയിൽ കത്തിപ്പോകാതിരിക്കാൻ, അതിന്റെ കൈകളിൽ നിന്നെ ഭരമേൽപ്പിക്കരുത്. 101. ഇതാ, യാക്കോബിന്റെ മകന്റെ വസ്ത്രം ആ ബുദ്ധിഹീനയായ സ്ത്രീയുടെ കൈകളിൽ (ഉൽപ്പ.39,13). അവ ളുടെ നാവ് അപവാദം പറഞ്ഞപ്പോൾ, അവളുടെ കൈകൾ വിറച്ചില്ല. 105. അവളുടെ കൈകളിലെ ആ വസ്ത്രം ഗേഹാസിയുടെ കൈകളിലെ മുതൽ പോലെ ആയിരുന്നു (2രാജാ.9,20 ff.).മോഷ്ടാവ് ആ മുതലും പരദൂഷക ആ വസ്ത്രവും വഹിച്ചു. 109. മുൻകാലത്തുള്ളവരുടെ പ്രവൃത്തി പിൽക്കാലത്തുള്ളവർ ആവർത്തിക്കാതിരിക്കാൻ, ഈ വിവ രണം ഒരു ദൃഷ്ടാന്തമായിരിക്കട്ടെ. 113. ആ ഭ്രാന്തിയുടെ കൈകളിൽ യൗസേപ്പിന്റെ വസ്ത്രം കാണുകയും യാക്കോബിന്റെ സംശുദ്ധ പുത്രന്റെ മേൽ വ്യഭിചാരാരോപണം നടത്താതിരിക്കുകയും ചെയ്യാൻ ആർക്കാണ് കഴിയുക!

117. ആ സുന്ദരൻ നിശ്ശബ്ദനും കുറ്റമറ്റവനും അപവാദവിധേയനുമാ യിരുന്നു. അവൻ എല്ലാ നിന്ദനവും സഹിച്ചു. അവൻ സ്വർഗീയോന്നത ങ്ങൾ കാംക്ഷിച്ച്, തന്നെത്തന്നെ ഭാരരഹിതൻ ആക്കിയതിനാൽ, താഴെ നിന്നുള്ള സ്വരം അവന് അനുഭവപ്പെട്ടില്ല. 121. കാരണം, സ്വർണം ദുർഗന്ധത്താൽ വിരൂപമാകുന്നില്ല. ധിക്കാരിയുടെ പരദൂഷണത്താൽ,

www.malankaralibrary.com

റാഹേലിന്റെ മകൻ അശുദ്ധനാകുന്നില്ല. 125. കാണുന്നതിന് കണ്ണും കേൾക്കുന്നതിന് കാതും ശരീരത്തിൽ ഉറപ്പിച്ചിരിക്കുന്നു. പുക കണ്ണിന് ഹാനികരമാണ്. നിന്റെ നോട്ടം....ഓടിയകലട്ടെ. 129. നുണ കാതിന് ഹാനികരമാണ്. അത് അശുദ്ധമാകാതിരിക്കാൻ, അതിൽ നിന്ന് അതിനെ സംരക്ഷിക്കുക. വഞ്ചന കാണാതിരിക്കാനും കേൾക്കാതിരിക്കാനും കള്ളം പറയാതിരിക്കാനും തന്റെ ആന്തരിന്ദ്രിയങ്ങളുടെ കവാടങ്ങൾ അടച്ചു മുദ്രവയ്ക്കുന്നവൻ ഭാഗ്യവാൻ! 135. കണ്ണിന് ഒരുടമ്പടിയും കാതിനൊരു കൽപ്പനയും നാവിന് നിയന്ത്രിക്കുന്ന ഒരു കടിഞ്ഞാണും ആത്മാവിന് അത്യുന്നതന്റെ സ്നേഹവും പ്രയോജനപ്രദമാണ്.

## സ്നേഹരാഹിത്യവും ക്രിസ്തീയപ്രബോധനവും

139. ഒരാൾ തേളിന്റെ ഭാവംപേറി അവിരാമമായി കുത്തുന്നു. തന്റെ സഖിയെ കീഴ്പ്പെടുത്തുന്നതിൽ വിജയിച്ചെന്ന് മറ്റൊരാൾ വീമ്പിളക്കുന്നു. വേറൊരാൾ മുഖം കറുപ്പിച്ച്, നിശ്ശബ്ദനായി ക്രോധാവേശനാകുന്നു. അവന്റെ ഹൃദയവേദനയാൽ അവന്റെ മുഖം വിവർണമാകുന്നു. തനിക്കെതിരെ തന്നെ പാപം ചെയ്യുന്നവനെ, ആരും താങ്ങുകയോ, സുഖപ്പെടുത്തുകയോ ചെയ്യുന്നില്ല. 149. തന്റെ സ്ഥാനത്തുനിന്ന് വീഴുന്നവന് ആരും വലതുകരം നീട്ടിക്കൊടുക്കുന്നില്ല. പാപം ചെയ്യുന്നവൻ അനുതപിക്കണം. എന്നാൽ ആരും അവന്റെ മുറിവ് വച്ചുകെട്ടുകയോ, സാന്ത്വനപ്പെടുത്തുകയോ ചെയ്യുന്നില്ല. 153. ഒരുവൻ അപവാദം പറയുന്നു. മറ്റൊരാൾ അത് വിശ്വസിക്കുന്നു. എതിർത്ത് തടയാൻ ആരും തന്നെയില്ല. ചീഞ്ഞ മാംസത്തിലേക്ക് കഴുകൻ എന്നപോലെ, ദുഷിച്ച സംസാരം കേൾക്കാൻ നാം ആവേശഭരിതരാകുന്നു.

## കണ്ണിലെ കരടും തടിക്കഷണവും

157. മരണത്തിൽ എല്ലാവരെയും കുറ്റപ്പെടുത്താൻ നാം ആഗ്രഹിക്കുന്നു. ഒരു നിസ്സാര തുണ്ട് പ്രകാശത്തെ മറയ്ക്കുന്നു. നിന്റെ കണ്ണുകൾ നിറയെ അതാണ്. 161. ചെറിയ കുറ്റപ്പെടുത്തൽ നമ്മുടെ ആത്മാവിനെ കുഴയ്ക്കുന്നു. ഓ, തെറ്റിനെപ്പറ്റി! നമ്മുടെ നോട്ടം മറയ്ക്കാനും നമ്മുടെ സഹോദരന്റെ കണ്ണിലെ കരട് നമ്മുടെ അന്ധതയ്ക്ക് മുതലെടുക്കാനും നാം തേടുന്ന തുലാത്തിനെ എത്രപ്രാവശ്യം തെറ്റ് പൊക്കിക്കാട്ടുന്നു. നിന്റെ സ്വന്തം വെളിച്ചം മിന്നിമിന്നിക്കത്തുന്നു. കഷ്ടിച്ചു കാണാൻ കഴിയുന്നവനെപ്പറ്റി നീ കളിയാക്കി ചിരിക്കുന്നു. 170. നിന്നിലൂടെത്തന്നെ

www.malankaralibrary.com

നീ അന്ധനാകാതിരിക്കാൻ, ഭയന്ന്, നിന്റെ അയൽക്കാരനെപ്പറ്റി നിശ്ശബ്ദത പാലിക്കുക.

## ക്രിസ്തീയപ്രബോധനം

172. ആത്മീയപ്രബോധനത്തിന് നീ ശിശുവാണ്. നിന്റെ നിക്ഷേപത്തിൽ നിന്ന് എല്ലാ നിമിഷവും നീ സംസാരിക്കുന്നു. പ്രയാസമുള്ളവ നിന്നെ കാത്തിരിക്കുന്നെന്ന്, ബലഹീനമായവയെപ്പറ്റി ചിന്തിക്കാതിരിക്കുക. സൂര്യനു വായുണ്ടായിരുന്നെങ്കിൽ, അത് അതിനെ കുറിച്ചു മാത്രം സംസാരിക്കുമായിരുന്നു. നീയും നിന്നെ കുറിച്ചുള്ളവ സംസാരിക്കുകയും അന്ധകാരസംഗതികളെപ്പറ്റി മൗനം പാലിക്കുകയും ചെയ്യുക. സൂര്യനേക്കാൾ പ്രകാശപൂരിതമാണ് സൂര്യന്റെ നാഥന്റെ പ്രബോധനം. 182. നിന്റെ ഭവനം ഇരുണ്ടുപോകാതിരിക്കാൻ, നിന്റെ പാപാവസ്ഥയിൽ ഒളിഞ്ഞിരിക്കരുത്. നമ്മുടെ പ്രബോധനം സത്യമാണെങ്കിൽ, നാം പരസ്പരം അവയവങ്ങളാണ്. 186. നമ്മുടെ സൗഖ്യമാകൽ പൊതുവായിരിക്കാൻ, നമ്മുടെ ഉത്കണ്ഠയും പൊതുവായിരിക്കട്ടെ. 188. പനി പിടിച്ച് ശാരീരികാസ്വാസ്ത്യത്താൽ സ്വരം മങ്ങിക്കിടക്കുന്ന ഒരുവനോട് രോഗകാരണം ആരാഞ്ഞാൽ, പാപിയുടെ വേദന, പനി പിടിപെട്ടവന്റേതിനേക്കാൾ ക്ലേശകരമായിരിക്കും. 194. ഒരു സിഹത്തെപ്പോലെ അവനെ അഭിമുഖീകരിക്കാതെ, ശാന്തമായി സാന്ത്വനപ്പെടുത്തുക. അവനു കൂടുതൽ പ്രയോജനമുണ്ടാകാൻ, കൂടെക്കൂടെ അവനെ സന്ദർശിക്കുക. 198. തുറന്ന സ്ഥലങ്ങളിൽ നമ്മുടെ സ്വരം ശാന്തവും നമ്മുടെ പെരുമാറ്റം ലളിതവുമാണ്. എന്നാൽ നമ്മുടെ ഭവനത്തിലാകട്ടെ, നമ്മുടെ ക്രോധം നമ്മുടെ ഭവനാംഗങ്ങളെ വേദനിപ്പിക്കത്തക്കവിധം ചീറുന്നു. 202. നമ്മുടെ ഭവനാംഗങ്ങളോട് നാം ശാന്തമായി പെരുമാറുന്നത് എത്ര ഉചിതമാണെന്ന് അറിയിക്കാൻ, പുറത്തുള്ളവരോട് മാന്യതയോടെ പെരുമാറണമെന്ന് ശ്ലീഹാ കൽപ്പിക്കുന്നു.

206. ഓ, അലസമായി സംസാരിക്കുകയും നുണ വിശ്വസിക്കുകയും ചെയ്യുന്നവനേ, നീ നിന്റെ സഖിയെ നിന്ദിക്കുകയോ, ... നിന്റെ അയൽക്കാരനെതിരെയുള്ളവ വിശ്വസിക്കുകയോ ചെയ്യരുത്. 210. പരദൂഷകനേ, നിന്നെ ഒഴിവാക്കുകയില്ല. കാരണം, നിന്റെ വഞ്ചന ഭയാനകമാണ്. യൗസേപ്പിനോടും ഹവ്വായുടെ മകളോടുമൊപ്പമായിരിക്കും ന്യായവിസ്താരഭവനത്തിൽ നിന്റെ ന്യായവിധി. അവിടെ നിന്റെ നാവ് താണുപോകും. നീതിമാനായ ന്യായാധിപൻ നിന്നെ ശ്രവിക്ക

www.malankaralibrary.com

യില്ല. അവിടെ അനീതിക്ക് വിധേയരായവർക്ക് പെട്ടെന്ന് പ്രത്യാശ കത്തിപ്പടരും; അനീതി പ്രവർത്തിച്ചവർക്ക് നിരാശയും. 218. പുഴിയിൽ നിന്ന് ഉടലെടുത്തവനേ, തന്റെ നാഥൻ നിലനിർത്തിയ ദാസനെ, അവനെ കൂടാതെ വിധിക്കാനും കുറ്റപ്പെടുത്താനും മുതിർന്ന നിനക്ക് എന്തു ദുരിതമായിരിക്കും ഉണ്ടാകുവാൻ പോകുന്നത്! 221. കാരണം, നിന്റെ സഖിയെ വിധിച്ച വിധിയാൽ ന്യായാധിപൻ നിന്നെയും വിധിക്കും. ഓരോരുത്തർക്കും താന്താങ്ങളുടെ അളവിനാൽ അളന്നുകിട്ടും. ഓരോരുത്തരും വിതയ്ക്കുന്നതനുസരിച്ച്, കതിർക്കുല കൊയ്തെടുക്കും. 225. കാരണം, എല്ലാവരും ന്യായാസനത്തിൻ മുമ്പാകെ നിൽക്കേണ്ടിവരും. അവിടെ മുഖംനോട്ടമില്ല. ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാറ്റിലും സഹായം ലഭിക്കും. 229. എന്നാൽ അവിടുത്തെ സ്നേഹത്തിൽ നിന്ന് അകന്നിരിക്കുന്നവർക്ക് എല്ലാം എതിരായിരിക്കും.

# 3

# സീനായ് കോഡക്സ്-3

## ഉദ്ബോധനം, താക്കീത്, പ്രോത്സാഹനം

### ശരീരത്തെപ്പറ്റിയുള്ള താക്കീത്; ആത്മീയവയൽ തേടുക.

1. ബലഹീനനേ, ധൈര്യമായിരിക്കുക; നീ താണുപോകാതിരിക്കാൻ, നിദ്രാധീനൻ ആകാതിരിക്കുക. ശരീരം അതിന്റെ പ്രലോഭനങ്ങൾ നിന്നിൽ നടപ്പാക്കാതിരിക്കാൻ, അതിനു വഴങ്ങാതിരിക്കുക.

5. മൃത്യു നിറഞ്ഞ ശാരീരിക തഴക്കങ്ങളിലൂടെ ശാരീരികമായവ നിന്നെ ഭാരപ്പെടുത്താതിരിക്കട്ടെ. പാപം ചെയ്യുകയും അതിലൂടെ വിജയിക്കുകയും ചെയ്യുന്നു എന്ന് കാണുന്നവനിൽ നീ അസൂയാലുവാകേണ്ട.

9. കാരണം, മരണാസന്നൻ ആകുമ്പോൾ, അവന് പാതാളം കടന്നുപോകാനാവില്ല. അവൻ ശരീരം വിട്ടുപോകുമ്പോൾ, തന്റെ പാപകർമങ്ങൾ തുടരാനാകില്ല.

13. നീ ധരിച്ചിരിക്കുന്ന ശരീരവസ്ത്രം നിനക്കെതിരെ മത്സരിക്കാതിരിക്കാൻ, അതിനെ കീഴമർത്തുക. അതിന്മേൽ അനുതാപനുകം വയ്ക്കുക. സത്കർമങ്ങൾക്ക് അതിനെ ഉത്തേജിപ്പിക്കുക.

www.malankaralibrary.com

17. നിന്റെ ഹൃദയത്തിന്റെ തരിശുനിലത്ത് പണിചെയ്ത് അവിടെ സത്യ വചനം വിതയ്ക്കുക. മധുരപാനീയമായ പ്രബോധനം കൊണ്ട് നിന്റെ ആത്മാവിന്റെ വയൽ നനയ്ക്കുക.

21. ദൈവത്തിന്റെയും ദൈവപുത്രന്റെയും കൽപ്പന നിന്റെ ഹൃദയം അൽപ്പാൽപ്പം കുടിക്കട്ടെ. എഴുതപ്പെട്ടിരിക്കുന്നവയെല്ലാം പൂർത്തീ കരിക്കപ്പെടാൻ ഒരുക്കിയിരിക്കുന്ന സമയം ഇപ്പോഴാണ്.

25. നമുക്കെല്ലാവർക്കും നമ്മിൽ നിന്നെല്ലാം സഹായവും പ്രയോജനവും കൊയ്തെടുക്കാം. നമ്മിലാരും തനിക്കും തന്റെ അയൽക്കാരനും തടസ്സമായിരിക്കരുത്.

## നുണയർക്കെതിരെ

29. കവർച്ചക്കാരെപ്പോലെ ഒരാൾ മറ്റൊരാൾക്കെതിരെ അനീതിയുടെ ആയുധമണിയാൻ ഗൂഢപദ്ധതി ആസൂത്രണം ചെയ്യരുത്... അനീതി യുടെയും വഞ്ചനുടെയും ആയുധം ധരിക്കൽ.

33. ഓ, ഓരോ നാഴികയും ഉപജാപങ്ങൾ മെനയുന്ന നീ അതുപേക്ഷിച്ച്, അനുതപിക്കുക. കാരണം, എഴുതപ്പെട്ടിരിക്കുന്നതുപോലെ, നുണയന്റെ അധരങ്ങൾ കർത്താവ് നശിപ്പിക്കും (സങ്കീ.12,4).

37. ഭിന്നിപ്പുള്ള അധരങ്ങൾകൊണ്ട് നിന്റെ സഖിയോട് സംസാരി ക്കരുത്. കാരണം, നീ അവനെതിരെ ഗൂഢപദ്ധതി ആസൂത്രണം ചെയ്യു മ്പോൾ, ദുഷ്ടൻ നിനക്കെതിരെയും ആസൂത്രണം ചെയ്യും.

41. സമയത്തിന്റെ പൂർത്തീകരണനാഴിക കവാടത്തിൽ എത്തിയിരിക്കു ന്നു. ഓ, ചിരിച്ചുകൊണ്ട് തിന്മ പ്രവർത്തിക്കുന്ന നുണയാ, അത് നിന്നെ വിറപ്പിക്കട്ടെ.

45. ഋജുമാനസ്സർക്ക് ശാന്തമായി തോന്നിയാലും, സത്യത്തിൽ കുന്ത മുന പോലെയുള്ള വാക്കുകൾ ഉള്ളവർക്കെതിരെ ഭീകരന്യായവിധി യുടെയും മരണത്തിന്റെയും വാൾ ഊരിയിരിക്കുന്നു.

49. ഓ, നുണയന്റെ സൂത്രങ്ങളെപ്പറ്റി: അവൻ ചിരിച്ചുകൊണ്ട് നിന്ദി ക്കുന്നു! അവൻ സ്നേഹപൂർവം ചിരിക്കുകയും നിന്നെ നിന്ദിക്കുകയും ചെയ്യുന്നു. നിന്നെ ചുംബിച്ചുകൊണ്ട് നിന്നെ കടിക്കുന്നു.

53. അവൻ കെട്ടിപ്പിടിച്ചുകൊണ്ട് നിന്നെ തല്ലുന്നു. അവൻ തന്റെ സൂത്ര ങ്ങൾ വർധിപ്പിക്കുന്നു. അവന്റെ മുമ്പിൽ വിറയ്ക്കുക. അവൻ സന്തു ഷ്ടനായി കാണപ്പെടുന്നു. എന്നാൽ നീ അത് വിശ്വസിക്കരുത്.

www.malankaralibrary.com

57. തന്റെ ചിരിയിലൂടെ അവൻ നിന്നെ വഞ്ചിക്കുന്നു. അവന്റെ കെണികളിൽ നിന്ന് നിന്നെത്തന്നെ സംരക്ഷിക്കുക. സൂത്രക്കാരൻ അവന്റെ തകർക്കലുകൾ വർധിപ്പിക്കുന്നു. അവൻ പണിയോടുകൂടെ തകർക്കൽ കൂട്ടിച്ചേർക്കുന്നു.

61. നേരേ കാണുമ്പോൾ അവൻ ബഹുമാനിക്കുന്നു; ദൃഷ്ടിയിൽ നിന്ന് മാറുമ്പോൾ നിന്ദിക്കുന്നു. ശക്തിമാന്റെ മുമ്പിൽ അവൻ ബഹുമാനം കാട്ടുന്നു. എന്നാൽ അവർക്കിടയിൽ അസൂയ നിലനിൽക്കുന്നു.

65. അവൻ ഗൂഢമായി ദൂഷിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നു; അകന്നിരുന്ന് കുറ്റമറ്റവനായിരിക്കുന്നു; അവൻ അപവാദം പരത്തുന്നവനാണ്. തേനോടുകൂടെ അവൻ മാരകവിഷം നൽകുന്നു.

69. താൻ ദുഷ്ടനാണെന്ന് നീ തിരിച്ചറിയാൻ, അവൻ നിന്നെ അനുവദിക്കുകയില്ല. അവൻ തിന്മ പ്രവർത്തിക്കുന്നെങ്കിലും, നല്ലവന്റെ മുഖാവരണം ധരിക്കുന്നു. ശാസ്സനാശക്തിക്കെതിരെ അനുനയവാക്കുകൾ കൊണ്ട് അവൻ കോപ്പുകൂട്ടുന്നു.

73. ദീർഘക്ഷമയുള്ളവനെപ്പോലെ, കലഹിക്കാതെ അവൻ സ്വരം താഴ്ത്തുന്നു. എന്നാൽ നിന്ദ്യവചനങ്ങൾ പറഞ്ഞ് അപമാനിക്കുന്നു. ഒച്ച വയ്ക്കാതെ തന്റെ കുത്ത് വർധിപ്പിക്കുന്നു.

77. ഓ, സൂത്രശാലിയെപ്പറ്റി: അവൻ കുത്തുകയും കുത്തുകൊണ്ട മുറിവുകൾ വച്ചുകെട്ടുന്നതുപോലെ ഭാവിക്കുകയും ചെയ്യുന്നു. ഇതാ, തേളിന്റെ കുത്തിന്റെ മുമ്പിൽ സൂത്രശാലിയുടെ നാവ്.

81. തേളിന്റെ കുത്തിന്റെ വേദന ഒരൊറ്റ ദിവസം നിലനിൽക്കുന്നു. അതിനെയും അതിന്റെ കുത്തിനെയും കാര്യമാക്കാനില്ല. എന്നാൽ കുടിലമായ നാവിന്റെ കുത്ത് രാപകൽ നിലനിൽക്കുന്നു.

85. നുണയൻ ധരയിൽ ജീവിച്ചിരിക്കുന്നിടത്തോളം കാലം വഞ്ചനയുടെ പുതിയ കാര്യങ്ങൾ സദാ കണ്ടെത്തുന്നു. അവൻ ഉപവസിക്കുമ്പോൾ, അവനെപ്പറ്റി നീ ആശ്ചര്യപ്പെടേണ്ട. അവന്റെ അധരങ്ങൾ അശുദ്ധമായി നിലനിൽക്കുന്നു.

89. അവൻ സംശുദ്ധനായി കാണപ്പെടുമ്പോൾ, അവനെപ്പറ്റി തെറ്റിദ്ധരിക്കേണ്ട. കാണപ്പെടുമ്പോഴും അവൻ അപ്രകാരമല്ല. കാരണം, ഹൃദയം സംശുദ്ധമല്ലെങ്കിൽ, ശാരീരിക സംശുദ്ധത തന്നെ അശുദ്ധതയാണ്.

www.malankaralibrary.com

93. നീ നുണയനെ ശാസിക്കുകയും അവന്റെ സൂത്രങ്ങളെപ്പറ്റി അവ നോടു സംസാരിക്കുകയും ചെയ്യുമ്പോൾ, അവൻ നിന്റെ മുമ്പിൽ സ്വരം താഴ്ത്തുമെങ്കിലും, തന്റെ ഉള്ളിൽ നിന്നോട് വാക്കേറ്റം നടത്തുന്നു.

97. നീ പറയുന്നതിന്റെ പൊരുൾ ഗ്രഹിക്കാൻ അവൻ ചെവി ചായിച്ച് നിന്നെ കേൾക്കും. അവന് ഇഷ്ടപ്പെട്ടെങ്കിൽ അവൻ ആർത്തിയോടെ സ്വീകരിക്കും. ഇഷ്ടപ്പെട്ടില്ലെങ്കിൽ, അതേപ്പറ്റി നിന്ദാവചനം ഉച്ചരിക്കും.

101. നിന്റെ മുമ്പിൽ അവൻ ലജ്ജിക്കുന്നെങ്കിൽ, നീ അവനെ ശരിയായി മനസ്സിലാക്കുന്നു. മറിച്ചെങ്കിൽ, അവൻ നിന്നോട് കലഹിക്കുന്നു. ഒരധികാരി അവനെ മനസ്സിലാക്കിയാൽ, അവൻ ചുണ്ടുകടിച്ച് അത് സഹിക്കുന്നു.

105. എന്നാൽ അവനെ വഞ്ചിക്കുന്ന അവനിലുള്ള നുണ കണ്ണുകളിൽ നിന്ന് അവൻ നീക്കിക്കളയുന്നില്ല. താൻ ക്രോധാവേശനാണെന്ന് അവൻ പുറത്തുകാട്ടുന്നില്ല. എന്നാൽ അവന്റെ ഉള്ള് ക്രോധത്താൽ നിറഞ്ഞിരിക്കുന്നു.

109. കുറേ കഴിഞ്ഞ് തനിക്ക് കഴിയുന്നവണ്ണം തന്റെ ക്രോധഫലം അവൻ നിന്റെ നേർക്കു നീട്ടുന്നു. നുണയന്റെ ചിന്തകൾ എന്തുമാത്രം വാക്കുകൾ കൊണ്ട് നാം തുറന്നുകാട്ടണം!

113. കാരണം, നീ അവന്റെ കളങ്കം എത്രമാത്രം പരിശോധിക്കാൻ തുനിഞ്ഞാലും, അവന്റെ നുണ തുടർന്നും ഒഴുകിക്കൊണ്ടിരിക്കും.

## സത്യസന്ധൻ

115. പ്രകാശംപോലെ തെളിഞ്ഞ, സത്യസന്ധന്റെ സത്യം വാഴ്ത്തപ്പെടട്ടെ.

117. സത്യസന്ധന് ഒരു വാക്കു മാത്രമേയുള്ളു. അവന്റെ വായ് തന്റെ ഹൃദയത്തിൽ നിന്ന് സംസാരിക്കുന്നു. അവന്റെ സമാധാനാശംസ വഞ്ചനാരഹിതമാണ്. അത് സമാധാനപൂർണമാക്കുന്നു. ഒരേയൊരു സമാധാനത്തിൽ അവന്റെ വായും ഹൃദയവും ജീവിക്കുന്നു.

121. സത്യസന്ധൻ തന്റെ ഉള്ളിലും തന്റെ വാക്കിലും ഒരേയൊരാൾ തന്നെ. അവനെ മുറുകെ പിടിച്ച് പുണരുക. നിന്നെ ഒരു സത്യസന്ധൻ സ്നേഹിക്കുമ്പോൾ സന്തോഷിക്കുക...

125. അവന്റെ സ്നേഹത്തിൽ വഞ്ചനയും സൂത്രവും നുണയുമില്ല. സത്യ സ്നേഹിതന് നിന്റെ ചിന്ത വെളിപ്പെടുത്തുക; ആത്മാർഥതയുള്ളവന് നിന്റെ രഹസ്യവും.

www.malankaralibrary.com

129. അവൻ സത്യസന്ധനാണ്, അവൻ നിന്നിൽ കുറ്റം ചുമത്തുകയില്ല. അവൻ പണിയുകയും നിന്നെ ഉറപ്പിക്കുകയും ചെയ്യും. നീ സത്യസ്നേഹിതനെ പരിശോധിക്കുമ്പോഴെല്ലാം അവനിൽ തിളക്കമുള്ള സത്യം മാത്രമേ കണ്ടെത്തുകയുള്ളു.

133. എന്നാൽ നീ നുണയനെ പരിശോധിക്കുമ്പോൾ, അവന്റെ തന്ത്രങ്ങൾ അവന്റെ ഹൃദയത്തിൽ നിഗൂഢമായിരിക്കുന്നു. തന്റെ വാക്ക് നിന്റേതിന്റെ മുകളിൽ നിൽക്കണമെന്ന് സത്യവാൻ നിന്നെ നിർബന്ധിക്കുകയില്ല. നിന്റെ രഹസ്യങ്ങളെ കുറിച്ച് അവൻ ആരായാറില്ല. നിന്റെ ആഴങ്ങൾ അവൻ പരിശോധിക്കാറുമില്ല. നുണയരിൽ ഒരുവൻ ആകാതിരിക്കാൻ, സത്യസന്ധൻ തന്റെ വാക്ക് പാലിക്കുന്നു.

141. ചോദ്യം ചെയ്യുമ്പോൾ അവൻ വാക്കുകൾ കൊണ്ട് മൂടാറില്ല. നീ തുറന്ന് അവനോട് സംസാരിക്കുമ്പോൾ, അവൻ നിന്നെ വിശ്വസിക്കുന്നു.

145. നീ അവനെ പഠിപ്പിക്കുമ്പോൾ, അവൻ സ്വീകരിക്കുന്നു. നിന്റെ സ്നേഹം അവൻ മടക്കിത്തരുന്നു. സത്യസന്ധനോട് തുറന്ന് പെരുമാറുക. അവന്റെ സത്യസന്ധതയ്ക്ക് ഇടർച്ച കൊടുക്കാതിരിക്കുക.

149. കാരണം, തന്റെ കഴുത്തിൽ തിരികല്ല് കെട്ടിത്തൂക്കി ഇടുന്നതാണ് ഇടർച്ച നൽകുന്നവന് ഭേദം (മത്താ.18,6). എന്നാൽ അറിഞ്ഞുകൊണ്ട് സത്യസന്ധൻ ചെറിയവന് ഇടർച്ച നൽകുന്നില്ല.

153. നാം ഈ സംഗതികളിൽ വഴിതെറ്റിപ്പോകാതിരിക്കാൻ ഇവയിൽ ശ്രദ്ധാലുക്കളായിരിക്കണം. നമ്മുടെ ഇച്ഛയിൽ നാം ലളിതമാനസ്സരും മനസ്സിൽ സത്യസന്ധരും ആയിരിക്കണം.

157. നാം നമ്മുടെ ചിന്തയിൽ സംശുദ്ധരും നമ്മുടെ അറിവിൽ ഋജുമാനസ്സരും ആയിരിക്കട്ടെ.

## ലൗകികനശ്വരത; മണവാളന്റെ വരവ്; ന്യായവിധി

159. നശ്വരമായവ നാം ശ്രദ്ധിക്കരുത്. നിലനിൽക്കുന്നവയ്ക്കായി നാം അധ്വാനിക്കണം.

161. നാം ധര വിട്ടുപോകും; നാം ഭൗമികമാനസ്സർ ആയിരിക്കരുത്. ലോകം നമുക്ക് അപ്രത്യക്ഷമാകും. അതിനെപ്രതി പ്രത്യേകമായി ആകുലപ്പെടേണ്ട.

www.malankaralibrary.com

165. മണവാളനോടൊപ്പം മണവറയിൽ കടക്കാൻ, വന്ന് നമുക്ക് മണവാളന്റെ ആഗമനം കാത്തിരിക്കാം. തന്റെ മണവറ തന്റെ സന്നിധിയിൽ നിന്ന് എല്ലാ വ്യാജങ്ങളും അടിച്ച് ദൂരെയകറ്റുന്നു.

169. മണവാളൻ സത്യസന്ധരെ ക്ഷണിക്കുന്നു: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ. കടന്നുവന്ന് രാജ്യം അവകാശപ്പെടുത്തുവിൻ (മത്താ.25,34). മണവറനാഥൻ സത്യസന്ധരെ മാത്രമേ തെരഞ്ഞെടുത്ത് തന്റെ വിരുന്നിലേക്ക് നയിക്കുന്നുള്ളു.

173. രാജ്യനാഥൻ സത്യസന്ധരെ കൊണ്ട് അത് പൂർണമായി നിറയ്ക്കും. ഋജുമാനസ്സരെയും തന്റെ സംപ്രീതിക്ക് പാത്രീഭൂതരായവരെയും അവൻ സന്തോഷപൂർവം അഭിസംബോധന ചെയ്യും.

177. തന്റെ ശുശ്രൂഷയിൽ ജാഗരൂകരായിരുന്നവരെ അവൻ ഈറയരുടെ ഭവനത്തിലേക്ക് മാറ്റും. തങ്ങളുടെ ഉള്ളിൽ തന്റെ സ്നേഹം കലർത്തിയവരെ അവൻ തന്റെ മാലാഖമാരുടെ കൂടെ ചേർക്കും.

181. വരുവിൻ, നമ്മിൽ തൂങ്ങിക്കിടക്കുന്ന സൃഷ്ടിയുടെ ഭാരം നമുക്ക് നമ്മിൽ നിന്ന് കുലുക്കിക്കളയാം. ഭൗമികമായവ അവകാശമാക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ, അത്യാർത്തിയുള്ളവർ ആകാതിരിക്കാൻ നിശ്ചയമായും നമുക്ക് കഴിയും.

185. നാം ക്രമീകൃതമായി നേടിയതാണെങ്കിൽ, നമ്മുടെ സമ്പാദ്യം നിലനിൽക്കും. അത്യാർത്തിയോടെ സ്വന്തമാക്കിയതാണെങ്കിൽ, നമ്മുടെ സമ്പാദ്യം നിലനിൽക്കയില്ല.

189. ചിലർ ഭൂസ്വത്ത് അവകാശമാക്കിയിട്ടുണ്ട്. അത് ഉടമസ്ഥന് നഷ്ടം വരുത്തിയിട്ടില്ല. കാരണം, അത് അവകാശമാക്കാൻ ദൈവം അവനെ അനുവദിച്ചു. ദൈവം അതിനെ സമൃദ്ധമായി അനുഗ്രഹിച്ചിരിക്കുന്നു.

193. ദരിദ്രരുടെ നിലവിളി കൂടാതെ സമ്പാദിച്ചവ, വേദനയോടുകൂടെ കൈവിട്ടുപോകില്ല. അവനിൽ നിന്ന് ദുഷ്ടതയൊന്നും സംഭവിക്കാത്തതിനാൽ, അവൻ അതിനെ നന്മകൾ കൊണ്ട് സമൃദ്ധമായി നിറച്ചു.

197. ന്യായവിധിദിവസം നല്ലവർക്ക് ഭാഗ്യം. കാരണം, അവർ ഏദനിൽ സൗഭാഗ്യവാന്മാരായിരിക്കും. അന്ത്യത്തിൽ ദുഷ്ടർക്ക് ഹാ, കഷ്ടം. കാരണം, അവർ അഗ്നിക്ക് വിറകായിത്തീരും.

www.malankaralibrary.com

201. ഗംഭീരകാഹളധ്വനിയിൽ വാനമേഘങ്ങളിൽ ജീവദാതാവിനെ എതിരേറ്റ് പറക്കാനും അവൻ വാതിൽ തുറന്നു തരാനും, വരുവിൻ, നമുക്ക് ജീവകവാടത്തിൽ മുട്ടാം.

205. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, ഞങ്ങൾക്ക് നിന്നിൽ നിന്ന് വിജ്ഞാനവും വിവേകവും തന്നാലും. കാരണം, എല്ലാ വിജ്ഞാനവും നിന്നിൽ നിന്നു വരുന്നു. നിന്റെ ആരാധകരുടെ ഹൃദയത്തിൽ അവ നൽകിയാലും.

209. കർത്താവേ, ഞങ്ങൾ എല്ലാം വിട്ട് നിന്നെ സ്നേഹിക്കാനും നീ ആഗ്രഹിക്കുന്നതുപോലെ നിനക്ക് പ്രീതിയുള്ളവരാകാനും, നീ സൃഷ്ടിക്കുന്ന നവജീവിതത്തിലേക്ക് അഭിവാഞ്ഛയുണ്ടാകുവാൻ ഞങ്ങളെ നിർബന്ധിച്ചാലും.

# 4

# സീനായ് കോഡക്സ്-4

## തലമുറയുടെ വഴിപിഴയ്ക്കൽ; യുവാക്കളുടെ ഭരണം

1. ആദം പാപം ചെയ്യാതെ 930 വർഷം ജീവിച്ചു. തന്റെ കർത്താവിനെയല്ലാതെ മറ്റൊരു കർത്താവിനെയും തന്റെ ദൈവത്തെയല്ലാതെ മറ്റൊരു ദൈവത്തെയും അവൻ അറിഞ്ഞിരുന്നില്ല. 5. നമ്മുടെ പിതാവായ ആദം നീണ്ട 930 വർഷം കടരഹിതനായി ജീവിച്ചു. മറിച്ച്, ഇരുപതു വയസ്സുപോലും തികയാത്ത, നമ്മുടെ തലമുറയിലെ കുട്ടികൾ നിഷ്ക്കളങ്കരും കടരഹിതരുമല്ല. 9. ഇരുപതുവയസ്സുള്ള ചെറുപ്പക്കാരൻ തിന്മ നിറഞ്ഞ വൃദ്ധനെപ്പോലെയാണ്. എന്നാൽ സത്യസന്ധരായ വൃദ്ധജനം ഉള്ളപ്പോൾ, യുവാക്കൾ തികച്ചും സൂത്രശാലികളായി തീർന്നിരിക്കുന്നു. 13. കൗശലത്തിലും അപവാദം പറച്ചിലിലും ശീലിച്ചുവളർന്ന ചെറുപ്പക്കാരൻ തന്റെ യൗവനത്തിൽ അനീതി കുന്നുകൂട്ടി; അവന്റെ വാർധക്യത്തിന് ന്യായവിധി സുസജ്ജമായിരിക്കുന്നു.

17. നമ്മുടെ തലമുറയിലെ കുട്ടികൾ ഇക്കാലത്ത് തങ്ങളുടെ പിതാക്കന്മാരേക്കാൾ പ്രായമുള്ളവരായി കാണപ്പെടുന്നു. കാരണം, ചെറുപ്പക്കാരിൽ വെളിച്ചത്തുവരുന്ന സൂത്രങ്ങൾ പ്രായമുള്ളവർ കാണുന്നില്ല.

www.malankaralibrary.com

21. പ്രായമുള്ളയാൾ തന്റെ ഹൃദയത്തിൽ നിന്ന് സംസാരിക്കുന്നു; ചെറുപ്പക്കാർ അധരങ്ങൾ കൊണ്ടുമാത്രം മന്ത്രിക്കുന്നു. 23. പ്രായമുള്ളവന്റെ അന്തരംഗം നേരേചൊവ്വേയുള്ളതാണ്; നമ്മുടെ തലമുറയിലെ യുവാക്കളുടേത് വളഞ്ഞതും. 25. വളഞ്ഞ ചിന്തയുള്ള പ്രായമുള്ളവനെ കണ്ടാൽ, യുവാവ് അയാളെ അതിനായി നിർബന്ധിക്കുന്നു. പരിശോധനാവിധേയമാക്കിയാൽ, അറുപതു വയസ്സുള്ളയാൾ ഇരുപതു വയസ്സുള്ളവന്റത്രയും സൂത്രശാലിയല്ല. 29. അറുപതു വയസ്സുള്ളവന് ഇരുപതു വയസ്സുകാരനിൽ നിന്ന് സൂത്രങ്ങൾ പഠിക്കാം. മുൻകാല തലമുറകളിലെ ലാളിത്യത്തിൽ ഋജുമാനസ്സരായ പ്രായമുള്ളവർ ഉണ്ട്. 33. അവർ പ്രബോധകരും മറ്റവർ പഠിക്കുന്നവരുമായിരുന്നു. അവർക്കു പിന്നാലെ നമ്മുടെ തലമുറ വന്നു. ഇപ്പോൾ ചെറുപ്പക്കാരും പ്രായമുള്ളവരും ദുഷ്ടത പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. 37. നമ്മുടെ സമകാലീനർ വളരുന്നു, അവരോടൊപ്പം ദുഷ്ടതയും. ഇക്കാലത്ത് പ്രായമുള്ളവർ ചെറുപ്പക്കാരിൽ നിന്ന് പഠിക്കുക ആവശ്യമായിരിക്കുന്നു.

41. തദ്ഫലമായി പ്രായമുള്ളവരും ചെറുപ്പക്കാരുടെ പ്രബോധനം പിന്തുടരുന്നു. 43. പ്രായമുള്ളവർ ചെറുപ്പക്കാരെ വടികൊണ്ട് ശിക്ഷണം നൽകുന്നത് ക്രമാനുസൃതമായിരുന്നത് ഇന്ന് തലതിരിഞ്ഞതായി തീർന്നിരിക്കുന്നു. ചെറുപ്പക്കാർ പ്രായമുള്ളവർക്ക് ശിക്ഷണം നൽകുന്നു. 47. ഒന്നിനും കീഴടങ്ങാത്ത യുവാക്കൾ വൃദ്ധരുടെ ലാളിത്യം കീഴടക്കി. 49. അങ്ങനെ യുവാക്കളെപ്പോലെ ധിക്കാരികളാകാൻ വൃദ്ധരും ആനയിക്കപ്പെട്ടു. തീർത്തും വഞ്ചകരാകാൻ നമ്മുടെ തലമുറ വൃദ്ധരെ മാറ്റിമറിച്ചു. 53. കുട്ടികളും യുവാക്കളും വൃദ്ധരുമെല്ലാം ഒരുപോലെ കപടനാട്യക്കാരായിത്തീർന്നു. ആയിരത്തിൽ ഒരാളെ മാത്രം എന്നവണ്ണം വിശ്വാസം അർപ്പിക്കാവുന്നവരായി കണ്ടെത്താവുന്നവർ വളരെ ചുരുക്കം. 57. കുട്ടികളിൽ നിന്ന് ഗർവ് തുടങ്ങി; അത് പ്രായമുള്ളവരെയും വിരൂപമാക്കി. യുവാക്കളിൽ നിന്ന് അഹന്ത തുടങ്ങി, ശാന്തരെ പീഡിപ്പിക്കുന്നു. 61. കീഴ്വഴങ്ങുന്ന വൃദ്ധരിൽ നിന്ന് തകിടംമറിച്ചിൽ തുടങ്ങി, അത് ക്രമീകരണം തകിടം മറിച്ചു. 65. ഇതാ, നേതൃത്വം വിഡ്ഢികളുടെയും അഹങ്കാരികളുടെയും കൈകളിലായി. ആരും കൊടുക്കാതെ, അദോണിയാസ് രാജത്വം കവർന്നെടുത്തതുപോലെയും, സ്വന്ത ഇഷ്ടത്താൽ അബ്ശാലോം അധികാരം മോഷ്ടിച്ചതുപോലെയും വളച്ചൊടിച്ച, വഞ്ചനാപരമായ വാക്കുകൾകൊണ്ട് അവർ അധികാരം കവർന്നെടുത്തു.

www.malankaralibrary.com

73. അധികാരം കവർന്നെടുക്കാൻ നമ്മുടെ തലമുറ ഇങ്ങനെ പണിപ്പെടുന്നു. ഒരാൾ പണം കൊടുത്ത് അധികാരത്തിലെത്തുന്നു, പണം കൊടുത്ത് അവൻ തന്റെ സ്ഥാനം വാങ്ങുന്നു. ധനം ഇല്ലാത്തവൻ അതിനുപകരം മുഖസ്തുതി സമർപ്പിക്കുന്നു. പട്ടി വാലാട്ടി സുഖിപ്പിക്കുന്നതുപോലെ, തന്ത്രശാലി തന്റെ വാചകമടികൊണ്ട് സുഖിപ്പിക്കുന്നു. 81. പൂഴിയിൽ നിന്ന് അധികാരത്തിൽ എത്തുന്നതുവരെ അവൻ തന്റെ വാക്കുകൾ താഴ്ത്തി, ശാന്തത നടിക്കുന്നു. അധികാരത്തിന്റെ താക്കോൽ കൈയിൽ കിട്ടിക്കഴിയുമ്പോൾ, അവന്റെ വാക്കുകൾ കുന്തമുനപോലെയാണ്. 85. നീതിരഹിതനും വിവരമുള്ളവർക്ക് നീതിമാനായി തോന്നാത്തവനും തന്റെ വിജയം ദൈവത്തിൽനിന്ന് ലഭിക്കാത്തവനും നടത്തുന്ന ഭരണം അഭിശപ്തമാണ്.

## കായേന്റേയും നോഹയുടെ മക്കളുടേയും ദൃഷ്ടാന്തം

89. ആദം തന്റെ മക്കളിൽ നിന്നല്ല വെടിപ്പും നിഷ്ക്കളങ്കതയും അഭ്യസിച്ചത്. അവന്റെ മക്കൾക്ക് അവനിൽ നിന്നാണ് നീതിയുടെയും ന്യായത്തിന്റെയും ദൃഷ്ടാന്തം ലഭിച്ചത്. 93. കായേൻ തന്റെ പിതാവിനെ ശ്രവിക്കാതെയും തന്റെ മാതാവിന്റെ പാതയിൽ ചരിക്കാതെയും തന്റെ വൃദ്ധമാതാപിതാക്കളുടെ കൽപ്പനയെ നിന്ദിച്ചതിനാൽ, അസൂയാലുവും കൊലപാതകിയും ആയിത്തീർന്നു. 97. വന്യവയോധികനായ നോഹയുടെ മകനെ, നോഹയല്ല കളിയാക്കൽ പഠിപ്പിച്ചത്. കാരണം, തിരുലിഖിതം കാട്ടുന്നതുപോലെ, നോഹ തന്റെ തലമുറയിൽ നിഷ്ക്കളങ്കനായിരുന്നു (ഉൽപ്പ.6,9). അവനിൽ വിദ്വേഷം ഇല്ലായിരുന്നു. ആരാണ് അവന്റെ മകനെ നിന്ദനം പഠിപ്പിച്ചത്? ശിക്ഷണവിധേയരായ മക്കളെ അവരുടെ പിതാവ് അനുഗ്രഹിച്ചു. 105. ശേമും അവന്റെ സഹോദരൻ യാഫേത്തും അങ്ങനെ വളർന്നു. അവർ തങ്ങളുടെ പിതാവിന്റെ കൽപ്പന ലംഘിച്ചില്ല. അതുകൊണ്ട്, അവരെ വളർത്തിയ വൃദ്ധൻ അവരെ അനുഗ്രഹിച്ചു. 109. എന്നാൽ തന്റെ പിതാവിനെ കളിയാക്കിയ മകന് പിതാവിന്റെ ശാപമേറ്റു.

## സദാചാരസംശുദ്ധതയിലൂടെ പോരാട്ടം

11. വൃദ്ധരെക്കാൾ കൂടുതലായി യുവാക്കളാണ് ദുഷ്ടതയുടെ ഉറവിടമെന്നു കാണുക. 13. ശിക്ഷണപൂർണകാലത്ത് യുവാക്കൾ വഴിപിഴയ്ക്കൽ നടത്തിയെങ്കിൽ, ഈ തലമുറയിൽ എത്രയധികമായിരിക്കും! ഇപ്പോൾ യുവാക്കൾ ശക്തരാണ്. 117. ഓ, വിവേകീ, ഇപ്പോൾ നമ്മുടെ

www.malankaralibrary.com

തലമുറ യുവാക്കളുടേതാണെന്ന് വിവേചിച്ചറിയുക. അവരാണ് നേതൃ സ്ഥാനത്ത്, അവർക്കാണ് ഭരണം. 121. വൃദ്ധരെ പുഴിയിലേക്ക് തള്ളി യിട്ടിട്ട്, യുവാക്കൾ സിംഹാസനത്തിൽ കയറി ഇരിക്കുന്നു. ശിക്ഷണ വിധേയർ നിന്ദിക്കപ്പെടുകയും ദൂരെ അകറ്റപ്പെടുകയും ചെയ്തിരിക്കുന്നു. വിനീതർ നിലത്തുകിടക്കുന്നു. 125. അഹന്ത നിറഞ്ഞവർ വിജയിക്കുന്നു; പൊങ്ങച്ചം പറച്ചിൽ സ്വരമുയർന്നു നിൽക്കുന്നു. ചാണകത്തിന്മീതേ ഭരണം നടത്തിയവർ ഇപ്പോൾ വിജ്ഞാനികളെ നിന്ദിക്കുന്നു. 129. റൊട്ടി ച്ചൂളപ്പണിക്കാരൻ ഇപ്പോൾ ശിക്ഷണവിധേയനു മുകളിൽ നിൽക്കുന്നു. അവന്റെ ഹൃദയം നിറയെ സൂത്രങ്ങളാണ്. ഹൃദയവിശുദ്ധി ഉള്ളവനെ അവൻ നിന്ദിക്കുന്നു.

133. എന്റെ സഹോദരരേ, കൗശലം നിറഞ്ഞ ഈ തലമുറയിൽ നമുക്ക് വിവേകത്തിന്റെ വശത്തായിരിക്കാം. നാം അതിൽ സംശുദ്ധമായി ജീവി ച്ചാൽ, വിജയം നമ്മുടേതാണ്. 137. നാം സ്വേച്ഛയാ, നമ്മുടെ വിജ്ഞാ നത്തിൽ കുറ്റമറ്റവരായിരുന്നാൽ, നമ്മുടെ തലമുറയിലെ സത്യസന്ധ രായ കുട്ടികൾ നമ്മുടെ നിഷ്ക്കളങ്കതയെ പ്രകീർത്തിക്കും. 141. പ്രകാശത്തെ മറച്ചുവയ്ക്കാനാകില്ല; അന്ധകാരത്തെ മൂടിവയ്ക്കാനുമാകില്ല. തെളിഞ്ഞ ആകാശത്തിൽ സൂര്യൻ മറഞ്ഞിരിക്കുന്നില്ല; നിശയിൽ ഇരുട്ടും അപ്ര കാരം തന്നെ. 145. സൂര്യൻ ഇരുട്ടിനെ പലായനം ചെയ്യിക്കുന്നു; ചന്ദ്രൻ അന്ധകാരത്തെ ഓടിക്കുന്നു. നക്ഷത്രങ്ങൾ ഉള്ളപ്പോൾ അവയും ഇരുട്ടിനോട് പോരാട്ടം നടത്തുന്നു. 149. പ്രകാശകർമങ്ങളെല്ലാം അന്ധ കാരകർമങ്ങളെ വെളിപ്പെടുത്തുന്നു. വരുവിൻ, നമുക്ക് പ്രകാശസന്ത തികളായിരിക്കാം; സൗന്ദര്യമെല്ലാം അതിലാണല്ലോ.

## ദുഷ്ടനെതിരെ പോരാടാൻ നല്ലവർക്കുള്ള ആഹ്വാനം

153. നല്ലവനേ, ദുഷ്ടരുടെ ഇടയിൽ നിന്നെത്തന്നെ കാട്ടുക; ഭയപ്പെടേണ്ട. കാരണം, നീ ദുഷ്ടനെ എത്രമാത്രം വെറുക്കുന്നുവോ, അത്രമാത്രം നിന്റെ പ്രതിഫലം വർധിക്കും.157. വെടിപ്പുള്ളവനേ, ധൈര്യമായിരുന്ന് തൂക്കിനോക്കുക. നിയന്ത്രണരഹിതരുടെ നിയന്ത്രണരാഹിത്യത്തിന് മേൽക്കൈയുള്ള ഈ തലമുറയിൽ വെടിപ്പിന്റെ എല്ലാ അലങ്കാരങ്ങളും അവകാശമാക്കുക. 161. നന്മയെ കീഴടക്കിയ നിന്ദ്യതയിൽ നിന്ന് നിന്നെത്തന്നെ വിമുക്തനാക്കുക. ഇതു നിന്റെ ചിന്താവിഷയമായിരി ക്കട്ടെ. പ്രയോജനരഹിതമായ അടിമത്തത്തിൽ നിന്നുള്ള വിടുതൽ തേടുക. 165. തന്റെകൂടെ ചേരാത്തവന്റെ നേർക്ക് പരിഹാസി ശല്യം

www.malankaralibrary.com

വർധിപ്പിക്കുന്നു. തന്നെ സ്നേഹിക്കാത്തവനെ പരദൂഷകൻ അപവദിക്കുന്നു. 169. തന്നെപ്പോലെ ദുശ്ശീലം പരത്താത്തവനെതിരെ പരദൂഷകൻ നിന്ദനം വർധിപ്പിക്കുന്നു. വെടിപ്പുള്ളവനേ, ഇത്തരം മൂർച്ചയുള്ള വാളിന്റെ മുമ്പിൽ അലസനായിരിക്കുരുത്.

173. അവർ സർപ്പത്തേക്കാൾ വിഷമുള്ളവരാണ്. അവരുടെ കൊത്തിൽ നിന്ന് നിന്നെത്തന്നെ ദൂരെയകറ്റുക. വിജ്ഞാനി മറ്റൊരു വിജ്ഞാനിയോടു കൽപ്പിക്കുന്നു. അവൻ വേറൊരുവനോട് കൽപ്പിക്കുന്നു. 177. ബുദ്ധിമാന്റെ വിജ്ഞാനം തനിക്ക് തുല്യനായവനിൽ നിന്ന് അലങ്കാരമായി തീരുന്നു. നീതിമാൻ, ശിക്ഷണവിധേയനായവനിൽ നിന്ന് പ്രബുദ്ധനാക്കുന്ന വാക്കുകൾ കേൾക്കുന്നു. 181. അവർക്കിടയിൽ മത്സരമില്ല; കാരണം, ഇവിടെ അസൂയയില്ല. കൗശലരഹിതമാണ് അവരുടെ പെരുമാറ്റം. കലഹരഹിതമാണ് അവരുടെ ചെയ്തികൾ. അഹങ്കാരരഹിതമാണ് അവരുടെ വാക്കുകൾ. പൊങ്ങച്ചരഹിതമാണ് അവരുടെ കർമങ്ങൾ. നുണരഹിതമാണ് അവരുടെ വാഗ്ദാനങ്ങൾ. വിദ്വേഷരഹിതമാണ് അവരുടെ സഹായങ്ങൾ. 189. എന്നാൽ ഉഴാനായി നീ വിജ്ഞാനിയെ വിഡ്ഢിയുടെ കൂടെ കെട്ടിയാൽ, നീ വെള്ളിയുടെ കൂടെ ഈയം കലർത്തുകയും സ്വർണത്തിന്റെ കൂടെ ഇരുമ്പ് ചേർക്കുകയും ആയിരിക്കും ചെയ്യുക. 193. ഈയം വെള്ളിയെ നിന്ദ്യമാക്കുന്നു. എന്നാൽ അതിനു മാറ്റം സംഭവിക്കുന്നില്ല. ഇരുമ്പിലൂടെ സ്വർണം വിരൂപമാകുന്നു. എന്നാൽ ഇരുമ്പ് നിന്ദ്യമായി നിലകൊള്ളുന്നു. 197. നല്ലവരും ദുഷ്ടരും ഒരേ തരത്തിൽ ഗോതമ്പിനും കളയ്ക്കും തുല്യരാണ്: കയ്പ്പുള്ള കളയോടുകൂടെ മധുരമുള്ള ഗോതമ്പ് കൂടിക്കലർത്തിയാൽ, അവ പരസ്പരം വേർതിരിച്ചില്ലെങ്കിൽ, ഗോതമ്പിന് കള കേടു വരുത്തും. അതുപോലെ, നല്ലവരും ദുഷ്ടരും പരസ്പരം ബന്ധിതരായാൽ, അവർ വേർപിരിയുന്നതു വരെ അവരുടെ ഇടയിൽ കലഹം ശമിക്കുന്നില്ല. വിജ്ഞാനി കണ്ണുകൾക്ക് തികച്ചും പൂർണമായി പ്രകാശസമനാണ്. 209. എന്നാൽ വിഡ്ഢി അന്ധകാരസമാനം അന്ധനാണ്. അവൻ അന്ധനായി തപ്പിത്തടയുന്നു. എങ്കിലും അഹങ്കാരിയാണ്. ഒരു ദുഷ്ടനും മറ്റൊരാളും ഒന്നിച്ച് താമസിക്കുമ്പോൾ, അനീതിയുടെ ഒരൊറ്റ ഭവനമുണ്ടാകുന്നു. തെറ്റിന്റെ ഒരൊറ്റ കൂടിവരവുണ്ടാകുന്നു. അവരുടെ ഭവനത്തിൽ നീതിയില്ല.

www.malankaralibrary.com

## യുവാക്കളോട് പെരുമാറേണ്ട വിധം

215. ഏലീശായെ പരിഹസിക്കാൻ ഇറങ്ങിപ്പുറപ്പെട്ട ആ ദുഷ്ടനിരയെപ്പോലെ, യുവാക്കന്മാർ മാത്രമുള്ള കൂട്ടത്തിൽ ദുഷ്ടനും പാപവും വിജയിക്കുന്നു. 219. വാളിനേക്കാളും കൃപാണത്തേക്കാളും മൂർച്ചയുള്ളതാണ് യുവത്വം. 221. വാൾ തുരുമ്പ് പിടിച്ച് നശിക്കുന്നു; എന്നാൽ യുവാക്കൾ കുറ്റപ്പെടുത്തപ്പെടാൻ അനുവദിക്കുന്നില്ല. കൃപാണത്തിന്റെ വായ്ത്തല മൂർച്ചയില്ലാത്തതാകും; എന്നാൽ യുവാക്കൾ സദാ മൂർച്ചയുള്ളവരാണ്. 225. വിവരമുള്ളവന്റെ പക്കൽ സത്യവചനമുണ്ട്; യുവാക്കളുടെ പക്കൽ നിന്ദാവചനവും. വിവേകി വേദന കാണുമ്പോൾ ദുഃഖിതനാണ്; എന്നാൽ യുവാക്കൾ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നു. 229. ഞങ്ങൾ യുവാക്കളെ പരിശോധനാവിധേയരാക്കി: അഹന്ത അവരെ തകർക്കുന്നു; അവരുടെ സന്തുഷ്ടിയിൽ അവർക്ക് സഹായം കിട്ടുന്നില്ല. ബലവും ശക്തിയും അവർക്ക് ഗുണം ചെയ്യുന്നുമില്ല. 233. ഒരുപക്ഷേ പ്രബോധനവും അവർക്ക് പ്രയോജനകരമാകുന്നില്ല; കാരണം, അവർ കുറ്റപ്പെടുത്തലിൽ നിന്ന് ഓടിപ്പോകുന്നു. അവർ തങ്ങൾക്കായി കടിഞ്ഞാണിടാൻ വേണ്ടി, ക്രമീകരണം ഒരുപക്ഷേ അവരെപ്രതി സഹിക്കുന്നു. 237. യുവത്വം വണ്ടിസമാനമാണ്. ഡ്രൈവറാണ് അതിന്റെ ക്രമീകരണം. നുകവും കടിഞ്ഞാണുമില്ലാതെ കുതിരയ്ക്ക് കോപ്പിടാറില്ല. 241. ശിക്ഷണമില്ലെങ്കിൽ, അതിലും കുറവാണ് യുവത്വത്തിന്റെ ക്രമീകരണം. ഞങ്ങൾ യുവാക്കളെ പരിശോധനാവിധേയരാക്കി: അവരിൽ നിന്ന് ധിക്കാരം ഉയരുന്നു.

245. അൽപ്പം ഇടം മാത്രം കിട്ടിയാൽ, അവരുടെ വഴിപിഴയ്ക്കൽ എണ്ണമറ്റതാണ്. നിന്റെ ഇച്ഛാനുസൃതം നയിക്കാൻ സാധിക്കുന്നില്ലെങ്കിൽ, യുവാക്കളെ അവരുടെ പതിവ് ചെയ്തികൾക്കായി വിട്ടുകളയുക. 249. അവർ ശിക്ഷണം സ്വീകരിക്കുന്നില്ലെങ്കിൽ, അവരുടെ വ്യാപാരങ്ങളിൽ നിന്ന് നീ നിന്നെത്തന്നെ അകറ്റുക. അവർക്കുവേണ്ടി അധ്വാനിക്കുക. എന്നാൽ അവർ അനുസരിക്കുന്നില്ലെങ്കിൽ, അവരുമായുള്ള ഇടപെടൽ അവസാനിപ്പിക്കുക. 253. മർക്കടമുഷ്ടിയോടെ അവരെ മുറുകെപ്പിടിക്കാതിരിക്കുക. കാരണം, അവർക്ക് സിംഹിയുടെ പല്ലുകളുണ്ട്. നിന്റെ പ്രബോധനത്തിന് ചെവി ചായിക്കുമ്പോൾ, യുവാക്കളെ കുറ്റപ്പെടുത്തുക. 257. നിന്റെ കൈയിൽ വടിയുണ്ടെന്ന് അവർ അറിയുമ്പോൾ, അവരുടെ ഭോഷത്തം തിരുത്തുക. അവരെ അടുത്തുവിളിക്കുക. അവർ മറുപടി തരുന്നില്ലെങ്കിൽ, അവർ നിന്റെ പടി ചവിട്ടാതിരിക്കാൻ, നീ അവരിൽ നിന്ന്

www.malankaralibrary.com

അകന്നുകളയുക. 261. അവർക്ക് സഹായകമായ ഉപദേശം നൽകുക. അഗ്നിയും ജലവും അവരെ കാണിക്കുക. അവർ ജീവനും മരണവും തിരിച്ചറിയട്ടെ. ബുദ്ധിപൂർവം അവരോട് ക്ഷമിക്കുക. 265. യുവാക്കൾ മറുപടി തരുന്നെങ്കിൽ, അവരെ യുവാക്കളായി പരിഗണിക്കേണ്ട. അവർക്ക് തിരിച്ചറിവുണ്ടായെങ്കിൽ, അവരിൽ നിന്ന് വടി പിൻവലിക്കുക...

269. അവർ സദുപദേശം ഇഷ്ടപ്പെട്ടെങ്കിൽ, അവരെ സ്നേഹിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുക. എന്നാൽ അവർ നിന്നെ വെറുപ്പോടെ വീക്ഷിക്കുന്നെങ്കിൽ, അവരുടെ മുമ്പിൽ നീ സന്തോഷം പ്രകടിപ്പിക്കേണ്ട. 273. ഒരു യുവാവ് ശിക്ഷണവിധേയനാക്കപ്പെടുമ്പോൾ, നിന്റെ നേർക്ക് മുഖം കോട്ടി നടന്നുപോയാൽ, നിന്റെ ശിക്ഷണം അവനെ വിധിക്കും. കാര്യവിവരമുള്ളവനേ, നീ നിന്റെ തലത്തിൽ നിൽക്കുക. 277. കലഹപ്രിയനോട് സത്യത്തിന്റെയും അനുനയത്തിന്റെയും ഒരു വാക്കുപോലും ഉച്ചരിക്കരുത്. കാരണം, അവന്റെ കലഹതൽപ്പരത നിന്നെ നിന്ദിക്കുന്നു; നിന്റെ വാക്കിന് നിന്ദനം മാത്രം!

## നുണയർക്കെതിരെ ഒരിക്കൽ കൂടി (3,29-114)

281. സൂത്രശാലിയായി നീ തിരിച്ചറിയുന്നവൻ അതേ സമയം അസൂയാലുവുമാണ്. അവനിൽ നിന്ന് ഓടിയൊളിക്കുക. കാരണം, അവൻ തകർക്കാനാണ് ആലോചിക്കുന്നത്. 285. അവൻ ഉപവസിക്കുകയും ലൈംഗികമായി ജിതേന്ദ്രിയനായിരിക്കുകയും ചെയ്യുന്നെങ്കിൽ പോലും, അവന്റെ ഉപവാസത്തെ തെറ്റായി അനുഗമിക്കരുത്. അവന്റെ സംയമനം നിമിത്തം വഞ്ചിക്കപ്പെടുകയുമരുത്. തേനിനേക്കാൾ മധുരതരമാണ് അവന്റെ വാക്കുകൾ; അവന്റെ വാക്കുകളുടെ സ്വരം നിന്നെ പിടികൂടരുത്. കാരണം, വളരെ ശാന്തമാണ് അവന്റെ സംസാരം. അവന്റെ ശാന്തതയ്ക്കു മുമ്പിൽ നിന്ന് നിന്നെത്തന്നെ മറയ്ക്കുക. 293. ആന്തരികമായി അവന്റെ ഹൃദയം കൃപാണമാണ്. അവന്റെ ഹൃദയത്തിന്റെ മുമ്പിൽ നിന്ന് നിന്നെത്തന്നെ മറയ്ക്കുക. കാരണം, ഒരവസരം വരുമ്പോൾ, അവന്റെ ഹൃദയം നിന്റെ ഹൃദയത്തെ പിടികൂടും. 297. ചുംബിച്ച് ഒറ്റിക്കൊടുക്കുന്ന യൂദാസാണവൻ. ഹൃദയം കവരുന്ന പരിഹാസിയാണവൻ. അവന്റെ ചുംബനം കടിച്ചുപറിക്കലാണെന്ന് തിരിച്ചറിയാത്തവന് ഹാ, കഷ്ടം!

301. പരിഹാസിക്ക് പല മുഖങ്ങളുണ്ട്. അവകൊണ്ട് അവൻ കണ്ണുചിമ്മുകയും ആംഗ്യം കാണിക്കുകയും ചെയ്യുന്നു. വിവേകീ, അവനെ

www.malankaralibrary.com

തിരിച്ചറിഞ്ഞെങ്കിൽ, തന്റെ ഇടത്തിൽ ചുരുണ്ടുകൂടി കഴിയാൻ അവനെ വിട്ടേക്കുക. 305. അന്ധൻ നിന്നെ ആകർഷിക്കും. അവനുമായി കലഹിക്കാൻ നീ വശീകരണവിധേയനാകരുത്. അവൻ തന്റെ അവജ്ഞകൊണ്ട് നിന്നെ രോഷാകുലനാക്കും. നിന്റെ പ്രേരണ നിയന്ത്രിച്ച് അവനെ ശ്രദ്ധിക്കാതിരിക്കുക. 309. നിന്റെ ബഹുമാനം പൂർണമായി കവരാൻ, അവൻ തന്റെ അവജ്ഞയാൽ നിന്നെ ക്ഷോഭിപ്പിക്കും. നീ അവനെ മനസ്സിലാക്കിയെന്ന് അവൻ ഗ്രഹിക്കണം. നിന്റെ ഉള്ള് അവന് വിട്ടു കൊടുക്കരുത്. 313. അവന്റെ മുമ്പിൽ നീ ഭയക്കേണ്ട. കരുതലുള്ളവനായിരിക്കുക മാത്രം ചെയ്യുക. അവൻ തന്റെ പൊള്ളയായ ചിന്തകളിൽ മുഴുകി കഴിയട്ടെ. പരദൂഷണം പറയുന്നവൻ അവയിൽ സദാ നിവസിക്കുന്നു. 319. സ്വച്ഛതയിലും വെടിപ്പിലും ഇരുന്ന് അവനെ നോക്കി ചിരിക്കുക. അവൻ തന്റെ ശൂന്യമായ പരിശ്രമത്താൽ തന്നത്താൻ തളർത്തുകയും ആയാസപ്പെടുകയും ക്ലേശിച്ച് അധ്വാനിക്കുകയും ക്ഷീണിക്കുകയും ചെയ്യുന്നു. പ്രഭാതത്തിനുവേണ്ടി എന്തൊരുക്കണം, സായാഹ്നത്തിനുവേണ്ടി എന്തു തയാറാക്കണം എന്നു ചിന്തിച്ച് തന്റെ ശൂന്യകർമങ്ങൾ ആവർത്തിക്കാൻ, പരദൂഷകൻ അനുദിനം നിർബന്ധിതനാകുന്നു. ശരീരത്തിന് ആവശ്യമുള്ളവയല്ല അവൻ ചിന്തിക്കുന്നത്, പിന്നെയോ, എവിടെ, എങ്ങനെ കൽപ്പിക്കണം, ആരെ എങ്ങനെ കീഴമർത്തണം എന്നുതുടങ്ങി അധികാരത്തിനും ബഹുമാനത്തിനും വേണ്ടവയ്ക്ക് അവൻ കോപ്പുകൂട്ടുന്നു.

## സത്യസന്ധൻ (3,115-157)

331. ശൂന്യമായവകൊണ്ട് അധ്വാനിക്കാത്ത സത്യസന്ധർ വാഴ്ത്തപ്പെട്ടവരാകട്ടെ. അതുകൂടാതെ തന്നെ അവർക്ക് ബഹുമാനസ്ഥാനം ആവശ്യപ്പെടാൻ കഴിയും. അവരുടെ സ്വന്തം സത്യം തന്നെ മതിയായ ബഹുമാനമാണ്. ദൈവം നൽകുന്നതാണ് യഥാർഥ ബഹുമാനം. 337. മറിച്ച്, ബലാൽക്കാരമായി എടുത്ത ബഹുമാനം യഥാർഥമല്ല, പ്രയോജനകരവുമല്ല. ദൈവത്തിൽനിന്നു വരുന്ന ബഹുമാനം നിത്യമായി നിലനിൽക്കുന്നതും പ്രയോജനകരവുമാണ്. 341. അത് ധിക്കാരികളെ ചിതറിക്കുന്നില്ല, അസൂയാലുക്കളെ അസാധുവാക്കുന്നുമില്ല. അവർ അടുത്തോ, അകലെയോ ആയിരുന്നാലും, അത് അവരുടെ ഉയർച്ച കാണുന്നു. 345. അസൂയ എത്ര തവണ യൗസേപ്പിനെ നിന്ദിച്ചു; യൗസേപ്പ് അതിനു മുകളിലായി ഉയരുക മാത്രം ചെയ്തു. ദാവീദ് എത്രയോ പ്രാവശ്യം വിനീതനാക്കപ്പെട്ടു; എന്നാൽ അവൻ രാജകീയകിരീടം നേടി. 349.

www.malankaralibrary.com

താൻ പൊടിയും ചാരവുമാണെന്നു പറഞ്ഞ് അബ്രഹാം എത്ര തവണ തന്നെത്തന്നെ താഴ്ത്തി; ദൈവം അവനിൽ പ്രസാദിച്ചതിനാൽ, അവനെ രാജാക്കന്മാരും ജനതകളും ബഹുമാനിച്ചു. 353. എത്രയോ തവണ ഹെസക്കിയായും ഹനനിയായുടെ കൂടെയുള്ള കുട്ടികളും വിനീതരാക്കപ്പെട്ടു. ചെറിയ താഴ്ത്തൽ നിമിത്തം അവർ വളരെ ഉയർത്തപ്പെട്ടു. 357. തന്റെ ഇച്ഛാനുസൃതമല്ലാത്ത ബഹുമാനത്തിന്റെ പിന്നാലെ പരക്കം പായുന്ന നുണയരെയും അഹങ്കാരികളെയും ഇവയ്ക്കെല്ലാം കുറ്റപ്പെടുത്താൻ അതിന് കഴിയും. 361. തന്റെ പരിഹാസത്തിന്റെ പ്രേരണയാൽ, അധികാരത്തിന്റെ നാമം അവൻ പിടിച്ചുവാങ്ങുന്നു. ദൈവം ബഹുമാനത്തിൽ എത്തിക്കുന്ന സത്യസന്ധരായ വിജ്ഞാനികൾ വാഴ്ത്തപ്പെട്ടവരാകുന്നു.

# 5

# സീനായ് കോഡക്സ്–5

## ശാരീരികശിക്ഷണം സംബന്ധിച്ച്

## മനുഷ്യരുടെ വഴിപിഴയ്ക്കൽ; മാലാഖമാരും ദൈവവും

1. ആത്മാഭിമാനം നമ്മെ അനുവദിക്കുമ്പോൾ, നമ്മുടെ ചിന്ത അതിനെക്കുറിച്ചുതന്നെ അത്ഭുതപ്പെടുകയും നമ്മുടെ ഇച്ഛ അതിനെത്തന്നെ കുറ്റപ്പെടുത്തുകയും ചെയ്യട്ടെ. 5. കാരണം, ദൈവം നമ്മെ സ്വതന്ത്രരായി സൃഷ്ടിച്ചു. എങ്കിലും അത് നമ്മുടെ കണ്ണുകളിൽ നിസ്സാരമായിരുന്നു. നമ്മുടെ കർത്താവ് സ്വാതന്ത്ര്യത്തിലേക്ക് നമ്മെ വിളിച്ചു. എങ്കിലും നാം ദാസ്യത്വം ഇഷ്ടപ്പെട്ടു. 9. ഇതാ, സൃഷ്ടികളെ സ്നേഹിക്കാൻ, അവയുടെ വീക്ഷണത്തിലൂടെ അവ നമ്മെ വഴിതെറ്റിക്കുന്നു. ഇതാ, ലോകത്തിന്റെ ദാസരാകാൻ നമ്മുടെ മന്ദത നമ്മെ ആകർഷിക്കുന്നു. 13. ഇതാ, നാമെല്ലാവരും സാത്താന്റെ തടവറയിലേക്കു പോകാൻ, അവൻ നമ്മെ വശീകരിക്കുന്നു. ഇതാ, നണയുടെ ആത്മാവുമായി പരിശുദ്ധാത്മാവിനെ നാം വച്ചുമാറിയതിൽ അവിടുന്ന് ദുഃഖിക്കുന്നു. 17. ഇതാ, നാം ശാരീരികരായി തീർന്നതിൽ, ആത്മീയർ വേദനിക്കുന്നു. ഇതാ, നമ്മുടെ നിരകൾക്ക് വഴിതെറ്റിയതിൽ, ഉന്നതനിരകൾ ദുഃഖിക്കുന്നു.

www.malankaralibrary.com

21. ആകാശം മ്ലാനമായി കാണപ്പെടുന്നു: എന്തുകൊണ്ടാണ് ധരയിലെ അനീതി വളരെ ശക്തമായി തീർന്നത്? മനുഷ്യർ പാപമയരായി തീർന്നതിൽ മാലാഖമാർ നിലവിളിക്കുന്നു. 25. ലോകം ഇന്ദ്രിയേച്ഛകൾക്ക് വിധേയമായതിൽ ഈറയർ ദുഃഖിതരായിരിക്കുന്നു. ധരയിൽ കടന്ന പാപം എത്ര ഗൗരവതരമാണെന്ന് ഗ്രഹിക്കുമ്പോൾ, ഒരു പക്ഷേ സ്രാപ്പേന്മാർ ആശ്ചര്യഭരിതരും ക്രോബേന്മാർ അത്ഭുതപരതന്ത്രരുമാകും. 31. കാരണം, ആഴത്തിലുള്ളവരുടെ ഇടയിലുള്ള അനീതിയുടെ അസാന്നിധ്യത്തിൽ ഉന്നതാത്മാക്കൾ സന്തോഷിക്കും. ഭൗമികരുടെപാപരാഹിത്യത്തിൽ സ്വർഗീയർ ആനന്ദിക്കും. 35. നമ്മെ സഹിക്കുന്ന കർത്താവ് വാഴ്ത്തപ്പെട്ടവനാകട്ടെ. നമ്മെ സംരക്ഷിക്കുന്ന കാരുണ്യവാൻ വാഴ്ത്തപ്പെട്ടവനാകട്ടെ. 37. ദീർഘക്ഷമയുള്ളവൻ വാഴ്ത്തപ്പെട്ടവനാകട്ടെ. കുറ്റങ്ങൾക്കനുസൃതമായി അവിടുന്ന് ശിക്ഷിക്കുന്നില്ല. രഹസ്യവും പരസ്യവുമായ നമ്മുടെ ജീവിതചര്യകളെല്ലാം അവിടുത്തേക്കറിയാം. എന്നാൽ അവിടുന്ന് എല്ലാം അവഗണിക്കുന്നു.

41. അവിടുന്ന് നമ്മുടെ ധിക്കാരം കാണുന്നു. എന്നാൽ നമ്മെ കണ്ടില്ല എന്നവണ്ണം പ്രതികരിക്കുന്നു. അവിടുന്ന് നമ്മുടെ എല്ലാ ഗർവും കേൾക്കുന്നു. അവ കേട്ടില്ല എന്നവണ്ണം പ്രതികരിക്കുന്നു. 45. അവിടുന്ന് നമ്മുടെ അടുത്തായിരിക്കുമ്പോൾ, നമ്മിൽ നിന്ന് അകലെയാണെന്ന പ്രതീതി ഉളവാക്കുന്നു. നാം അവിടുത്തെ തിരുമുമ്പിൽ ഫലിതം പറയുന്നു. അവിടുത്തേക്ക് അതറിയാം. എന്നാൽ അവിടുന്ന് നമ്മെ കുറ്റപ്പെടുത്തുന്നില്ല. 49. അവിടുത്തെ നോട്ടം ഓരോ വിനാഴികയിലും നമ്മെ സൂക്ഷ്മനിരീക്ഷണം നടത്തുന്നു. എന്നാൽ അവിടുന്ന് നമ്മോടൊത്തില്ലെന്ന് നാം കരുതുന്നു. നാം അവിടുത്തെ വിളിക്കുന്നതിനു മുമ്പേ അവിടുന്ന് നമുക്ക് മറുപടി നൽകുന്നു. എന്നാൽ അവിടുത്തെ വിളിക്കാൻ നമുക്ക് മടുപ്പ് തോന്നുന്നു. 53. അവിടുത്തെ ശക്തി നമ്മെ അനുധാവനം ചെയ്യുന്നു. എന്നാൽ നാം നമ്മുടെ ആരോഗ്യത്തെപ്പറ്റി അഹങ്കരിക്കുന്നു. അവിടുന്ന് നമ്മുടെ രോഗം നീക്കുന്നു. എന്നാൽ അവിടുത്തേക്ക് നന്ദി പറയാൻ നാം കൂട്ടാക്കുന്നില്ല. 57. നമ്മുടെ ആത്മാക്കളുടെ നാഥനായ നമ്മുടെ കർത്താവാണ് നമ്മുടെ ശരീരങ്ങളെ വളർത്തുന്നത്. നമ്മുടെ അവയവങ്ങളുടെ പരസ്പരബന്ധം അവന്റെ പക്കലാണ്. എന്നാൽ നാം അവയെ പാപത്തിനു വിട്ടുകൊടുക്കുന്നു.

## സാത്താനും ശരീരവും

61. സാത്താൻ നമ്മെ വളർത്തുന്നില്ല, എങ്കിലും നാം അവനെ വളരെ സ്നേഹിക്കുന്നു. ദുഷ്ടൻ നമുക്ക് ഉപദ്രവം ചെയ്യുന്നു, എങ്കിലും അവൻ

www.malankaralibrary.com

വരുത്തുന്ന നാശനഷ്ടം നമുക്ക് കാമ്യമാണ്. 65. അവൻ നമ്മെ കൊല്ലു കയും നശിപ്പിക്കുകയും ചെയ്യുന്നു, എങ്കിലും അവന്റെ നശിപ്പിക്കൽ നമുക്ക് സ്വീകാര്യമാണ്. അവൻ മോഷ്ടിക്കുകയും നമ്മെ പിടികൂടു കയും ചെയ്യുന്നു. ഇതാ, നാം അവന്റെ തടവുകാരായി തീർന്നിരിക്കുന്നു. 69. എത്രനാൾ കൂടി നാം ബലഹീനത തടയാതിരിക്കും? അവസാനം നമുക്ക് ഇപ്പോൾ നമ്മുടെ നിദ്ര വിട്ടുണരാം (എഫേ.5,14). കാരണം, അന്ത്യം സമാഗതമായിരിക്കുന്നു. 73. മത്സരപ്രകൃതിയുള്ള മനുഷ്യ ശരീരമേ, നിനക്ക് യോഗ്യമാംവിധം ശിക്ഷണം സ്വീകരിക്കൂ. ബലവാന്റെ കട്ടിയുള്ള വള്ളത്തേക്കാൾ, നിനക്ക് കൂടുതൽ പ്രയോജ നകരമായത് കീഴ്‌വഴങ്ങലാണ്. 77. സുഖസന്തോഷങ്ങളേക്കാൾ നിനക്ക് മെച്ചപ്പെട്ടത് തരംതാഴ്ത്തലാണ്. ബഹുമാനത്തെയും സ്ഥാനവലിപ്പ ത്തേയുംകാൾ നിനക്ക് കൂടുതൽ പ്രയോജനകരം അനുതാപവസ്ത്ര മാണ്. 81. സമൃദ്ധമായ സമ്പത്തിനേക്കാൾ ദാരിദ്ര്യമാണ് നിനക്ക് മെച്ചം. ആഭരണം നിനക്ക് ഉപദ്രവം ചെയ്യും. ദുരിതം നിനക്ക് കൂടുതൽ പ്രയോ ജനകരമാണ്.

85. നീ വിവേകപൂർവം വിധിച്ചാൽ, സന്തോഷത്തേക്കാൾ ദുഃഖമാണ് നിനക്ക് മെച്ചം. ബന്ധനങ്ങൾ ചെയ്യുന്നതുപോലെ സ്തുതിപുകഴ്ചകൾ നിനക്ക് പ്രയോജനകരമാകില്ല. 89. നിന്റെ ആരോഗ്യം ഭോഗാസക്തി കത്തിജ്വലിപ്പിക്കും. നിന്റെ വ്യതിചലനം വ്യഭിചാരത്തെ ജനിപ്പിക്കുന്നു. നിന്റെ രോഗം പാപം തടയുന്നു. വേദന നിന്റെ ദുരാഗ്രഹം ശമിപ്പിക്കുന്നു. 93. നിന്റെ പ്രവർത്തനരാഹിത്യം നിന്റെ ഉത്കണ്ഠ തകർക്കുന്നു. ജോലിസംബന്ധമായ ഉത്കണ്ഠ, ഉത്കണ്ഠ ഇല്ലാതാക്കുന്നു. വെറുതെ ഇരിക്കുമ്പോഴും മനുഷ്യരെ പാപത്തിലേക്ക് വശീകരിക്കാൻ, സാത്താൻ പണിപ്പെടുന്നു. 97. നീ അവന്റെ കെണിയിൽ കുടുങ്ങാതിരുന്നാൽ അത് അവന് പാഴ്‌വേലയാകും. കാരണം, മനുഷ്യകുലത്തെ വീഴ്ത്തുക എന്നത് അവന്റെ വലിയ ജോലിയാണ്.

101. ഓ, ശരീരമേ, നീ ഉറങ്ങുന്നു. എന്നാൽ ബന്ധുവായ ദുഷ്ടൻ ഉറങ്ങുന്നില്ല. അവൻ ഉറങ്ങുകയോ, മയങ്ങുകയോ ചെയ്യുന്നില്ല. പിന്നെ യോ, നിന്നിൽ തന്റെ ഇച്ഛ പ്രയോഗിക്കുന്നു. 105. അവൻ എല്ലാ നാഴി കയിലും നിനക്ക് നിദ്രാഭംഗം വരുത്തുന്നു. സ്വപ്നങ്ങളാലും മായാ ക്കാഴ്ചകളാലും അവൻ അതിന് ഭംഗം വരുത്തുന്നു. ദുഷ്ടചിന്തകളാൽ സംശുദ്ധതാസംബന്ധമായ നിന്റെ ജാഗ്രത അവൻ മലിനമാക്കുന്നു. 109. നിന്റെ സംശുദ്ധനിദ്രയെ ശിക്ഷണരഹിതസ്വപ്നങ്ങളാൽ അവൻ

www.malankaralibrary.com

വികലമാക്കുന്നു. നിന്റെ ശത്രുവായ സാത്താന്റെ മുമ്പിൽ, ശരീരമേ, നീ ഭയപ്പെടേണ്ട. 113. നിന്നെ അവൻ കൂടുതൽ വേഗത്തിൽ കീഴടക്കാതിരിക്കാൻ, വേഗത്തിൽ അവന് കീഴ്വഴങ്ങരുത്. നിന്നിൽ ഉറപ്പ് ദർശിച്ചാലല്ലാതെ സാത്താൻ കീഴ്വഴങ്ങുന്നില്ല. 117. നാം ഉറപ്പുള്ളവരായി കാണപ്പെട്ടാൽ അവൻ ബലഹീനനായി കീഴ്പ്പെടും. ഓ, ശരീരമേ, നിന്നെ ബോധ്യപ്പെടുത്തിയ സത്യം നിമിത്തം അഹങ്കരിക്കേണ്ട. 121. നിന്നെ സംരക്ഷിക്കുന്ന സത്യത്തെ സ്നേഹിക്കുക. നിന്നെ ലജ്ജിപ്പിക്കുന്ന അസത്യത്തെ വെറുക്കുക. തികച്ചും ദുഷിച്ച അയൽക്കാരനായ ദുഷ്ടനുമായുള്ള ചങ്ങാത്തം ഉപേക്ഷിക്കുക. 125. മാലാഖമാരുടെ നിരകൾ നിന്നെ ബഹുമാനിക്കാൻ, അവരുമായി രഹസ്യമായി ഉടമ്പടി ഉണ്ടാക്കുക. തന്നിലൂടെ നിന്നെ കടിഞ്ഞാണില്ലാത്തവനാക്കിയ സാത്താനുമായുള്ള മമത വെടിയുക. 129. ചവറുപോലെ അവനെ കരുതുക. തൂത്തുകൂട്ടിയ കരിയില പോലെ അവനെ ദൂരെയെറിയുക. ഒരു യജമാനനെപ്പോലെ നീ അവനെ സേവിക്കാനും അവന്റെ എല്ലാ താൽപ്പര്യങ്ങളും സാധിക്കാനും വേണ്ടി നിന്നോടു മുഖസ്തുതി പറയുന്ന മത്സരക്കാരന്റെ ദുർഗന്ധം നിന്നിൽ നിന്നകറ്റുക.

135. ഓ, ശരീരമേ, നിന്റെ ഭവനത്തിൽ നിന്ന് ദുഷ്ടനായ വാടകക്കാരനെ ദൂരെയകറ്റുക. 137. അവനെ നിന്റെ സമ്പാദ്യം കാണിക്കരുത്. കാരണം, അവൻ കൗശലക്കാരനും നിന്നെ കൊള്ളയടിക്കുന്നവനുമാണ്. നിന്റെ ഭവനത്തിനു ചുറ്റും ഒരുയർന്ന മതിൽ തീർക്കുക. വിശ്വാസം കൊണ്ട് അതിനെ ഉറപ്പിക്കുക. 141. ഓ, ശരീരമേ, നീ ഒരു കോട്ടയായിരിക്കുകയും സംഭരിച്ച് സംശുദ്ധത കൊണ്ട് അതിനെ നിറയ്ക്കുകയും ചെയ്യുക. പ്രാർഥനയാൽ സുസജ്ജരാക്കപ്പെട്ട ജാഗരൂകരായ കാവൽക്കാരെ വയ്ക്കുക. 145. ദൈവാശ്രയം എന്ന നമ്മുടെ ആയുധം കൊണ്ട് പോരാട്ടത്തിന് തയാറാകുക. പ്രാർഥന നിന്റെ വില്ലും നിന്റെ നിലവിളി നിന്റെ ആവനാഴിയും ആയിരിക്കട്ടെ. 149. സംശുദ്ധത എന്ന അമ്പുകൊണ്ട് പാപത്തെ എതിരിട്ട് കുത്തിത്തുളയ്ക്കുക. വിശ്വാസമാണ് വാൾ. അതുകൊണ്ട് ഇടത്തുവശം മുറിച്ചുമാറ്റുക. 153. വെടിപ്പ് കുന്തമുന പോലെയാണ്. ശപ്തനായ സാത്താനിൽ അത് തുളച്ചുകയറ്റുക. ദൈവസ്നേഹമാണ് അഗ്നി. പാപത്തെ അതുകൊണ്ട് കത്തിക്കുക. 157. ശരീരമേ, ശരീരമേ, നിന്നിൽ സാത്താൻ വസിക്കാൻ അനുവദിക്കരുത്. അവന്റെ മാലിന്യത്തിൽ നിന്നോ, അനീതിയിൽ നിന്നോ നിനക്ക് അവൻ മുഖസ്തുതി തന്നാൽ, അവന്റെ സമ്പാദ്യം അവന്റെ മുഖത്തെ

www.malankaralibrary.com

റിഞ്ഞ്, അവൻ തന്നതെല്ലാം തിരിച്ച് നൽകുക. 163. നാശവും രോഗവുമല്ലാതെ മറ്റൊന്നും നിനക്കു നൽകാൻ അവനു കഴിയില്ല. 165. അവന്റെ സമ്പാദ്യം അവകാശമാക്കുന്നവന് അവന്റെ അപമാനം എല്ലാ തലമുറകളിലും നിലനിൽക്കുന്നു. എന്നാൽ അവന്റെ വാഗ്ദാനങ്ങൾ നിന്ദിക്കുന്നവന്റെ വിജയം സൃഷ്ടിയിൽ പ്രകാശിതമാകുന്നു. 169. ശരീരമേ, സാത്താന്റെ ആകർഷകമായ മാരകവാക്കുകളെ നീ ഭയപ്പെടേണ്ട.

## സാത്താന്റെ വിജയിച്ചതും വിജയിക്കാത്തതുമായ പ്രവർത്തനങ്ങളുടെ ബിബ്ലിക്കൽ ദൃഷ്ടാന്തം

171. പറുദീസായിൽ കാതിലൂടെ അവൻ ഹവ്വായെ വശീകരിച്ചു. അവന്റെ മയക്കൽ മാരകവിഷമായിരുന്നു. 173. ഇതാ, എത്ര കയ്പ്പേറിയതായിരുന്നു അവന്റെ വശീകരണം! അതു കേൾക്കുന്നവന് ദുരിതം! സാംസൺ അതു കേട്ടതിനാൽ, അവന്റെ തല മുണ്ഡനം ചെയ്ത് അവർ അന്ധനാക്കി (ന്യായാ.14,19.21). 177. യൗസേപ്പ് അവനെ ശ്രവിക്കാഞ്ഞതിനാൽ, അവനെ അവൻ രാജകീയവാഹനത്തിൽ കാണുകയും ലജ്ജിക്കുകയും ചെയ്തു. ആഖാർ അവന്റെ വശീകരണത്തിൽ വീണതിനാൽ, ജനത്തിനു മുഴുവൻ ഒരു വലിയ പ്രതിബന്ധമായിത്തീർന്നു. 181. അവസാനം അവർ അവനെ കല്ലെറിയുകയും അവന്റെ ജഡത്തിന്മീതേ കൽക്കൂമ്പാരം കൂട്ടുകയും ചെയ്തു (ജോഷ്വാ, 7,26). തന്റെ ഭാര്യയിലൂടെ തന്നോടു തർക്കിച്ച സാത്താനെ ജോബ് ലജ്ജിപ്പിച്ചു. 185. വഞ്ചകനെ അവൻ ശ്രവിക്കാഞ്ഞതിനാൽ, അവന്റെ ജീവിതം ഇരട്ടിയായി. എന്നാൽ അവന്റെ പ്രലോഭനത്തിൽ വീണതിനാൽ, ഗേഹാസി തന്റെ അത്യാർത്തിയാൽ കുഷ്ഠരോഗിയായി.

189. ശൗൽ അവന്റെ മൃത്യുശപഥത്താൽ മലയിൽ വച്ച് കൊല്ലപ്പെട്ടു. സിമ്രി തന്റെ കാമാസക്തി നടപ്പാക്കിയതിനാൽ, അതേപ്രതി ഫിനെഹാസ് അവനെ കുത്തിത്തുളച്ചു. 193. ആഹാബ് അവന്റെ ഉപദേശം സ്വീകരിക്കുകയും അവനും ജസബേലും ഒരു മനുഷ്യനെ കൊല്ലുകയും ചെയ്തതിനാൽ, അവൻ കൊന്നതുപോലെ അവനും കൊല്ലപ്പെടുകയും നായ്ക്കൾ അവന്റെ രക്തം നക്കിക്കുടിക്കുകയും ചെയ്തു. 197. ഇന്ന് കുട്ടികൾക്കുപോലും സാത്താനെ പൂർണമായി മനസ്സിലാകുന്നവിധം ധരയിൽ സംഭവിക്കുന്ന നിരവധി ദുഷ്പ്രവൃത്തികളെപ്പറ്റി ഞാൻ എന്താണ് വിവരിക്കേണ്ടത്? 201. അവൻ ഗോല്യാത്തിനെ ഉപദേശിക്കുകയും അവൻ വീമ്പടിക്കുകയും ചെയ്തു.

www.malankaralibrary.com

അവനെ വഴിപിഴപ്പിച്ചശേഷം അവനെ വേദനയ്ക്കും ദുരിതത്തിനുമായി വിട്ടുകൊടുത്തു. തെറ്റാലിയിൽ നിന്ന് അവനെ അവൻ രക്ഷിച്ചുമില്ല. 204. പാറക്കല്ല് അവന്റെ അഹന്തയെ നിശ്ശബ്ദമാക്കി. 205. തന്റെ സഹോദരിയുടെ മുമ്പിൽ ലജ്ജാവിവശനാകാത്തവിധം അവൻ അമ്നോനിൽ കാമാർത്തി ആളിക്കത്തിച്ചു. അവൻ തന്റെ ഇച്ഛാപൂർത്തീകരണം നടത്തിക്കഴിഞ്ഞപ്പോൾ, അവന്റെ ഭീകരമരണത്തിൽ അവൻ അവന്റെ കൂടെ നിന്നില്ല (2രാജാ.13,29). 209. ഹനനിയായെയും അവന്റെ ഭാര്യയേയും അവൻ ഉപദേശിച്ചു. അവർ മോഷ്ടിക്കുകയും നുണ പറയുകയും ശിക്ഷാവിധി ഏൽക്കുകയും ചെയ്തു. ശെമയോൻ അവരെ ശാസിച്ചപ്പോൾ, അവൻ അവിടെ നിൽക്കാതെ വേഗത്തിൽ പറന്നുകളഞ്ഞു. 213. അവർ മോഷ്ടിച്ചത് അവരുടെ സ്വന്തമായിരുന്നു. അവർ മോഷ്ടിച്ചതിനാൽ, അതിന്റെ പേരിൽ അവർ മൃതരായി. ദുഷ്ടൻ അവരുടെകൂടെ ഉണ്ടായിരുന്നു. അവൻ അവരെ അതിനായി വശീകരിച്ചു. 217. എന്നാൽ മരണസമയം വന്നപ്പോൾ, അവരെ രക്ഷിക്കാൻ അവൻ നിന്നില്ല.

## എല്ലാവർക്കും ഒരേയൊരു ശരീരം

219. ഇതാ, ഓ, ശരീരമേ, സാത്താനെയും അവന്റെ തന്ത്രങ്ങളെയും മനസ്സിലാക്കുക. 221. വിനീതരാക്കപ്പെട്ട ഇവരെല്ലാവരോടും കൂടെ, ഓ, ശരീരമേ, നീ ആ സമയത്തുണ്ടായിരുന്നു. ഓ, ശരീരമേ, വിഷയലമ്പടനിലും അവനെ കൊന്ന ഫിനഹാസിലും നീ ഉണ്ടായിരുന്നു. 225. നീ ആഖാറിലും അവനെ കല്ലെറിഞ്ഞ ജനക്കൂട്ടത്തിലും ഉണ്ടായിരുന്നു. ഓ, ശരീരമേ, നീ ഗോലിയാത്തിലും അവനെ കൊന്നവനിലും ഉണ്ടായിരുന്നു. 229. ഓ, ശരീരമേ, നിന്നെയാണ് ദുഷ്ടൻ പാപത്തിലേക്ക് നയിച്ചത്. അതുപോലെ നീയാണ് അവനെ ലജ്ജിപ്പിച്ചതും. ശരീരമേ, നീ പ്രവാചകരിലും അവരെ കൊന്നവരിലും ഉണ്ടായിരുന്നു. 233. ശരീരമേ, നീ ശ്ലീഹന്മാരിലും അവരെ കല്ലെറിഞ്ഞവരിലും ഉണ്ടായിരുന്നു. ശരീരമേ, നീ ആരാധിക്കുന്നവരിലും തള്ളിപ്പറയുന്നവരിലുമുണ്ട്. 237. ശരീരമേ, നീ കടക്കാരിലും കടമില്ലാത്തവരിലുമുണ്ട്. ശരീരമേ, നീ വെടിപ്പുള്ളവരിലും കാമഭ്രാന്തരിലുമുണ്ട്. 241. ശരീരമേ, സംശുദ്ധരും അഴിഞ്ഞാട്ടക്കാരും വസ്ത്രംപോലെ നിന്നെ ധരിക്കുന്നു. ശരീരമേ, ദുഷ്ടരും ശിഷ്ടരും വസ്ത്രംപോലെ നിന്നെ ധരിക്കുന്നു. 245. ശരീരമേ, ക്രിസ്തുവിന്റെ പന്ത്രണ്ടുപേരിൽ നീയുണ്ടായിരുന്നു. നിന്റെ ഒരു ഭാഗം ക്രിസ്തുവിനെ സ്നേഹിച്ചു, മറ്റൊരുഭാഗം ഏകജാതനെ കൊന്നു. 249.

www.malankaralibrary.com

നിന്റെ ഒരു ഭാഗം അവന്റെ മാർവിൽ ചാരിക്കിടന്നു, മറ്റൊരുഭാഗം തന്റെ ദൈവത്തെ വിലയ്ക്കു വിറ്റു. നിന്നിൽ ശെമയോൻ അനുഗ്രഹം പ്രാപിച്ചു, യോഹന്നാൻ സൗഭാഗ്യസ്തുതികളുടെ സൗഭാഗ്യസ്തുതി നേടി.

253. യൂദാസ് നിന്നിൽ കയറും ഗേഹന്നായും സ്വീകരിച്ചു. ഏറ്റുപറഞ്ഞവനും തള്ളിപ്പറഞ്ഞവനും എന്ന രണ്ടു കള്ളന്മാരിൽ ശരീരമേ, നീയുണ്ടായിരുന്നു. 257. നിന്റെ ഒരുഭാഗം പറുദീസായിലേക്കു പോയി, മറ്റേ ഭാഗം കുരിശിൽ തറച്ചവരോടൊപ്പം നിലനിന്നു. ഓ, ശരീരമേ, നിന്റെ സൗന്ദര്യത്തെപ്പറ്റി എനിക്ക് എത്രമാത്രം വിവരിക്കാൻ കഴിയും! നിന്റെ അധഃപതനത്തെപ്പറ്റി എത്രമാത്രം പറയാൻ കഴിയും! 261. കാരണം, നിന്നിൽ നിന്ന് രണ്ടും ഉടലെടുക്കുന്നു: അധഃപതനവും ഉയർച്ചയും. രണ്ടിലും നീയാണ് ഏകശരീരം: കർതൃത്വത്തിലും അടിമത്തത്തിലും. 265. ശരീരം ശരീരത്തെ സേവിക്കുന്നു; സേവിക്കപ്പെടുകയും സേവിക്കുകയും ചെയ്യുന്നു. കർത്താവിന്റേതായി തീർന്ന ശരീരമാണ് ദാസന്റെയും ശരീരം. 269. രാജാവായിത്തീർന്ന ശരീരം യാചകനുമായിത്തീരുന്നു. ദരിദ്രന്റെയും ശക്തന്റെയും അവയവങ്ങൾക്ക് മാറ്റമില്ല. ധനികന്റെയും ആവശ്യക്കാരന്റെയും സന്ധികൾക്ക് വ്യത്യാസമില്ല. 275. അടിമയ്ക്കും സ്വതന്ത്രനും സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നു. 277. ദരിദ്രൻ സന്തോഷിക്കുമ്പോൾ, ധനികനെപ്പോലെ അവൻ സുന്ദരനാണ്. സുഖസമൃദ്ധിയുള്ളവനും ബലഹീനനും ദുരിതം അനുഭവിക്കുന്നത് ഒരേയൊരു ശരീരത്തിലാണ്.

281. ന്യായാധിപനും വിധിക്കപ്പെടുന്നവനും ഒരേയൊരു ശരീരമാണ്. പീഡിപ്പിക്കുന്നവനും പീഡയനുഭവിക്കുന്നവനും കൊലപാതകിക്കും കൊല്ലപ്പെടുന്നവനും ഒരേ രക്തവും മാംസവും, നിറവ്യത്യാസം അവഗണിച്ചാൽ, ഒരേ ശാരീരികരൂപവുമാണ്. കടക്കാരനും കടം കൊടുത്തവനും, വായ്പ കൊടുക്കുന്നവനും വായ്പ വാങ്ങുന്നവനും, അധ്വാനിക്കുന്നവനും അലസനും, ഒരുപോലെ ഒന്നിച്ചുചേർന്ന ശരീരമാണ്. ശരീരമേ, നിന്റെ കാഴ്ച ശക്തിമത്താണ്. നിന്റെ പെരുമാറ്റത്തെപ്പറ്റി എത്ര വലുതായി ഞങ്ങൾ പറയണം! ഒരു ശരീരം മറ്റൊരു ശരീരത്തെ വിധിക്കുന്നു. ഒന്ന് പീഡിപ്പിക്കുന്നു, മറ്റൊന്ന് പീഡ സഹിക്കുന്നു. ഒന്ന് മറ്റൊന്നിനെ കുരിശിൽ തറയ്ക്കുന്നു. ശരീരം അതിനെത്തന്നെ കൊള്ളയടിച്ച് കവർച്ച ചെയ്യുന്നു. 297. അത് അതിനെത്തന്നെ കത്തിക്കരിച്ച് മുദ്രകുത്തുന്നു, വിലങ്ങുവച്ച് കാരാഗൃഹത്തിലാക്കുന്നു. അതിനെത്തന്നെ പീഡിപ്പിക്കുന്നു. ഒരവയവം മറ്റൊന്നിനെതിരെ വാളെടുത്ത് അതിനെ വെട്ടിമാറ്റുന്നു. 301. ന്യായാധിപനും പീഡനയന്ത്ര

www.malankaralibrary.com

പ്രവർത്തകദാസനും കള്ളനും ഒരേയൊരു ശരീരം മാത്രമാണ്. ഒരു ശരീരം മറ്റൊരു ശരീരത്തെ വേദനിപ്പിക്കുന്നു; ഒരു ശരീരത്താൽ മറ്റൊരു ശരീരം നശിക്കുന്നു.

305. രഥത്തിലെ ശരീരം പോലെയാണ് ചാണകക്കൂനയിലെ ശരീരം. സാഷ്ടാംഗപ്രണാമം ചെയ്യുന്നവന്റെ ശരീരവും ആരുടെ മുമ്പിൽ പ്രണാമം ചെയ്യുന്നുവോ അവന്റെ ശരീരവും ഒരേ ശരീരമാണ്. 309. ധിക്കാരിക്കും അവനെ കുറ്റപ്പെടുത്തുന്നവനും ഒരേയൊരു ശരീരം. ശരീരം പൂഴിയിൽ ഇരിക്കുന്നു, അതുപോലെയുള്ള ശരീരം രാജകീയ വാഹനത്തിൽ ഇരിക്കുന്നു. 313. ശരീരമേ, നിന്നിൽ നിന്നാണ് കൽപ്പിക്കുന്നവനും അനുസരിക്കേണ്ടവനും. രാജാവിനും കർഷകനും ഒരേ രക്തവും മാംസവും അവയവങ്ങളുമാണ്. 317. പൂന്തോട്ടക്കാരനും രാജപ്രതിനിധിയും ആദാമിൽ നിന്നുള്ള സഹോദരങ്ങളാണ്. സ്നാനത്തിലും സഭയിലും ശരീരമേ, നിനക്ക് ഒരേ ബഹുമാനം നൽകുന്നവൻ വാഴ്ത്തപ്പെട്ടവനാകട്ടെ. 321. കാരണം, സമസ്തശരീരങ്ങളും സ്വീകരിക്കുന്നത് ഒരേയൊരു സ്നാനവും പാപമോചനവും മാത്രമാണ്.

# 6

# സീനായ് കോഡക്സ്-6

## ശാരീരികശിക്ഷണം സംബന്ധിച്ച് മറ്റൊരു പ്രസംഗം

1. ഓ, തന്ത്രപൂർവം അധ്വാനിക്കുന്ന നീ, ഈ ജീവിതത്തിൽ നിന്റെ ഹൃദയത്തെ നേരേചൊവ്വേ ആക്കുക. കാരണം, മരിച്ചവരുടെ ഉത്ഥാനത്തിൽ കൗശലങ്ങൾ ആവശ്യമില്ല. കൗശലങ്ങളും തന്ത്രങ്ങളും പാതാളത്തിൽ എന്തിനാണാവശ്യം? കിരീടങ്ങളും അധികാരങ്ങളും മാറിമറഞ്ഞുപോകുന്നതിനാൽ, സൂത്രശാലി ആയിരിക്കുന്നതിനേക്കാൾ ഭേദം വിവേകവതിയായിരിക്കുന്നതാണ്. കൗശലക്കാരൻ ആയിരിക്കുന്നതിനേക്കാൾ ഋജുമാനസ്സനായിരിക്കുന്നതാണ് മെച്ചം. 2. സൂത്രക്കാരനെയല്ല മനുഷ്യർ പ്രകീർത്തിക്കുന്നത്. ബുദ്ധിമാന്മാരാണ് കീർത്തി നേടുന്നത്. അപവാദം പറച്ചിലിൽ ഉള്ളത് ചീത്തസംഗതികൾ നിറഞ്ഞ ആവനാഴിയാണ്. അത് പാമ്പിനെപ്പോലെ എല്ലാ വളവുതിരിവുകളിലും എല്ലാ നാഴികയിലും ചുരുണ്ടുകൂടുന്നു. സത്യവാന്റെ വിജ്ഞാനത്തെ ലാളിത്യം അലങ്കരിക്കുന്നു. എല്ലാറ്റിലും കർത്താവിനെ പ്രസാദിപ്പി

www.malankaralibrary.com

ക്കുക എന്ന ഏകകാര്യം മാത്രമാണ് അവന്റെ ചിന്ത. 3. കുടിലദുഷ്ടനിൽ നിന്ന് കഴിയുന്നിടത്തോളം അകന്നുകഴിയുക. അപവാദം പറയുന്ന അവൻ പുഞ്ചിരിച്ചുകൊണ്ട് നിന്നെ തല്ലുന്നു. സന്തോഷപൂർവം നിന്റെ നേർക്ക് ധൃതിപ്പെട്ട് വരുന്നു. ശൂന്യതയെ സ്നേഹിക്കുന്നവനെ അന്വേഷിക്കാൻ ആഗ്രഹിച്ചാൽ, സത്യത്തെപ്രതി ഉത്കണ്ഠപ്പെടുന്നിടത്ത് അവനെ തേടേണ്ട. പോയി അവനെ തേടുക. താൻ കരുതലുള്ളവനാണെന്ന് നിന്നെ ഗ്രഹിപ്പിക്കാൻ ശാരീരികേന്ദ്രിയങ്ങളുടെ കാര്യങ്ങളെപ്പറ്റി അടക്കം പറയുന്നവനാണ് അവനെന്ന് നീ കണ്ടെത്തും.

4. അവൻ നിന്നോട് കാട്ടുന്നത് പ്രവൃത്തി കൊണ്ടല്ല, വെറും വാക്കുകൾ കൊണ്ടുള്ള താൽപ്പര്യമാണ്. അവന്റെ വായ് വെറുതെ മുഖസ്തുതി പറയുന്നു. ഫലരഹിതമായ ചില്ലകളാണ് അവന്റെ വാക്കുകൾ. അവൻ സംസാരിക്കുന്നു, എന്നാൽ ഒന്നും ചെയ്യുന്നില്ല. വാക്കുകൾ കൊണ്ട് എന്തുകാര്യം? കുടിലൻ തിരക്കുന്നു, തന്റെ പ്രവൃത്തികളിൽ നിന്ദ്യനാണെങ്കിലും, പ്രശംസിക്കപ്പെടാനായി തന്റെ ജീവിതചര്യകളെ അവൻ പൊക്കിപ്പറയുന്നു. 5. വളരെ കുറച്ച് പ്രേരണയാലും വളരെയധികം മുഖസ്തുതിയാലും അതിലും കൂടുതൽ വ്യർഥാഭിമാനത്തിനുള്ള അപേക്ഷയാലും രഹസ്യമായും ബലം പ്രയോഗിച്ചും അധികാരത്തിനായി അവൻ യത്നിക്കുന്നു. എന്തെങ്കിലും ഒരു ബഹുമാനസ്ഥാനം വിഡ്ഢിക്ക് വലിയ നേട്ടമാണ്. അൽപ്പം അധികാരം അഹങ്കാരിക്ക് വലിയ സംഗതി തന്നെ. ബഹുമാനവുമായും പ്രശസ്തിയുമായും, അധികാരവുമായും കൽപ്പിക്കുന്നതുമായും ബന്ധപ്പെട്ട സകലതും തനിക്ക് അനുകൂലമാക്കാൻ അവൻ തള്ളിക്കയറുന്നു. 6. അവൻ വ്യർഥാഭിമാനപ്രിയനാണ്. താൻ പ്രത്യക്ഷത്തിൽ വരാനായി എങ്ങനെ, എപ്പോൾ ബഹിഷ്ക്കരിക്കണമെന്നും താൻ വിശ്വസിക്കാവുന്നവനാണെന്ന് എങ്ങനെ അഥവാ എന്തിലൂടെ ബോധ്യപ്പെടുത്താൻ കഴിയുമെന്നും അവന്റെ ഹൃദയം നിരന്തരം ആലോചിക്കുന്നു. അധികാരമുള്ളവനെ അവനറിയാം. അവനോട് അവൻ നിരന്തരം മുഖസ്തുതി പറയുന്നു. കഴമ്പില്ലാത്തവൻ ആരാണെന്ന് അവനറിയാം. അവനെതിരെ അവൻ നിരന്തരം ഉയരുന്നു.

7. കർക്കശക്കാരൻ ആരാണെന്ന് അവനറിയാം. മുഖസ്തുതി പറഞ്ഞ് അവനോട് അടുക്കുന്നു. ശിക്ഷണമുള്ളവനെ അവനറിയാം. അവന്റെ മുമ്പിൽ അവൻ തന്റെ വായ് മധുരമുള്ളതാക്കുന്നു. ശാന്തശീലനെ അവനറിയാം. അവനെ അവൻ നിന്ദിക്കുന്നു. നിഗൂഢമായി അവനെ

www.malankaralibrary.com

തിരെ അപവാദം പറയുന്നു. അവൻ കരുതലുള്ളവനല്ല. ബുദ്ധിമാനെ അവനറിയാം, അവനെ അവൻ വളരെ നിന്ദിക്കുന്നു. അവനെതിരെ ചെല്ലുമ്പോൾ, അവനെപ്പറ്റി അവൻ മന്ത്രിക്കുന്നു. 8. അവനെ ശ്രദ്ധിക്കാത്തവനെ പ്രയോജനരഹിതൻ എന്ന് അവൻ വിളിക്കുന്നു. തന്നേപ്പോലെയുള്ളവൻ തന്നെ കടത്തിവെട്ടാതിരിക്കാൻ അവൻ അസൂയാലുവാണ്. എല്ലാത്തരത്തിലും ശാരീരികമായവയാണ് അവന്റെ ചെയ്തികൾ. ശാരീരികരെ തുല്യരാക്കുന്നതും വ്യർഥാഭിമാനത്തെ സ്നേഹിക്കാൻ വേണ്ടതു ചെയ്യുന്നതും ആത്മീയരിൽ നിന്ന് അകന്നിരിക്കട്ടെ. മിതമായിരിക്കുന്നതാണ് ആത്മീയർക്കു നല്ലത്. 9. അവനെ വിശ്വസിച്ച് ഏൽപ്പിച്ചതിൽ അവൻ നന്നായി ശ്രദ്ധചെലുത്തണം. രഹസ്യങ്ങളിൽ നിന്ന് അകന്നിരിക്കുന്നതും ദുഷ്ടതയിൽ നിന്ന് ഓടിപ്പോകുന്നതും മേലാളായിത്തീർന്ന ബുദ്ധിമാന് ചേർന്നതാണ്. ഈ ലോകം ഒരു മേഘമാണ്. അതിനെ നീലാകാശം ദൂരെ നീക്കുന്നു. ദൃശ്യമായവയെല്ലാം കടന്നുപോകും. തന്റെ ശ്രദ്ധ ദൈവമായിരിക്കുന്ന സത്യക്രിസ്ത്യാനി ഭാഗ്യവാൻ.

# 7

# സീനായ് കോഡക്സ്–7

## ശിക്ഷണവും പ്രാർഥനയും സംബന്ധിച്ച്

### പ്രാർഥനാമനുഷ്യനായ ദാവീദ്

1. ഉന്നതത്തിൽനിന്ന് കാരുണ്യം താഴേക്കൊഴുകുന്നു. നമുക്ക് ഉന്നതത്തിലേക്ക് നോക്കാം. സ്വർഗാധിസ്വർഗത്തിൽ നിന്ന് രക്ഷ വരുന്നു. സ്വർഗത്തിൽ വസിക്കുന്നവന് നമുക്ക് നന്ദിപറയാം. 5. ദാവീദ് തന്റെ സങ്കീർത്തനത്തിൽ ഒരു പ്രാർഥനാവചനം ഉച്ചരിച്ചു: "സ്വർഗത്തിൽ വസിക്കുന്നവനേ, നിന്റെ പക്കലേക്ക് ഞാൻ എന്റെ കണ്ണുകൾ ഉയർത്തുന്നു" (സങ്കീ.72,1). 9. നാമും അവനെപ്പലെ വിനീതരാകാൻ, അവൻ തന്നെത്തന്നെ വിനീതനാക്കി: "ദാസരുടെ കണ്ണുകൾ യജമാനന്മാരുടെ നേർക്കു സദാ തിരിഞ്ഞിരിക്കുന്നതുപോലെ." അതുവഴി സ്വയം ദുഃഖിതനാകാൻ, തന്റെ യജമാനൻ ദുഃഖിതനാണോ എന്ന്

www.malankaralibrary.com

കാണുന്നതിനും, തന്റെ യജമാനൻ സന്തുഷ്ടനാകുമ്പോൾ, സന്തോഷിക്കാനുമായിട്ടാണത്. 17. മേൽപ്പറഞ്ഞതുപോലൊരു വാചകം ഒരിക്കൽ കൂടി ദാവീദ് പറഞ്ഞു: "ദാസിയുടെ കണ്ണുകൾ നാഥയുടെ നേർക്ക് സദാ തിരിഞ്ഞിരിക്കുന്നതുപോലെ." യജമാനത്തി സന്തുഷ്ടയാണെങ്കിൽ, അവൾ സന്തോഷപൂർവം അവളുടെ മുമ്പിൽ കടന്നുചെല്ലുന്നു. എന്നാൽ അവൾ ദുഃഖിതയായി കാണപ്പെട്ടാൽ, ദാസി ഭയന്ന് മാറിക്കളയുന്നു. അവളുടെ ദുഃഖഭാവദർശനത്തിൽ അവളുടെ ക്രോധത്തിനു മുമ്പിൽ അവൾ ഭയവിഹ്വലയാകുന്നു. "അതുപോലെ, ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് തിരിഞ്ഞിരിക്കുന്നു."

29. നീ കോപിച്ചിരിക്കുന്നു എന്നു കാണുകയാൽ, "നീ ഞങ്ങളോട് കരുണ കാണിക്കുന്നതുവരെ" നിന്റെ മുമ്പിൽ സന്തോഷിക്കാനും ആനന്ദിക്കാനും എനിക്കാവില്ല എന്ന് ദാവീദ് പറയുന്നു. 33. ദാവീദിന്റെ ഈ വാക്കുകൾ തൂക്കിനോക്കി, ധ്യാനിച്ചു പ്രാർഥിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു: "ദൈവമേ, ഞങ്ങളോട് കരുണ കാണിക്കണമെ; കർത്താവേ, നീ ഞങ്ങളോട് കരുണ കാണിക്കണമെ." 37. ദൈവഹിതാനുസൃതം പ്രാർഥിക്കാൻ ഞങ്ങൾ ഗ്രഹിക്കാഞ്ഞതിനാൽ, നിന്നോട് പ്രാർഥിക്കാൻ ദാവീദിലൂടെ പരിശുദ്ധാത്മാവ് ഞങ്ങളെ പഠിപ്പിച്ചു. 41. അതുകൊണ്ട്, എന്റെ സഹോദരരും ശ്രോതാക്കളുമേ, നമുക്ക് ദാവീദിന്റെ ശിഷ്യരാകാം! ദാവീദ് നമ്മെ പരിശീലിപ്പിക്കാതിരിക്കുകയും നാം അവന്റെ പാഠശാലയിൽ പോകാതിരിക്കുകയും ചെയ്താൽ, എല്ലാ പ്രവാചകന്മാരും ശ്ലീഹന്മാരും നമ്മെ പ്രേരിപ്പിക്കാൻ അണിനിരന്നു നിൽക്കുന്നു.

## ഇക്കാലത്തെ ദുരിതത്തിൽ സഭാപരമായ പ്രാർഥന

47. ക്രോധദണ്ഡ് നിമിത്തം ഈ നാശകാലത്ത്, ശിക്ഷിക്കുന്നയാൾ വീണ്ടും പുഞ്ചിരിക്കുന്നതുവരെ, നമുക്കെല്ലാം ദുഃഖമാചരിക്കാം. ക്രോധവിധി നമ്മെ കടന്നുപോകുന്നതുവരെ നമുക്ക് ഉള്ളുതുറന്ന് ചിരിക്കാതിരിക്കാം. 53. ഉന്നതത്തിൽ ആരൂഢനായിരിക്കുന്ന ഉന്നതന്റെ മുമ്പിൽ ശുദ്ധപ്രാർഥനയിൽ നിലകൊള്ളാം. അവിടുന്ന് ആഴത്തിലേക്ക് നോക്കുമ്പോൾ, നമ്മെ നോക്കുന്ന അവിടുത്തെ മുമ്പിൽ നമുക്ക് ഭയക്കാം. 57. തന്റെ വിശുദ്ധസ്ഥലത്ത് ഒന്നിച്ചു വന്ന്, ഉറക്കംതൂങ്ങികളായി കാണപ്പെടുന്നതിന് നാം ആഗ്രഹിക്കുന്നില്ല. കാരണം, ഉറക്കംതൂങ്ങികളിൽ അവൻ പ്രസാദിക്കുന്നില്ല. പിന്നെയോ, ബലഹീനരിൽ അവൻ പ്രസാദിക്കുന്നു. അവർ അവന് പ്രിയംകരരാണ്.

www.malankaralibrary.com

## പരസ്യപ്രാർഥനയും കലഹവും

61. പ്രാർഥനയ്ക്കായി നിശ്ചയിക്കപ്പെട്ട ദിവസത്തിൽ പ്രാർഥനയ്ക്ക് കുറവു വരുത്തരുത്. പ്രാർഥന ഉപേക്ഷിച്ച് കലഹത്തിനായി ചന്തസ്ഥലത്തേക്കു പോകരുത്. 65. നിന്നോട് കലഹിക്കാൻ നിനക്കെതിരെ വരുന്നവനോട് തന്ത്രപൂർവം പെരുമാറി അവനെ നിശ്ശബ്ദനാക്കുക. "പ്രാർഥന ക്രമീകരിച്ചിരിക്കുന്നു, വാഗ്ദാനം നിറവേറ്റുക ഉചിതമാണ്" എന്ന് അവനോട് പറയുക. 69. പ്രാർഥനയും കലഹവും ഒന്നിച്ചു പോകുമോ, ഇവ പരസ്പരം ബന്ധിതമാണോ എന്ന് ഞാൻ ചോദിച്ചു പോകുകയാണ്. അപേക്ഷയും വ്യാജവും ഒന്നിച്ചവന്നാൽ അത് കേൾക്കപ്പെടുക അതിശയകരം തന്നെ. 73. ഉപവാസവും ഒച്ചബഹളങ്ങളും ഒന്നിച്ചുപോകുന്നെങ്കിൽ, വളരെ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. സംശുദ്ധതയും അഴിഞ്ഞാട്ടവും പരസ്പരബന്ധിതമായി കേട്ടിട്ടില്ല. 77. വിവേകീ, ഇരുമാനസ്സപ്രാർഥന നല്ലതല്ല. നമ്മുടെ ഒരു ഭാഗം ദേവാലയത്തിലും മറ്റൊരുഭാഗം ചന്തസ്ഥലത്തും ആയിരിക്കുന്നത് ഉചിതമല്ല. 81. ഹൃദയങ്ങൾ പരിശോധിക്കുന്നവനെ ആർക്കു വഞ്ചിക്കാനാകും? നിഗൂഢരഹസ്യങ്ങൾ അറിയുന്നവനിൽനിന്ന് ആർക്ക് തന്റെ ചിന്തകൾ മറച്ചുവയ്ക്കാൻ കഴിയും? 85. നല്ലതും ചീത്തയും ചിന്തിച്ചിട്ട്, ആരും അറിയുന്നില്ലെന്ന് ആരാണ് കരുതുക? പ്രാർഥിച്ചിട്ട്, കലഹിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നത് വിഡ്ഢിയുടെ പ്രവൃത്തിയാണ്. 71. കലഹിച്ചിട്ട്, പ്രാർഥിക്കാൻ കടന്നുചെല്ലുന്നത് ബുദ്ധിരഹിതമനുഷ്യരുടെ പ്രവൃത്തിയാണ്. നിന്റെ കലഹപ്രിയംവഴി നിനക്ക് നഷ്ടം വരുത്തുകയും നിന്റെ പ്രാർഥന കുറ്റകരമാകുകയും ചെയ്യാതിരിക്കാൻ, നീ ചെയ്യേണ്ടത് എന്താണെന്ന്, നിനക്ക് ഇഷ്ടമുണ്ടെങ്കിൽ, ഞാൻ ഉപദേശിച്ചുതരാം. 95. നിനക്ക് പ്രയോജനകരമായത് നീ ചെയ്യുമെങ്കിൽ, ഞാൻ പറയുന്നത് തെരഞ്ഞെടുക്കുക. ദൈവത്തോട് പ്രാർഥിക്കണമെന്ന് തോന്നുമ്പോൾ, നിന്റെ വീട് മുതൽ ഒന്നിച്ചുള്ള പ്രാർഥനയുടെ സ്ഥലം വരെ ഇതായിരിക്കണം യാത്രയിൽ ചെയ്യേണ്ടത്: അപേക്ഷയുടെയും പ്രാർഥനയുടെയും ഭവനത്തിലേക്കുള്ള ആ യാത്രാസമയം നിന്റെ കൂട്ടുകാരുമൊത്ത് അലസഭാഷണം നടത്തരുത്. തുടക്കം മുതൽ ഒടുക്കംവരെ നിന്റെ പ്രാർഥനകൾ കൊണ്ട് അവിടുത്തെ ബഹുമാനിക്കുക. നീ അപേക്ഷകൾ സമർപ്പിക്കുമ്പോൾ, ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കരുത്.

www.malankaralibrary.com

## പ്രാർഥനയിലും ദൈവശുശ്രൂഷയിലും വേണ്ട ഏകാഗ്രത

109. പള്ളിയുടെ വിശുദ്ധ സ്ഥലത്ത് നിന്റെ അന്തരംഗം അശുദ്ധമായിരിക്കരുത്. തിരുലിഖിതം തുറക്കപ്പെടുമ്പോൾ, നിന്റെ കാത് കോലാഹലത്തിൽ ശ്രദ്ധിക്കരുത്. 113. നിന്റെ അന്തരംഗത്തോടൊപ്പം നിന്റെ കാത് കൂർപ്പിച്ച് പ്രവാചകശബ്ദം കേൾക്കുക. നിന്റെ ചിന്തയോടൊപ്പം നിന്റെ നോട്ടം ശ്ലീഹന്മാരിൽ ഉറപ്പിക്കുക. 117. നിന്റെ കർത്താവിന്റെ സദ്വാർത്ത ശ്രവിക്കാൻ അരകെട്ടി ശക്തനാകുക. സത്യത്തിന്റെ സുവിശേഷം അശ്രദ്ധമായി കേൾക്കരുത്. 121. കാരണം, അവിടുത്തെ തിരുമുമ്പിൽ നീ ഉറക്കത്തിലാണെങ്കിൽ, ഫലരഹിതമായി അതു നിന്നെ പറഞ്ഞുവിടും. ഇതു ശ്രദ്ധിക്കുക: നിന്റെ വയലിൽ കൊയ്യുന്ന ഒരു വേലക്കാരൻ അലസനായിരുന്നാൽ, അവനെ നീ മടിയനായി കണക്കാക്കും. അവൻ കൂലി വാങ്ങാൻ വരുന്ന സമയം, നിന്നെ സംതൃപ്തനാക്കിയ അധ്വാനശീലനെപ്പോലെ നീ അവന് നന്ദി പറയുകയില്ല. 129. വിശ്വാസികളായ എല്ലാ മക്കളും ദൈവശുശ്രൂഷകരാണ്. പ്രാർഥനയ്ക്ക് കടന്നുവരുന്നവരെല്ലാം തന്റെ കർത്താവിന്റെ വയലിലേക്കാണ് പോകുന്നത്.

133. കാരണം, അപേക്ഷകൾ ഫലങ്ങൾ വഹിക്കുന്നു. അവഗണന കൊണ്ട് അവിടുത്തെ ഫലങ്ങൾ നഷ്ടപ്പെടുത്തരുത്. വെടിപ്പുള്ള പ്രാർഥന നടത്തുന്നവൻ അതിന്റെ ഫലം പറിച്ചെടുക്കുന്നു. 137. എന്നാൽ പ്രാർഥനയിൽ ശ്രദ്ധിക്കാത്തവന് അവിടുത്തെ ഫലങ്ങളിൽ ഭാഗഭാഗിത്വമില്ല. അതുകൊണ്ട്, ശീലമെന്ന നിലയിൽ ചടങ്ങായി വായ്കൊണ്ട് മാത്രം പ്രാർഥിച്ചാൽ പോരായെന്ന് കാണുക. 141. പ്രാർഥിക്കുക എന്നതും, എന്താണ് പ്രാർഥിക്കുന്നതെന്ന് അറിയുന്നതും വളരെ ആവശ്യമാണ്. നീതിമാന്മാരുടെ പ്രാർഥനയ്ക്ക് ശക്തിയുണ്ട്. 145. പ്രത്യേകിച്ച്, ക്രോധവിധിയിൽ പ്രാർഥന വിജയിയാണ്. തന്റെ രോഗാവസ്ഥയിൽ രോഗി മുഴുഹൃദയത്തോടെ സഹായവും ആരോഗ്യവും തേടുന്നു. തന്റെ സഹായകർക്ക് വഴങ്ങിക്കൊടുക്കുകയും ചെയ്യുന്നു. 151. അപ്പോൾ എത്രയധികമായി നമ്മുടെ പാപരോഗങ്ങൾക്കുവേണ്ടി ഉള്ളുരുകി പ്രാർഥിക്കേണ്ടിയിരിക്കുന്നു. 155. കാരണം, നമുക്ക് രണ്ടിനും വിടുതലും രക്ഷയും ആവശ്യമാണ്. 157. പ്രാർഥനയുടെ ശക്തി വലുതാണ്. അതുകൊണ്ട് നാം നമ്മുടെ പ്രാർഥന അവഗണിക്കരുത്. അപേക്ഷ ഫലം പുറപ്പെടുവിക്കുന്നു. ലാഘവബുദ്ധിയോടെ അതിനെ കരുതരുത്.

www.malankaralibrary.com

## പ്രാർത്ഥനയും പ്രവൃത്തിയും

161. അലസത അനുവദിക്കുമെങ്കിൽ, നമുക്ക് പ്രാർത്ഥനയെപ്പറ്റി സംസാരിക്കാം. അതു നമ്മെ ശല്യപ്പെടുത്തുന്നില്ല. അതുകൊണ്ട്, അതിനെ വിജയപ്രദമാക്കാം. 165. നമ്മുടെ ജോലിക്ക് തടസ്സം വരുത്തുന്ന ഈ തടസ്സം എന്തിനെന്ന് ഒരുപക്ഷേ നമ്മുടെ കൂട്ടത്തിൽ ആരെങ്കിലും കുറ്റപ്പെടുത്തി ചോദിച്ചേക്കാം. 169. സദാ കുറ്റം കണ്ടുപിടിക്കുന്നവൻ കാണപ്പെടുന്നെങ്കിൽ, തനിക്ക് ഇഷ്ടമുള്ളത്രയും കേട്ടിട്ട് ഇറങ്ങിപ്പോകട്ടെ. തനിക്ക് നമ്മുടെ സന്തുഷ്ടിയുടെ രുചി ഇഷ്ടപ്പെടുന്നില്ലെന്ന് നമ്മെ കാണിക്കുന്നത് മതിയാകും. 173. എന്റെ സഹോദരരേ, കടന്നുപോകുന്ന ശാരീരിക കാര്യങ്ങളിൽ ചിലത് കാണപ്പെടാതിരിക്കുകയും നമ്മുടെ ആത്മാവിന് പ്രയോജനകരമായ ആത്മീയകാര്യത്തിന് മേൽക്കോയ്മ ഉണ്ടായിരിക്കുകയും വേണം. 177. ശാരീരികമായത് ഉയർത്തപ്പെടാതിരിക്കാൻ, ആത്മീയമായത് സഹായിക്കുന്നു. നിലങ്ങൾക്ക് ഓർഡർ കൊടുക്കുന്നു. നിങ്ങളുടെ ആത്മാക്കളെ അവഗണിക്കരുത്. 181. കാരണം, ആത്മാക്കൾക്ക് ഓർഡർ കൊടുത്താൽ, നിലങ്ങളും തരിശായി കിടക്കുകയില്ല. നമുക്ക് പോഷണം ആവശ്യമാണെന്ന് നമുക്കറിയാം.

185. എന്നാൽ സൃഷ്ടികളെ പരിപാലിക്കുന്ന ഒരാളുണ്ടെന്ന് നാം കൂടുതലായി അറിയണം. ദൈവത്വത്തിന്റെ സഹായമെന്യേ കർഷകർക്ക് എങ്ങനെ നിലം ഓർഡർ ചെയ്യാനാകും? 189. നിങ്ങളുടെ വിളകൾ വളർത്തുന്നവനില്ലാതെ നിങ്ങളുടെ കർഷകർക്ക് കഴിവുണ്ടായിരിക്കുകയില്ല. നിങ്ങൾക്ക് ശാരീരികാരോഗ്യം ഇല്ലെങ്കിൽ, നിങ്ങളുടെ കലപ്പകൾ പ്രയോജനപ്പെടുന്നില്ല. 193. പ്രാർത്ഥനാരൂപി ഇല്ലെങ്കിൽ, നിങ്ങളുടെ വിളകൾ ജലപാനം കാണുകയില്ല. സഹായാപേക്ഷ ഇല്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ വിളകൾ കൊയ്യുകയില്ല. 197. നമ്മുടെ സ്രഷ്ടാവ് കാരുണ്യം കാണിച്ചില്ലെങ്കിൽ, സമ്പാദ്യത്തിന് നിലനിൽപ്പില്ല. നിങ്ങളുടെ മെതിക്കളം ചൂടുകാലത്തിനും തണുപ്പുകാലത്തിനും ആവശ്യമായവ സംതൃപ്തികൊണ്ട് നിറയ്ക്കുന്നതിന് പ്രാർത്ഥനയിൽ അധ്വാനിക്കുക. പ്രാർത്ഥനയിലൂടെ പണിപ്പെടുക. കാരണം, തണുപ്പുകാലത്തും ചൂടുകാലത്തും നമുക്ക് സഹായാപേക്ഷ ആവശ്യമാണ്. 205. മഴയും മഞ്ഞും ലഭിക്കുന്നതിന്, പ്രാർത്ഥനയ്ക്കായി തണുപ്പുകാലം നമ്മെ ക്ഷണിക്കുന്നു. വയലും മെതിക്കളവും അനുഗ്രഹിക്കപ്പെടുന്നതിന്, പ്രാർത്ഥനയ്ക്കായി ചൂടുകാലം നമ്മെ പ്രേരിപ്പിക്കുന്നു.

www.malankaralibrary.com

209. ചുറുചുറുക്കുള്ളവർക്ക് പ്രകാശം നൽകുന്നവന് നന്ദിപറയുവിൻ എന്ന് ദിവസം ഉച്ചത്തിൽ വിളിച്ചുപറയുന്നു. ക്ഷീണിതരെ ഉന്മേഷവാന്മാരാക്കുന്നവനെ സ്തുതിക്കുവിൻ എന്ന് രാത്രി നമ്മെ പഠിപ്പിക്കുന്നു. 213. നീതിപൂർവം പരസ്പരം സഹായിക്കാൻ, ഗ്രാമം ഗ്രാമവാസികളെ പഠിപ്പിക്കുന്നു. സമാധാനത്തിൽ വിധിക്കാൻ, ഒന്നിച്ചുകൂടുന്ന ജനക്കൂട്ടത്തെ പൊതുസ്ഥലം പഠിപ്പിക്കുന്നു. 217. "എന്റെ മക്കളേ, വരുവിൻ. നിങ്ങൾ ജീവൻ പ്രാപിപ്പിൻ" എന്ന് സഭ ഉച്ചസ്വരത്തിൽ വിളിച്ചുപറയുന്നു. വിരിച്ചുപിടിച്ച ചിറകുകൾകൊണ്ട് തന്റെ ആരാധകരെ അവൾ സംരക്ഷിക്കുന്നു. 221. കാരുണ്യവാൻ അത്യുന്നതങ്ങളിൽ നിന്ന് നമ്മുടെ അപേക്ഷകൾക്ക് ചെവിചായിക്കുന്നു. മാലാഖമാർ അവിടുത്തെ കാരുണ്യം കൊണ്ടുവരികയും രഹസ്യമായി നമ്മെയെല്ലാം സന്ദർശിക്കുകയും ചെയ്യുന്നു. 225. ഇവയ്ക്കെല്ലാം വേണ്ടി നന്ദിപറയാൻ, എന്റെ സഹോദരരേ, നമുക്ക് എങ്ങനെ കഴിയും? പ്രാർഥനയിലൂടെ എല്ലാ അനുഗ്രഹങ്ങളും നമുക്കുണ്ടെങ്കിലും, നാം മൂകരായിരിക്കുന്നു. എന്നാൽ നമ്മുടെ കർത്താവ് നീതിമാനാണ്. നാമെല്ലാം പാപികളും. 232. നമ്മുടെ രക്ഷകൻ പരിശുദ്ധനും നാം പരസ്പരം ദുഷ്ടരുമാണ്. 234. നമ്മുടെ സ്രഷ്ടാവ് കാരുണ്യവാനാണ്. അവിടുത്തേക്ക് സ്തുതി. അവിടുന്ന് നമ്മെ സഹിക്കുന്നു. നാമാകട്ടെ അവിടുത്തെ കാരുണ്യത്തിന് എതിര് നിൽക്കുന്നു.



www.malankaralibrary.com

# 3. മാർ അപ്രേമിന്റെ ശിഷ്യനായ

# മാർ ആബായുടെ കൃതി

## ധൈര്യം, ഭയം, സംശയം

1. കടവും കാരുണ്യവും മധ്യത്തിൽ ഉള്ളതിനാൽ, നമുക്ക് ഭയവും ധൈര്യവും ഉണ്ടായിരിക്കണം. കടം നിമിത്തം ഭയം; കാരുണ്യം നിമിത്തം ധൈര്യം. 5. ഭയം നമുക്ക് വീണ്ടുവിചാരം ഒരുക്കുന്നതിനാൽ, അതും നമ്മുടെ വശത്താണ് നിൽക്കുന്നത്. എങ്ങനെ നോക്കിയാലും സംശയം നഷ്ടമുണ്ടാക്കുന്നതാകയാൽ, അതിനെ നാം ദൂരെ നിർത്തണം. 9. ഭയം നമ്മിൽ നിന്നകറ്റാൻ നാം ആഗ്രഹിക്കുന്നില്ല. സംശയം നമ്മെ സമീപിക്കാതിരിക്കട്ടെ. ഭയം ഉറപ്പുണ്ടാക്കുന്നു, സംശയം അധൈര്യവും.

## സൃഷ്ടികളിൽ നിന്ന് സ്രഷ്ടാവിനുള്ള കൃതജ്ഞത

13. എന്റെ കർത്താവേ, ഞാൻ എന്തിനെപ്രതി കോപിക്കണം? നിന്റെ കാരുണ്യത്തെ പ്രതിയോ, എന്റെ കടത്തെ പ്രതിയോ? നീയെനിക്ക് ന്യായമായി വായ്പ തരാത്തതിന്, ഞാൻ തെറ്റായി കോപിക്കയില്ല. 17. ഞങ്ങളെല്ലാവരിൽ നിന്നും കൃതഘ്നത കൊയ്തെടുക്കുന്നതിനാൽ, കാരുണ്യത്തിനാണ് കോപിക്കാൻ കഴിയുക. നല്ലവനേ, നിന്റെ രക്ഷാകരകർമങ്ങളോട് ഞാൻ നന്ദിഹീനനായിരുന്നു. ഞങ്ങളുടെ ശക്തിക്ക് അതീതമായാണ് നിന്നോട് ഞങ്ങൾ കടപ്പെട്ടിരിക്കുന്നത്. 21. ഞാൻ ഉറപ്പു നൽകിയ കടം വീട്ടാൻ എനിക്ക് എപ്പോഴാണ് കഴിവുണ്ടായിരുന്നത്? എല്ലാം നിന്റെ രക്ഷയെ കവിയുന്നു. അത് തിരിച്ചടയ്ക്കാൻ ആർക്കു കഴിയും? 25. എന്റെ കർത്താവേ, സൃഷ്ടി മുഴുവനും പോലും

www.malankaralibrary.com

നിന്റെ നന്മയ്ക്ക് പകരം നൽകാനാവില്ല. തന്നെ സൃഷ്ടിച്ച നല്ല സ്രഷ്ടാവിന് ഭീകരകടൽ എന്തുനൽകും? 29. കടലിനു മീതേ കിരീടസമാനം നീ വച്ചിരിക്കുന്ന ധര അതിന്റെ നാഥന് എന്തു കൊടുക്കും? കിരണങ്ങളിൽ നീ മറച്ചുവച്ചിരിക്കുന്ന സൂര്യന് കിരണങ്ങളെപ്രതി അവന് എന്തു നൽകാനാകും?

33. നക്ഷത്രങ്ങളാൽ നീ അലങ്കരിച്ച ആകാശം എന്താണ് തിരിച്ചടയ്ക്കുന്നത്? ജലത്തിന്റെ നനവുള്ള നിക്ഷേപത്തിന് ഉറവകൾ നിനക്കെന്തു തന്നു? 37. ദാഹിക്കുന്നവർക്കു നൽകുന്ന പാനീയത്തിൽ അത് നിശ്ശബ്ദമായി നിന്റെ സ്തുതി ഉതിർക്കുന്നു. വായുവിൽ ചിറകു വിരിക്കുന്ന പക്ഷി നിനക്കെന്തു തന്നു? 41. അതിന്റെ നാവിന്റെ സുവ്യക്ത സ്വരത്തിൽ മുകളിലേക്ക് കൃതജ്ഞത ഉയരുന്നു. സൃഷ്ടി മുഴുവന്റെയും നിശ്ശബ്ദതപോലും നിനക്ക് സ്തുതി കരേറ്റുമ്പോൾ, കൃതഘ്നനായ ഞാനും നിന്റെ സ്തുതി മറച്ചുവയ്ക്കുന്നില്ല. സൃഷ്ടികളേക്കാൾ വിശേഷബുദ്ധിയുള്ള മനുഷ്യൻ ശ്രേഷ്ഠനാണെന്ന് എനിക്കറിയാം. 49. മനുഷ്യൻ സൃഷ്ടികളേക്കാൾ വലിയവനാണെങ്കിലും, നിനക്ക് മടക്കിത്തരാൻ കഴിയുന്നതിൽ, വളരെ ചെറിയവനാണ്. മനുഷ്യൻ നിനക്ക് മതിയാംവണ്ണം നൽകണമെന്ന് നീ ആവശ്യപ്പെടുന്നുമില്ല. 53. നിനക്ക് മതിയാംവണ്ണം നൽകാൻ ആർക്കും കഴിവില്ല എന്നത് നിന്റെ മഹനീയതയുടെ ശ്രദ്ധയിൽ പെടാതെ പോകുന്നില്ല. ഒരാൾക്കു മാത്രമേ അതു കഴിയൂ; ശേഷിച്ചവരിൽ ഓരോരുത്തരും താന്താങ്ങളുടെ കഴിവനുസരിച്ച് മാത്രവും. 57. നിന്റെ കൃപയ്ക്ക് പകരം നൽകാൻ മാലാഖമാർക്കും സ്വർഗീയർക്കും പോലും കഴിവില്ല. തനിക്ക് സൗജന്യമായി ലഭിച്ച സമ്മാനത്തിന് അവരിലാർക്ക് പകരം നൽകാനാകും. അവർ നിന്റെ ദാനത്തിന് സ്തുതി മാത്രമേ തിരികെ നൽകുന്നുള്ളു. സമ്പന്നരായ മാലാഖമാർ കടംവീട്ടാൻ വളരെ കഴിവറ്റവരാണെങ്കിൽ, സമ്പന്നനായ നിനക്ക് തിരികെ തരാൻ ഞങ്ങളുടെ ദാരിദ്ര്യത്തിന് എന്താണുള്ളത്? 67. മാലാഖമാർ സ്വരത്തിലൂടെ അപ്രകാരം നിന്നെ സ്തുതിക്കുമ്പോൾ കടം വീടുന്നെങ്കിൽ, എല്ലാ വായ്കളാലും കൃതജ്ഞത അർപ്പിക്കുന്ന നന്ദിഹീനരെപ്പറ്റി രോഷാകുലനാകരുതേ.

## ദൈവം അളവു കൂടാതെ നൽകുന്നു; പരിമിതമായി കൽപ്പിക്കുന്നു

71. അവരുമൊത്ത് കൃതഘ്നരായിരിക്കുന്നതിന് നാം ഒഴികഴിവ് കൊണ്ടുവരികയല്ല ചെയ്യുന്നത്. 73. മുഖസ്തുതി കൊണ്ട് ആനുകൂല്യം ലഭി

www.malankaralibrary.com

ക്കാൻ, കാരാഗൃഹവാസി സാധ്യത തേടുന്നു. ഞാൻ കൃതഘ്നൻ അല്ലായിരുന്നെന്നു ഞാൻ പറഞ്ഞില്ല. പിന്നെയോ, നിനക്ക് മടക്കിത്തരാൻ ആർക്കു കഴിയുമെന്നാണ് പറഞ്ഞത്. 77. ഞങ്ങളുടെ സമ്പത്തിന് നിന്റെ മൂലധനത്തിന്റെ പലിശ വളരെ വലുതാണ്. അതിനു മുമ്പിൽ ഞങ്ങളുടെ നിക്ഷേപം പരാജയപ്പെടുന്നു. എന്റെ കർത്താവേ, വിവേകപൂർവം ഞങ്ങളുടെ ശക്തിക്കനുസൃതമായി മാത്രം നീ കൽപ്പിക്കുന്നു. 81. അങ്ങനെ നീ അളവു കൂടാതെ നൽകുന്നു. നേതാക്കന്മാരിൽ നിന്നും പ്രഭുക്കന്മാരിൽ നിന്നും ജനക്കൂട്ടത്തിൽ നിന്നും ചെറിയവരിൽ നിന്നും ക്രമമനുസരിച്ച് നീ ആവശ്യപ്പെടുന്നു. 85. രാജാക്കന്മാരിൽ നിന്ന് കൂടുതൽ ആവശ്യപ്പെടുന്നു. പുരോഹിതന്മാരിൽ നിന്ന് കുറേക്കൂടി കൂടുതലും. കാരണം, കൂടുതൽ വിശ്വസിച്ച് ഏൽപ്പിക്കപ്പെട്ടവൻ കുറച്ചല്ല കടപ്പെട്ടിരിക്കുന്നത്. 89. പതിനായിരം താലന്തുകാരനോട് അതിനനുസരിച്ച് നീ പതിനായിരം ആവശ്യപ്പെടുന്നു; ചെറിയ തുട്ടുകാരനോട് തദനുസൃതം ഒരു മീനായും. അളവനുസരിച്ചാണ് നിന്റെ ആവശ്യപ്പെടൽ. അളവനുസരിച്ച് നീ ഓരോരുത്തരോടും ആവശ്യപ്പെടുന്നു.

93. വലിയ അളവിൽ നീ നൽകുന്നു, ചെറിയ തോതിൽ തിരികെ ആവശ്യപ്പെടുന്നു. ഞങ്ങൾക്ക് ലഭിച്ചതുപോലെതന്നെ ഞങ്ങൾ തിരികെത്തരാൻ നീ കാത്തിരിക്കുന്നില്ല. 97. നീ അങ്ങനെ ആവശ്യപ്പെട്ടിരുന്നെങ്കിൽ, സ്വർഗീയരും ഭൗമികരും കടക്കാരായി കഴിയുമായിരുന്നു. ഓരോരുത്തരുടെയും ശക്തിക്കനുസൃതമായി നീ ആവശ്യപ്പെടുന്നതിനാൽ, തിരികെത്തരാൻ അവർക്ക് സാധിക്കും. 101. സ്വരം മാത്രം വിനിയോഗിക്കുന്നതിനാൽ, ഒരാൾ സ്തുതികൊണ്ട് തിരികെത്തരുന്നു. കർമസാധ്യത ഇല്ലാത്തതിനാൽ, വാക്കുകൊണ്ട് കടം വീട്ടുന്നു. 105. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും കടം വീട്ടാൻ മറ്റൊരുവന് കഴിയും. ഞങ്ങളുടെ ശക്തിക്കനുസൃതമായി തിരികെത്തരാൻ നീ ആവശ്യപ്പെടുന്നു.

## ദൈവസ്നേഹം കടക്കാരനെ കടംകൊടുക്കുന്നവന്റെ പക്കൽ സ്വീകാര്യനാക്കുന്നു.

109. കടക്കാരുടെ ശക്തിക്കതീതമായി മടക്കിക്കൊടുക്കാൻ ആവശ്യപ്പെടുന്ന മനുഷ്യരെപ്പോലെ നീ നിർബന്ധിക്കുന്നില്ല. കാരണം, നീ ആവശ്യപ്പെടുന്നതുപോലും നിന്റെ ഭണ്ഡാരത്തിൽ എത്തിക്കാൻ നീ

www.malankaralibrary.com

ആഗ്രഹിക്കുന്നില്ല. 113. ഞങ്ങൾക്ക് ഇനിയും കൂടുതൽ നൽകാൻ നീയൊരവസരം പാർത്തിരിക്കുന്നു. ഞങ്ങളുടെ പ്രതിഫലം വർധിപ്പിക്കാനുള്ള നിന്റെ അവസരം പാർക്കൽ വലുതാണ്. അതിരില്ലാത്ത സ്നേഹമാണത്. അളവിനതീതമായ കൃപയാണത്. 119. നാം അവന് കടം കൊടുക്കുന്നവരാകാൻ അവൻ തന്റെ സ്തുതി നമുക്ക് സമ്മാനിച്ചു. 121. അവിടുന്ന് ദാതാവായിട്ടല്ല, വായ്പ നൽകുന്നവനായിട്ടത്രേ പെരുമാറുന്നത്. അവിടുത്തേക്ക് നാം കടം തിരികെ നൽകുന്നില്ല. കാരണം, സ്രഷ്ടാവിന് അത് ആവശ്യമില്ല. 125. ആരും കടപ്പെട്ടത് തിരിച്ചടയ്ക്കുന്നില്ലെങ്കിലും, ദൈവം പൂർണമായി എല്ലാറ്റിലും നല്ലവനായി നിലനിൽക്കുന്നു. അവിടുന്ന് നല്ലവനും നന്മയുടെ പൂർണതയും ആണെങ്കിൽ, എങ്ങനെ നീതിമാനെന്ന് വിളിക്കപ്പെടും? 129. അവിടുന്ന നമ്മെ നീതിമാന്മാരെന്നു വിളിക്കാൻ നാം എന്തു കടമാണ് തിരിച്ചടച്ചത്? തിരിച്ചടയ്ക്കുമ്പോൾ, നീതിമാനായിരിക്കാനായി ആവശ്യക്കാരൻ എന്ന നിലയിൽ ആരാണ് പണം കടം വാങ്ങിയത്?

133. ആവശ്യക്കാരനല്ലാത്ത ഒരാൾ സ്വീകരിക്കുമ്പോൾ, തന്റെ സ്വന്തക്കാരനുമായി തന്റെ സ്നേഹം പങ്കുവയ്ക്കാൻ കൊടുക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ, അവൻ തന്നെത്തന്നെ ഒരാവശ്യക്കാരനാക്കി തീർക്കുന്നു. 137. കാരണം, സ്നേഹപൂർവം അവൻ കൊടുത്തതുപോലെ, സ്നേഹപൂർവം സ്വീകരിച്ചു. ആവശ്യക്കാരനല്ലാതിരിക്കെ നിന്റെ പക്കലേക്ക് വന്നതിനേക്കാൾ വലിയ സ്നേഹമില്ല. 141. തൃപ്തനാണെങ്കിലും, ഭക്ഷിക്കുന്നവൻ സ്നേഹത്തിന് വഴങ്ങുകയാണ് ചെയ്യുന്നത്. കാരണം, വിശപ്പറിയാത്തവൻ നമ്മോടുള്ള സ്നേഹത്താൽ അർപ്പണം ഭക്ഷിച്ചു. 145. നമ്മോടുള്ള സ്നേഹത്താൽ നാറുന്ന അർപ്പിതപ്പുക സ്വീകരിക്കത്തക്കവിധം അവിടുന്ന് നമ്മെ എത്രമാത്രം സ്നേഹിച്ചു. അവിടുന്ന് നമ്മുടെ നിക്ഷേപങ്ങൾ സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും സ്വന്തം കടങ്ങൾ എന്നവണ്ണം എണ്ണുകയും ചെയ്യുന്നു. 149. വീണ്ടും, അവിടുന്ന് നമ്മുടെ ദാനധർമങ്ങൾ കാത്തുസൂക്ഷിക്കുമ്പോൾ, അവയെ വായ്പയായി പരിഗണിക്കുന്നു. തിരികെ തരുന്ന സമയത്ത് കുറച്ചു മാത്രമുള്ളതിന് അവിടുന്ന് ധാരാളമായി നൽകുന്നു. 153. അത് അവന്റേതാണെങ്കിലും അവൻ അത് നമുക്ക് സമ്മാനിക്കുന്നു. അത് നമ്മുടെ സ്വന്തമെന്നവണ്ണം അവൻ നമുക്ക് എണ്ണി തിരികെ തരുന്നു. നല്ലവൻ എന്ന നിലയിൽ അവൻ സൗജന്യമായി നൽകുന്നു. വായ്പ തിരികെ കൊടുക്കുന്ന നീതിമാൻ എന്നപോലെ

www.malankaralibrary.com

അവൻ എണ്ണി തിരികെ നൽകുന്നു. 157. നീതിമാൻ എന്ന പേരു ധരിച്ച കൃപയ്ക്ക് സ്തുതി. സ്നേഹം നിമിത്തം കടക്കാരനായി തീർന്ന ദാതാവിന് സ്തുതി.

161. തന്റെ നിക്ഷേപത്തിൽ നിന്ന് വായ്പ കൊടുക്കുകയും തന്റെ നിക്ഷേപങ്ങളിൽ നിന്ന് തിരികെ കൊടുക്കുകയും ചെയ്യുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. നമ്മുടെ വായ് സ്തുതി കരേറ്റുന്നെങ്കിൽ, ദൈവമാണ് വായിൽ വാക്കു സമ്മാനിച്ചത്. 165. നാം നമ്മുടെ കണ്ണുകൾ അവന്റെ പക്കലേക്ക് തിരിക്കുന്നെങ്കിൽ, കണ്ണിനു കാഴ്ച നൽകിയത് അവനാണ്. കാലുകൾ തന്റെ ഭവനത്തിലേക്ക് വരുന്നെങ്കിൽ, അവൻ സമ്മാനിച്ചവ കൊണ്ടാണ് നാം അവന്റെ പക്കലേക്ക് വരുന്നത്. 169. നാം അവന്റെ മുമ്പിൽ കൈകൾ വിരിച്ചുപിടിക്കുന്നെങ്കിൽ, അവിടുന്ന് സൃഷ്ടിച്ച കരങ്ങൾ കൊണ്ടാണ് അവിടുത്തോട് നാം എന്തെങ്കിലും യാചിക്കുന്നത്. നാം അവിടുത്തേക്ക് സങ്കീർത്തനങ്ങൾ ആലപിക്കുന്നെങ്കിൽ, അവിടുത്തെ സങ്കീർത്തനങ്ങളാണ് നാം ആലപിക്കുന്നത്. 173. അവിടുന്ന് പഠിപ്പിച്ച പ്രാർഥന നാം ചൊല്ലുന്നെങ്കിൽ, അവനിൽ നിന്ന് വന്നത് നാം അവനോട് പറയുന്നു എന്നുമാത്രം. അവന്റെ മേശയിൽ നാം കാഴ്ചയർപ്പണം നടത്തുന്നെങ്കിൽ, അവൻ നമുക്ക് സമ്മാനം തന്നതിനാലാണ്.

177. നാം അവനു നൽകുന്നതിനാണ് അവൻ നമുക്ക് നൽകുന്നത്. നാം നൽകുന്നത് അവൻ നമുക്ക് വർധിപ്പിക്കുന്നു. അവൻ തന്നത് അവൻ നമ്മിൽ നിന്നെടുക്കുകയും താൻ കടക്കാരനാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. 181. നമ്മുടെ ദാനധർമങ്ങളോടുകൂടെ നാം അവന്റേതാണ്. എങ്കിലും സ്നേഹത്താൽ അവൻ ജാമ്യക്കാരനാകുന്നു. നാം അവനിൽ നിന്ന് മൂലധനം കടമെടുക്കുന്നു. അവൻ നമ്മുടെ പേരിൽ പലിശ കുറിക്കുന്നു. 185. "എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷണം തന്നു". നാം തന്നെ അവൻ വഴിയാണ് ഭക്ഷണം നൽകിയത്. നമ്മുടെ വായിൽ ഭക്ഷണം വയ്ക്കുകയും താൻ ഭക്ഷിച്ചു എന്നവണ്ണം നമുക്ക് തിരികെ തരികയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. 189. അവൻ തന്റെ ശരീരം നമുക്ക് ഭക്ഷിക്കാൻ തന്നു. നാം അവനു ഭക്ഷിക്കാൻ നൽകിയതുപോലെ, അവൻ നന്ദിപറയുന്നു. അവൻ തന്റെ ജീവദായ കരക്തം കലർത്തി നമുക്കു തരികയും "നിങ്ങൾ എനിക്കു കുടിക്കാൻ തന്നു" എന്ന വാക്കുകളിലൂടെ നമ്മെ അന്തസ്സുറ്റവർ ആക്കുകയും ചെയ്തു. 193. അവൻ വന്ന് വഴിതെറ്റിൽ നിന്ന് നമ്മെ രക്ഷിക്കുകയും നാം രക്ഷിച്ചതുപോലെ തന്നെത്തന്നെ ആക്കുകയും ചെയ്തു. അവൻ നമ്മെ തന്റെ ദൈവത്വവുമായി യോജിപ്പിക്കുകയും ഒരന്യനെപ്പോലെ

www.malankaralibrary.com

നന്ദി പറയുകയും ചെയ്തു. 197. സമസ്തസൗഖ്യദായകൻ എന്ന നിലയിൽ അവൻ വന്ന് നമ്മെ സന്ദർശിച്ചു. നാം അവനെ സന്ദർശിച്ചപ്പോൾ, അവൻ നമ്മെ ഉയർത്തി. അവനിലൂടെ നാം ലക്ഷ്യത്തിലേക്ക് യാത്ര പുറപ്പെട്ടപ്പോൾ, "നിങ്ങൾ കാരാഗൃഹത്തിൽ എന്നെ സന്ദർശിച്ചു" എന്ന് അവൻ പറഞ്ഞു. 201. അവൻ ആദാമിന്റെ ലജ്ജ മൂടുകയും "നിങ്ങൾ എന്നെ വസ്ത്രം ധരിപ്പിച്ചു" എന്ന് പറഞ്ഞ് നമ്മോട് നന്ദി പറയുകയും ചെയ്തു.

## ദൈവത്തിന്റെ ഭണ്ഡാരം

203. നമ്മുടെ ദൈവത്തിന്റെ അധികാരം വലുതാണ്. നമ്മുടെ ദൈവത്തിന്റെ ഭണ്ഡാരവും വലുതാണ്. 205. കരുണ കാണിക്കാൻ അവൻ ആഗ്രഹിക്കുന്നിടത്തോളം, അവന്റെ നിക്ഷേപം തന്റെ കാരുണ്യത്തിന്റെ കൽപ്പന കാത്തിരിക്കുന്നു. അവന്റെ നിക്ഷേപം കര കവിഞ്ഞൊഴുകുന്നതാണ്. അവന്റെ കൃപയ്ക്കനുസൃതമായി അവൻ അത് അളന്നുകൊടുക്കുന്നു. 209. അവന്റെ കൃപ കര കവിഞ്ഞൊഴുകുമ്പോഴൊക്കെയും അവന്റെ നിക്ഷേപം കൂടുതൽ സമ്പന്നമാകുന്നു. അത് മറ്റ് ഭണ്ഡാരങ്ങൾ പോലെയല്ല. അക്കാരണത്താൽ നിക്ഷേപം കുറഞ്ഞുപോകുന്നില്ല. 213. എന്റെ സഹോദരരേ, ദൈവതിരുഹിതം സമൃദ്ധമാണ്. എന്റെ സ്നേഹിതരേ, അവന്റെ ആധിപത്യം സുശക്തമാണ്. അവന്റെ ക്നൂമായിൽ പദാർഥം ഒന്നുമില്ലാതിരിക്കെ, അതിൽ എല്ലാമുണ്ട്. 217. താൻ ഇച്ഛിക്കുമ്പോഴെല്ലാം അവിടുന്ന് സൃഷ്ടിക്കുന്നു. എന്തുകൊണ്ടെന്നാൽ, തന്റെ ഇച്ഛയാണ് തന്റെ ഭണ്ഡാരം. ഇല്ലായ്മയെ അവൻ നിർബന്ധിക്കുന്നില്ല. എന്നാൽ അതിൽ നിന്ന് എല്ലാം കൽപ്പിക്കുന്നു. 221. അവൻ തന്റെ ഭണ്ഡാരത്തിൽ നിന്ന് ഒന്നും പുറത്തെടുക്കുന്നില്ല. എന്നാൽ അതിൽ നിന്ന് എല്ലാം സമ്മാനിക്കുന്നു. "എന്നിൽ ഒന്നുമില്ല" എന്ന് ഇല്ലായ്മ എതിർത്തു നിൽക്കുകയോ പറയുകയോ ഇല്ല. 225. കാരണം, ദൈവത്വത്തിന്റെ ആ അദൃശ്യാംഗ്യം അതിനോട് കൽപ്പിക്കുമ്പോൾ, തന്നിൽനിന്ന് തികച്ചും വ്യത്യസ്തരായ കുട്ടികളെ ഇല്ലായ്മ വേദനയിൽ പ്രസവിക്കുന്നു. 229. എന്തുകൊണ്ടെന്നാൽ അസ്തിത്വത്തിലുള്ള ശിശു അസ്തിത്വമില്ലാത്ത പിതാവിന് തുല്യനല്ല. അസ്തിത്വമുള്ള സ്രഷ്ടാവ് അസ്തിത്വമുള്ള സൃഷ്ടികളെ സൃഷ്ടിച്ചു. 223. അവന്റെ കൽപ്പനാശക്തിക്ക് ഉള്ളതും ഇല്ലാത്തതും ഒന്നുപോലെയാണ്. ഉണ്മ അവന് എളുപ്പമായിരിക്കുന്നതുപോലെ തന്നെയാണ് ഇല്ലായ്മയും. 237. ഉണ്മയിൽ നിന്നും ഇല്ലായ്മയിൽ നിന്നും നിർമിക്കുന്നത് അവന് ഒരുപോലെയാണ്. അവന്റെ സൃഷ്ടശക്തിക്ക് ഇല്ലായ്മ എല്ലാം ഉൾക്കൊള്ളുന്ന നിക്ഷേപമാണ്.

www.malankaralibrary.com

# 4. പുറപ്പാട് ഗ്രന്ഥത്തിന്

## മാർ അപ്രേമിന്റെ കുറിപ്പ്

**ചുരുക്കം**

യാക്കോബിനോടു കൂടെ ഈജിപ്തിലേക്കു കടന്ന എഴുപത് ആളുകളെ കുറിച്ചും ജോസഫിനെയും അവന്റെ സമകാലീനരെയും കുറിച്ചും രണ്ടാം ഗ്രന്ഥമായ പുറപ്പാട് ചർച്ചചെയ്യുന്നു. ശിശുഹത്യകനായ ഒരു രാജാവ് എഴുന്നേറ്റെങ്കിലും, ഒരു പേടകത്തിലൂടെ മോശ രക്ഷിക്കപ്പെടുകയും ഫറവോന്റെ മകളുടെ മകനായി തീരുകയും ചെയ്തു. മോശ യൗവനത്തിൽ എത്തിയപ്പോൾ, തന്നിലൂടെ തന്റെ സഹോദരങ്ങളുടെ രക്ഷ സാധിക്കുമോ എന്നറിയാൻ അവരുടെ പക്കലേക്ക് ഇറങ്ങിച്ചെല്ലുകയും ഒരീജിപ്തുകാരനെ കൊല്ലുകയും ഒരെബ്രായനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. ഇസ്രായേൽക്കാരൻ അവനെ തള്ളിപ്പറഞ്ഞപ്പോൾ അവൻ മിദിയാനിലേക്ക് ഓടിപ്പോകുന്നു. അവിടെ ഒരു കിണറ്റിൻകരയിൽ ഇരുന്ന്, പരുഷപെരുമാറ്റത്തിന് വിധേയരായ ചില പെൺകുട്ടികളെ അവൻ സഹായിക്കുന്നു. അവൻ യിത്രോയുടെ വീട്ടിലെത്തുകയും അയാളുടെ മകളായ സിപ്പോറായെ വിവാഹം കഴിച്ചതിലൂടെ അയാളുടെ മരുമകൻ ആയിത്തീരുകയും ചെയ്യുന്നു. ഫറവോൻ മരിച്ചു. കഠിനമായ അടിമത്തത്തിൻ കീഴിൽ ഇസ്രായേൽക്കാർ നെടുവീർപ്പിട്ടു; അവർ പ്രാർഥിക്കുകയും പ്രാർഥന കേൾക്കപ്പെടുകയും ചെയ്യുന്നു.

ഒരു മുൾച്ചെടിയിൽ ദൈവം മോശയ്ക്ക് കാണപ്പെടുന്നു. മോശയുടെ വടി പാമ്പായി തീരുന്നു. അവന്റെ കൈ കുഷ്ഠരോഗബാധിതമാകുകയും പിന്നീട് സുഖപ്പെടുകയും ചെയ്യുന്നു. ഈജിപ്തിലേക്കുള്ള യാത്രാമധ്യേ ഒരുവിശ്രമസ്ഥലത്തുവച്ച് ഒരു ദൂതൻ അവന്റെ മുമ്പിൽ

www.malankaralibrary.com

വന്ന് അവനെ കൊല്ലാൻ ശമിക്കുന്നു. അവൻ ഈജിപ്തിലേക്ക് കടക്കുന്നു. അവനെ എതിരേൽക്കാൻ അഹറോൻ വരുന്നു. ജനത്തിലെ മൂപ്പന്മാരുടെ മുമ്പിൽ അവൻ അടയാളങ്ങൾ കാണിക്കുകയും അവർ അതിൽ വിശ്വസിക്കുകയും ചെയ്യുന്നു. അവൻ ഫറവോനെ അഭിമുഖീകരിക്കുന്നു. ഫറവോൻ എബ്രായരെ പോകാൻ അനുവദിക്കുന്നില്ല. അവർക്ക് വയ്ക്കോൽ നിഷേധിച്ച് കൂടുതൽ ഞെരുക്കുന്നു. വടി സർപ്പമാകുന്നു. നദീജലം രക്തമാകുന്നു. തവളകൾ, പേൻ, ഈച്ചകൾ, പകർച്ചവ്യാധി, വ്രണങ്ങൾ, കൽമഴയും മിന്നലും, വെട്ടുക്കിളി, അന്ധകാരം തുടങ്ങിയ ബാധകൾ ഉണ്ടാകുന്നു. ഈജിപ്തുകാരുടെ ആദ്യജാതന്മാർ ചത്തൊടുങ്ങുന്നു. പതിന്നാലാം ദിവസം എബ്രായർ കുഞ്ഞാടിനെ കൊന്ന് ഭക്ഷിക്കുന്നു. ഈജിപ്തുകാരിൽ നിന്നു കിട്ടിയ സ്വർണവും വെള്ളിയും വസ്ത്രങ്ങളും എടുത്തുകൊണ്ട് ആയുധധാരികളായി തിടുക്കത്തിൽ ഈജിപ്ത് വിട്ടുപോകുന്നു. കടൽ പിളരുകയും എബ്രായർ കടന്നുപോകുകയും ഈജിപ്തുകാർ മുങ്ങിച്ചാകുകയും ചെയ്യുന്നു. മിറിയം കടൽക്കരയിൽ സ്തുതിഗീതം ആലപിക്കുന്നു. അവർ മൂന്നു ദിവസം വെള്ളം കിട്ടാതെ യാത്ര ചെയ്യുന്നു.

ഒരു മരക്കഷണം കൊണ്ട് ദൈവം മാറായിലെ വെള്ളം മധുരമുള്ളതാക്കുന്നു. അവിടുന്ന് മന്നാ ഇറക്കിക്കൊടുക്കുകയും പറവകളെ നിരത്തിക്കൊടുക്കുകയും ചെയ്യുന്നു. അവിടുന്ന് ഹോറേബിൽവച്ച് പാറയിൽ നിന്ന് ജലം ഒഴുക്കിക്കൊടുക്കുന്നു. അമാലേക്ക് അവർക്കെതിരെ യുദ്ധത്തിന് വരുന്നു. മോശയുടെ അമ്മായിയപ്പനായ യിത്രോ അവനെ സന്ദർശിക്കുന്നു. സീനായ് മലയിൽവച്ച് നിയമം നൽകപ്പെടുന്നു. ദൈവം സീനായ്മലയിൽ ഇറങ്ങിവരുന്നു. അവിടുന്ന് അവർക്ക് നിയമങ്ങളും ചട്ടങ്ങളും നൽകുന്നു. കൽപ്പലകകൾ കൊണ്ടുവരാനായി മോശ മലയിലേക്ക് കയറുന്നു. എങ്ങനെ, ഏതുവസ്തുകൊണ്ട് കൂടാരം നിർമിക്കണമെന്ന് അവിടുന്ന് നിർദേശം നൽകുന്നു. മോശ മലയിൽ ദീർഘസമയം ചെലവഴിച്ചതിനാൽ ജനം കാളക്കുട്ടിയെ നിർമിക്കുന്നു. അവൻ തിരിച്ചെത്തിയിട്ട്, കല്പലകകൾ കൊണ്ടുവരാനായി രണ്ടാംപ്രാവശ്യവും മലയിലേക്ക് കയറുന്നു. അവരുടെ തെറ്റിന് അവൻ മാപ്പിരക്കുന്നു. അവരോടുകൂടെ നടക്കാൻ മോശ ദൈവത്തെ പ്രേരിപ്പിക്കുന്നു. "നിന്റെ മഹത്വം എന്നെ കാണിക്കുക; ഞാൻ നിന്നെ അറിയട്ടെ." എന്ന് അവൻ പറയുന്നു. ദൈവം അപ്രകാരം ചെയ്തിട്ട്, കാളക്കുട്ടിയുടെ

www.malankaralibrary.com

ആരാധനയ്ക്കുശേഷം നൽകിയ കൽപ്പനകൾ അനുസ്മരിപ്പിച്ചു. കൂടാരം നിർമിക്കയും അതിന്റെ അലങ്കാരങ്ങൾ തീർക്കുകയും ചെയ്യുന്നു. ഒന്നാംമാസം ഒന്നാംതീയതി മോശ അതു സ്ഥാപിച്ചു. ഒരു മേഘം അതിനെ മൂടി. മേഘം ഉയരുമ്പോൾ ഇസ്രായേൽക്കാർ യാത്ര പുറപ്പെട്ടിരുന്നു, മോശ ഈ സംഗതികളെല്ലാം പുറപ്പാടുപുസ്തകത്തിൽ രേഖപ്പെടുത്തി.അവൻ ഇപ്രകാരം തുടങ്ങുന്നു:

## 1

1. "യാക്കോബിനോടൊത്ത് ഈജിപ്തിലേക്കു കടന്ന ഇസ്രായേൽക്കാരുടെ പേരുകൾ ഇവയാണ്"(1,1). അവർ എഴുപതു പേർ (1,5). അബ്രഹാമിനോട് വാഗ്ദാനം ചെയ്യപ്പെട്ടത് എങ്ങനെ യാഥാർഥ്യമായി എന്നു കാണിക്കാനാണിത്. വൃദ്ധരും ശിശുക്കളും ഉൾപ്പെടെ ഈജിപ്തിൽ പ്രവേശിച്ചത് എഴുപത് ആളുകളായിരുന്നു. അവർ അവിടെ 225 വർഷം ജീവിച്ചു. അവിടെ നിന്നു പുറപ്പെട്ടപ്പോൾ ഇരുപതും അതിനു താഴെയുള്ളവരും കൂടാതെ ആറു ലക്ഷം ആയുധധാരികളായ യോദ്ധാക്കൾ ഉണ്ടായിരുന്നു.

2. ജോസഫിന്റെയും അവന്റെ സമകാലീനരുടെയും മരണശേഷം ഒരു പുതിയരാജാവ് ഉയർന്നുവരികയും എബ്രായശിശുക്കളെ വധിക്കുന്ന ഒരു പുതിയ നയം സ്വീകരിക്കുകയും ചെയ്തു (1,15-156). ഈ പ്രവൃത്തിയുടെ പിന്നിലെ കാരണം ഇതായിരുന്നു: അബ്രഹാമിനോടു പ്രഖ്യാപിച്ച 400 വർഷത്തിന്റെ അന്ത്യമാകുന്നെന്ന് സാത്താൻ കാണുകയും ശിശുഹത്യയിലൂടെ എബ്രായരക്ഷകനെ വകവരുത്താൻ ആഗ്രഹിക്കുകയും ചെയ്തു. ജനം വളരെ വർധിച്ചുപെരുകിയെന്നും (1,7.9) ഈജിപ്തു മുഴുവൻ അവർ നിറഞ്ഞിരിക്കുന്നെന്നും ഫറവോൻ കണ്ടു. എബ്രായരുടെ സംഖ്യാബലത്തിൽ അവൻ അസൂയാലുവായി. അവരുടെ ഇടയിലെ ഭാവി പ്രവചിക്കുന്ന ദാർശനികർ, കടന്നുപോയ വർഷങ്ങളുടെ കണക്കുകൂട്ടലിൽനിന്ന് എബ്രായരുടെ വിമോചനം പ്രഘോഷിച്ചിരുന്നു.

3. അങ്ങനെ ഫറവോൻ എബ്രായശിശുക്കളെ കൊലയ്ക്ക് വിധിക്കുകയും, യാതൊരാവശ്യവുമില്ലാത്ത ഭണ്ഡാരപ്പുരകൾ അവരുടെ മാതാപിതാക്കളെക്കൊണ്ട് പണിയിക്കുകയും ചെയ്തു (1,11). കാരണം, ഏഴു ക്ഷാമവർഷങ്ങളിൽ ഈജിപ്തിനും കനാനും അമോര്യനാടിനും ആവശ്യ

www.malankaralibrary.com

മായ ധാന്യങ്ങൾ ജോസഫിന്റെ കലവറയിൽ ഉണ്ടായിരുന്നെങ്കിൽ, തങ്ങളുടെ നാടിനുമാത്രം ആവശ്യമായവ സംഭരിക്കാൻ അവ അപര്യാപ്തമാകുമോ? ശിശുഹത്യയ്ക്ക് ഫറവോൻ പ്രോത്സാഹനം നൽകിയതനുസരിച്ച്, എബ്രായശിശുക്കൾ വർധിച്ചുകൊണ്ടിരുന്നു. ഈ രീതിയിൽ അവരെ ഞെരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചതനുസരിച്ച്, ജനം നിമിത്തം അവന്റെ ഞെരുക്കവും വർധിച്ചുകൊണ്ടിരുന്നു:"ഇസ്രായേൽക്കാർ നിമിത്തം ഈജിപ്തുകാർ ഞെരുക്കത്തിലായിരുന്നു" (1,12).

4. നദി മലിനമാകാതിരിക്കാൻ ഫറവോൻ ശ്രദ്ധാലുവായിരുന്നതിനാൽ, സൂതികർമിണികളെ കൊലയാളികളാക്കാനായി അവൻ അവരെ വിളിച്ചുവരുത്തി (1,15-16). സൗഖ്യദായകരെ കൊലപാതകികൾ ആക്കാമെന്ന് കരുതിയതിനാൽ, തങ്ങളുടെ പേരിന് എതിരായിട്ടുള്ളത് അവൻ തന്റെ അധികാരം ഉപയോഗിച്ച് നടപ്പാക്കി. അവനെ അനുസരിക്കാമെന്ന് വാഗ്ദാനം ചെയ്തെങ്കിലും, അവർ അപ്രകാരം പ്രവർത്തിച്ചില്ല (1,17). ശിശുഹത്യയ്ക്ക് കൽപ്പന കിട്ടിയ ഈ സ്ത്രീകൾ അതിനെതിരെ പ്രവർത്തിച്ചു. തന്നിമിത്തം തങ്ങളാണ് കൊല്ലപ്പെടാൻ പോകുന്നതെന്ന് അവർ കരുതി. ഇതിനുവേണ്ടി രക്തസാക്ഷിമകുടം ലഭിക്കുമെന്ന് അവർ കരുതിയ ദിവസം, അവരുടെ വായിൽ ദൈവം കൊടുത്ത വിവേകവചനത്താൽ അവർ മരണത്തിൽ നിന്ന് വിടുവിക്കപ്പെട്ടു (1,19). തങ്ങൾ രക്ഷപെടുത്തിയ എല്ലാ ശിശുക്കളും നിമിത്തം, ഫറവോൻ തങ്ങളുടെ ഗണത്തിൽപെട്ടവരെ മുഴുവൻ തുടച്ചുമാറ്റുമെന്ന് അവർ കരുതിയെങ്കിലും, അവർ വലിയൊരു ജനതയായി എന്നാണ് "അവർക്ക് നന്മയുണ്ടായി" എന്നതിനർഥം.

5. സ്ത്രീകൾ തന്നെ കളിയാക്കി എന്നു കണ്ട ഫറവോൻ ശിശുക്കളുടെ രക്തംകൊണ്ട് നദീജലം മലിനമാക്കാനും ശിശുക്കളുടെ മാംസം മത്സ്യങ്ങൾക്ക് ആഹാരമായി നൽകാനും തീരുമാനിച്ചു. എന്നാൽ എബ്രായരുടെ ഫലസമൃദ്ധി വർദ്ധിച്ചതിനാൽ, ഇതിലും അവൻ പരാജിതനായി. ഫറവോൻ ആഗ്രഹിച്ചതുപോലെ, നദി ശിശുക്കളെ കൊണ്ട് നിറഞ്ഞു. എന്നാൽ അപ്പോഴും ഈജിപ്ത് നിറയെ അവരായിരുന്നു. അത് അവൻ ഒട്ടും ആഗ്രഹിച്ചില്ല. ശിശുക്കളെ കൊണ്ട് നദി മലിനമായതിൽ അവൻ സന്തോഷിച്ചു. എന്നാൽ ഈജിപ്ത് അവരെ കൊണ്ട് നിറഞ്ഞതിൽ അവൻ ദുഃഖിച്ചു. അവന്റെ കൽപ്പനകൾ നടപ്പാക്കിയില്ല എന്നല്ല, പിന്നെയോ, അവന്റെ കൽപ്പനപോലെ അവന്റെ ആഗ്രഹം

www.malankaralibrary.com

ഫലപ്രദമായി നടപ്പാക്കിയില്ലെന്നു മാത്രം. നദീതീരത്ത് മൃതരായ ശിശുക്കളുടെ ജഡം വെട്ടുക്കിളികൾപോലെ കൂനകൂടി കിടന്നു. എന്നാൽ അവനെ അലോസരപ്പെടുത്തിക്കൊണ്ട് ഈജിപ്തിലെ തെരുവുകൾ ജീവനുള്ള ശിശുക്കളെ കൊണ്ട് മുഖരിതമായി.

## 2

1. എബ്രായരുടെ ഈ പീഡനകാലത്താണ് മോശ ജനിച്ചത്. "ശിശു സുന്ദരനാണെന്നു കണ്ടു"(2,2). അവനെ ഒളിച്ചുവയ്ക്കാൻ സാധ്യമല്ലാതെ വന്നതുവരെ അവന്റെ അമ്മ അവനെ ഒളിച്ചുവച്ചു. തങ്ങൾ ഫറവോന്റെ കൽപ്പന ധിക്കരിച്ചെന്ന് വെളിപ്പെടുമോ എന്നും തങ്ങളുടെ കുടുംബംമുഴുവൻ കൊല്ലപ്പെടുമോയെന്നും അവൾ ഭയപ്പെട്ടു. മോശയും അധികനാൾ ജീവിക്കയില്ലെന്ന് അവൾ കരുതി. മോശയെ തുടർന്നും ഒളിച്ചുവയ്ക്കാൻ കഴിയാത്തവിധം എത്ര ശ്രദ്ധാപൂർവമാണ് ഈജിപ്തുകാർ അന്വേഷണം നടത്തിയിരുന്നതെന്ന് കാണുക. അതുപോലെ ആറുലക്ഷംപേർ ഈജിപ്തിൽ നിന്ന് പുറപ്പെടത്തക്കവിധം കൃപ എപ്രകാരം അവരെ സംരക്ഷിച്ചെന്നും കാണുക. അവന്റെ അമ്മ അവനെ ഒരു പേടകത്തിലാക്കിയിട്ട് മുറിയിൽ കയറി മുട്ടുകുത്തി പ്രാർഥിച്ചു. അവൾ ഫറവോനെതിരെ അബ്രഹാമിന്റെ ദൈവത്തോട് സങ്കടപൂർവം അപേക്ഷിച്ചു: ഞങ്ങളുടെ ജനം വർധിച്ചുപെരുകാനായി നീ ഞങ്ങളെ അനുഗ്രഹിച്ചു. നീ വാഗ്ദാനം ചെയ്തതുപോലെ അവർ വർധിച്ചു. എന്നാൽ ശിശുക്കളെ കൊല്ലുന്നതിലൂടെ കർഷകരുടെ അഭാവത്താൽ നിലങ്ങൾ തരിശായി പോകുകയും നീ അനുഗ്രഹിച്ച തലമുറ നിശ്ശേഷം ഇല്ലാതാകുകയും ചെയ്യുമെന്നാണ് ഫറവോന്റെ ഗൂഢപദ്ധതി.

2. പേടകത്തിനുള്ളിലെ ശിശുവിന് എന്തു സംഭവിക്കുമെന്നറിയാൻ, മോശയുടെ സഹോദരി മിറിയം ആറ്റുതീരത്തിരുന്നു (2,4). അവളും അവളുടെ അമ്മയും ദൈവാശ്രയമുള്ളവരായിരുന്നു. പേടകം ആദ്യം കാണുന്നയാൾ ശിശുവിനെ പുറത്തെടുത്ത് രക്ഷിക്കുമെന്ന് അവന്റെ സൗന്ദര്യം നിമിത്തം അവർ ഉറച്ചു വിശ്വസിച്ചു. ആ ദിവസം അസഹനീയമായ ചൂടുള്ളതായി ഫറവോന്റെ മകൾക്ക് അനുഭവപ്പെടുകയും സാധാരണയേക്കാൾ നേരത്തേ നദിയിൽ കുളിക്കാൻ പോകുകയും ചെയ്തു. പകലിലെ ചൂടുകൊണ്ട് സ്വേച്ഛയായാണ് അവൾ പോയതെ

www.malankaralibrary.com

ങ്കിലും സാധാരണ പോകുന്ന സമയത്തല്ലാതിരുന്നതിനാൽ, തന്റെ ഇച്ഛയ്ക്കെതിരായിട്ടുകൂടിയുമാണ് പോയത്. നദിയിൽ എറിയപ്പെട്ട ശിശുക്കൾക്കുവേണ്ടി പ്രതികാരം ചെയ്യാനിരിക്കുന്നവനെ നിർബന്ധത്തിനു വിധേയമായ സ്വാതന്ത്ര്യത്താൽ നദിയിൽ നിന്നെടുത്ത് രക്ഷപെടുത്തി.

3. ഈജിപ്തിലെ ദേവന്മാർ നദിയിലൂടെ തനിക്കൊരു മകനെ നൽകിയെന്ന് ശിശു സുന്ദരനാണെന്നു കണ്ടപ്പോൾ, വന്ധ്യയായ അവളും അവളുടെ ദാസിമാരും കരുതി. അവൻ അവളുടെ നിന്ദ നീക്കി സമാശ്വസിപ്പിക്കുകയും പിതാവിന്റെ സിംഹാസനത്തിന് അവകാശിയാകുകയും ചെയ്യുന്നതിന് അവനെ ദത്തെടുക്കാൻ അവൾ പ്രേരിതയായി. ദുഃഖഭാവമോ, സന്തോഷഭാവമോ കൂടാതെ രണ്ടിൽ നിന്നും അകന്ന് മിറിയം അടുത്തുചെന്നു. തന്റെ ദൗത്യത്തിനു ചേർന്ന രീതിയിൽ അവൾ ഫറവോന്റെ മകളോട് ഇപ്രകാരം പറഞ്ഞു: ആത്മാർഥതയുള്ള മനസ്സുള്ളവളും ശുദ്ധമായ പാലുള്ളവളും അവിടുത്തേക്ക് പറ്റിയവളുമായ ഒരെബ്രായ സ്ത്രീയെ ഞാൻ വിളിച്ചു കൊണ്ടുവരാം (2,7).

അവൾ ഓടിപ്പോയി അവന്റെ അമ്മയെ കൂട്ടിക്കൊണ്ടുവന്നു. അവൾ വിശിഷ്ടസമ്മാനങ്ങൾ കാഴ്ച വയ്ക്കുകയും ഉചിതമായി പെരുമാറുകയും ചെയ്തു. തന്റെ സ്വന്തം മകനെ പാലൂട്ടി വളർത്തുന്ന വളർത്തമ്മയാകാൻ കഴിയുമെന്ന് അവൾ സ്വപ്നേപി കരുതിയില്ല. മോശയെ നദിയിൽ എറിയുന്നതു തടയുന്നതിന് തനിക്കുള്ളതെല്ലാം നൽകാൻ അവൾ തയാറായിരുന്നു. ഇപ്പോൾ ഒന്നും കൊടുക്കാതെ അവനെ കിട്ടിയപ്പോൾ അവൾ അവനെ എടുത്തു കൊണ്ടുപോയി. അവൾ അവനെ പൊക്കിയെടുത്തു. എന്നാൽ പേടകത്തെ മറന്നില്ല. വേദനയോടുകൂടെ അവനെ പുറത്തേക്ക് കൊണ്ടുപോയി. സന്തോഷത്തോടെ അവനെ അകത്തേക്ക് കൊണ്ടുവന്നു. അവൾ രാത്രിയിൽ നദിയിലേക്കു പോയി. എന്നാൽ പകൽ വെളിച്ചത്തിൽ അവനെ തിരികെ കൊണ്ടുവന്നു. മൂന്നു മാസമായി പകൽ വെളിച്ചം കാണാതിരുന്ന ശിശുവിനെ തെരുവിലും ഭവനത്തിലും അവൾ അടക്കിപ്പിടിച്ചു. അവൻ പ്രകാശം ദർശിക്കാതിരിക്കാൻ എറിയപ്പെട്ട നദിയിൽ വച്ചു തന്നെ അവൻ പ്രകാശം ദർശിച്ചു.

4. മോശയുടെ മുലകുടി മാറിയപ്പോൾ, അവനെ അവർ ഫറവോന്റെ ഭവനത്തിൽ എത്തിച്ചു. അവൻ സുന്ദരനായിരുന്നതിനാൽ, അവന്റെ

www.malankaralibrary.com

മാതാപിതാക്കൾ സന്തോഷിച്ചു. എന്നാൽ വിക്കനായിരുന്നതിനാൽ ദുഃഖിച്ചു. തന്റെ പേരുകൊണ്ടും താൻ പരിച്ഛേദിതൻ ആയതുകൊണ്ടും തന്റെ അമ്മയിൽ നിന്നും സഹോദരിയിൽ നിന്നും രഹസ്യമായി കേട്ട വിവരങ്ങൾ കൊണ്ടും താൻ യോക്കേബേദിന്റെ മകനാണെന്ന് മോശയ്ക്ക് അറിയാമായിരുന്നു. നാനൂറു വർഷം പൂർത്തിയാകാറായപ്പോൾ, തന്നിലൂടെയാണോ രക്ഷ സാധിക്കാൻ പോകുന്നതെന്ന് കാണാൻ അവൻ പുറത്തേക്കിറങ്ങി. ഫറവോന്റെ മേലുദ്യോഗസ്ഥന്മാരിൽ വച്ച് ഏറ്റവും ക്രൂരനും മോശയുടെ നിരന്തരകുറ്റപ്പെടുത്തലുകൾ ഗൗനിക്കാത്തവനുമായ ഈജിപ്തുകാരനെ "മോശ കൊന്ന് മണലിൽ കുഴിച്ചുമൂടി." മണൽത്തരികൾ പോലെ സംഖ്യാതീതരാകുമെന്ന് അനുഗ്രഹിക്കപ്പെട്ട വംശത്തെ ആ മനുഷ്യൻ ക്ലേശിപ്പിച്ചിരുന്നു. അതുകൊണ്ട് മോശ അവനെ അവന്റെ സഖികളുടെ മുമ്പിൽവച്ച് നദീതീരത്തെ മണലിൽ മറവുചെയ്തു. അവരുടെ ജഡങ്ങൾ തന്നെയും കടൽക്കരയിലെ മണലിൽ എറിയപ്പെടാനുള്ളതായിരുന്നു. "അടുത്ത ദിവസം അവൻ ഇറങ്ങിച്ചെന്നപ്പോൾ രണ്ടു മനുഷ്യർ പോരടിക്കുന്നത് കണ്ടു" (2,13). രാജകുമാരൻ എന്ന നിലയിൽ അടിക്കാനും കൊല്ലാനും അവന് അധികാരം ഉണ്ടായിരുന്നിട്ടും, ഇവ പ്രയോഗിക്കാതെ കുറ്റക്കാരനെ അർഹമാംവിധം കുറ്റപ്പെടുത്തുക മാത്രം ചെയ്തു. കുറ്റപ്പെടുത്തൽ സ്വീകരിക്കാതെ അവൻ രാജകുമാരനെ കൊലപാതകിയെന്നു മുദ്രകുത്തി.

5. "ആരാണ് നിന്നെ ഞങ്ങളുടെ മേലാളായി നിയമിച്ചത്?" കലഹപ്രിയനും ലജ്ജാരഹിതനുമായ നീ രാജകുമാരനോട് ഇപ്രകാരം പറയാൻ മുതിർന്നു! നിന്റെ മേലാളന്മാരുടെ മേൽ അവന് അധികാരമുണ്ടായിരുന്നു. നിന്റെ മേൽ അവന് അധികാരമില്ലേ? മേൽപ്പറഞ്ഞ സംഭവത്തെപ്പറ്റി അജ്ഞനായ ഒരുവനിൽ നിന്ന് ഇത്തരം വാക്കു കേട്ടപ്പോൾ മോശ സ്തംഭിച്ചുപോയി. ക്രൂരനായ ഈജിപ്തുകാരനിൽ നിന്ന് മോശ രക്ഷപെടുത്തിയ മനുഷ്യനല്ല അവനെ തള്ളിപ്പറഞ്ഞത്. അവൻ നിഷ്ക്കളങ്കൻ അല്ലാതിരുന്നെങ്കിൽ, അവന്റെ സഹഎബ്രായന് ഇപ്പോൾ കിട്ടിയ ഭത്സനം അവനും കിട്ടുമായിരുന്നു. അവനുവേണ്ടി ഈജിപ്തുകാരനെ മോശ കൊല്ലുകയുമില്ലായിരുന്നു. കിണറ്റിങ്കലെ പെൺകുട്ടികളുടെ കാര്യംപോലെ ഈജിപ്തുകാരനിൽ നിന്ന് മോശ രക്ഷപെടുത്തിയവൻ പീഡിപ്പിക്കപ്പെട്ടവനായിരുന്നു. അതുകൊണ്ട് ഈജിപ്തുകാരനെ കൊന്നതിലൂടെ അവന്റെ നിന്ദ്യമായ പെരുമാറ്റത്തിന് വിധേ

www.malankaralibrary.com

യരായ എബ്രായർക്ക് അൽപം വിടുതൽ നൽകാൻ മോശ ആഗ്രഹിച്ചു. വിടുവിക്കപ്പെട്ട മനുഷ്യൻ മോശയോടുള്ള സ്നേഹത്താൽ, സംഭവി ച്ചത് മറ്റൊരുവനോടു പറഞ്ഞു. അവൻ ദുഷ്ടതയാൽ മോശയെ തള്ളി പ്പറഞ്ഞു.

6. ഫറവോൻ ഇതേപ്പറ്റി കേട്ടു. എബ്രായരെ കഠിനമായി പീഡിപ്പിച്ച ജനറൽമാർക്കും മേൽനോട്ടക്കാർക്കും മോശയെപ്പറ്റി ദൂഷണം പറയാൻ ഇതൊരവസരമായി. ഫറവോൻ ക്രുദ്ധനായി തന്റെ മകന്റെ പാതക ത്തിൽ നിന്ന് കൈ കഴുകുകയും പിൻഗാമിയാകാനുള്ള രാജകുമാരനെ തനിക്കു മുമ്പേതന്നെ പാതാളത്തിലേക്ക് അയക്കാൻ മുതിരുകയും ചെയ്തു. "മോശ ഭയപ്പെട്ടു" (2,14). തന്റെ വളർത്തുമാതാപിതാക്കൾ തനിക്കു നൽകിയേക്കാവുന്ന പീഡനം നിമിത്തം തന്റെ യഥാർഥ മാതാപിതാക്കൾക്ക് വേദന ഉണ്ടാകാതിരിക്കാൻ, "അവൻ മിദിയാനി ലേക്ക് ഓടിപ്പോയി" (2,15). "അവൻ ഒരു കിണറ്റിൻകരയിൽ ഇരുന്നു. പെൺകുട്ടികൾ കോരിയ വെള്ളം തട്ടിപ്പറിക്കാൻ മുതിർന്ന അലസ രായ ചില ഇടയന്മാരെ അവൻ അവിടെ കണ്ടു. അവരുടെ ബലാൽക്കാ രത്തിൽ നിന്ന്, നീതിബോധം നിമിത്തം, അവൻ പെൺകുകട്ടികളെ രക്ഷിക്കുകയും സ്വഭാവേന അനുകമ്പ ഉള്ളവനായിരുന്നതിനാൽ അവ രുടെ ആടുകൾക്ക് വെള്ളം കോരിക്കൊടുക്കുകയും ചെയ്തു. പെട്ടെന്ന് എങ്ങനെ തിരികെയെത്തിയെന്ന് അവരുടെ പിതാവ് ചോദിച്ചപ്പോൾ, മോശയുടെ നീതിപൂർവകവും അനുകമ്പാർദ്രവുമായ പെരുമാറ്റത്തെ പ്പറ്റി അവർ അവനോട് പറഞ്ഞു. കിണറ്റിൻകരയിൽവച്ച് തന്റെ പെൺമക്കളോടു കാണിച്ച കാരുണ്യത്തിന് പ്രത്യുപകാരമായി തന്റെ ഭവനത്തിൽ അവനൊരു സദ്യ കൊടുക്കാൻ അവൻ മോശയുടെ പക്ക ലേക്കു പാഞ്ഞു.

7. പുരോഹിതൻ മോശയുടെ പക്കലേക്ക് ചെന്നപ്പോൾ, താൻ എങ്ങോട്ടു പോകും, ആരുടെ കൂടെ രാപാർക്കും എന്നൊക്കെ അവൻ ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. എങ്കിലും നദിയിലെ മരണത്തിൽ നിന്ന് ഫറവോന്റെ മകളിലൂടെ തന്നെ രക്ഷിക്കുകയും ഫറവോന്റെ കൺമു മ്പിൽ നിന്ന് ഓടിയപ്പോൾ അവന്റെ കൈകളിൽ നിന്നുപോലും രക്ഷി ക്കുകയും ചെയ്തവൻ, മോശയെ തന്റെ ഭവനത്തിൽ സ്വീകരിച്ച് തന്റെ മരുമകനാക്കാനുള്ള മനോഭാവം പുരോഹിതന്റെ മനസ്സിൽ ഉദിപ്പിച്ചു. മന്ത്രവാദികളിൽ നിന്ന് രക്ഷപെട്ട മോശ ഒരു പേഗൻ പുരോഹിതന്റെ പക്കലെത്തി. മന്ത്രവാദികളെ ഭയപ്പെട്ടതുപോലെ ഈ ആളെ അവൻ

www.malankaralibrary.com

ഭയപ്പെട്ടില്ല. കാരണം, അവരെ സഹായിച്ചതിനാൽ, അവർ ഉപദ്രവിക്കയില്ല. എങ്കിലും അവനെ മുമ്പ് അഭിമാനപൂർവം അംഗീകരിച്ചിരുന്ന അഹറോൻ വ്രണിതനും മിറിയം ദുഃഖിതയും ആയിരുന്നു.

8. മോശ കാഴ്ചയിൽ സുന്ദരനും തത്വദീക്ഷ ഉള്ളവനും അതിലുപരി അവനോടുകൂടെ ദൈവം ഉണ്ടായിരുന്നവനും ആയിരുന്നതിനാൽ, സിപ്പോറായെ ഭാര്യയായി സ്വീകരിക്കാൻ അവന്റെ ആതിഥേയർ അവനെ പ്രേരിപ്പിച്ചു. ഇടയത്തികളായി ജോലി ചെയ്യുന്ന ദുഷ്പേരിൽ നിന്ന് ലാബാന്റെ പെൺമക്കളെ യാക്കോബ് വിടുവിച്ചതുപോലെ ആടുകളുടെ പിറകെ നടക്കുന്ന നിന്ദ്യതയിൽ നിന്ന് സിപ്പോറായെ മോശ വിടുവിച്ചു. അവൻ സിപ്പോറായെ വിവാഹം കഴിക്കുകയും അവൾ രണ്ട് പുത്രന്മാരെ പ്രസവിക്കുകയും ചെയ്തു. അവൻ ഒരാളുടെ പരിച്ഛേദനം നടത്തി. മറ്റവനെ പരിച്ഛേദനം ചെയ്യാൻ അവൾ അനുവദിച്ചില്ല. തന്റെ പിതാവിനെയും സഹോദരങ്ങളെയും അവൾ അഭിമാനപൂർവം പരിഗണിച്ചിരുന്നു. മോശയുടെ ഭാര്യയാകാൻ അവൾ സമ്മതിച്ചെങ്കിലും, അവന്റെ വിശ്വാസം സ്വീകരിക്കാൻ അവൾ സന്നദ്ധയല്ലായിരുന്നു. അവൾ പേഗൻപുരോഹിതന്റെ മകളും ബലിമാംസം തിന്ന് വളർന്നവളും അനേകം ദേവന്മാരെ ആരാധിച്ചിരുന്നവളും ആയിരുന്നു. അതുകൊണ്ട് അവൾ രണ്ടു പുത്രന്മാരെയും മോശയ്ക്ക് നൽകിയില്ല. രണ്ടിനെയും ഒന്നിച്ച് മോശയിൽ നിന്ന് അകറ്റിയുമില്ല. അബ്രഹാമിന്റെ പരിച്ഛേദനം നിലനിർത്താൻ അവൾ ഒരുവനെ അവനു നൽകി. അവളുടെ കുടുംബത്തിന്റെ പരിച്ഛേദനാരാഹിത്യം തുടരാൻ ഒരുവനെ പിടിച്ചുവച്ചു.

9. തന്റെ മക്കൾക്ക് പേരിടുന്നതിൽ അവൻ തന്റെ മാതാപിതാക്കളുടെയോ, അമ്മായിയപ്പന്റെയോ പാരമ്പര്യം സ്വീകരിച്ചില്ല. ദൈവത്തെപ്രതി തന്റെ യാത്രാനന്തരം ഒരഭയാർഥി ആയതനുസരിച്ച് ഒന്നാമന് പേരിട്ടു. ഫറവോനിൽ നിന്നുള്ള വിടുതലനുസരിച്ച് രണ്ടാമന് പേരിട്ടു. മോശ മിദിയാനിൽ 40 വർഷം പാർത്തു. എബ്രായരെ പീഡിപ്പിച്ച ഫറവോൻ മരിച്ചു. "ജനം അടിമത്തത്തിൽ നിലവിളിച്ചു"(2,23). കാലം തികഞ്ഞു, ഒരു മുപ്പതു വർഷംകൂടി കഴിഞ്ഞു എന്ന് അബ്രഹാമുമായുള്ള ദൈവത്തിന്റെ ഉടമ്പടി അവർ ഓർത്തു. ഇക്കാരണത്താൽ അവർ പ്രാർഥിക്കുകയും പ്രാർഥന കേൾക്കപ്പെടുകയും ചെയ്തു. ഇസ്രായേൽക്കാർ അടിമത്തത്തിലാണെന്ന് ദൈവം കണ്ടു. അവരുടെ വേദനയും തന്റെ പ്രത്യൗഷധവും എന്താണെന്ന് ദൈവത്തിനറിയാമായിരുന്നു (2,25;3,7).

www.malankaralibrary.com

## 3

1. മോശ ഹോറേബിനടുത്ത് ആടുകളെ മേയിച്ചുകൊണ്ടിരുന്നപ്പോൾ, ഒരു മുൾപ്പടർപ്പിൽ കത്തിക്കൊണ്ടിരുന്ന അഗ്നിയിൽ ഒരു ദൂതനെ കണ്ടു. അഗ്നിയിൽ കത്തിയമരാതിരുന്ന മുൾപ്പടർപ്പ് കൂടുതൽ അടുത്തു കാണാൻ മോശ സമീപിച്ചപ്പോൾ, ഒരു മാലാഖയുടെ സാധാരണരൂപമാണ് അവന് ദൃശ്യമായത്. എന്നാൽ അവൻ അവിടെ എത്തിയപ്പോൾ, മാലാഖയെ അല്ല ദൈവത്തെയാണ് കണ്ടത്. ദൈവം അവനെ വിളിക്കുകയും ഭീകരകാഴ്ചയിൽ മാലാഖയുടെ രൂപത്തിൽ അവനു കാണപ്പെടുകയും ചെയ്തു. യാക്കോബ് ഉറങ്ങിയ സ്ഥലം പോലെ "ഇത് വിശുദ്ധ സ്ഥലമാകയാൽ", സാധാരണ സ്ഥലത്തെന്നപോലെ "നീ ഇവിടെ കടക്കരുത്"(3,5). അവിടെ ഗോവണിയും അവനെ സംരക്ഷിക്കാൻ കയറുകയും ഇറങ്ങുകയും ചെയ്യുന്ന മാലാഖമാരും നിമിത്തമായിരുന്നു. എന്നാലിവിടെ മുൾച്ചെടിയിൽ കത്തുന്ന അഗ്നിയിൽ സന്നിഹിതനായ ദൈവം നിമിത്തമാണ്. "നിന്റെ പാദരക്ഷകൾ നീക്കുക", വന്ന് ഈജിപ്തുകാരെ ചവിട്ടിമെതിക്കുക. അവർ തിരികെ പോകുന്നതിന് മുപ്പത് വർഷം അധികപ്പറ്റായിരിക്കുന്നു. മുമ്പ് ഭയരഹിതനായിട്ടത്രേ മോശ സമീപിച്ചിരുന്നത്. എന്നാൽ തന്റെ കാഴ്ചയ്ക്കുപരിസ്ഥമായ സംഗതി പ്രത്യക്ഷപ്പെട്ടപ്പോൾ, ഒരു ദൂതനെ നോക്കുന്ന രീതിയിൽ ദൈവത്തെ നോക്കാൻ ഭയപ്പെട്ടതുകൊണ്ട് അവൻ മുഖം മറച്ചു" (3,6).

2. മൃതദൈവരൂപങ്ങളുണ്ടാക്കാൻ കൊള്ളാത്ത മുൾച്ചെടി സജീവദൈവത്തെ ചിത്രീകരിക്കാൻ കഴിവുള്ളതായി. മോശയേ, അഗ്നിയുടെ മധ്യത്തിൽ വസിക്കുന്ന ദൈവത്തെ നീ കണ്ടു എന്നത് നിനക്കൊരടയാളമാണ്. അഗ്നിയിൽ വസിക്കുന്ന ദൈവത്തെ അഗ്നികൊണ്ട് അതേ രീതിയിൽ നീ സേവിക്കണം.

3. കർത്താവ് അവനോടു പറഞ്ഞു: 80 വർഷമായി "ഈജിപ്തിൽ കഴിയുന്ന എന്റെ ജനത്തിന്റെ അടിമത്തം ഞാൻ കാണുന്നു" (3,7). "നിന്നിലൂടെ അവരെ വിടുവിച്ച് രക്ഷിക്കാനും അവരുടെ പിതാക്കന്മാരോട് ഞാൻ വാഗ്ദാനം ചെയ്ത കനാൻനാട്ടിൽ അവരെ എത്തിക്കാനും ഞാൻ ഇറങ്ങിത്തിരിക്കുന്നു" (3,8). മോശ പറഞ്ഞു:"ഫറവോന്റെ പക്കലേക്കു പോകാൻ ഞാൻ ആരാണ്?" (3,7). എനിക്ക് രാജകീയപദവി ഉണ്ടായിരുന്നപ്പോൾ, അവർ എന്നെ അംഗീകരിച്ചില്ല. ഇപ്പോൾ ആടുകളെ മേയ്ക്കുന്ന പണിയിലേക്ക് ഞാൻ താണിറങ്ങിയപ്പോൾ,

www.malankaralibrary.com

ഫറവോന്റെ സാന്നിധ്യത്തിലേക്ക് ആരെന്നെ കടത്തിവിടും? കടത്തി വിട്ടാൽ തന്നെയും അവൻ എന്റെ വാക്കുകൾ വിശ്വസിക്കാൻ, എന്നിൽ എന്തു പ്രാധാന്യമാണ് അവർ കാണുക?

4. കർത്താവ് അവനോടു പറഞ്ഞു:"മൂപ്പന്മാരെ വിളിച്ചുകൂട്ടുക" (3,16). അവരുടെ നിലവിളി എന്റെ പക്കൽ എത്തിയിരിക്കുന്നു (2,23). ഞാൻ അവരെ ഓർത്തെന്നും കനാൻനാട്ടിലേക്ക് ഞാൻ അവരെ കൊണ്ടു പോകുന്നെന്നും അവരോടു പറയുക. അവർ നിന്നെ ശ്രവിക്കയില്ലെന്ന് നീ ഭയപ്പെടുന്നു. എന്നാൽ അവർ നിന്നെ അനുസരിക്കുമെന്നു ഞാൻ പറയുന്നു (3,18). മൂപ്പന്മാരോടൊപ്പം ഫറവോന്റെ സന്നിധിയിൽ കടന്ന് ഇപ്രകാരം പറയുക: "ഞങ്ങൾ മൂന്നു ദിവസത്തെ യാത്ര ചെയ്ത് കർത്താവിന് ബലിയർപ്പിക്കും" (3,18). ഇതു സംഭവിക്കാൻ ഫറവോൻ അനുവദിക്കാതിരുന്നതിനാൽ, അവനും അവന്റെ സൈന്യവും മൂന്നു ദിവസം യാത്രചെയ്യുകയും കടൽക്കരയിൽ കുന്നുകൂടി കിടന്ന അവ രുടെ മുങ്ങിച്ചത്ത ശരീരം വന്യമൃഗങ്ങൾക്കും പറവകൾക്കും ആഹാര മായി തീരുകയും ചെയ്തു.

നിന്റെ ജനം നിന്നെ ശ്രവിക്കുമെന്നു ഞാൻ പറഞ്ഞല്ലോ. അതു പോലെ, ഫറവോൻ നിന്നെ ശ്രവിക്കയില്ലെന്നും ഞാൻ പറയുന്നു. അവന്റെ കരബലത്താലോ, ദേവശക്തിയാലോ അല്ല, പിന്നെയോ, ഈജിപ്തുകാരുടെ അഹന്ത നിമിത്തം. ആ അഹന്തയ്ക്ക്, "അവരുടെ ഇടയിൽ ഞാൻ ചെയ്യാൻ പോകുന്ന എല്ലാ അത്ഭുതങ്ങൾ കൊണ്ടും ഞാൻ അവരെ തകർക്കും" (3,20). അങ്ങനെ അവൻ നിങ്ങളെ പോകാൻ അനുവദിക്കും. നിങ്ങളെല്ലാം ഈജിപ്തിൽനിന്ന് പുറപ്പെടുമെന്നതിന് കൂടുതൽ ഉറപ്പായി, ഞാൻ ഈജിപ്തുകാരിൽ നിങ്ങളോട് അനുകമ്പ ഉളവാക്കും. അവർ ഈജിപ്തുകാരെ കൊള്ളയടിക്കും. അബ്രഹാമി നോടുള്ള എന്റെ വാഗ്ദാനം ഇതിലൂടെ പൂർത്തിയാക്കപ്പെടുമ്പോൾ, തങ്ങളുടെ പുറപ്പാടിൽ അവർ സംഭരിച്ച നിക്ഷേപങ്ങൾ നിമിത്തം, എബ്രായർ ഈജിപ്തുകാരുടെ മുഖം വീണ്ടും കാണാൻ കഴിയാത്തവ രായിത്തീരും.

## 4

1. തന്റെ ജനം കഠിനഹൃദയരാണെന്ന് മോശ അറിഞ്ഞിരുന്നതിനാൽ, അവരെ ബോധ്യപ്പെടുത്താനുള്ള അടയാളങ്ങൾക്കുവേണ്ടി അവൻ യാചിച്ചു: "അവർ എന്റെ സ്വരം ശ്രവിക്കയില്ല. കാരണം കർത്താവ്

www.malankaralibrary.com

നിനക്ക് കാണപ്പെട്ടിട്ടില്ല എന്ന് അവർ പറയും" (4,1). അവൻ അടയാളങ്ങളാണ് ആവശ്യപ്പെടുന്നതെന്ന് ദൈവം അറിഞ്ഞു. അവിടുന്ന് അവനോടു പറഞ്ഞു:"ഞാനാണ് നിന്നെ അയച്ചതെന്ന് അവർ വിശ്വസിക്കാനായി നിന്റെ വടി നിലത്തേക്കിടുക. അവനത് താഴേക്കിടുകയും അത് പാമ്പായി തീരുകയും അവൻ ഓടി മാറുകയും ചെയ്തു" (4,3). ജനങ്ങളെ ബോധ്യപ്പെടുത്താൻ ദൈവം നൽകിയ അടയാളം അവനെയും ബോധ്യപ്പെടുത്തി."നീ പാമ്പിനെ പേടിച്ചതുപോലെ, ഫറവോനെയും ഭയപ്പെടുന്നു. വിഷമുള്ള വസ്തുവായി മാറിയപ്പോൾ നീ ഭയപ്പെട്ട കട്ടിയുള്ള വടി ഒരു കൽപ്പനയാൽ നിനക്ക് പിടിച്ചെടുക്കാൻ കഴിഞ്ഞതുപോലെ, വ്യാധികൾകൊണ്ട് നീ ഫറവോനെ കീഴടക്കും". വീണ്ടും അവിടുന്ന് അവനോട് റഞ്ഞു:"നിന്റെ കൈ നിന്റെ വസ്ത്രത്തിനടിയിൽ വയ്ക്കുക"(4,6). അവൻ അപ്രകാരം ചെയ്യുകയും അത് കുഷ്ഠബാധിതമാകുകയും ചെയ്തു. അവൻ അത് വീണ്ടും അവിടെ വയ്ക്കുകയും അത് ശുദ്ധമാകുകയും ചെയ്തു. പാമ്പിനെ കൊണ്ടും കൈകൊണ്ടും ജനങ്ങളെ ബോധ്യപ്പെടുത്താൻ ദൈവം കൽപ്പിച്ചു. പാമ്പിനേക്കാൾ വഴങ്ങാത്തവനല്ല ഫറവോൻ. അവന്റെ സൈന്യത്തെ നിന്റെ കൈ കണക്കെ എനിക്ക് ഇഷ്ടമുള്ളതുപോലെ ഞാൻ പന്താടും. ഈജിപ്തുകാരുടെയും നിന്റെ സഹഎബ്രായരുടെയും മുമ്പിൽ നീ കാട്ടുന്ന ഈ രണ്ട് അത്ഭുതങ്ങൾ ഈജിപ്തുകാർ വിശ്വസിക്കുന്നില്ലെങ്കിൽ, നദീജലം നിലത്തൊഴിക്കുക. അത് രക്തമായി മാറും (4,9).

2. ആവശ്യപ്പെട്ട അടയാളങ്ങൾ ലഭിച്ചശേഷം, തന്റെ വിക്ക് മാറിക്കിട്ടാൻ മോശ കർത്താവിനോട് അപേക്ഷിച്ചു: "എനിക്ക് വാചാലതയില്ല. നീ എന്നോട് സംസാരിച്ചശേഷം പോലും എന്റെ വിക്കിനു മാറ്റമില്ല"(4,10). കർത്താവ് അവനോട് പറഞ്ഞു:"ദൈവം നിശ്ശബ്ദനായിരിക്കുന്നതുപോലെ, നീ ബലഹീനൻ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ ശക്തനാണ്. നിനക്കുവേണ്ടി സംസാരിക്കാൻ നിനക്കൊരു പ്രവാചകൻ ഉണ്ടായിരിക്കും. എന്നാൽ "ഞാൻ നിന്റെ അധരങ്ങളിൽ ഉണ്ടായിരിക്കും"(4,12). നിന്റെ നാവിന്റെ കെട്ടഴിക്കാനോ, അനേകം വാദഗതികൾ നിനക്ക് നൽകുന്നതിനോ അല്ല, പിന്നെയോ, വിക്കുള്ള സംസാരത്തെ മഹനീയകർമങ്ങൾ പിൻചെല്ലുന്നതിനു വേണ്ടിയാണ്.

3. ഈജിപ്തിൽ തന്റെ സഹോദരങ്ങളെ കാണാൻ അവിടേക്ക് പോകുകയാണെന്ന്, മിദിയാനിലേക്കു മടങ്ങി തന്റെ അമ്മായിഅപ്പനോട് മോശ

www.malankaralibrary.com

പറഞ്ഞു. അവരെ വിട്ടുപോകുന്നതിൽ അവർക്ക് ദുഃഖമുണ്ടായെങ്കിലും, മുകളിൽ നിന്ന് അവരിൽ പ്രവർത്തിച്ച ദൈവതിരുഹിതം നിമിത്തം അവർ അവനെ പിടിച്ചുനിർത്തിയില്ല. എബ്രായരെ പീഡിപ്പിച്ചുകൊണ്ടിരുന്ന ഈജിപ്തിലെ മേൽനോട്ടക്കാർക്ക് മോശ ഒരു നോട്ടപ്പുള്ളിയായിരുന്നു. മുമ്പ് ചെയ്തതുപോലെ, പുതിയ ഫറവോനെ അവർ കുത്തിയിളക്കുമെന്ന് അവൻ ഭയപ്പെട്ടു. അതുകൊണ്ട് കർത്താവ് അവനോട് പറഞ്ഞു: "നിന്റെ ജീവൻ അന്വേഷിക്കുന്നവരെല്ലാം മരിച്ചുപോയി"(4,19). മോശ തന്റെ ഭാര്യയെയും പുത്രന്മാരെയും കൂട്ടി ഈജിപ്തിലേക്കു പോയി. അവൻ തന്റെ വടിയും കൈയിലെടുത്തു (4,20).

മോശ മിദിയാനിൽ നിന്നു പുറപ്പെട്ടപ്പോൾ, "എന്നെ ആരാധിക്കാൻ എന്റെ ആദ്യജാതനെ അയയ്ക്കുക" എന്ന് ഫറവോനോട് പറയാൻ ദൈവം ഒരിക്കൽ കൂടി അവനോട് കൽപ്പിച്ചു (4,23). അല്ലെങ്കിൽ, നിനക്ക് കഴിയില്ലെങ്കിലും നീ തടഞ്ഞു വച്ച എന്റെ ആദ്യജാതനു പകരം, എനിക്കു കഴിയുന്നതിനാൽ ഞാൻ നിന്റെ ആദ്യജാതനെ നിഗ്രഹിക്കും. ഞാൻ നിന്റെ ആദ്യജാതനെ കൊല്ലുന്നതായിരിക്കും എല്ലാ ബാധകളേക്കാളും വലുത്. ദൈവം ഫറവോനോട് വാക്കുകളിൽ സംസാരിച്ചു. എന്നാൽ പ്രവൃത്തി സംബന്ധിച്ച്, ഫറവോനു വരുത്തിവച്ച ബാധകളോട് താരതമ്യം ചെയ്യുമ്പോൾ, പാമ്പിന്റെ അടയാളം നിസ്സാരമായിരുന്നു.

4. മോശ മിദിയാനിൽവച്ച് തന്റെ ഒരു മകന് പരിച്ഛേദനകർമം നടത്താതെ അവഗണിക്കയാൽ, അവർ ഒരു വിശ്രമകേന്ദ്രത്തിൽ ആയിരിക്കവെ, ദൈവം അവനെ എതിരിട്ട് അവനെ കൊല്ലാനൊരുമ്പെട്ടു(4,24). ഹോറേബിൽ വച്ച് ദൈവം അവനോട് സംസാരിച്ച നാൾമുതൽ അവൻ തന്റെ ഭാര്യയുമായി ദാമ്പത്യബന്ധത്തിൽഏർപ്പെട്ടിരുന്നില്ല. അവന്റെ കഥകൾ അവൾ പൂർണമായി വിശ്വസിച്ചില്ല. അവൾ വളരെ വ്രണിതയായിരുന്നു. അവന്റെ മകന്റെ പരിച്ഛേദനം നടത്താത്തതിൽ അവൻ അവളെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. അവളാകട്ടെ ഇതേപ്പറ്റി അവനോട് തർക്കിച്ചുമിരുന്നു. ഈ അവസ്ഥയിൽ അവർ രാത്രി ചെലവഴിച്ചു. രണ്ടു കാരണങ്ങളാൽ പെട്ടെന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു. എന്നാൽ പരിച്ഛേദനാരാഹിത്യം നിമിത്തം മാത്രമാണെന്ന് അവർ ചിന്തിക്കാൻ അവൻ ഇടയാക്കി തങ്ങളുടെ മക്കൾ മരിക്കാൻ ഇടയായാൽ പോലും എബ്രായർ ഈ ചടങ്ങ് അവഗണിച്ചിരുന്നില്ല. മോശ ഈ ചടങ്ങു നടത്താൻ നിർബ

www.malankaralibrary.com

ന്ധിതനായിരുന്നില്ല. എങ്കിലും അപ്രകാരം ചെയ്യാതിരുന്നാൽ, ഈജി പ്തിൽ എത്തുമ്പോൾ എബ്രായർ അവനെ അവജ്ഞയോടെ വീക്ഷിക്കുമായിരുന്നു. അതുകൊണ്ട് മാലാഖാ രോഷാകുലനായി കാണപ്പെട്ടു. ആരെയാണ് അവൻ ഭയക്കേണ്ടത്? പരിച്ഛേദന കൽപ്പന നൽകിയ ദൈവത്തെയോ, അതു തടഞ്ഞ തന്റെ ഭാര്യയെയോ? എന്നാൽ ആ സന്ധ്യയ്ക്ക് തർക്കിച്ചുകൊണ്ടിരുന്ന സംഗതിയായ പരിച്ഛേദനം നടത്താത്തതിനാൽ, തന്റെ ഭർത്താവ് മരിക്കാൻ പോകുന്നെന്നു കണ്ട ഭാര്യ ഒരു കൽച്ചീൾ എടുത്ത് മാലാഖയുടെ ദർശനത്തിൽ ഭയന്നു നിലവിളിച്ചുകൊണ്ട് തന്റെ മകന്റെ പരിച്ഛേദനം നടത്തി(4,25). രക്തം ചിന്തിക്കൊണ്ട് അവൾ അവനെ വിടുകയും "എനിക്ക്'ഒരു രക്തവരനാണുള്ളത്" എന്നുപറഞ്ഞ് ദൂതന്റെ കാലിൽ പിടിക്കുകയും ചെയ്തു (4,25). പരിച്ഛേദനപ്പെരുന്നാളിൽ ദുഃഖമുണ്ടാക്കരുതേ. -കാരണം, അബ്രഹാം ഇസ്ഹാക്കിനെ പരിച്ഛേദനം ചെയ്ത ദിവസം വലിയ ഉത്സവമായിരുന്നു.-അവൾ പറഞ്ഞു: "എനിക്കൊരു രക്തവരനാണുള്ളത്". എന്റെ മകനെ എന്റെ കൈകൾ കൊണ്ട് പരിച്ഛേദനം നടത്തിയതിന്, എന്നെപ്രതി അഥവാ, മോശയെപ്രതി, നീയിത് ചെയ്യുന്നില്ലെങ്കിൽ, സ്ഥാപിതമായ പരിച്ഛേദനകൽപ്പന നിമിത്തം ചെയ്താലും.

5. മോശ തനിച്ചായപ്പോൾ, സിപ്പോറായോട് ഇപ്രകാരം പറയാൻ സൗകര്യമായി: അവൻ നിനക്ക് കാണപ്പെട്ട ഒറ്റ നിമിഷത്തിൽ നീ ഭയപ്പെട്ടെങ്കിൽ, എപ്പോഴും എനിക്കു കാണപ്പെടുന്ന ദൈവത്തെ ഞാൻ എത്രയധികം ഭയപ്പെടുകയും എന്നെത്തന്നെ അവന് സമർപ്പിക്കുകയും വേണം! അവൻ എന്നിലൂടെ മഹത്കാര്യങ്ങൾ നിർവഹിക്കുന്നു. ആറുലക്ഷം പേരെ വിടുവിക്കാൻ ഈ വടിയുമായി അവൻ എന്നെ അയച്ചിരിക്കുന്നു. അവൻ സിപ്പോറായെ തിരികെ അയച്ചു. ഒന്നാമത്,പരിച്ഛേദനവിധേയനായ മകന് യാത്ര കൂടുതൽ ക്ലേശകരമാകാതിരിക്കാൻ. രണ്ടാമത്, ഇസ്രായേൽക്കാരെല്ലാം ഈജിപ്തിൽ നിന്ന് പുറപ്പെടുന്നതിനാൽ, സിപ്പോറായും അവളുടെ മക്കളും അവിടേക്ക് കടക്കേണ്ടതില്ലല്ലോ.

6. ദൈവം അഹറോന് കാണപ്പെടുകയും മോശയെ എതിരേൽക്കാൻ അവനെ അയക്കുകയും ചെയ്തു (4,27). അവനോടു പറഞ്ഞതുപോലെ, ഈ രീതിയിൽ സംഭവിച്ച ഈ ഒറ്റക്കാര്യത്തിലൂടെ, ഇതുപോലെ ബാക്കി കാര്യങ്ങളും യാഥാർഥ്യമാകുമെന്ന് അഹറോൻ വിശ്വസിച്ചു. അവരിരുവരും കൂടി മൂപ്പന്മാരെ വിളിച്ചുകൂട്ടി. കൽപ്പിക്കപ്പെട്ടതുപോലെ, അവരുടെ മുമ്പിൽ അടയാളങ്ങൾ കാണിക്കുകയും കർത്താവ് പറഞ്ഞതുപോലെ അവർ മോശയെ വിശ്വസിക്കുകയും ചെയ്തു.

www.malankaralibrary.com

## 5

1. അവർ ഒന്നിച്ച് ഫറവോന്റെ മുമ്പിൽ കടന്ന് അവനോട് ഇപ്രകാരം പറഞ്ഞു: "കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. എന്റെ ജനം മരുഭൂമിയിൽ എനിക്ക് പെരുന്നാൾ ആഘോഷിക്കാൻ, അവരെ അനുവദിക്കുക" (5,1). എബ്രായമൂപ്പന്മാരുടെ സംഘം നിമിത്തവും മൂപ്പന്മാരുടെ മുമ്പിൽ മോശ കാണിച്ച അടയാളങ്ങളെപ്പറ്റി കേട്ടതു നിമിത്തവും ഫറവോൻ മോശയോട് കഠിനമായി പെരുമാറിയില്ല. എങ്കിലും അവൻ ഇപ്രകാരം പറഞ്ഞു:" മോശയേ, അഹറോനേ, നിങ്ങൾ എന്തുകൊണ്ടാണ് ജോലി ചെയ്യുന്നതിൽ നിന്ന് ജനത്തെ തടയുന്നത്?"എന്നാൽ അവർ വീണ്ടും അവനോട് സംസാരിച്ചപ്പോൾ അവൻ രോഷാകുലനായി. ജനത്തെ വിട്ടയക്കുന്നതിന് ഒരടയാളം ആവശ്യപ്പെടുന്നതിനു പകരം, "ഞാൻ അനുസരിക്കാൻ കർത്താവ് ആരാണ്?" എന്ന് അവൻ പറഞ്ഞു (5,2). "കർത്താവ് ആരാണ്" എന്ന് അവൻ ചോദിച്ചതിനാൽ, ദൈവം അവന് ദൃശ്യരൂപത്തിൽ കാണപ്പെടാതിരുന്നതിനാൽ, അടയാളങ്ങളിലൂടെ അവൻ ദർശിക്കണമായിരുന്നു. കർത്താവ് ആരാണ് എന്ന് ഫറവോൻ ചോദിച്ചതിനാലാണ് അവയെ ബാധകൾ എന്ന കഠിനപദത്തിലൂടെ തിരുലിഖിതം സൂചിപ്പിച്ചത്.

തന്റെ ക്രൂരപ്രകൃതി നിമിത്തം, പറഞ്ഞ വാക്കുകൾ കൊണ്ട് ഫറവോൻ തൃപ്തനായില്ല. ജനം കുത്തിയിരുന്ന് പുറപ്പാടിനെപ്പറ്റി ചിന്തിക്കാതെ പണിയെടുത്ത് ക്ലേശിക്കാൻ, അവൻ അവർക്ക് വൈക്കോൽ നിരോധിച്ചു. ജനം വൈക്കോലിനായി ഓടിനടന്നു. അത് പൂക്കാലമായ നീസാനായിരുന്നു. കൊയ്തുകാലമായ തമ്മൂസോ, ആവോ അല്ലാതിരുന്നതിനാൽ, വളരെ പ്രയാസപ്പെട്ടാണ് അത് ശേഖരിക്കാൻ കഴിഞ്ഞത്. ഫറവോന്റെ മേലുദ്യോഗസ്ഥന്മാർ തങ്ങളെ പീഡിപ്പിക്കുന്നെന്ന് എബ്രായ നേതാക്കൾ ഫറവോനോട് പരാതി പറഞ്ഞെങ്കിലും അവൻ പരിഗണിച്ചില്ല. അതിനുപകരം,"നിങ്ങൾ അലസരായതിനാലാണ് "പോയി കർത്താവിന് ബലിയർപ്പിക്കാൻ ആഗ്രഹിക്കുന്നത്"എന്ന് അവരോട് പറഞ്ഞു.

2. ഇസ്രായേൽക്കാരുടെ ദുരിതാവസ്ഥ കണ്ട എബ്രായനേതാക്കന്മാർ മോശയുടെ മുമ്പിൽവച്ച് മോശയുടെ കുടുംബത്തിനെതിരെ കർത്താവിനോട് പരാതി പറഞ്ഞു. മോശ കർത്താവിനോട് പറഞ്ഞു: നിന്റെ നാമത്തിൽ ഞാൻ ഫറവോനോട് സംസാരിച്ചിട്ടും അവർ പ്രതീക്ഷിച്ച

www.malankaralibrary.com

വിടുതൽ അവർക്ക് കിട്ടിയില്ല. അന്നുമുതൽ അവരുടെ പീഡനം മുമ്പി ലത്തേതിനേക്കാൾ കഠിനതരമായി തീർന്നിരിക്കുന്നു."

## 6

കർത്താവ് മോശയോടു പറഞ്ഞു: "ഫറവോന് ഒരടയാളമാണ് വേണ്ട തെങ്കിൽ, വടി അവന്റെ മുമ്പിൽ ഇടുക. അത് പാമ്പായി മാറും"(7,9). എന്നാൽ ഫറവോൻ മന്ത്രവാദികളെ വരുത്തുകയും അവർ മാന്ത്രിക വിദ്യയാൽ അപ്രകാരം കാട്ടുകയും ചെയ്തു (7,11). അതിനർത്ഥം അവർ തങ്ങളുടെ മന്ത്രവാദം കൊണ്ട് ഇത് ചെയ്തെന്ന് തിരുലിഖിതം പറയുമ്പോൾ, അവർ തങ്ങളുടെ മാന്ത്രികവിദ്യ പ്രയോഗിച്ചതിനാൽ, സാധാരണയിൽ നിന്നു വ്യത്യസ്തമായിട്ടൊന്നും ചെയ്തില്ല. മോശ ചെയ്തതിനെ അനുകരിച്ചതിലൂടെ അവനെ പരാജയപ്പെടുത്തിയെന്ന അവർ കരുതിയതിനാൽ, മോശയുടെ വടി അവരുടെ വടികളെ വിഴു ങ്ങിയപ്പോൾ, അവർക്ക് കനത്ത തിരിച്ചടി കിട്ടി (7,12). തങ്ങൾ വസ്തു ക്കളുടെ അടിസ്ഥാനപ്രകൃതി മാറ്റിയെന്ന് കരുതിയവർക്ക് മോശയുടെ വടയിൽ നിന്ന് തങ്ങളുടെ വടികളെ രക്ഷിക്കാൻ കഴിഞ്ഞില്ല. ആദ്യ ജാതന്മാരെ മരണം വിഴുങ്ങാതിരിക്കാൻ, വടി വടികളെ വിഴുങ്ങി. അനുതപിച്ചില്ലെങ്കിൽ ആദ്യജാതരും വിഴുങ്ങപ്പെടുമെന്ന്, വടികളെ വിഴു ങ്ങിയതിൽ നിന്ന് ഫറവോൻ പഠിക്കണമായിരുന്നു. ഇങ്ങനെ സംഭവി ക്കാതിരിക്കാൻ, അവർ അനുതപിക്കുന്നതിന്, ദൈവം അവർക്ക് മുന്ന റിയിപ്പു നൽകി. കൂടാതെ, ആദ്യജാതരുടെ മരണം കഠിനതരമാകയാൽ, അത് പീഡകളുടെ അവസാനമാക്കി. ആദ്യപീഡകളാൽ തന്നെ അവർ മാനസ്സാന്തരപ്പെട്ടെങ്കിൽ, മറ്റുള്ളവയേക്കാൾ ഗൗരവമേറിയ, ആദ്യ ജാതരുടെ മരണത്തിൽ നിന്ന് അവർ വിടുവിക്കപ്പെടുമായിരുന്നു.

## 7

1. കർത്താവ് അരുളിച്ചെയ്തു:"ഞാൻ ഫറവോന്റെ ഹൃദയം കഠിനമാ ക്കിയില്ല. എന്നാൽ അവന്റെ ഹൃദയം കഠിനമാണ്. അവൻ ജനത്തെ പോകാൻ അനുവദിക്കുന്നില്ല" (7,14). വീണ്ടും കർത്താവ് മോശയോടു പറഞ്ഞു:"നീ അവന്റെ പക്കലേക്കു പോയി നദീതീരത്തു നിൽക്കുക" (7,15). കാഴ്ചയർപ്പണത്തിനായി ഫറവോൻ നേരത്തേ നദീതീരത്തേക്ക് പോയതാണോ, അതോ, ഉന്മേഷത്തിനായി എല്ലാ ദിവസവും രാവിലെ അവൻ പോയിരുന്നുവോ? മന്ത്രവാദികളിലുള്ള വിശ്വാസം നിമിത്തം

www.malankaralibrary.com

ഈജിപ്ഷ്യൻ രാജാവ് നദിയിൽ പാനീയബലി അർപ്പിച്ചിരുന്നു എന്നു തോന്നുന്നു.

മോശ പുറപ്പെട്ട്, ജനത്തെ വിട്ടയക്കാൻ കർതൃപ്രതിനിധിയെന്ന നിലയിൽ അവനോട് പറഞ്ഞു. അത് ഫറവോൻ നിരസിച്ചതിനാൽ, മോശ നദിയെ അടിച്ചു. നദിയിൽ മുങ്ങിച്ചത്ത ശിശുക്കളുടെ രക്തംകൊണ്ട് മുൻഫറവോൻ അതിനെ മലിനമാക്കിയതിനാൽ, അതിലെ ജലം രക്തമായി തീരുകയും ശിശുക്കളുടെ ജഡംകൊണ്ട് തടിച്ചുകൊഴുത്ത മത്സ്യങ്ങൾ ചത്തുപോകുകയും ചെയതു (7,17. ആദ്യജാതർക്കു പകരം മത്സ്യങ്ങൾ ചത്തതിൽ, ഈ രണ്ടാം ബാധ അവരെ ഭയപ്പെടുത്താനുള്ളതായിരുന്നു. എന്നാൽ മത്സ്യങ്ങൾ ചത്തതുകൊണ്ട് ഫറവോനു ബോധ്യം വരായ്കയാൽ, ആദ്യജാതരുടെ മരണംവഴി അവനു ബോധ്യം വന്നു. മന്ത്രവാദികളും തങ്ങളുടെ മാന്ത്രികവിദ്യയാൽ അപ്രകാരം ചെയ്തു. മോശ അതു തടഞ്ഞുമില്ല (7,22).

2. മന്ത്രവാദികൾ മോശയ്ക്കെതിരായിട്ടാണ് പ്രവർത്തിച്ചതെങ്കിൽ, ഒന്നാം ബാധയിൽതന്നെ അവൻ അവരെ തടയുമായിരുന്നു. കാരണം, അവനാണ് അവ അവസാനിപ്പിക്കേണ്ടതും വ്രണബാധകൊണ്ട് അവരെ ഓടിക്കേണ്ടിയിരുന്നതും. എന്നാൽ തങ്ങളുടെ സ്വന്തം ജനത്തിനെതിരെ പ്രവർത്തിക്കുന്നതിൽ അവർ സഹകരിച്ചതിനാൽ, ഈജിപ്തിന്റെമേൽ ബാധ വരുത്തുന്നതിൽ നിന്ന് അവൻ അവരെ തടഞ്ഞില്ല. ദൈവത്തിനെതിരെ ഒരുക്കിവച്ചിരുന്ന ഹൃദയമായിരുന്നു അത്. അത് അതിനോടുതന്നെ നീതി പുലർത്തിയില്ല. തങ്ങളുടെ നാടിനെ ബാധകളാൽ പീഡിപ്പിക്കുന്നവരെ ഉപദ്രവിക്കാതെയും തങ്ങളുടെ ജനത്തിന്റെ ഉപദ്രവം തടയാൻ ഉറച്ചുനിൽക്കാതെയും തങ്ങളുടെ സ്വന്തജനത്തെ പീഡിപ്പിക്കാൻ അവർ മോശയുടെ പക്ഷംചേർന്നു. ഇപ്രകാരം ചെയ്യുന്നതിൽ നിന്ന് മോശ അവരെ തടഞ്ഞില്ല. കാരണം, സർവനാശം തടയാൻ പരിശ്രമിക്കേണ്ട അതേ ആളുകളുടെ സഹായത്തോടെ ഈജിപ്തിന്റെ പതനം അങ്ങനെ അവൻ കൂടുതൽ കഷ്ടതരമാക്കി. ചെയ്യാൻ പ്രയാസമുള്ള കാര്യമായ, പ്രകൃതിക്കെതിരെയുള്ള പ്രവർത്തനം നടത്തിയതിനു പകരം കൂടുതൽ എളുപ്പമുള്ള, ആ പ്രകൃതി മാറ്റുന്ന നടപടി തന്നെ അവർ തടയേണ്ടിയിരുന്നു. അവർ ജലം രക്തമാക്കി മാറ്റി ഈജിപ്തിനെ പീഡിപ്പിക്കുകയായിരുന്നു. എന്നാൽ അവർ അതേ രക്തം വെള്ളമാക്കി മാറ്റിക്കൊണ്ട് മോശയ്ക്ക് പ്രശ്നം സൃഷ്ടിക്കേ

www.malankaralibrary.com

ണ്ടതായിരുന്നു. എന്നാൽ തങ്ങളുടെ പരിധിയിൽവരുന്നതു ചെയ്യാനേ അവർക്കു കഴിഞ്ഞുള്ളു. തങ്ങളുടെ മന്ത്രവാദത്തിന് അനുസൃതമായത് മാത്രമേ അവർ ചെയ്തുള്ളു.

3. ഇതിനുശേഷം വീണ്ടും തിരുലിഖിതം പറയുന്നു: "കർത്താവ് ഹൃദയം കഠിനമാക്കിയില്ല. പിന്നെയോ, കർത്താവ് മോശയോടു പറഞ്ഞതു പോലെ ഫറവോന്റെ ഹൃദയം കഠിനമായി. അവൻ അവരെ ശ്രവിച്ചില്ല" (7,22). ഫറവോൻ ഇതൊന്നും ശ്രദ്ധിക്കാതെ തിരിഞ്ഞ് തന്റെ കൊട്ടാരത്തിലേക്ക് പ്രവേശിച്ചു എന്ന് ഒരിക്കൽ കൂടി തിരുലിഖിതം പറയുന്നു (7,23).

4. ഫറവോൻ ഇതിനാൽ പ്രേരതനാകാത്തതിനാൽ, അഹറോൻ കുരിശിന്റെ പ്രതീകമായ വടിയെടുത്തുയർത്തി (8,2). സമസ്തവിഗ്രഹങ്ങളെയും നീക്കിക്കളയുന്ന കുരിശിന്റെ മുൻകുറിയായ ഇതു മുഖാന്തരമാണ് പാമ്പുകളെ വിഴുങ്ങിയതു മുതൽ എല്ലാ ബാധകളും സംഭവിച്ചത്. കടൽ പിളർന്നതും ഈജിപ്തുകാർ മുങ്ങിച്ചത്തതുമെല്ലാം സംഭവിച്ചത് ഇതു മുഖാന്തരമാണ്. കനാന്യരുടെ നാശത്തിന്റെ മുൻകുറി ആയിരുന്നിത്.

## 8

1. തവളകൾ ഉയർന്നുവന്ന് ഈജിപ്ത്ദേശം മുഴുവൻ മൂടി. മന്ത്രവാദികൾ തങ്ങളുടെ മാന്ത്രികവിദ്യയാൽ അപ്രകാരം ചെയ്തു (8,2-3). അവർക്ക് ഈജിപ്തിനെപ്പറ്റി പരിഗണന ഉണ്ടായിരുന്നെങ്കിൽ, മോശയുടെ യഥാർഥ തവളകൾക്കു പുറമേ മായാതവളകളെ നിർമിക്കുന്നതിനു പകരം അവയെ തടയുമായിരുന്നു. മോശയുടെ തവളകളെ ഒഴിവാക്കാൻ അവർക്ക് കഴിവില്ലാതിരുന്നതിനാൽ, അവർ യാതൊരു വിടുതലും ഉണ്ടാക്കിയില്ല. യഥാർഥ തവളകൾക്കു പകരം മായാതവളകളെ അവതരിപ്പിച്ചതിനാൽ, അവ ഒരുപദ്രവവും ചെയ്തില്ല.അവർ ചെയ്തത് ഒരു മാജിക്ക് മാത്രമായിരുന്നതിനാൽ, അവർ ഗുണവും ദോഷവും ചെയ്തില്ല. മത്സ്യങ്ങൾ എന്ന ഗണം ചത്തടിഞ്ഞു. തവളകൾ എന്ന ഗണം വളർന്ന് പുഷ്ടിപ്പെട്ടു. ചത്ത മത്സ്യങ്ങളുടെ ഉപദ്രവം ഉണ്ടാകാത്തവർക്ക് ജീവനുള്ള തവളകൾ ഉപദ്രവമുണ്ടാക്കി. തവളകൾ നീക്കപ്പെടുന്നതിനായി ഫറവോൻ അഭ്യർഥിച്ചു. അവ ചത്തൊടുങ്ങുകയും അവ മായാദർശനമായിരുന്നെന്ന് ഈജിപ്തുകാർ

www.malankaralibrary.com

ചിന്തിക്കാതിരിക്കാൻ, അവയെ കൂനകൂട്ടി ഇടുകയും ചെയ്തു. "അൽപ്പം ആശ്വാസം കിട്ടിയപ്പോൾ ഫറവോൻ ഹൃദയം കഠിനമാക്കി, അവരെ ശ്രവിച്ചുമില്ല"(8,11.13).

2. വീണ്ടും, അഹറോൻ തന്റെ വടികൊണ്ട് നിലത്തെ പൊടിയിൽ അടിക്കുകയും മനുഷ്യരുടെയും മൃഗങ്ങളുടെയും മേലും എല്ലായിടത്തും ചെള്ളുകൾ പരക്കുകയും ചെയ്തു (8,12-13).. മന്ത്രവാദികൾ തങ്ങളുടെ മാന്ത്രികവിദ്യകൾ പ്രയോഗിച്ചു. മുമ്പു ചെയ്തതുപോലെ, ചെള്ളുകളെ വർധിപ്പിക്കാനല്ല, പിന്നെയോ, അവയെ നീക്കാൻ വേണ്ടി. എങ്കിലും അവർക്കു കഴിഞ്ഞില്ല (8,14). അവരുടെ മന്ത്രവാദത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടപ്പെട്ടപ്പോൾ, "ഇത് ദൈവകരമാണ് " എന്ന് അവർ സമ്മതിച്ചു (8,15). എന്നാൽ മോശയാലോ, ഇത് ദൈവകരമാണെന്നു പറഞ്ഞ മന്ത്രവാദികളാലോ ഫറവോന് ബോധ്യം വന്നില്ല. "ദൈവം അവന്റെ ഹൃദയം കഠിനമാക്കിയില്ല. എന്നാൽ ഫറവോയുടെ ഹൃദയം കഠിനമായി. കർത്താവ് പറഞ്ഞതുപോലെ അവൻ അവരെ ശ്രവിച്ചില്ല" (8,15).

3. നദിയുടെയും തവളകളുടെയും ചെള്ളുകളുടെയും ബാധകൾ, ഈജിപ്തിനോടൊപ്പം എബ്രായർ പാർത്ത ഗോഷേൻ ദേശത്തും ഉണ്ടായി. എന്നാൽ ഈച്ചബാധയുടെ കാര്യത്തിൽ ദൈവം രണ്ടു പ്രദേശങ്ങൾക്കുമിടയിൽ വ്യത്യാസമുണ്ടാക്കി. ഈജിപ്തിന്മേൽ ബാധ വരുത്തി, ഗോഷേൻ നാട്ടിന്മേൽ വരുത്തിയില്ല (8,19). ഫറവോൻ മോശയോടും അവന്റെ സഹോദരനോടും പറഞ്ഞു:"നിങ്ങൾക്ക് ഇഷ്ടമുള്ള നാട്ടിലേക്ക് പോകുവിൻ. ഭയരഹിതരായി നിങ്ങളുടെ ദൈവത്തിന് ബലിയർപ്പിക്കുവിൻ" (8,21). മോശ പറഞ്ഞു: "ഞങ്ങൾ കാളകളെയും ആടുകളെയും ബലി കഴിക്കുന്നു. അവയെ നിങ്ങൾ യഥാർഥത്തിൽ ആരാധിക്കുന്നു. ഈജിപ്തിലെ ദേവന്മാരെ അവരുടെ കൺമുമ്പിൽ വച്ച് ഞങ്ങൾ ബലികഴിച്ചാൽ, അവർ ഞങ്ങളെ കല്ലെറിയും. അതുകൊണ്ട്, ഞങ്ങളോട് കൽപ്പിക്കപ്പെട്ടതുപോലെ, ഞങ്ങൾ മൂന്നുദിവസത്തെ വഴി യാത്ര ചെയ്ത് ബലിയർപ്പിക്കട്ടെ" (8,22). ഫറവോൻ പറഞ്ഞു: "ഞാൻ നിങ്ങളെ പോകാൻ അനുവദിക്കാം. എന്നാൽ ദൂരെ പോകരുത്. എനിക്കു വേണ്ടിക്കൂടി പ്രാർഥിക്കുക" (8,23-24). ഈച്ചകൾ നീങ്ങിക്കഴിഞ്ഞപ്പോൾ ഫറവോൻ വഞ്ചനാപരമായി പെരുമാറി. ജനത്തെ വിട്ടയച്ചില്ല. ഇതിനുശേഷം ദൈവം കന്നുകാലികളുടെ മേൽ പകർച്ചവ്യാധി വരുത്തി.

www.malankaralibrary.com

എബ്രായരുടെ കന്നുകാലികളും ഈജിപ്തുകാരുടെ കന്നുകാലികളും എന്ന് വ്യത്യാസം വരുത്തി. എങ്കിലും ജനത്തെ പോകാൻ അനുവദിക്കത്തക്കവിധം ഫറവോൻ പ്രേരിതനായില്ല.

## 9

1. പിന്നീട് ഫറവോൻ കാൺകെ മോശ ചാരമെടുത്തു വിതറി, മനുഷ്യരുടെയും മൃഗങ്ങളുടെയും മേൽ വ്രണമുണ്ടാക്കി. മന്ത്രവാദികൾക്ക് മോശയുടെ മുമ്പിൽ നിൽക്കാൻ കഴിഞ്ഞില്ല. കാരണം, എബ്രായരുടെ ശരീരത്തിൽ വ്രണമുണ്ടാക്കാൻ അവരെക്കൊണ്ടായില്ല. തങ്ങളുടെ ശരീരത്തിൽ തന്നെ ഉണ്ടാക്കാൻ ഇടമില്ലായിരുന്നു (9,10-11).

2. പിന്നീട് ഫറവോന്റെ ഭവനത്തിലും ജനങ്ങളുടെമേലും അവൻ ഹിമശകലവർഷം കൊണ്ടുവന്നു. അവൻ അവനോട് പറഞ്ഞു: "ഇക്കാരണത്താൽ വിഘടിച്ചുള്ള പെരുമാറ്റം തുടരാൻ ഞാൻ നിന്നെ ആക്കി. അതായത്, ഇക്കാരണത്താൽ, ആദ്യവസന്തയാൽ ഞാൻ നിന്നെ കൊന്നില്ല. നിന്റെ നാട്ടിൽ ഞാൻ കൊണ്ടുവരുന്ന ശിക്ഷകളിലൂടെ നിന്നെ എന്റെ ശക്തി കാണിക്കാൻ നാളെ ഞാൻ വളരെ കനത്ത ഹിമശകലം വർഷിക്കും" (9,16). പകർച്ചവ്യാധികളെ അതിജീവിച്ച കന്നുകാലികളെ കൽമഴ തകർക്കാതിരിക്കാൻ, അവയെ ആലകളിൽ എത്തിക്കാൻ കൽപ്പിക്കുക. എത്ര നിസ്സാരമായി ഈജിപ്തിനെ അടിക്കാനാണ് ദൈവം ആഗ്രഹിച്ചതെന്നു കാണുക. അവർ അനുതപിക്കുന്നതിനും താൻ പിന്മാറുന്നതിനും വേണ്ടി, താൻ ചെയ്യാൻ പോകുന്നതിനെപ്പറ്റി അവൻ അവർക്ക് മുന്നറിവു നൽകി. കന്നുകാലികളെ ആലയ്ക്കകത്താക്കാൻ കൽപ്പന നൽകുന്നതിന് പറയുകയും ചെയ്തു. കൽപ്പിച്ചതുപോലെ അവയെ അകത്താക്കിയെങ്കിൽ, എന്തിനാണ് ഹിമവർഷം നടത്തുന്നത്? വിശ്വസിക്കാത്തവരുടെ കന്നുകാലികളെ കൽമഴ കൊല്ലുമ്പോൾ, അത്ഭുതം സുസ്പഷ്ടമാകുന്നതിനാണ് കൽമഴ ഇറക്കുന്നത്. എന്നാൽ കന്നുകാലികളെ അകത്താക്കുവിൻ. അനുതപിച്ചവർക്ക് പ്രതിഫലം നൽകാൻ ദൈവം ശ്രദ്ധിച്ചു.

3. "ആലിപ്പഴവും അഗ്നിയും ഒന്നിച്ചിറങ്ങിവന്നു" (9,24). ആലിപ്പഴം അഗ്നിയെ കെടുത്തിയില്ല. അഗ്നി ആലിപ്പഴത്തെ വിഴുങ്ങിയില്ല. മുൾപ്പടർപ്പിലെന്നപോലെ അഗ്നി ആലിപ്പഴത്തിൽ കത്തി. ചുട്ടുപഴുത്ത ഇരുമ്പുപോലെ ആലിപ്പഴം അഗ്നിയിൽ തിളങ്ങി. ആലിപ്പഴത്തിൽ അഗ്നി ശമിക്കുകയും വൃക്ഷങ്ങളെ ഒഴിഞ്ഞുപോകുകയും ചെയ്തു. ആലിപ്പഴ

www.malankaralibrary.com

ത്തിന്റെ ഊക്ക് പുരാതന വൃക്ഷങ്ങളെ തകർത്തു. അതിനുള്ളിലെ അഗ്നി വേലികളും ഉദ്യാനങ്ങളും പഴത്തോട്ടങ്ങളും നശിപ്പിച്ചില്ല.

4. ഫറവോൻ മോശയോടു പറഞ്ഞു:"ഞാൻ ഇപ്പോൾ പാപം ചെയ്തിരിക്കുന്നു" (9,27). അവൻ ഹൃദയം കഠിനമാക്കിയ മുൻഅവസരങ്ങളിൽ അവൻ പാപം ചെയ്തില്ലേ? മുൻഅവസരങ്ങളിൽ പാപം ചെയ്തെങ്കിൽപോലും ഇതിൽ ചെയ്തതുപോലെ ഗൗരവമായി പാപം ചെയ്തില്ല. കന്നുകാലികളെ തൊഴുത്തിനകത്താക്കാൻ ദൈവം കൽപ്പിച്ചെങ്കിലും, അവൻ വിശ്വസിച്ചില്ല. അതുകൊണ്ട് മറ്റെല്ലാറ്റിനേക്കാളും ഈ ബാധയിൽ അവന്റെ കുറ്റം ഗൗരവമേറിയതാണ്. മോശ പുറത്തേക്കുപോയി തന്റെ കൈകൾ ഉയർത്തിയപ്പോൾ, ഇടിമുഴക്കം നിലയ്ക്കുകയും മഴപെയ്യുന്നത് അവസാനിക്കുകയും ചെയ്തു (9,33). ഒന്നുകിൽ അത് വായുവിൽ മറഞ്ഞുപോയി, അല്ലെങ്കിൽ അത് മേഘങ്ങൾക്കുള്ളിൽ കടന്ന് ഉയർന്നുപോയി. അത് താഴേക്ക് വന്നതിനേക്കാൾ വേഗത്തിൽ മേലോട്ട് പൊങ്ങിപ്പോയി. എന്നാൽ ഇതിനുശേഷം ഫറവോനും അവന്റെ സംഘവും മറുതലിക്കുകയും ജനത്തെ പോകാൻ അനുവദിക്കാതിരിക്കുകയും ചെയ്തു.

## 10

1. കർത്താവ് മോശയോടു പറഞ്ഞു:"ഫറവോന്റെ പക്കലേക്കു പോകുക. അവന്റെ ധാർഷ്ഠ്യത്തെ ഭയക്കേണ്ട. നീ വഴി സംഭവിച്ച ബാധകളിലൂടെ ഞാൻ കാട്ടിയ ക്ഷമയോടൊപ്പം ഞാൻ അവന്റെ ഹൃദയം കഠിനമാക്കി. ഞാൻ അവന്റെ അനുതാപത്തിൽ വിശ്വസിച്ചപ്പോൾ, അവന്റെ വഞ്ചനാത്മകസ്വഭാവം എനിക്ക് അജ്ഞാതമല്ലായിരുന്നു. കാരണം, ഫറവോൻ നിന്നെ ശ്രവിക്കയില്ലെന്ന് ഞാൻ നിന്നോട് മുൻകൂട്ടി പറഞ്ഞിരുന്നല്ലോ. എന്നാൽ നിന്റെ അനന്തരഗാമികളോട് വിവരിക്കാൻ, അവനിലൂടെ അടയാളങ്ങൾ പ്രവർത്തിക്കാൻ എനിക്ക് കഴിയുന്നതിനാണിത്.

2. മോശ ഫറവോനോട് പറഞ്ഞു: "നീ ജനത്തെ വിട്ടയയ്ക്കുകയില്ലെങ്കിൽ, ഞാൻ വെട്ടുക്കിളികളെ തുറന്നുവിടും (10,4). കൽമഴയ്ക്കു ശേഷമുള്ളവയെല്ലാം അവ തിന്നൊടുക്കും. (10,5). ഫറവോന്റെ ദാസന്മാർ അവനോടു പറഞ്ഞു: "ഒരിടർച്ചക്കല്ലായി നാം എത്രനാൾ ഈ ജനത്തെ പിടിച്ചുവയ്ക്കും?" അവർ പോയി അവരുടെ ദൈവത്തിന് ബലി അർപ്പിക്കട്ടെ. നമ്മുടെ നാടിനും വസ്തുവകകൾക്കും സംഭവിച്ചതുപോലെ, ബാധകൾ നമ്മെത്തന്നെ ബാധിക്കാതിരിക്കട്ടെ. ഈജിപ്തു

www.malankaralibrary.com

മുഴുവൻ ശൂന്യമായി കിടക്കുന്നതു നീ തിരിച്ചറിയുന്നില്ലേ?(10,7). ഫറവോൻ മോശയോടു പറഞ്ഞു: "നിങ്ങളുടെ സമ്പാദ്യങ്ങളുമായി പുറപ്പെടുക. എന്നാൽ ഒരു രാജാവിൽനിന്ന് തിന്മ നിങ്ങളുടെമേൽ നിപതിക്കാനിരിക്കുന്നു" (10,10).നീ എബ്രായരെ ഉപദ്രവങ്ങളിൽ നിന്ന് യഥാർഥത്തിൽ സംരക്ഷിച്ചിരുന്നെങ്കിൽ, നിന്റെ നാട്ടിൽ നീ അവരെ അടിമനുകം എടുപ്പിക്കയില്ലായിരുന്നു. സ്നേഹത്താൽ പ്രേരിതമായി ട്ടാണ് നീ അവരെ തടഞ്ഞു വച്ചിരുന്നതെങ്കിൽ, അവർക്ക് വയ്ക്കോൽ തടഞ്ഞുകൊണ്ട് നിഷ്ഠൂരമായ അടിച്ചമർത്തൽ കൂടുതൽ കഠിനതര മാക്കുമായിരുന്നില്ല. എന്നാൽ എല്ലാത്തരം അത്ഭുതങ്ങളും പ്രവർത്തി ക്കുന്ന ഇത്തരമൊരു ദൈവമുള്ള ജനം മനുഷ്യരിൽ നിന്നുള്ള ഉപദ്ര വം ഭയക്കുന്നില്ല.

3. പിന്നീട് മോശ വെട്ടുക്കിളികളെ വരുത്തുകയും കൽമഴ അവശേഷി പ്പിച്ച പുല്ലും മറ്റെല്ലാ സസ്യങ്ങളും അവ തിന്നു തീർക്കുകയും ചെയ്തു. ഫറവോൻ പറഞ്ഞു: "ഞാൻ കർത്താവിനും നിങ്ങൾക്കുമെതിരെ പാപം ചെയ്തു. ഇപ്പോൾ എന്റെ തെറ്റ് ക്ഷമിക്കുക"(10,16-17). അവൻ കഠിന ഹൃദയനാണെങ്കിൽ, അവൻ ഇത് പറയുകയില്ലായിരുന്നു. കാരണം, കഠിനഹൃദയൻ അനുതാപത്തിന് അന്യനാണ്. തന്റെ വേദനയിൽ അവൻ കാരുണ്യത്തിന് അപേക്ഷിക്കുകയും ശിക്ഷ മാറിയപ്പോൾ മത്സരിക്കുകയും ചെയ്തെങ്കിൽ, അവൻ സ്വതന്ത്രമായിട്ടാണ് പ്രവർത്തി ച്ചത്. രണ്ടു സംഗതികളും അവന്റെ സ്വതന്ത്രേച്ഛയ്ക്ക് സാക്ഷ്യം വഹി ക്കുന്നു. മോശയുടെ കൽപ്പനയാൽ വെട്ടുക്കിളികൾ പിന്മാറി. അതോടെ ഫറവോന്റെ അനുതാപവും അവസാനിച്ചു.

4. പിന്നീട് മോശ മൂന്നു രാവും മൂന്നും പകലും ഈജിപ്തു മുഴുവൻ ഇരുട്ടുപരത്തി. എന്നാൽ എബ്രായർക്ക് പ്രകാശമുണ്ടായിരുന്നു. അങ്ങനെ അവർക്ക് തങ്ങളുടെ ജോലിയിൽ നിന്ന് വിശ്രമം കിട്ടി. യാത്രയ്ക്കുവേണ്ട് ഒരുക്കങ്ങൾ നടത്താനും കഴിഞ്ഞു.

5. ഫറവോൻ മോശയോടു പറഞ്ഞു: "നിങ്ങളുടെ ഭാര്യമാരോടും കുട്ടി കളോടും കൂടെ പോയി കർത്താവിനെ ആരാധിക്കുവിൻ. നിങ്ങൾ തിരികെ വരുമെന്ന ഉറപ്പിനായി നിങ്ങളുടെ കന്നുകാലികളെ മാത്രം നിർത്തുക"(10,24). മോശ പറഞ്ഞു:"ഞങ്ങൾ ഞങ്ങളുടെ ദൈവത്തിന് അർപ്പിക്കുന്ന മഹാബലിക്ക് ഞങ്ങളുടെ കന്നുകാലികൾ തുലോം തുച്ഛ മാണ്. ഇക്കാരണത്താൽ, ഞങ്ങൾ കർത്താവിന് ബലിയർപ്പിക്കാൻ, നിങ്ങൾക്ക് കന്നുകാലികൾ അവശേഷിക്കുന്നുണ്ടെങ്കിൽ, നിങ്ങളും

www.malankaralibrary.com

ഞങ്ങൾക്ക് മൃഗങ്ങളെ തരണം. കർത്താവ് ഞങ്ങളുടെ നല്ല കന്നുകാലികളെ തെരഞ്ഞെടുക്കുന്നതുവരെ ഏതിനെ അർപ്പിക്കണമെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ." കർത്താവ് ഫറവോന്റെ ഹൃദയം കഠിനമാക്കി. അവൻ ജനത്തെ വിട്ടയച്ചില്ല. ദൈവം ഹൃദയം കഠിനമാക്കിയെങ്കിൽ, കർത്താവ് കഠിനമാക്കിയ ഹൃദയത്തിൽ മാറ്റത്തിന് സാധ്യത ഇല്ലായിരുന്നു. ഞാൻ അവരെ പോകാൻ അനുവദിക്കുമെന്ന് പീഡനാവസരം പറയുകയും അതു കടന്നുപോകുമ്പോൾ നിഷേധിക്കുകയും വിടുവിക്കാതിരിക്കുകയും ചെയ്തത് ദൈവം ഹൃദയം കഠിനമാക്കിയതിനാലല്ല. പിന്നെയോ, അത് അവന്റെ ഉള്ളിന്റെ ഉള്ളിൽനിന്നു വന്നതാണ്. കൽപ്പിക്കപ്പെട്ടത് വേദനയിൽ സമ്മതിക്കുകയും നീങ്ങിക്കിട്ടുമ്പോൾ നിന്റെ നിയമത്തെ ധിക്കരിക്കുകയും ചെയ്യുന്നു.

## 11

കർത്താവ് പറഞ്ഞു: " അർദ്ധരാത്രിയിൽ ഈജിപ്തിലെ ആദ്യജാതരും കന്നുകാലികളുടെ ആദ്യകിടാങ്ങളും മരിക്കുന്നതിനാൽ, ഓരോരുത്തരും താന്താങ്ങളുടെ സ്നേഹിതനോട് സ്വർണപ്പാത്രങ്ങളും വെള്ളിപ്പാത്രങ്ങളും വായ്പ ചോദിക്കട്ടെ" (11,4). ശിശുക്കളെ നദിയിൽ എറിഞ്ഞപ്പോൾ, എബ്രായഭവനങ്ങളിലുണ്ടായ നിലവിളിപോലെ ഈജിപ്തു മുഴുവൻ നിലവിളി ഉണ്ടാകും (11,6). "നീയും ഈ ജനതയും പുറപ്പെട്ടു പോകുക"എന്ന് നിന്റെ ദാസന്മാർ ഇറങ്ങിവന്ന് എന്നോട് പറയും. അപ്പോൾ ഞാൻ പുറപ്പെട്ടുപോകും"(11,8). ജനങ്ങളെ വിടുവിച്ച ഈ ബാധതന്നെ ഫറവോനെ പിടലി കടുത്തവനായി തുടരാൻ ഇടയാക്കി. കാരണം,ഇത് പെട്ടെന്ന് സംഭവിച്ചതല്ല.

## 12

1. "ഈ മാസം വർഷത്തിന്റെ ആദ്യമാസമായിരിക്കും" (12,1). പത്താം ദിവസം ഓരോരുത്തരും താന്താങ്ങളുടെ ഭവനത്തിനുവേണ്ടി ഒരു കുഞ്ഞാടിനെ എടുക്കണം. പതിന്നാലാം തീയതി വരെ അതിനെ സൂക്ഷിക്കണം. അതിനെ സന്ധ്യയ്ക്ക് കൊല്ലണം (12,6). അതിന്റെ കുറേ രക്തം കട്ടിളപ്പടികളിലും അതിനെ ഭക്ഷിക്കുന്ന ഭവനകവാടത്തിലും തളിക്കണം (12,7).

2. നീസാൻ മാസത്തിൽ ഗർഭസ്ഥനായ നമ്മുടെ കർത്താവിന്റെ പ്രതീകമാണ് കുഞ്ഞാട്. യോഹന്നാൻ ജനിക്കുമെന്ന് ഏഴാം മാസം പത്താം തീതിയാണ് സക്കറിയായോട് പറയപ്പെട്ടത്. ആറുമാസത്തിനു ശേഷം,

www.malankaralibrary.com

മാലാഖാ മറിയത്തിന്റെ പക്കൽ മംഗലവാർത്ത അറിയിച്ചത് ഒന്നാം മാസം പത്താം തീയതിയാണ്. ഇതു നിമിത്തം മാലാഖാ അവളോടു പറഞ്ഞു: "വന്ധ്യയെന്നു പറഞ്ഞവൾക്ക് ഇത് ആറാംമാസമാണ്" (ലൂ.1,36).

3. കുഞ്ഞാടിനെ സൂക്ഷിച്ച പത്താംദിവസം നമ്മുടെ കർത്താവ് ഗർഭപാത്രത്തിൽ ഉരുവായി. അതു കൊല്ലപ്പെട്ട പതിന്നാലാം ദിവസം അതു സൂചിപ്പിച്ചവൻ ക്രൂശിക്കപ്പെട്ടു. തിരുലിഖിതം സൂചിപ്പിക്കുന്ന കയ്പുചീരയോടു കൂടെയുള്ള പുളിപ്പില്ലാത്ത അപ്പം, പുളിപ്പില്ലാത്ത അപ്പത്തിലുള്ള അവന്റെ നവീകരണത്തിന്റെ അടയാളമാണ്. അവനെ വഹിക്കുന്നവർ വേദനിക്കുമെന്നതിനാൽ കയ്പുചീര. "വറുത്തു തിന്നണം"(12,8-9): അഗ്നിയിൽ ചുട്ടെടുത്തവനാണ് എന്നതിന്റെ പ്രതീകം. "അര കെട്ടിയും ചെരിപ്പു ധരിച്ചും"പുറപ്പെട്ട്, സുവിശേഷം പ്രഘോഷിക്കാൻ സന്നദ്ധതയുള്ള നവശിഷ്യത്വത്തിന്റെ പ്രതീകം. "കൈയിൽ നിങ്ങളുടെ വടികൾ എടുക്കണം" (12,11): അവരുടെ തോളുകളിലെ കുരിശുകളാണ്. "നിന്നുകൊണ്ട് തിന്നണം": കാരണം സജീവ ശരീരം ആരും ഇരുന്നുകൊണ്ട് ഭക്ഷിക്കാറില്ല. "വിദേശികളാരും അതിൽ നിന്ന് ഭക്ഷിക്കരുത്" (12,43): സ്നാനമേൽക്കാത്തവർ, സജീവശരീരത്തിൽ പങ്കെടുക്കുന്നില്ല. "അതിന്റെ അസ്ഥികളൊന്നും ഒടിക്കരുത്" (12,46): നമ്മുടെ കർത്താവിന്റെ കൈകാലുകളും പാർശ്വവും തുളയ്ക്കപ്പെട്ടെങ്കിലും അസ്ഥികളൊന്നും തകർക്കപ്പെട്ടില്ല.

4. പാതിരാത്രിയിൽ ഈജിപ്തിലെ ആദ്യജാതന്മാർ മരിച്ചു (12,29). തങ്ങളുടെ ഭവനാംഗങ്ങളോടൊത്ത് എല്ലാവരും തങ്ങളുടെ ആദ്യജാതരായ മൂത്തമക്കളെപ്രതി കരഞ്ഞു വിലപിച്ചു. എബ്രായസ്ത്രീകളുടെ ആദ്യജാതരെ കൊണ്ട് നദി നിറഞ്ഞിരുന്നതിനാൽ, ഈജിപ്ഷ്യൻ സ്ത്രീകളുടെ ആദ്യജാതരെകൊണ്ട് കല്ലറകൾ നിറഞ്ഞു.

5. ഫറവോൻ മോശയുടെ കുടുംബത്തെ വിളിച്ചുവരുത്തി പറഞ്ഞു: "നിങ്ങൾക്കുള്ളതെല്ലാമെടുത്ത് പുറപ്പെടുവിൻ. എന്നെ അനുഗ്രഹിക്കുകയും ചെയ്യുവിൻ" (12,31-32). പുറപ്പെട്ടുപോകാൻ ഫറവോന്റെ ദാസന്മാർ അപേക്ഷിക്കുമെന്ന് മോശ പറഞ്ഞിരുന്നു. അവൻ പറഞ്ഞതിലും കൂടുതൽ നിറവേറി. കാരണം, ദാസർക്കു പകരം ഫറവോൻ തന്നെ പുറപ്പെടാൻ അപേക്ഷിച്ചു. അവരെ ഒഴിവാക്കാൻ അവർ നിർബന്ധിച്ചു. അവർ അനുതപിച്ചതിനാലല്ല, പിന്നെയോ, ആദ്യജാതരെപോലെ തങ്ങൾ തന്നെയും മരിച്ചുപോകുമെന്ന് കരുതിയതിനാലാണ്.

www.malankaralibrary.com

6. ആറുലക്ഷം പേർ റാമ്സേസിൽ നിന്ന് പുറപ്പെട്ട് സുക്കോതിൽ പാളയമടിച്ചു (12,37). അവർ ഈജിപ്തിൽ 430 വർഷം പാർത്തു (12,40). യാക്കോബ് ഈജിപ്തിൽ കടന്ന നാൾ മുതലല്ല ഈ എണ്ണം. പിന്നെയോ, ദൈവം അബ്രഹാമിനോട് ഉടമ്പടി ഉണ്ടാക്കിയ നാൾ മുതലാണ്.

## 13

ജനം ഈജിപ്തുകാരെ കൊള്ളയടിച്ചു (12,35). മോശ യൗസേപ്പിന്റെ അസ്ഥികളെടുത്തു (13,19). അവർ ആയുധധാരികളായി പുറപ്പെട്ടു (13,18). അവർ പുറപ്പെട്ട ആദ്യദിവസം മുതൽ പകൽ ഒരു മേഘം കൊണ്ടും രാത്രി ഒരഗ്നിത്തൂണു കൊണ്ടും കർത്താവ് അവരെ സംരക്ഷിച്ചു.

## 14

1. "എന്നാൽ ഫറവോന്റെയും അവന്റെ ദാസന്മാരുടെയും മനസ്സുമാറി. അവർ പറഞ്ഞു: നാമെന്താണ് ചെയ്തത്?" (14,5). നമ്മുടെ മേൽ നിപതിച്ച ബാധകൾക്കുശേഷം നമ്മുടെ നിക്ഷേപങ്ങളും മേന്മയുള്ള വസ്ത്രങ്ങളും കൊണ്ട് കടന്നുകളയാൻ നമ്മൾ എബ്രായരെ അനുവദിച്ചു. എബ്രായർ ഈജിപ്തിനെ നിന്ദാപാത്രമാക്കുന്നതിലും ഭേദം മരിക്കുകയാണ്.

2. അവർ ഒത്തുകൂടി. അവരെ കൊന്ന് തങ്ങളുടെ സ്വന്തം നിക്ഷേപങ്ങളും അവരുടെ നിക്ഷേപങ്ങളും കൈക്കലാക്കുമെന്ന ആത്മവിശ്വാസത്തിൽ അവർ പുറപ്പെട്ടു. ഫറവോൻ തന്റെ സൈന്യവുമായി എബ്രായർക്കെതിരെ പുറപ്പെട്ടു. അവർ ജയഭേരി മുഴക്കി (14,8). അതായത്, ദൈവം അബ്രഹാമിനോട് വാഗ്ദാനം ചെയ്തതു പോലെ വെള്ളിയും സ്വർണവും വിശിഷ്ടവസ്ത്രങ്ങളും ആട്ടിൻകൂട്ടവും നല്ല ആരോഗ്യവും ഉള്ളവരായി അവർ പുറപ്പെട്ടു. "ഈജിപ്തുകാരെ കണ്ടപ്പോൾ ഇസ്രായേൽക്കാർ ഭയപ്പെട്ടു" (14,10). ആറുലക്ഷം എബ്രായർ ഭയക്കുന്നതിന് എത്ര ഈജിപ്തുകാർ അവിടെ ഉണ്ടായിരുന്നു? തങ്ങളോടുകൂടെ ഉണ്ടായിരുന്ന തങ്ങളുടെ ഭാര്യമാരെയും കുട്ടികളെയും കന്നുകാലികളെയും ഓർത്താണ് അവർ ഇടറിയത്. തങ്ങളുടെ കുടുംബത്തെ ആരു നോക്കും? കന്നുകാലികളെ ആരു മേയിക്കും? എന്നൊക്കെ അവർ ചിന്തിച്ചു.

3. മോശ അവരോടു പറഞ്ഞു: ഈജിപ്തിലെപ്പോലെ തന്നെ ആയിരിക്കും ഇവിടെയും. "നിങ്ങൾ ശാന്തരായിരിക്കുവിൻ. കർത്താവ്

www.malankaralibrary.com

നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും" (14,14). കർത്താവ് മോശയോടു പറഞ്ഞു:"ഞാൻ നിങ്ങൾക്ക് എന്തുചെയ്തു തരാനാണ് നീ പ്രാർഥിക്കുന്നത്?" (14,15). നീ പ്രാർഥിക്കുന്നതിനുമുമ്പ് നിന്റെ ജനത്തിനുവേണ്ടി പ്രവർത്തിക്കാൻ ഞാൻ തയാറാണ്. കുരിശിന്റെ പ്രതീകമായ വടി ഉയർത്തി കടൽ അടിച്ച് പിളർത്തുക. ഇതാ, ഞാൻ ഹൃദയം കഠിനമാക്കുന്നു. അതായത്, ഞാൻ ഈജിപ്തുകാരുടെ ഗർവ് നിയന്ത്രിക്കുന്നില്ല. കടൽ പിളരുന്ന പുതിയ അത്ഭുതം കാണുന്നെങ്കിലും മുന്നറിയിപ്പ് ശ്രദ്ധിക്കുന്നില്ല. ഇക്കാരണത്താൽ ഫറവോന്റെയും അവന്റെ സൈന്യത്തിന്റെയും മേൽ ഞാൻ വരുത്താൻ പോകുന്ന നാശത്താൽ ഞാൻ പ്രകീർത്തിക്കപ്പെടും. ഞാനാണ് കർത്താവെന്ന്, മരിക്കുന്നതിനു മുമ്പ് ഈജിപ്തുകാർ അറിയും"(14,18,19). കർത്താവ് ഈജിപ്തുകാർക്കെതിരെ ഇസ്രായേൽക്കാർക്കുവേണ്ടി പോരാടുന്നതിനാൽ, നമുക്ക് അവനിൽനിന്ന് ഓടിപ്പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഈ പരാമർശമുണ്ടായി (14,25).

4. മാലാഖാ, മുമ്പിലുണ്ടായിരുന്ന മേഘത്തൂൺ എടുത്ത് ഈജിപ്തുകാർക്കും എബ്രായർക്കും മദ്ധ്യേ സ്ഥാപിച്ചു (14,19). മേഘം ജനത്തിന് പകൽ തണൽ നൽകി. രാത്രിയിൽ പാളയങ്ങൾക്കിടയിൽ വച്ചപ്പോൾ, മുന്നുരാവും മൂന്നു പകലും ഈജിപ്തുകാർക്ക് ഇരുട്ടുണ്ടാക്കി. എന്നാൽ അഗ്നിസ്തംഭം ഇസ്രായേൽക്കാരുടെമേൽ പ്രകാശിച്ചതുകൊണ്ട് അവർക്ക് വെളിച്ചമുണ്ടായിരുന്നു. ഈജിപ്തുകാരെ ഭയപ്പെടുത്താനും ഇസ്രായേൽക്കാരെ പ്രോത്സാഹിപ്പിക്കാനുമാണ് ഇത് സംഭവിച്ചത്. അന്ധകാരം കണ്ട് ഈജിപതുകാർ ഓടിപ്പോയിരുന്നെങ്കിൽ, കടലിലേക്ക് ഇറങ്ങാൻ അവർ മുതിരുകയില്ലായിരുന്നു. ഞൊടിയിടകൊണ്ട് കടൽ പിളർത്താമായിരുന്നു. എന്നാൽ ഈജിപ്തുകാർക്ക് അനുതപിക്കാൻ അവസരം നൽകുന്നതിന്, കടലിനെ പിന്നോട്ടടിച്ച് ഉണങ്ങിയ കരയാക്കുന്നതിന്, രാത്രി മുഴുവൻ ശക്തിയേറിയ ഒരുഷ്ണക്കാറ്റ് വീശിക്കൊണ്ടിരുന്നു (14,23).

5. ഈജിപ്തുകാർ ഇസ്രായേൽക്കാർക്ക് പിന്നാലെ പാഞ്ഞുവന്നു. തങ്ങൾക്കും എബ്രായർക്കുമിടയിലുള്ള ഇരുട്ടിനെ അവർ ഭയന്നില്ല. കടൽ പിളർന്നതിൽ അവർ വിറച്ചുമില്ല. ജനത്തിനു മുമ്പിൽ അഗ്നിസ്തംഭം നീങ്ങിക്കൊണ്ടിരുന്നു. അവരോടു പോരാടാൻ രാത്രിയിൽ കടലിന് നടുവിലേക്ക് ഈജിപ്തുകാർ ഇരച്ചിറങ്ങി. പ്രഭാതത്തിൽ കർത്താവ് ഈജിപ്തുകാർക്ക് കാണപ്പെടുകയും അവരെ കുഴപ്പത്തി

www.malankaralibrary.com

ലാക്കുകയും അവരുടെ രഥചക്രങ്ങൾ ചെളിയിൽ പൂഴ്ത്തുകയും ചെയ്തു. ജനത്തെ പിൻചെല്ലാനോ, കടലിൽനിന്ന് രക്ഷപെടാനോ അവർക്ക് കഴിയാതെ വന്നു (14,24-25). എന്നാൽ തങ്ങൾക്ക് കാണപ്പെട്ട കർത്താവിനെ അവർ ഭയപ്പെട്ടില്ല. തങ്ങളുടെ രഥചക്രങ്ങൾ ഉറച്ചുപോയതിൽ നിന്ന് അവർ പഠിച്ചില്ല. ബലം പ്രയോഗിച്ച് രഥങ്ങൾ ഓടിക്കാൻ അവർ ശ്രമം നടത്തി (14,25).

6. കടൽ പിളർന്നപ്പോൾ മോശ കടലിന്മീതേ തന്റെ കരമുയർത്തിയെന്ന് തിരുലിഖിതം പറയുന്നു. അതു തിരികെ എത്തിയപ്പോൾ അവൻ അത് കടലിന്മീതേ നിന്ന് താഴ്ത്തിയെന്ന് അത് പറയുന്നു (14,21.27). കടൽ പിളർന്ന് ജനമെല്ലാം കടന്നുപോകുന്നതുവരെ അമാലേക്കുമായി പിന്നീട് നടത്തിയ യുദ്ധത്തിൽ ചെയ്തതുപോലെ, മോശ തന്റെ കരം ഉയർത്തിപ്പിടിച്ചിരുന്നു.

7. കർത്താവ് ഈജിപ്തുകാരെ തകർത്തു. അവരിലാരും രക്ഷപെട്ടില്ല. എബ്രായശിശുക്കൾ നദീതീരത്ത് കുന്നുകൂടി കിടക്കുന്നത് ഈജിപ്തുകാർ കണ്ടതുപോലെ, ഈജിപ്തുകാർ കടൽതീരത്ത് മരിച്ചുകിടക്കുന്നത് എബ്രായർ കണ്ടു. ഈജിപ്തിലും കടലിലും നടന്നവ നിമിത്തം ജനത്തിന് കർത്താവിലും തന്റെ ദാസനായ മോശയിലും വിശ്വാസമുണ്ടായി (14,31).

## 15. മോശയുടെ സ്തുതിഗീതം

1. മോശയും ഇസ്രായേൽക്കാരും കർത്താവിന് ഈ സ്തോത്രഗീതം പാടി. മോശ ഗീതം പാടി. ജനമെല്ലാം അത് ഏറ്റുപാടി പ്രതിവചിച്ചു. "മഹനീയനായ കർത്താവിന് പാടുവിൻ'' എന്നതിന്റെ അർഥം കടലിൽ എറിയപ്പെട്ട കുതിരക്കാരുടെയും കുതിരഓട്ടക്കാരുടെയും മേൽ പ്രതികാരം ചെയ്ത കർത്തവ് എന്നത്രേ (15,1). "ശക്തനും സ്തുത്യർഹനും"- ഈജിപ്തുകാരെ മുക്കിക്കൊന്ന ശക്തൻ, എബ്രായരെ വിടുവിച്ചതിനാൽ സ്തുത്യർഹൻ. "യാഹ് എന്ന കർത്താവ്" -അതായത് ഉണ്ടായിരുന്ന കർത്താവ് നമ്മുടെ രക്ഷകനായി. അധികം വൈകാതെ നിർമിക്കാൻ പോകുന്ന കാളക്കുട്ടികളല്ല; അതുകൊണ്ട് "ഇതാണെന്റെ ദൈവം". ഞാൻ അവനെ പ്രകീർത്തിക്കും. എന്റെ പിതാവായ അബ്രഹാമിന്റെ ദൈവത്തെ ഞാൻ പുകഴ്ത്തും (15,2).

www.malankaralibrary.com

നാം ശാന്തരായി നിന്നപ്പോൾ ഈജിപ്തുകാർക്കെതിരെ നമുക്കുവേണ്ടി പോരാടിയതിനാൽ, കർത്താവ് ശക്തനും യുദ്ധവീരനുമാണ് (15,3). ഫറവോന്റെ മഹനീയ രഥങ്ങളെയും അവൻ അഭിമാനിച്ചിരുന്ന അവന്റെ ബലിഷ്ഠസൈന്യത്തെയും അവൻ കടലിൽ താഴ്ത്തി. നമുക്കെതിരെ ഫറവോൻ ഇളക്കിക്കൊണ്ടുവന്ന പ്രധാന പോരാളികളിലെ തെരഞ്ഞെടുക്കപ്പെട്ടവർ ചെങ്കടലിൽ മുങ്ങിമരിച്ചു (15,4). അവർ ആഴത്തിലേക്ക് താണുപോയി. അവരുടെ ജഡം വീർത്തുപൊങ്ങുന്നതുവരെ കല്ലുപോലെ താണുപോയി (15,5). "ഓ, കർത്താവേ, നിന്റെ വലത്തുകൈ ശക്തിയിൽ മഹനീയമാണ്". അതായത്, നിന്റെ ശത്രുക്കളായ ഈജിപ്തുകാരെ തകർക്കാൻ ശക്തിയുള്ളതാണ്(15,6). "നീ നിന്റെ ക്രോധം അയക്കുകയും വയ്ക്കോൽപോലെ അത് ഈജിപ്തിലും കടലിലും അവരെ സംഹരിക്കുകയും ചെയ്തു" (15,7).

നിന്റെ കാറ്റിനാൽ ജലം കുന്നുകൂടി: ഒന്നുകിൽ നീ തിരിച്ചുവിട്ട കാറ്റിന്റെ ഗതികൊണ്ട് കടൽ പിളരുകയും ജലം കുന്നുകൂടുകയും ചെയ്തു. അല്ലെങ്കിൽ, അധരകൽപ്പനയാൽ ആറുലക്ഷം ഇസ്രായേൽക്കാർ കടക്കുന്നതുവരെ, വീഞ്ഞ് തോൽക്കുടങ്ങളിലെന്നപോലെ, എങ്ങനെ അടങ്ങിയിരിക്കണമെന്ന് ഉറവകൾ ഗ്രഹിച്ചു. ഈജിപ്തുകാരെ മുക്കിക്കൊല്ലാൻ കടലിന്റെ ഉൾഭാഗത്ത് ആഴങ്ങൾ ഒന്നിച്ചുകൂടി (15,8). അവർ മുങ്ങിച്ചത്തത് എന്തിനാണെന്ന് വിശദീകരിക്കാൻ, തിരുലിഖിതം തുടരുന്നു: "ഞാൻ അവരെ കീഴടക്കും, കൊള്ള പങ്കിടും, എന്റെ ആത്മാവ് അവരെ വിഴുങ്ങും എന്ന് ശത്രു പറഞ്ഞു"(15,9). എന്നാൽ നീ നിന്റെ കാറ്റ് അയക്കുകയും കടൽ അവരെ മൂടുകയും അവരോടൊപ്പം അവരുടെ പദ്ധതികൾ തകരുകയും ചെയ്തു (15,10). പ്രശസ്ത ദേവന്മാരുടെ ഇടയിൽ കർത്താവേ, നിനക്ക് തുല്യനാര്? തന്റെ പരിശുദ്ധസ്ഥലത്ത് നിന്നെപ്പോലെ മഹനീയനാര്? – അതിനർഥം, അവന്റെ വിശുദ്ധവാസസ്ഥലത്ത്. കടലിലും ഈജിപ്തിലും അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന നിന്നെ ഈജിപ്തുകാർ ഭയക്കുന്നു, ഇസ്രായേൽക്കാർ പ്രകീർത്തിക്കുന്നു (15,11). ഈജിപ്തിൽ നിന്നു നീ വീണ്ടെടുത്ത ഈ ജനത്തെ നിന്റെ കൃപയാൽ നീ മേഘത്താലും സ്തംഭത്താലും നയിച്ചു (15,13).

"രാജ്യങ്ങൾ കേട്ടു"-അതായത്, നദി രക്തമായത് അമോര്യർ കേട്ട് കിടിലംകൊണ്ടു. ഈജിപ്തിലെ ആദ്യജാതർ മരിച്ചതിനാൽ, ഫിലിസ്ത്യർ ഇളകിവിറച്ചു (15,14). കടൽ പിളർന്നതിൽ ഏദോമ്യപ്രഭുക്കളും മോവാബ് ഭരണാധികാരികളും വിറച്ചു. കനാന്യർ ചിതറിക്ക

www.malankaralibrary.com

പ്പെടുകയും ഭയന്നു വിറയ്ക്കുകയും ചെയ്തു: അതായത്, ഫറവോനും അവന്റെ സൈന്യവും കടലിൽ മുങ്ങിമരിച്ചു എന്നു കേട്ട് കനാന്യർ ഭയചകിതരായി (15,16). നീ വീണ്ടെടുത്ത ജനം കടന്നുപോകുന്നതു വരെ രാജ്യങ്ങൾ യുദ്ധത്തിന് മുതിരാതിരിക്കാൻ, അവരെ ഭയം പിടി കൂടും (15,16). നിന്റെ അവകാശമായ മലയിൽ നീ അവരെ നടും. അതിനർത്ഥം, കനാൻനാട്ടിൽ, ജറുസലേമിൽ, നിന്റെ വാസസ്ഥലത്തി നുള്ള അടിസ്ഥാനം. കർത്താവേ, നീയൊരു പരിശുദ്ധസ്ഥലമൊരുക്കി: ഓ, കർത്താവേ, നിന്റെ കരത്താൽ തന്നെ അതു സ്ഥാപിക്കുക: അതാ യത്, ഇതിന്റെ അടിസ്ഥാനം നിന്നിൽ നിന്നുതന്നെ വരട്ടെ (15,17). മറ്റു രാജ്യങ്ങളല്ല, കർത്താവു തന്നെ ഞങ്ങളെ എന്നേക്കും ഭരിക്കും (15,18). ഞങ്ങളെ കീഴ്പ്പെടുത്താൻ ഫറവോന്റെ രഥങ്ങളും കുതിരക്കാരും കടലിനുള്ളിൽ കടന്നു. എന്നാൽ ജലം തിരികെയെത്തി അവരെ മൂടിക്കളഞ്ഞു (15,19).

2. പ്രവാചകിയായ മിറിയം തംബുരു എടുത്തു (15,20). അവൾ എങ്ങ നെയാണ് പ്രവചിച്ചത്? അഥവാ, ഏശായായുടെ ഭാര്യയെപ്പോലെ പ്രവാചകി എന്ന നാമത്താൽ തിരുലിഖിതം അവളെ ബഹുമാനിച്ച താണോ? കാരണം, അവൾ പ്രവാചകി അല്ലായിരുന്നെങ്കിലും, നീതി യുള്ളവളായിരുന്നു.

3. അനുധാവനം ചെയ്തവരെ കടൽ പിളർത്തി അന്നു തന്നെ മുക്കി ക്കളഞ്ഞവന് ഒരുത്തമഗീതം ആലപിക്കാൻ ആ ദിവസം ജനം രണ്ട് ഗണമായി തിരിഞ്ഞു. മോശ പുരുഷന്മാരെയും മിറിയം സ്ത്രീകളെയും നയിച്ചു: താൻ വിശ്രമിച്ചുകൊണ്ടിരിക്കെ ആയാസരഹിതമായി ഈ ബാധകളെല്ലാം വരുത്തിവച്ച് അവരെ തകർത്തു എന്നതിൽ "മഹനീ യമായി പ്രവർത്തിച്ച മഹനീയ നാഥനെ സ്തുതിപ്പിൻ".

## 16

1. അവർ കടൽ കടന്നു കഴിഞ്ഞപ്പോൾ, ജലം നിരോധിച്ചുകൊണ്ട് അവരെ പരീക്ഷിക്കാൻ ദൈവം ആഗ്രഹിച്ചു. മാറായിലെ ജലത്തെപ്പറ്റി രോഷാകുലരായി അവർ കുറ്റം പറയുകയും ദൈവം മോശയെ ഒരു തടിക്കഷണം കാണിക്കുകയും ചെയ്തു. അവൻ അത് ജലത്തിലിടു കയും അത് മധുരമുള്ളതായി തീരുകയും ചെയ്തു (15,23-25). ജനത കളുടെ കയ്പ് മധുരിപ്പിക്കാനുള്ള കുരിശിന്റെ പ്രതീകമായിരുന്നു ആ തടിക്കഷണം. മരത്തിന്റെ ശക്തി മനുഷ്യസ്വഭാവത്തെ രൂപാന്തരപ്പെടു ത്താനും സ്വതന്ത്രേച്ഛയെ നിയമം ഉത്തേജിപ്പിച്ച് പ്രേരിപ്പിക്കുന്നതിനു

www.malankaralibrary.com

മായി, ജലത്തെ രൂപാന്തരപ്പെടുത്തിയ ശേഷം അവൻ അവർക്ക് നിയമം നൽകി (15,25).

2. മാറായിൽ വച്ച് അവരെ പരീക്ഷിച്ചശേഷം അവർ ഏലീമിൽ എത്തി. അവിടെ നിന്ന് സീനായ് മരുഭൂമിയിൽ കടന്നു.(16,1). ജനം മുറുമുറുക്കുകയും അവൻ അവർക്ക് സ്വർഗത്തിൽനിന്ന് അപ്പം നൽകുകയും ചെയ്തു. ഓരോ ദിവസവും ആവശ്യത്തിന് ആഹാരം ശേഖരിക്കുന്നതിനും അടുത്ത ദിവസത്തെപ്പറ്റി ആകുലപ്പെടാതിരിക്കുന്നതിനും, നിർദ്ദേശിച്ചു. അവരിൽ ചിലരുടെ അത്യാർത്തി കൂടുതൽ ശേഖരിച്ചു. എന്നാൽ മറ്റുള്ളവർ വിശ്വാസത്താൽ, വളരെ കുറച്ചു മാത്രവും ശേഖരിച്ചു. എന്നാൽ കുറവുള്ളത് അളവുപാത്രം നികത്തുകയും കൂടുതലുള്ളത് കുറയ്ക്കുകയും ചെയ്തു. വിശ്രമസമയം അവർ ദുഷിച്ചുപോകുന്നത് തടയാനാണ് മന്നാ ശേഖരിക്കുന്നതിലെ അധ്വാനം നൽകിയത് (16,17-18). അടിമകളെയും കൂലിവേലക്കാരെയും കാളകളെയും കഴുതകളെയും പ്രതിയാണ് സാബത് നൽകിയതെങ്കിലും അവർ അത് പാലിച്ചില്ല. കാരണം, ചിലർ മന്നാ ശേഖരിക്കാൻ ഇറങ്ങിത്തിരിച്ചു. എന്നാൽ അവർ കണ്ടെത്തിയില്ല (16,27).

3. മന്നാ കൊത്തമ്പാലരിക്ക് തുല്യമാണെന്നും തേനടയ്ക്ക് തുല്യമാണ് അതിന്റെ രുചിയെന്നും തിരുലിഖിതം പറയുമ്പോൾ, മന്നായ്ക്ക് എല്ലാത്തരം രുചികളും ഉണ്ടായിരുന്നെന്നാണ് പഠിപ്പിക്കുന്നത്. അവർ ഒരു പാത്രത്തിൽ അത് നിറച്ച് വരുംതലമുറകൾക്കായി സൂക്ഷിച്ചുവച്ചു. മന്നാ രാത്രിയിൽ സൂക്ഷിച്ചാൽ കേടാകുമായിരുന്നു. എന്നാൽ പാത്രത്തിലേത് തലമുറകൾ കേടാകാതെ നിലനിന്നു. വാഗ്ദത്തനാടിന്റെ അതിർത്തിയിൽ എത്തുന്നതുവരെ നാൽപ്പതു വർഷം അവർ അത് ഭക്ഷിച്ചു (16,35).

## 17

1. അവർ റഫീദിമിലെത്തിയപ്പോൾ, ജലമില്ലാതെ വന്നു. അവർ പിറുപിറുക്കുന്നതിനു പകരം കലഹിക്കാൻ തുടങ്ങി (17,1-2). മോശ തന്റെ പ്രാർഥനയിൽ ഇപ്രകാരം പറഞ്ഞു:"ഞാനെന്തു ചെയ്യും? അവർ എന്നെ കല്ലെറിയാൻ പോകുന്നു". അവരുടെ കൈകൊണ്ട് മരിക്കുന്നത് തടയാനാണെങ്കിൽ പോലും, അവർ എന്നെ വിട്ടുമാറാൻ അവർക്ക് വെള്ളം നൽകിയാലും" (17,4). മൂപ്പന്മാരുടെയെല്ലാം സാന്നിധ്യത്തിൽ ഹോറേബിൽ നിന്ന് വെള്ളം പായിക്കാൻ ദൈവം ഇടയാക്കി. അവർ പറഞ്ഞു:"കർത്താവിന് എങ്ങനെ ഞങ്ങളുടെ ഇടയിൽ ഉണ്ടാ

www.malankaralibrary.com

യിരിക്കാൻ കഴിയും? വെള്ളം കൊണ്ട് ദാഹം ശമിപ്പിക്കാൻ ഞങ്ങൾക്കാവുന്നില്ല." എന്നാൽ മൂപ്പന്മാരുടെ സാന്നിധ്യത്തിൽ വെള്ളം ഒഴുക്കിയപ്പോൾ, കർത്താവ് അവരുടെ ഇടയിൽ സത്യമായും ഉണ്ടെന്ന് അവർക്ക് മനസ്സിലാക്കിക്കൊടുത്തു. ആദ്യഅടയാളങ്ങൾ അവർ വിസ്മരിച്ചതിനാൽ, പിൽക്കാല അടയാളങ്ങൾ ആവശ്യപ്പെട്ട് അവർ ദൈവത്തെ പരീക്ഷിച്ചു. സദാ അവരുടെകൂടെ ഉണ്ടായിരുന്ന മേഘത്തിലും തൂണിലും മന്നായിലും കാടപ്പക്ഷിയിലും അവർക്ക് നിരന്തരാടയാളങ്ങൾ ഉണ്ടായിരുന്നിട്ടും, അവർ അവയെ അത്ഭുതമായിപരിഗണിച്ചില്ല. അതുകൊണ്ടാണ് പുതിയ അടയാളങ്ങൾ ചോദിച്ചുകൊണ്ട്, കർത്താവ് തങ്ങളുടെ മധ്യത്തിലുണ്ടോ എന്ന് അവർ പരീക്ഷിച്ചുകൊണ്ടിരുന്നത്.

2. ഈ സംഭവങ്ങൾക്കുശേഷം അമാലേക്ക് അവരോട് യുദ്ധത്തിന് ചെന്നു. അവനെ എതിരിടാൻ ജോഷ്വാ പുറപ്പെട്ടു (17,8). തന്റെ കൈയിൽ ദൈവത്തിന്റെ വടി എടുത്തുകൊണ്ട് മോശ മലയിലേക്ക് കയറി. വടി കുരിശിന്റെ അടയാളമായിരുന്നെന്നും മോശ ഈ അത്ഭുതങ്ങളെല്ലാം ചെയ്തത് കുരിശിന്റെ ശക്തിയാൽ ആണെന്നും നിങ്ങൾ അറിയുന്നതിന്, ശക്തിയേറിയ പ്രവർത്തനങ്ങളുടെയും അത്ഭുതങ്ങളുടെയും അവസരം മാത്രമേ മോശ വടി പിടിച്ചിരുന്നുള്ളു. അഹറോനും ഹൂറും മോശയോടൊപ്പം കയറി. മോശയുടെ സഹോദരീഭർത്താവായിരുന്നു ഹൂർ എന്നു പറയപ്പെടുന്നു. മോശ കരമുയർത്തിയപ്പോൾ, ഇസ്രായേൽ ജയിക്കുകയും ജനത്തോട് യുദ്ധം ചെയ്യാൻ തിടുക്കം കൂട്ടിയ ധിക്കാരികളായ ജനങ്ങളെ നശിപ്പിക്കുകയും ചെയ്തു. മോശ കരം താഴ്ത്തിയപ്പോൾ, ജനതകൾ വിജയിക്കുകയും മോശയ്ക്കും കർത്താവിനുമെതിരെ നിരന്തരം മുറുമുറുത്തവർ നശിക്കാൻ തുടങ്ങുകയും ചെയ്തു. മോശയുടെ വിരിച്ചു പിടിച്ച കരങ്ങളും അവന്റെ നെഞ്ചിന്റെ മുമ്പിൽ നിവർന്നു കിടന്ന വടിയും ക്രൂശിതന്റെ തെറ്റിക്കൂടാത്ത അടയാളമായിരുന്നു. ജോഷ്വാ താഴ്വരയിലും മോശ മലമുകളിലും അധ്വാനിച്ചു. മോശ കൈ താഴ്ത്തിയെന്നു കണ്ടപ്പോൾ ജനം ഭയചകിതരായി, ശത്രുക്കളുടെ മുമ്പിൽ തിരിഞ്ഞോടി. മോശ കരമുയർത്തിയപ്പോൾ തങ്ങളുടെ ശത്രുക്കൾക്കെതിരെ മുന്നേറാൻ ഇസ്രായേൽക്കാർക്ക് പ്രേരണ ലഭിച്ചു.

3. കർത്താവ് മോശയോട് പറഞ്ഞു:" ഞാൻ നിശ്ചയമായുംഅമാലേക്കിന്റെ ഓർമ്മ മായിച്ചുകളയുമെന്നതിനാൽ, ഒരു ചുരുളിൽ ഈ അനുസ്മരണ എഴുതുക"(17,14). രാജ്യങ്ങൾ ശ്രവിച്ച് ഭയക്കുന്നതിനും നിങ്ങൾക്കെതിരെ യുദ്ധത്തിന് വരാതിരിക്കുന്നതിനും അമാലേക്യർ അനുതപിക്കുന്നതിനും അവർക്കെതിരെയുള്ള വിധിവാചകം നീക്ക

www.malankaralibrary.com

പ്പെടുന്നതിനും ഇതെഴുതുക. മോശ ഒരു ബലിപീഠം പണിത് "കർത്താവ് പരീക്ഷിച്ചു" എന്ന് അതിന് പേരിട്ടു. കാരണം, യുദ്ധത്തിൽ ഏർപ്പെട്ടാൽ തങ്ങളും നശിപ്പിക്കപ്പെടുമോ എന്നു കാണാൻ, യുദ്ധപ്രിയരായ അമാലേക്യരേക്കാൾ അശക്തരായ മറ്റെല്ലാ ജനതകളും എബ്രായരെ പരീക്ഷിച്ചു. മോശയുടെ കരങ്ങളെ ആശ്രയിച്ചാണ് അവരുടെ നേട്ടവും വഴിയുമെന്ന് തിരിച്ചറിഞ്ഞ അവർ സമാധാനത്തിനായി മോശയുടെ കരം തേടിയില്ല.- കാരണം, നിങ്ങൾ യുദ്ധം ചെയ്യുന്ന നഗരങ്ങളോട് സമാധാനാഭ്യർഥന നടത്തണമെന്ന് അവൻ പറഞ്ഞിരുന്നു.

4. "ഇതാ, കർതൃകരം സിംഹാസനത്തിന്മീതേ" (17,16). ജനങ്ങളുടെ മേൽ മോശയ്ക്കായി ദൈവം സ്ഥാപിച്ച ന്യായവിധിയുടെ സിംഹാസനത്തിലാണ് കർതൃകരം. "തലമുറകളായി കർത്താവ് അമാലേക്കുമായി യുദ്ധത്തിലാണ് " എന്നു പറഞ്ഞാൽ, അവരെ നിശ്ശേഷം നശിപ്പിക്കുന്നതുവരെ എന്നർഥം.

## 18

1. "മോശയുടെ അമ്മായിയപ്പനായ യിത്രോ കടന്നുവരികയും മോശ അവനെ എതിരേൽക്കാൻ പുറപ്പെടുകയും ചെയ്തു"(18,7). മോശ വിപ്രവാസത്തിൽ ആയിരുന്നപ്പോൾ അവനെ താണുവണങ്ങിയിരുന്നു. അവനിലൂടെ ഈ അത്ഭുതങ്ങളെല്ലാം നടന്നതിനുശേഷവും അവൻ ഈ പതിവ് തുടർന്നു. തന്റെ അമ്മായിയപ്പനെ താണുവണങ്ങിയശേഷം അവനെ മാനസ്സാന്തരപ്പെടുത്താനായി താൻവഴി നടന്ന അത്ഭുതങ്ങളെപ്പറ്റി അവനോട് പറഞ്ഞു. അവനോടൊപ്പം ചെലവഴിച്ച നാൽപ്പതു വർഷവും വാക്കുകൾ കൊണ്ട് മോശ അവനെ മാനസ്സാന്തരപ്പെടുത്തിയില്ല. എന്നാൽ അടയാളങ്ങളെപ്പറ്റി കേട്ടപ്പോൾ, യിത്രോ മാനസ്സാന്തരപ്പെട്ടു. അവൻ പറഞ്ഞു:"നിനക്കുവേണ്ടി ഈ കാര്യങ്ങളെല്ലാം ചെയ്ത കർത്താവ്, തങ്ങളുടെ ആരാധകർക്ക് ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിവില്ലാത്ത എല്ലാ ദേവന്മാരേക്കാളും വലിയവനാണെന്ന് ഇപ്പോൾ ഞാൻ അറിയുന്നു." "അവർ അവനെതിരെ തയാറാക്കിയ പദ്ധതി നിമിത്തം"എന്ന് പറയുമ്പോൾ, ജനത്തെ നശിപ്പിക്കാൻ ശിശുഹത്യ നടത്തിയ ഈജിപ്തുകാരെ സൂചിപ്പിക്കുന്നു. അഥവാ, ജനത്തെ മോശയ്ക്കെതിരെ തിരിക്കാൻ അവർക്ക് വയ്ക്കോൽ നൽകാതിരുന്ന ഫറവോനെ സൂചിപ്പിക്കുന്നു. അതുമല്ലെങ്കിൽ മരുഭൂമിയിൽവച്ച് എബ്രായരെ കൊലപ്പെടുത്തിയിട്ട് തങ്ങളുടെയും എബ്രായരുടെയും വസ്തുവകകൾ കൊള്ളയടിക്കാനുള്ള ഉദ്ദേശത്തെ സൂചിപ്പിക്കുന്നു.

www.malankaralibrary.com

2. യിത്രോ കർത്താവിന് ബലിയർപ്പിച്ചു (18,12). അവൻ മോശവഴി അർപ്പിച്ചതാകാം. അഥവാ കർത്താവ് തെരഞ്ഞെടുക്കുന്ന സ്ഥലത്ത് ബലിയർപ്പിക്കാൻ കുറേ മൃഗങ്ങളെ മാറ്റി നിർത്തിയതാകാം. യിത്രോ യുടെ ഉപദേശത്താൽ, ജനത്തിനു ന്യായവിധി നടത്തുന്നതിനും മോശ യുടെ ഭാരം കുറയ്ക്കുന്നതിനുമായി ആയിരത്തിന്റെയും നൂറിന്റെയും അൻപതിന്റെയും പത്തിന്റെയും കൂട്ടങ്ങളുടെമേൽ നേതാക്കന്മാരെ വച്ചു (18,21-26). ഇതിനുശേഷം യിത്രോ തന്റെ നാട്ടിലേക്ക് മടങ്ങി (18,27).

## 19

മൂന്നാംമാസത്തിൽ, ഈജിപ്ത് വിട്ടിട്ട് 45 ദിവസം കഴിഞ്ഞപ്പോൾ, മോശ ദൈവത്തിന്റെ മലയിലേക്ക് കയറി. ദൈവം അവനോട് പറഞ്ഞു:"ഞാൻ ഈജിപ്തുകാരോട് ചെയ്തതെല്ലാം നിങ്ങൾ കണ്ടു." കരയ്ക്കും കടലിലും ഞാൻ എത്തിച്ച വസന്തകൾ എന്നർഥം. നിങ്ങളെ നയി ക്കുന്ന മേഘത്താൽ, "കഴുകന്റെ ചിറകുകളിൽ ഞാൻ നിങ്ങളെ വഹിച്ചു". ഞാൻ നിങ്ങളെ ഈ മലയിൽ എന്റെ പക്കലേക്ക് കൊണ്ടുവന്നു (19,9). നിങ്ങൾ അനസരിച്ചാൽ, എല്ലാ ജനതകളേക്കാളും നിങ്ങൾ എനിക്ക് പ്രിയംകരരായിരിക്കും."എനിക്ക് ഒരു രാജ്യവും പുരോഹിതരും വിശുദ്ധ ജനവുമായിരിക്കാൻ" എല്ലാ വംശങ്ങളിൽ നിന്നും നിങ്ങളെ മാത്രം ഞാൻ തെരഞ്ഞെടുത്തു. കാരണം, അവരിൽ നിന്ന് രാജാക്കന്മാരും പുരോഹിതന്മാരും ഉത്ഭവിക്കും. ജനതകളുടെ മ്ലേച്ഛതകളിൽ നിന്നെല്ലാം അവരെല്ലാം വിശുദ്ധിയിൽ സംരക്ഷിക്കപ്പെടും (196).

## 20

1. അവിടെ അവൻ ഗൗരവമേറിയ കൽപ്പനകൾ കൊടുത്തുകൊണ്ട് പറഞ്ഞു:"എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ പാപങ്ങൾക്ക് മൂന്നും നാലും തലമുറ വരെ മക്കളെ സന്ദർശിക്കുന്ന കർത്താവാണ് ഞാൻ." കാരണം, അവന്റെ ക്ഷമയിൽ അവൻ ദുഷ്ടനെയും അവന്റെ പുത്ര നെയും പൗത്രനെയും സഹിക്കുന്നു. അവർ അനുതപിക്കുന്നില്ലെങ്കിൽ, തങ്ങളുടെ പൂർവപിതാക്കന്മാരുടെ ദുഷ്പ്രവൃത്തികൾ അനുകരിക്കുന്ന നാലാം തലമുറയെയും അവിടുന്ന് ശിക്ഷിക്കുന്നു(20,5). അബ്രഹാമി ന്റെയും ഇസഹാക്കിന്റെയും കുടുംബക്കാരായ നിങ്ങളുടെ പൂർവ പിതാക്കളെപ്രതി നിന്നോടും നിന്റെ ജനത്തോടും കാണിക്കുന്നതു പോലെ, "എന്നെ സ്നേഹിക്കുകയും എന്റെ കൽപ്പനകൾ കാക്കുകയും ചെയ്യുന്നവരുടെ ആയിരം തലമുറകളോട് ഞാൻ നീതിപൂർവം വർത്തിക്കും (20,6).

www.malankaralibrary.com

2. അവൻ നൽകിയ കൽപ്പനകളെല്ലാം ഈ ചൊല്ലിൽ അധിഷ്ഠിതമാണ്: "നിനക്ക് നിന്ദ്യമായത് നിന്റെ അയൽക്കാരനോട് ചെയ്യരുത്". മറ്റൊരാൾ നിന്നെ കൊല്ലാതിരിക്കാൻ, നീ കൊല്ലരുത്. നിന്റെ സ്നേഹിതന്റെ ഭാര്യയെ വശീകരിക്കുന്നതിന് പകരം, നീതിപൂർവം നിന്റെ സ്വന്തം ഭാര്യയിലൂടെ നിനക്ക് കിട്ടാതിരിക്കാൻ, നിന്റെ അയൽക്കാരന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്യരുത്. നിന്റേത് മറ്റുള്ളവർ മോഷ്ടിക്കാതിരിക്കാൻ, നിന്റേതല്ലാത്തത് മോഷ്ടിക്കരുത്. നിനക്കെതിരെ മറ്റൊരാൾ തെറ്റായ സാക്ഷ്യം നൽകാതിരിക്കാൻ, നിന്റെ അയൽക്കാരനെതിരായി കള്ളസാക്ഷി പറയരുത്. നിന്റെ ഭവനത്തിലുള്ളത് മറ്റൊരാൾ മോഹിക്കാതിരിക്കാൻ, അയൽക്കാരന്റെ യാതൊന്നും നീ മോഹിക്കരുത്.

3. "ഈ രണ്ടു കൽപ്പനകളിൽ നിയമം അടങ്ങിയിരിക്കുന്നു" എന്ന് നമ്മുടെ കർത്താവ് പറഞ്ഞപ്പോൾ, അതെത്ര ശരിയായിരുന്നെന്ന് പരിഗണിക്കുവിൻ. നിയമത്തിലും പ്രവാചകരിലും ഉൾക്കൊണ്ടിരിക്കുന്ന സ്വാഭാവിക നിയമം നിയമത്തിൽ ഉൾപ്പെടുന്നു. -അവസരോചിതമായി അവതരിപ്പിക്കപ്പെട്ട പുതിയ നിയമങ്ങൾ അതിൽ ഉൾപ്പെട്ടിട്ടില്ല. -നിങ്ങൾ തറയിൽ ഒരു ബലിപീഠം പണിയണം (20,24). കല്ലിന്മേൽ ഇരുമ്പുപട്ട വച്ച് മലിനമാക്കരുത്(20,25) തുടങ്ങിയ വാചകങ്ങൾ, "ഇതാ, ഞാൻ ആകാശങ്ങളിൽ നിന്ന് നിങ്ങളോട് സംസാരിച്ചിരിക്കുന്നു, എന്നോടൊപ്പം സ്വർണംകൊണ്ടോ, മറ്റെന്തെങ്കിലും കൊണ്ടോ ദേവന്മാരെ നിർമിക്കരുത്." "പടികളിലൂടെ എന്റെ ബലിപീഠത്തെ സമീപിക്കരുത്"എന്നീ വാചകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ചെത്തിമിനുക്കിയ കല്ല് അവിടെ കാണാതിരിക്കാനാണിത്. കാരണം, പടികൾ ഉണ്ടാക്കുമ്പോൾ, ബലിപീഠത്തെത്തന്നെ അവർ ദൈവമാക്കിക്കളയും.

## 21-22

1. ഒരാൾക്ക് മറ്റൊരാളോടുള്ള പരസ്പരബന്ധം സംബന്ധിച്ചുള്ള നിയമത്തിന്റെ അനുശ്ശാസനകൾ ഈ ദിവസം അവൻ നൽകി. ഒരാൾ തന്റെ മകളെ ദാസിയായി വിൽക്കുകയും വാങ്ങിയ യജമാനൻ അവളെ കാംക്ഷിച്ചപ്പോൾ വാഗ്ദാനം ചെയ്തതുപോലെ അവളെ വിവാഹം കഴിക്കാതിരിക്കത്തക്കവിധം നിന്ദ്യമായി പരിഗണിക്കുകയും ചെയ്താൽ, അവളെ അന്യജനതയ്ക്ക് വിൽക്കാൻ പാടില്ല. കാരണം, അവളെ സ്വീകരിച്ചശേഷം അവൻ അവളോട് വഞ്ചനാപൂർവം പെരുമാറിയിരിക്കുന്നു. 2."ആരെങ്കിലും ഒരുവനെ തല്ലുകയും അവൻ മരിക്കുകയും ചെയ്താൽ,

www.malankaralibrary.com

തല്ലിയവനെ കൊല്ലണം" (21,12). ഒരുവനുവേണ്ടി പതിയിരിക്കാതിരിക്കുകയും എന്നാൽ ദൈവം അവനെ തന്റെ കൈകളിൽ എത്തിക്കയും ചെയ്താൽ, അയാളുടെ മരണനാഴിക അടുത്തെന്നും കൊല്ലുന്നയാൾ ദൈവഹിതത്തിന്റെ മനസ്സില്ലാമനസ്സോടെയുള്ള ഉപകരണമാകുന്നെന്നും അർഥമാകുന്നു. അത്തരം സന്ദർഭങ്ങളിൽ അവന് ഓടിയെത്താൻ നീ തന്നെ ഒരഭയസ്ഥലമായിരിക്കണം. കൊല്ലുന്നവന്റെ ഇച്ഛ കൂടാതെ മരിക്കുന്നവൻ പോലും ദൈവം ഇച്ഛിക്കാതെയാണ് മരിക്കുന്നത്. ദൈവതിരുഹിതം കൊലയാളിയെയും കൊല്ലപ്പെടുന്നവനെയും ഒന്നിച്ചു കൊണ്ടുവന്നു. അങ്ങനെ ദൈവഹിതത്തിനു കീഴിലുള്ള പരിധി കടക്കാതിരിക്കുന്നു. ഒരു മനുഷ്യൻ ജീവിച്ചിരിക്കാൻ അനുവദിക്കപ്പെടുന്നു (21,13). 3."രണ്ടു പുരുഷന്മാർ വഴക്കുണ്ടാക്കുമ്പോൾ, ഗർഭിണിക്ക് അടി കൊണ്ടെങ്കിലും ഉപദ്രവമൊന്നും ഉണ്ടായില്ലെങ്കിൽ", എന്നതിനർഥം: ഭ്രൂണം വികസിച്ച് പൂർണമായി വളർന്നിട്ടില്ലെങ്കിൽ, അടിച്ചവൻ പിഴയൊടുക്കണം. അവയവങ്ങൾ പൂർണമായി വളർന്നിട്ടുണ്ടെങ്കിൽ, ജീവനു ജീവൻ പകരം നൽകണം (21,22-23).

## 23

1. "ബലിരക്തം പുളിപ്പിന്മേൽ അർപ്പിക്കരുത്": പെസഹാക്കുഞ്ഞാടിന്റെ കൊലയിൽ പുളിപ്പു പാടില്ല എന്നർഥം. അഥവാ, അവസാനത്തെ ബലിരക്തം ആദ്യം കൊന്നതിന്റെ മുകളിലാക്കി ബലിപീഠത്തിൽ അർപ്പിച്ച് ബലികൾ മലിനമാക്കരുത്. "എന്റെ പെരുന്നാൾ അർപ്പണത്തിന്റെ കൊഴുപ്പ് പ്രഭാതംവരെ വയ്ക്കരുത്". കാരണം, ബലിപീഠത്തിലെ അഗ്നി അന്നുതന്നെ അത് ദഹിപ്പിക്കും. കൊഴുപ്പിനെ സംബന്ധിച്ചുള്ള അവന്റെ കരുതലോടുകൂടിയുള്ള നിർദേശങ്ങൾ ഒരുമഹാബലിയെപ്പറ്റിയുള്ള കരുതലിലേക്ക് വിരൽ ചൂണ്ടുന്നു (23,18). 2."ഒരു കിടാവിനെ അതിന്റെ തള്ളയുടെ പാലിൽ പാകം ചെയ്യരുത്"(23,19). കാരണം, അത് ഏഴു ദിവസം അതിന്റെ തള്ളയോടൊത്ത് കഴിയട്ടെ. എട്ടാംദിവസം അതിനെ എനിക്ക് സമർപ്പിക്കണം. "ഇതാ, ഞാൻ എന്റെ ദൂതനെ നിങ്ങൾക്കുമുമ്പേ അയക്കുന്നു". എന്റെ നാമം അവന്റെ മേൽ ഉള്ളതിനാൽ, അവനെ ശ്രദ്ധിക്കുവിൻ. കാരണം, അവന്റെമേൽ വയ്ക്കപ്പെട്ട ദിവ്യനാമത്തിലൂടെ അവൻ ദൈവത്തിനു പകരം നിൽക്കുന്നു (23,20-21).

www.malankaralibrary.com

## 24

1. മോശ ഒരു ബലിപീഠം പണിതു. ഹോമയാഗത്തിന് കാളകളെ സജ്ജമാക്കാൻ അഹറോന്റെ മക്കളായ യുവ ഇസ്രായേൽക്കാരെ നിയോഗിച്ചു. കാരണം, അവർ ഇതുവരെയും പൗരോഹിത്യത്തിലേക്ക് അഭിഷിക്തരായിരുന്നില്ല. അവൻ അവരുടെ മുമ്പിൽ ചുരുൾ വായിച്ചു. കർത്താവ് പറഞ്ഞതെല്ലാം ഞങ്ങൾ ചെയ്യുമെന്ന് അവർ പറഞ്ഞു കഴിഞ്ഞ്, മോശ കുറേ രക്തം ജനത്തിന്മേൽ തളിച്ചു. അവൻ പറഞ്ഞു:"ഇത് നിങ്ങൾ ഉണ്ടാക്കിയ ഉടമ്പടിയുടെ രക്തമാകുന്നു." അതായത്, കർത്താവ് പറഞ്ഞതെല്ലാം ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യും (24,7-8). മിശിഹായുടെ മരണത്തിലൂടെ ജനതകൾക്കെല്ലാം നൽകപ്പെട്ട സുവിശേഷത്തെ ഉടമ്പടിയുടെ ഈ രക്തം സൂചിപ്പിച്ചു.

2. മോശയും അവന്റെ ബന്ധുക്കളും മുപ്പന്മാരിൽ 70 പേരും കയറിപ്പോകുകയും ദൈവത്തെ കാണുകയും ചെയ്തു. സഫയർ ഇഷ്ടികയുടെ ഘടനയ്ക്ക് സമാനവും നിർമലതയിൽ ആകാശസമാനവുമായ ഒന്ന് അവന്റെ പാദത്തിനടിയിൽ ഉണ്ടായിരുന്നു (24,9-10). ഇഷ്ടികയിലൂടെ ഈജിപ്തിലെ അടിമത്തവും സഫയറിലൂടെ കടൽ പിളർന്നതും അവൻ അനുസ്മരിപ്പിച്ചു. അവർ വേശ്യകളുടെ വെറിപൂണ്ട നിലപാട് സ്വീകരിക്കരുത് എന്നതിനാൽ, "നിർമലതയിൽ ആകാശസമാനം". മൂപ്പന്മാരെ മൂടാനായി അവൻ അവരുടെമേൽ തന്റെ കരം നീട്ടിയില്ല (24,11). കാരണം, ദർശനം സ്വീകരിക്കാനാണ് അവർ കയറിവരാൻ പറഞ്ഞത്. എന്നാൽ പ്രവചനമല്ല. അത് അവൻ അവർക്ക് പിന്നീട് നൽകി. 3. ദൈവകൽപ്പനകൾ, ദൈവം എഴുതി എന്നതുകൊണ്ടു മാത്രമാണെങ്കിൽ പോലും, അവരുടെ ദൃഷ്ടിയിൽ അമൂല്യമായിരിക്കാൻ, ദൈവികവിരലുകളാൽ വരച്ച പലകകൾ അവൻ അവർക്കു നൽകി. 4. മോശയും ജോഷ്വായും മലയിൽ കയറി, ഏഴാംദിവസം മേഘത്തിനുള്ളിൽ നിന്ന് ദൈവം മോശയെ വിളിച്ചു. ഇസ്രായേൽഭവനം മുഴുവൻ കർതൃമഹത്വം ദർശിച്ചു (24,13-17).

## 25-31

കൂടാരനിർമാണം സംബന്ധിച്ച് ആ ദിവസങ്ങളിൽ കർത്താവ് മോശയ്ക്ക് നിർദേശം നൽകി. അതിന്റെ പണിവസ്തുക്കൾ, നിർമാണം, അവർ നിർമ്മിക്കേണ്ട വിശുദ്ധ പാത്രങ്ങൾ, അഭിഷേകത്തിനുള്ള വിശുദ്ധതൈലം, സുഗന്ധദ്രവ്യങ്ങൾ, പൗരോഹിത്യബലികൾ. അവൻ പറഞ്ഞു: "കൂടാരമാതൃകയായി ഞാൻ കാണിച്ചവയെല്ലാം അനുസ

www.malankaralibrary.com

രിച്ച് നീ നിർമിക്കണം" (25,9). അത് ഒരു പ്രതീകവും കാലികകൂടാരവുമാണെന്ന് അവൻ പറഞ്ഞിരുന്നു. സഭയ്ക്ക് അത് വഴിമാറിക്കൊടുക്കുമെന്ന് കാണിക്കാനായിരുന്നു അത്. യാഥാർഥ്യമെന്ന നിലയ്ക്ക് സഭ എന്നേക്കും നിലനിൽക്കും. അത് സ്വർഗീയ കൂടാരത്തിന്റെ പതിപ്പായിരുന്നതിനാൽ, അതിനെ ഇസ്രായേൽക്കാർ ബഹുമാനിക്കും. 2. ദൈവം പറഞ്ഞു:"നിന്നോട് സംസാരിക്കാൻ പാപപരിഹാരസ്ഥലത്തിനു മുകളിൽ ഞാൻ വരും." ആണ്ടിലൊരിക്കൽ കടക്കുന്ന പുരോഹിതന്റെ പക്കൽ കർതൃസ്വരം കെരൂബുകളുടെ ഇടയിലൂടെ വരും (25,22).

## 32

1. മോശ അനേകം ദിവസമായി മലമുകളിൽ നിന്ന് ഇറങ്ങി വരാതിരുന്നെന്ന് കണ്ടപ്പോൾ,"ഈജിപ്തിൽ നിന്നു ഞങ്ങളെ കൂട്ടിക്കൊണ്ടുവന്ന മോശയ്ക്ക് എന്തു സംഭവിച്ചെന്ന് ഞങ്ങൾക്കറിവില്ലാത്തതിനാൽ," തങ്ങളുടെ മുമ്പിൽ പോകാൻ ദേവന്മാരെ നിർമിക്കണമെന്ന് ജനം അഹറോനെ നിർബന്ധിച്ചു (32,1). നിങ്ങളുടെ മുമ്പിലൂടെയല്ലേ അവൻ മലയിലേക്ക് കയറിപ്പോയത്? നിങ്ങളുടെ നയനങ്ങൾക്ക് മുമ്പിലല്ലേ അവൻ മേഘത്തിനുള്ളിലായത്? നിങ്ങൾ മലയിലേക്ക് കയറുവിൻ. അവനെയോ, ജോഷ്വായെയോ കണ്ടില്ലെങ്കിൽ, നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യുക. എന്നാൽ മന്നായും കാടപ്പക്ഷിയും സ്തംഭവും മേഘവും ഇപ്പോഴും നിങ്ങളോടൊപ്പം ഉണ്ടെങ്കിൽ, നിങ്ങൾക്കുള്ളതെല്ലാം അവനിലൂടെ നിങ്ങൾക്ക് കൈവന്നതിനാൽ, അവൻ ഇല്ലാതിരിക്കുന്നതെങ്ങനെ?

2. അഹറോൻ അവരോട് വാദിച്ചു. ഹൂറിനെ അവർ കല്ലേറിഞ്ഞതുപോലെ തന്നെയും കല്ലേറിയാൻ അവർ ആഗ്രഹിക്കുന്നതായി അവൻ കണ്ടു. കാരണം, മോശ മലയിലേക്കു കയറിയപ്പോൾ, തങ്ങളുടെ ന്യായവിധി ഹൂറിന്റെ പക്കൽ എത്തിക്കാൻ അവൻ മൂപ്പന്മാരോട് പറഞ്ഞിരുന്നു. എന്നാൽ മോശ താഴേക്കു വന്നശേഷം ഹൂറിനെപ്പറ്റി ഒരിടത്തും ഒരു പരാമർശവുമില്ല. ദൈവത്തെ മാറ്റിയെടുക്കുന്നത് ഹൂർ തടഞ്ഞതിനാൽ കാളക്കുട്ടിയെ സംബന്ധിച്ച് അഹറോനെതിരെ ഇസ്രായേൽക്കാർ മത്സരിച്ചപ്പോൾ, അവനെ കൊന്നുകളഞ്ഞെന്ന് പറയപ്പെടുന്നു. അപ്പോൾ താനും കൊല്ലപ്പെടുമെന്നും അവന്റെ കൊലപാതകത്തിന് അവർ കുറ്റക്കാരാകുമെന്നും അവർ ഒന്നല്ല, പല കാളക്കുട്ടികളെ ഉണ്ടാക്കുമെന്നും അവർ ഈജിപ്തിലേക്ക് കടക്കുകയില്ലെങ്കിലും പിന്തിരിയുമെന്നും അഹറോൻ ഭയപ്പെട്ടു. അതുകൊണ്ട്, തങ്ങളുടെ

www.malankaralibrary.com

ഭാര്യമാരുടെ കാതിലോലകൾ എത്തിക്കാൻ അവൻ അവരെ കൗശല പൂർവം അറിയിച്ചു. തങ്ങളുടെ കർണാഭരണങ്ങൾ നൽകാതിരിക്കാനോ, തങ്ങളുടെ ദൈവത്തോടുള്ള സ്നേഹത്താലോ, കാളക്കുട്ടിയെ വാർത്തുണ്ടാക്കുന്നതിൽ നിന്ന് തങ്ങളുടെ ഭർത്താക്കന്മാരെ സ്ത്രീകൾ തടയുമെന്ന അവൻ കരുതി.

3. ജനമെല്ലാം തങ്ങളുടെ കാതിലോലകൾ പറിച്ചെടുത്ത് അഹറോന്റെ പക്കലെത്തിച്ചു എന്ന് തിരുലിഖിതം പറയുന്നു (32,3). ഈജിപ്ഷ്യൻ സ്ത്രീകൾ സ്നേഹത്താലാണ് കാതിലോലകൾ വായ്പ നൽകിയത്. കാളക്കുട്ടിയെ നിർമിക്കാൻ അവർ അത് പറിച്ചു നൽകിയപ്പോൾ, അത്ര വലുതായി അതിനെ സ്നേഹിച്ചു.

4. മൂശാരിമാർ സ്വർണമെടുത്ത് മൂശയിലിട്ട് ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. "ഇതാണ് ഈജിപ്തിൽ നിന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുവന്ന നിങ്ങളുടെ ദൈവം" എന്ന് അവർ പറഞ്ഞു (32,4-5). കാളക്കുട്ടി ചെയ്യാത്ത കർമങ്ങൾ അതിന് ആരോപിച്ചുകൊണ്ട്, കടലിലും കരയിലും ദൈവം അവർക്കു ചെയ്ത അത്ഭുതങ്ങൾ അവർ നിഷേധിച്ചു. അഹറോൻ ഭയന്ന് അതിനു മുമ്പിൽ ഒരു ബലിപീഠം പണിതു എന്ന് തിരുലിഖിതം പറയുമ്പോൾ (32,5), കാളക്കുട്ടിക്കു മുമ്പിൽ പുരോഹിത ശുശ്രൂഷ ചെയ്യാൻ അവർ അഹറോനെയും ഹൂറിനെയും നിർബന്ധിച്ച അവസരം അവർ ഹൂറിനെ കൊന്നതാകാം.

5. മോശ മലയിൽ നിന്നിറങ്ങിവരുന്നതുവരെ നീട്ടിക്കൊണ്ടുപോകാൻ അഹറോൻ അവരോടു പറഞ്ഞു:"നാളെയാണ് കർത്താവിന്റെ പെരുന്നാൾ". അവർ അതിരാവിലെ എഴുന്നേറ്റ് ബലികളർപ്പിക്കുകയും മന്നാ ഭക്ഷിക്കുകയും മോശ അവർക്ക് ഒഴുക്കിക്കൊടുത്ത ജലം കുടിക്കുകയും ചെയ്തു. എന്നിട്ട് അവരെ സംരക്ഷിച്ച മേഘത്തിൻ കീഴിൽ കാളക്കുട്ടിക്കു മുമ്പിൽ തുള്ളിച്ചാടാൻ തുടങ്ങി (32, 5-6).

6. കർത്താവു പറഞ്ഞു:"അതായത്, സത്യദൈവം ദാനത്തിന്റെ ദൈവത്തോട്: മോശയോട്: നിന്റെ ജനം ദുഷിച്ചിരിക്കുന്നു. അവർ കാളക്കുട്ടിയെ നിർമിച്ചു. ഇതാണ് ഈജിപ്തിൽ നിന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുവന്ന നിങ്ങളുടെ ദേവൻ എന്ന് അവർ പറയുന്നു. ഇത് മോശയ്ക്ക് വെളിപ്പെടുത്തിയതിലൂടെ അവർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കാൻ ദൈവം അവനെ ഒരുക്കി. ഞാൻ അവരെ തുടച്ചുനീക്കാൻ എന്നെ തനിയെ വിടുക (32,10) എന്നത്: അവരെ തുടച്ചു നീക്കുന്നതിൽ നിന്ന് എന്നെ നിയന്ത്രിക്കുക എന്നതിനേക്കാൾ, ജനത്തിന് ഉപദ്രവം ചെയ്യാൻ

www.malankaralibrary.com

അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, ജനത്തിന്റെ ഇടയിൽ നിൽക്കാൻ പോകുന്ന വ്യക്തിയോട് ഇത് വെളിപ്പെടുത്തുകയില്ലായിരുന്നു. അവനിത് മോശയ്ക്ക് വെളിപ്പെടുത്തി എന്നതിനാൽ ജനത്തെ ഉപദ്രവിക്കാൻ അവന് താൽപ്പര്യമില്ലെന്ന വ്യക്തമാകുന്നു. കാരണം, ക്ഷമിക്കാൻ അവൻ തന്നെത്തന്നെ ഒരുക്കിയിരുന്നു. അതുകൊണ്ട് മാധ്യസ്ഥ്യം വഹിക്കാൻ അവൻ മോശയെ ക്ഷണിച്ചു. ഇത്തരമൊരു ഗൗരവമേറിയ തെറ്റു ചെയ്തശേഷം അവരെ കയറൂരി വിടുന്നത് അവർക്ക് ഉപദ്രവകരമാകുമായിരുന്നു. അതുകൊണ്ട് അവരെ നശിപ്പിക്കാൻ പോകുകയാണെന്ന് അവൻ മോശയോടു പറഞ്ഞു. അങ്ങനെ മോശ പ്രാർഥിക്കുകയും അവരോട് ക്ഷമിക്കുകയും ചെയ്യുമ്പോൾ, ആ ക്ഷമ അവർക്ക് പ്രധാനപ്പെട്ടതാകുകയും മധ്യസ്ഥൻ അവർക്ക് പ്രിയംകരനാകുകയും ചെയ്യും.

7. തന്റെ മധ്യസ്ഥത കൊണ്ടും പിതാക്കന്മാരെപ്പറ്റിയുള്ള ഓർമിപ്പിക്കൽ കൊണ്ടും മോശ കർത്താവിനെ ശാന്തനാക്കിയശേഷം ജോഷ്വായുമൊത്ത് തന്റെ കൈകളിൽ പലകകളുമേന്തി താഴേക്കിറങ്ങാൻ തുടങ്ങി (32,15). ജോഷ്വാ മോശയോടു പറഞ്ഞു:"പാളയത്തിൽ യുദ്ധകാഹളം മുഴങ്ങുന്നു" (32,17). ജോഷ്വാ പാളയത്തിൽ ആയിരുന്നെങ്കിൽ, അവനിതു പറയുകയില്ലായിരുന്നു. കാരണം, വാർത്തുണ്ടാക്കിയ കാളക്കുട്ടിയെപ്പറ്റി അവന് അറിവുണ്ടാകുമായിരുന്നു. അവൻ മോശയോടൊത്തായിരുന്നെങ്കിൽ അവനിതു പറയുകയില്ലായിരുന്നു. കാരണം, നിന്റെ ജനം ദുഷിച്ചിരിക്കുന്നെന്ന് ദൈവം മോശയോടു പറഞ്ഞത് അവൻ കേൾക്കുമായിരുന്നു. അവൻ മോശയോടും ജനത്തോടും കൂടെ അല്ലായിരുന്നു. പിന്നെയോ, രണ്ടിനും ഇടയിലായിരുന്നു. കാരണം അവൻ തന്റെ യജമാനനോടൊത്ത് ഏഴു ദിവസം തങ്ങി. ദൈവം മോശയെ വിളിച്ചപ്പോൾ, തന്റെ യജമാനനെ കൂടാതെ അവൻ തനിയെ അവിടെ തങ്ങി.

8. കാളക്കുട്ടിയെയും തുള്ളിച്ചാട്ടങ്ങളെയും കണ്ടപ്പോൾ, താൻ മലയിൽനിന്നു കൊണ്ടുവന്ന പലകകൾ മലയുടെ അടിവാരത്തിൽ വച്ച് മോശ എറിഞ്ഞുടച്ചു (32,19). നിയമദാതാവിനെ ഒരു കാളക്കുട്ടിക്കു വേണ്ടി വച്ചുമാറിയ ജനത്തിന് കൽപ്പനകളുടെ ഉപയോഗം എന്താണ്? കാരണം, ...കാളക്കുട്ടി... ജനത്തെ ജലം കുടിപ്പിക്കണമെന്ന്... മോശ അറിഞ്ഞില്ല (32,20). കാളക്കുട്ടിക്ക് കാരണക്കാരായവരെ പൊടിച്ച കാളക്കുട്ടി വീർത്തു പൊങ്ങാനിടയാക്കി. എല്ലാവരും തങ്ങളുടെ കാതിലോലകൾ നൽകിയെങ്കിലും, ഭയന്ന് ബലിപീഠം പണിത അഹറോ

www.malankaralibrary.com

നെപ്പോലെ, ഭയപ്പെട്ട് നൽകിയവരും ഉണ്ടായിരുന്നിരിക്കാം. വാസ്തവത്തിൽ ഈ ആശയം മനസ്സിലുദിച്ച് കാതിലോലകൾ ചോദിക്കാൻ പ്രേരിപ്പിച്ചവരാണ് കാളക്കുട്ടിയുടെ പൊടികൊണ്ട ്പൊങ്ങിവീർത്തത്. "ജനത്തിന്മേൽ ഈ മഹാപാപം വരുത്തിവയ്ക്കാൻ തക്കവണ്ണം ഈ ജനം നിന്നോട് എന്തു ചെയ്തു" എന്ന് മോശ അഹറോനോട് ചോദിച്ചപ്പോൾ, നീ അവരെക്കൊണ്ട് പാപം ചെയ്യിച്ചു എന്ന് അവൻ അർഥമാക്കിയില്ല.

പാളയകവാടത്തിൽ നിന്നുകൊണ്ട് മോശപറഞ്ഞു: "കർതൃഭാഗത്തുള്ളവർ എന്റെ പക്കലേക്ക് വരുവിൻ. ലേവ്യർ ഒന്നിച്ചുകൂടി. അവൻ അവരോടു പറഞ്ഞു:"കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: എല്ലാവരും വാൾ അരയിൽ ധരിക്കട്ടെ. വാസ്തവത്തിൽ കർത്താവിത് പറഞ്ഞില്ല... അവൻ പുനഃപരിശോധിക്കുന്നതിനുമുമ്പ് ഇതിനേക്കാൾ ശക്തിയായി അവൻ പറഞ്ഞിരുന്നു. മോശ അവനെ പിന്തിരിപ്പിച്ചതിനുശേഷം തന്റെ ജനത്തോട് ചെയ്യാനിരുന്ന തിന്മ കർത്താവ് പുനഃപരിശോധിച്ചു എന്ന് തിരുലിഖിതം പറയുന്നു (32,14). മലയിൽ മോശ മധ്യസ്ഥനും താഴെ പ്രതികാരം ചെയ്യുന്നവനും ആയിരുന്നു. ദൈവനീതിയുടെ മുമ്പിൽ അവൻ കാരുണ്യത്തിനായി കേണു. എന്നാൽ പാളയത്തിൽ ശിക്ഷ നടപ്പാക്കുന്ന തീവ്രവാദിയായി തീർന്നു...ദൈവകൽപ്പന..

# ഗ്രന്ഥസൂചിക


E. Beck, *Nachträge zu Ephraem Syrus*, Louvain 1975 (*CSCO* 363-364/Syri. 159-160).

A. Salvesen,*The Exodus Commentary of St. Ephrem*, Kottayam,1995 ( *SEERI:Moran Etho*-8).

R.M.Tonneau, *Sancti Ephraem Syri in Genesim et in Exodum Commentarium*, Lovain 1955 (*CSCO* 152-153 /Syri 71-72).


www.malankaralibrary.com

# മലയാളത്തിലുള്ള പട്രിസ്റ്റിക് ടെക്സ്റ്റുകൾ

ഡിഡാക്കെ

റോമിലെ വി.ക്ലെമെന്റ്, കോറിന്തോസുകാർക്കെഴുതിയ ലേഖനം

അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ ഏഴു ലേഖനങ്ങൾ

ഹിയെരാപ്പൊളീസിലെ പപ്പിയാസിന്റെ രേഖാശകലങ്ങൾ

വി. പോളിക്കാർപ്പ് ഫിലിപ്പിയർക്കെഴുതിയ ലെഖനം

വി. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം

ബർണബാസിന്റെ ലേഖനം

ഡയഗ്നേറ്റസിനുള്ള ലേഖനം

ഹെർമാസിന്റെ ഇടയൻ

റോമിലെ വി. ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന "രണ്ടാം ലേഖനം"

ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന "കന്യകകൾക്കുള്ള രണ്ടു കത്തുകൾ"

ഡിഡസ്കാലിയാ

സാർദിസിലെ മെലിറ്റോയുടെ പെസഹാപ്രസംഗം

വി. ഗ്രിഗറി നസ്യാൻസൻ, പെസഹാപ്രസംഗം

വി. സിപ്രിയാൻ, കത്തോലിക്കാ സഭയുടെ ഐക്യം

വി. സിപ്രിയാന്റെ പ്രോകോൺസുളാർ നടപടികൾ

വി. സിപ്രിയാൻ, പ്രാർഥനയെപ്പറ്റി

സോളമന്റെ ഗീതകങ്ങൾ

ഹിപ്പോളിറ്റസ്, അപ്പസ്തോലികപാരമ്പര്യം

എവാഗ്രിയസ്, പ്രാക്തിക്കോസ്

എവാഗ്രിയസ്, പ്രാർഥനയെപ്പറ്റി

എവാഗ്രിയസ്, പ്രാർഥിക്കാനുള്ള ഉപദേശം

ആദായിയുടെ പ്രബോധനം

സെറാപിയോൻ, പ്രാർഥനക്രമം (എവുക്കൊലോഗിയോൻ)

മർക്കോസിന്റെ അനാഫറ

www.malankaralibrary.com

ദെർ ബലീസെ പപ്പീറസ്

ഈൗബാസ് മാരിക്കയച്ച കത്ത്

ഐറേനിയസ്, അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്

മാർ തോമായുടെ നടപടികൾ

പെക്തോറിയുസിന്റെ ശിലാലിഖിതം

അബേർചിയുസിന്റെ ശിലാലിഖിതം

വി. ജസ്റ്റിന്റെ രക്തസാക്ഷിത്വം

ഷില്ലിയിലെ രക്തസാക്ഷികളുടെ നടപടികൾ

തെർത്തുല്യൻ, പ്രാർഥനയെപ്പറ്റി

ഒരിജൻ, പ്രാർഥനയെപ്പറ്റി

ഒരിജൻ, ഉത്തമഗീതഭാഷ്യം

ഒരിജൻ, ലൂക്കാഭാഷ്യം

യോഹന്നാന്റെ സുവിശേഷം, ഒരിജന്റെ ഭാഷ്യം

അലക്സാണ്ട്രിയയിലെ ക്ലെമെന്റ്, പ്രാർഥനയെപ്പറ്റി

ജറുസലേമിലെ വി. സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ

വി. ജോൺ ക്രിസൊസ്തോം, പ്രാർഥനയെപ്പറ്റി

വി. ജോൺ ക്രിസൊസ്തോം, ക്രിസ്തുശാസ്ത്രം

വി. ജോൺ ക്രിസൊസ്തോം, ബാബിലാസിന്റെ ചരിത്രം

വി. ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ

വി. ഗ്രിഗറി നീസ്സാ, കർതൃപ്രാർഥന

വി. ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം

വി. ഗ്രിഗറി നീസ്സാ, മോശയുടെ ജീവിതചരിത്രം

വി. അഗസ്റ്റിൻ, പ്രാർഥനയെപ്പറ്റി

വി. അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ

വി. ബേസിൽ, പ്രാർഥനയെപ്പറ്റി

വി. ജറോം, പ്രാർഥനയെപ്പറ്റി

വി.ജറോം, മഹദ്വ്യക്തികൾ

ജന്നാഡിയുസ്, മഹദ്വ്യക്തികൾ

www.malankaralibrary.com

വി. ജോൺ ഡമഷീൻ, സത്യവിശ്വാസം

ബർ എബ്രായാ, പ്രാർഥനയെപ്പറ്റി

ബർ എബ്രായാ, സഭാചരിത്രം രണ്ടാം ഭാഗം (പൗരസ്ത്യ മഫ്രിയാന്മാരെപ്പറ്റി)

മാർ അഫ്രാത്, പ്രാർഥനയെപ്പറ്റി

മാർ അപ്രേം, പ്രാർഥനയെപ്പറ്റി

മാർ അപ്രേം, പറുദീസാ ഗീതങ്ങൾ

മാർ അപ്രേം, ഉത്പത്തിഭാഷ്യം

മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ

മാർ അപ്രേം, കന്യാത്വഗീതങ്ങൾ

മാർ അപ്രേം, വിശ്വാസഗീതങ്ങൾ

മാർ അപ്രേം, സുവിശേഷഭാഷ്യം (ദിയാതെസ്സാറോൺ ഭാഷ്യം)

മാർ അപ്രേം, നിസിബിയൻ ഗീതങ്ങൾ

മാർ അപ്രേം, സഭാഗീതങ്ങൾ

മാർ അപ്രേമിന്റെ സന്യാസനിയമങ്ങൾ

മാർ അപ്രേം, പെസഹാഗീതങ്ങൾ: പുളിപ്പില്ലാത്ത അപ്പത്തെപ്പറ്റി, ക്രൂശാരോഹണത്തെപ്പറ്റി, സ്വർഗാരോഹണത്തെപ്പറ്റി

മാർ അപ്രേം, ഉപവാസഗീതങ്ങൾ

മാർ അപ്രേം. പ്രസംഗങ്ങൾ വാല്യം–1

മാർ അപ്രേം. പ്രസംഗങ്ങൾ വാല്യം–2

മാർ അപ്രേം. രക്തസാക്ഷികൾ (രക്തസാക്ഷികളെപ്പറ്റി, പ്രഭാഷണങ്ങൾ, മാർ ആബായുടെ കൃതി, പുറപ്പാട് പുസ്തകത്തിനുള്ള കുറിപ്പ്)

സോപാനഗ്രന്ഥം (ലീബർ ഗ്രാദൂം), പ്രാർഥനയെപ്പറ്റി

അപ്പമെയായിലെ യോഹന്നാൻ, പ്രാർഥനയെപ്പറ്റി ഹെസീക്കിയസിനുള്ള കത്ത്

മാർ ഫീലൊക്സീനുസ്, പരിശുദ്ധാത്മാവിന്റെ ആവാസത്തെക്കുറിച്ച്,

മാർ ഫീലൊക്സീനുസ്, പ്രാർഥനയെ കുറിച്ച് മൂന്നു രേഖകൾ

മാർ ബാബായ്, പ്രാർഥനയെക്കുറിച്ച് കുറിയാക്കോസിനുള്ള കത്ത്

അജ്ഞാതഗ്രന്ഥകാരൻ, പ്രാർഥനയെപ്പറ്റി (രണ്ടു രേഖകൾ 6/7നൂ.)

നഥ്ഫാറിലെ അബ്രഹാം, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ

www.malankaralibrary.com

യൗസേപ്പ് ഹസ്സായാ, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ

യോഹന്നാൻ ദല്യാതാ, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ

നിനവേയിലെ ഇസഹാക്ക്, പ്രാർഥനയെപ്പറ്റി നാല് രേഖകൾ

സഹ്ദോണാ, പ്രാർഥനയെക്കുറിച്ച്

മൂറത്തോറിയൻ രേഖാശകലം

എവുസേബിയസ്, സഭാചരിത്രം

സൊക്രാട്ടസ്, സഭാചരിത്രം

മൊപ്സുവെസ്ത്യായിലെ തിയഡോർ, മതാധ്യാപന പ്രസംഗങ്ങൾ

തിയഡോർ, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം

സൈറസിലെ തിയഡൊറേറ്റ്, ക്രിസ്തുശാസ്ത്രം (എരാനിസ്തെസ്)

വി. അത്തനേഷ്യസ്, വി.അന്തോണിയോസിന്റെ ജീവചരിത്രം

വി. ലെയോ, ഫ്ളാവിയന് അയച്ച കത്ത്

അൻസീറാ, നെയോ ചെസാറിയാ, ഗാംഗ്ര സിനഡുകൾ

മാർ മാറൂഥായുടെ കാനോനകൾ

സിനോഡിക്കോൻ ഓറിയെന്താലെ

ആദ്യത്തെ ഏഴ് എക്യുമേനിക്കൽ സൂനഹദോസുകൾ

ഈശോദാദ്, പുതിയനിയമഭാഷ്യം

ഈശോദാദ്, സുവിശേഷഭാഷ്യം

പ്രാചീനസന്യാസചരിത്രം (പല്ലാഡിയുസിന്റെ ലൗസിയാക് ചരിത്രം)

ഷിതോപൊളീസിലെ സിറിൽ, വി.എവുതീമിയസിന്റെ ജീവചരിത്രം

ഷിതോപൊളീസിലെ സിറിൽ, പലസ്തീനയിലെ സന്യാസികൾ

മാർ ബാബായ്, ക്രിസ്തുശാസ്ത്രം (*ലീബർ ദെ യൂണിയോണെ*)

അറബികളുടെ മെത്രാനായ ഗീവർഗീസ്, കൂദാശാഭാഷ്യം

മോശബർകേഫാ, കൂദാശാഭാഷ്യം

ഡയനീഷ്യസ് ബർ സലീബി, കൂദാശാഭാഷ്യം

സെവുഡോ ഡയനീഷ്യസ്, കൂദാശാഭാഷ്യം

ഗബ്രിയേൽ ഖത്രായാ, കൂദാശാഭാഷ്യം

മാർ അബ്ദീശോ, കൂദാശാഭാഷ്യം

www.malankaralibrary.com

മാർ അബ്ദീശോ, കാറ്റലോഗ്

മാർ യേശുദ്നാഹ്, സന്യാസചരിത്രം

മാർ തിമോതി രണ്ടാമൻ, കൂദാശാഭാഷ്യം

അർബേലിലെ ജോർജ് (ഗീവർഗീസ്), കൂദാശാഭാഷ്യം

അബ്രഹാം ബർലീഫേ, കൂദാശാഭാഷ്യം

അപ്പസ്തോലികകാനോനകൾ

മാർ ദാദീശോ ഖത്രായാ, ഏകാന്തജീവിതത്തെപ്പറ്റി (അഞ്ചു ഭാഗങ്ങൾ)

മാർ റാബൂളയുടെ സന്യാസനിയമങ്ങൾ

മാർ അബ്രഹാമിന്റെ സന്യാസനിയമങ്ങൾ

മാർ ദാദീശോയുടെ സന്യാസനിയമങ്ങൾ

മാർ ബാബായിയുടെ സന്യാസനിയമങ്ങൾ

മാർ ഫീലൊക്സീനൂസിന്റെ സന്യാസനിയമങ്ങൾ

മാർ യാക്കോബിന്റെ സന്യാസനിയമങ്ങൾ

മാർ കുറിയാക്കോസിന്റെ സന്യാസനിയമങ്ങൾ

വി. അഗസ്റ്റിൻ, ഗിരിപ്രഭാഷണം (ഗിരിപ്രഭാഷണം, ആഗസ്തീനോസിന്റെ ഭാഷ്യം)

വി. അഗസ്റ്റിൻ, യോഹന്നാന്റെ സുവിശേഷഭാഷ്യം (വി. യോഹന്നാന്റെ സുവിശേഷം ആഗസ്തീനോസിന്റെ ഭാഷ്യം).

വി. ജോൺ ക്രിസൊസ്തോം, ശ്ലീഹന്മാരുടെ നടപടികൾ (ശ്ലീഹന്മാരുടെ നടപടികൾ, ജോൺ ക്രിസൊസ്തോമിന്റെ ഭാഷ്യം)

Manager, OIRSI Publication, P. B. No. 10
Vadavathoor, Kottayam - 686 010

www.malankaralibrary.com

# OIRSI PUBLICATIONS
## Recent Books

340. **Scaria Kanniyakonil,** *Catholic Perspective on Euthanasia*, Kottayam 2010,pp. 160, ₹120.

341. **George Kanjirakkatt,** *Emmanuel Nidiry: The Promoter of Autonomy and Unity of the Church of St. Thomas Christians*, Kottayam 2011, pp.330, ₹ 200.

342. **Thomas Mannoorampamparampil,** *The History of the Formation of the New Text of the Sacraments in the Syro-Malabar Church*, Kottayam, 2011, pp. 72; ₹ 80.

343. **Thomas Mannoorampamparampil,** *മാർ മാറിയുടെ നടപടികൾ*, കോട്ടയം, 2011, pp. 92; ₹100.

344. **Sebastian Chalakkal,** *An Introduction to Christology,* Kottayam, 2011, pp. 196; ₹ 120.

345. **Jacob Kattackal,** *മനുഷ്യനിലെ ദൈവം*, കോട്ടയം 2011, pp. 83; ₹ 35.

346. **Paul Pallath-George Kanjirakkatt,** *Origin of the Southist Vicariate of Kottayam. Acts and Facts,* Kottayam, 2011, pp. 309; ₹ 200.

347. **Francis Pittappillil,** *The Celebration of the Holy Mysteries,* Kottayam, 2011, pp. 388; ₹ 200.

348. **Andrews Mekkattukunnel-Joseph Puthukulangara,** *വേദപുസ്തകം വർത്തമാനപ്പുസ്തകത്തിൽ*, കോട്ടയം, 2011, pp. 168; ₹ 100.

349. **John Punnolil,** *സന്യസ്തരുടെ ബഹിഷ്കരണവും പ്രതിരോധാവകാശവും പൗരസ്ത്യ കാനൻ നിയമത്തിൽ*, കോട്ടയം, 2012, pp. 312; ₹ 280.

350. **Scaria Kanniyakonil,** *ജീവന്റെ ധാർമ്മികത: കത്തോലിക്കാ പ്രബോധനം.ഭ യുടെ സാമൂഹ്യ പ്രബോധനം.* കോട്ടയം 2011, pp. 192; ₹ 100.

351. **Xavier Koodapuzha,** *ഭാരതസഭാചരിത്രം, നല്ലതണ്ണി,* 2012, pp. 1300; ₹ 800.

352. **Joseph Chalasserry,** *വിശുദ്ധ കുർബാനയുടെ ആഴങ്ങളിലേക്ക്,* കോട്ടയം, 2012, pp. 232; ₹ 100.

353. **James Puliurumpil,,** *St. Thomas in India. Patristic Evidences,* Kottayam, 2012, pp. 328; ₹ 160.

354. **Geevarghese Chediath,** *Die Malankarisch - Katholische Kirche,* Kottayam, 2012, pp. 358; ₹ 200.

355. **Andrews Mekkattukunnel** (ed.), *Mar Thoma Margam. The Ecclesial Identity of St Thomas Christians,* Kottayam 2012, pp. 988; ₹ 900.

355. **Antony Chundelikkat,** *Body and Body Symbolism*, Kottayam 2012, pp. 152; ₹ 110.

356. **Geevarghese Chediath,** Rekthasakshikal, Kottayam 2012, pp. 116; ₹ 50.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



## മാർ അപ്രേം

# രക്തസാക്ഷികൾ

'സഭാപിതാക്കന്മാർ ഉജ്ജ്വലപ്രകാശം ലഭിച്ച ദൈവശാസ്ത്രജ്ഞന്മാരാണ്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ ഉയർത്തിപ്പിടിക്കാൻ അവർ സർവാത്മനാ ശ്രദ്ധിച്ചു. ജനങ്ങളോടു അവികലമായി ദൈവവചനം പ്രസംഗിക്കാനും അവരുടെ ക്രൈസ്തവ ജീവിതത്തിന് അവ ഉപയുക്തമാക്കാനും പരിശ്രമിച്ച അജപാലകരാണവർ. അപ്പസ്തോലിക പ്രസംഗത്തിന് നിശ്ചിത രൂപഭാവങ്ങൾ നൽകാൻ ശ്രമിച്ച ആദ്യവ്യക്തികളാണവർ. അജപാലകർ എന്ന നിലയിൽ സുവിശേഷസന്ദേശം ചുറ്റുപാടുമുള്ള മനുഷ്യർക്കു മനസ്സിലാകത്തക്ക രീതിയിൽ വിവരിച്ചു കൊടുക്കാൻ പിതാക്കന്മാർ തത്രപ്പെട്ടു. വേദപാഠം, ദൈവശാസ്ത്രം, വി. ഗ്രന്ഥം, ലിറ്റർജി, അജപാലനജോലികൾ എന്നിവയെല്ലാം ഒന്നിച്ചു പോകുന്നവയായിരുന്നു; വെറും ബൗദ്ധികതലത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അവരുടെ പ്രവർത്തനം; പിന്നെയോ, സമ്പൂർണ വ്യക്തിയെ ഉന്നംവച്ചുകൊണ്ടുള്ളതായിരുന്നു.'

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ

OIRSI
PUBLICATIONS
Vadavathoor
P.B. No. 10,
Kottayam

www.malankaralibrary.com